

## സീറോ മലബാർ സഭയുടെ ആരാധനക്രമം

# ദൈവാലയ പ്രാർഥനകൾ

# Church Prayers in the Syro-Malabar Rite

**For private use of**


**KNANAYA CATHOLIC REGION**
**ST. THOMAS SYRO-MALABAR CATHOLIC DIOCESE OF CHICAGO**
**Compiled by Fr. Abraham Mutholath**

സീറോ മലബാർ സഭയുടെ ആരാധനക്രമം

# ദൈവാലയ പ്രാർഥനകൾ

## Church Prayers in the Syro-Malabar Rite


| | |
|---|---|
| സീറോ മലബാർ സഭയുടെ കുർബാന | പേജ് 7 |
| ചെറിയ ഒപ്പീസ് | പേജ് 263 |
| ഈശോയുടെ തിരുഹൃദയ നൊവേന | പേജ് 269 |
| നിത്യസഹായ മാതാവിന്റെ നൊവേന | പേജ് 273 |
| വിശുദ്ധ യൗസേപ്പിതാവിനോടുള്ള നൊവേന | പേജ് 278 |
| വിശുദ്ധ യൂദാ ശ്ലീഹായുടെ നൊവേന | പേജ് 281 |
| വിശുദ്ധ അന്തോനീസിന്റെ നൊവേന | പേജ് 284 |
| വിശുദ്ധ മിഖായേൽ റേശ്മാലാഖയുടെ നൊവേന | പേജ് 289 |
| വിശുദ്ധ അൽഫോസാമ്മയോടുള്ള നൊവേന | പേജ് 293 |
| പരിശുദ്ധ കുർബാനയുടെ ആശീർവാദം | പേജ് 295 |
| ലദീഞ്ഞ് | പേജ് 299 |
| Syro-Malabar Holy Mass in English | Page 306 |
| Prayer for Priests / വൈദികർക്കുവേണ്ടി പ്രാർഥന | Page 373 |
| ദൈവാലയ സംവിധാനം - *വിശദീകരണം* | പേജ് 375 |


**For private use of**
**KNANAYA CATHOLIC REGION**
**ST. THOMAS SYRO-MALABAR CATHOLIC DIOCESE OF CHICAGO**

**Please do not take this book outside the church without permission.**
*ഉപയോഗശേഷം പുസ്തകം ദൈവാലയത്തിൽ തിരിച്ചേല്പിക്കുക.*

## *ആചാരാനുഷ്ഠാനങ്ങൾ*

**ഇരിക്കുന്നത്:** പഴയനിയമ വായന, ലേഖന വായന, പ്രസംഗം, ഞായറാഴ്ചകളിൽ സ്തോത്രക്കാഴ്ചയെടുക്കൽ മുതൽ വിശ്വാസപ്രമാണം ആരംഭിക്കുന്നതുവരെ, അറിയിപ്പുകൾ.

**മുട്ടുകുത്തുന്നത്:** അനുരഞ്ജനശുശ്രൂഷയ്ക്ക് *(ദൈവമേ എന്നിൽ കനിയേണമേ ... മുതൽ രണ്ടാമത്തെ സ്വർഗസ്ഥനായ പിതാവേ ... ആരംഭിക്കുന്നതുവരെ).*

**നില്ക്കുന്നത്:** ബാക്കിസമയങ്ങളിൽ *(ഉത്ഥാനത്തിന്റെ പ്രതീകം).*

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**വേഷവിധാനം:** ദൈവാലയത്തിൽ മാന്യമായി വസ്ത്രം ധരിക്കുക.
സ്ത്രീകൾ ശിരോവസ്ത്രം ധരിക്കുന്നതാണ് അഭികാമ്യം.
**പ്രാർഥനാന്തരീക്ഷം** നിലനിർത്തുക.
കുട്ടികളെ ദൈവാലയത്തിൽ കളിക്കാൻ അനുവദിക്കരുത്.
ഭക്ഷണം ദൈവാലയത്തിൽ കൊണ്ടുവന്നു കഴിക്കരുത്.
ദൈവാലയവും പരിസരവും വെടിപ്പായി സൂക്ഷിക്കാൻ സഹകരിക്കുക.

**കുർബാനയുടെ പൊതുഘടനയും പ്രതീകാത്മകതയും**

ഈശോമിശിഹായിൽ കേന്ദ്രീകൃതമായ രക്ഷാകരചരിത്രം മുഴുവൻ പുനരവതരിപ്പിക്കുന്നതാണു പരിശുദ്ധ കുർബാന.

I **ആമുഖശുശ്രൂഷ:** ആരംഭം മുതൽ ഉത്ഥാനഗീതം വരെ *(ഈശോയുടെ മനുഷ്യാവതാരം, പഴയനിയമ പ്രതീക്ഷകൾ, രഹസ്യജീവിതം)*

II **വചനശുശ്രൂഷ:** ത്രൈശുദ്ധ കീർത്തനം മുതൽ മാമ്മോദീസാർഥികളെ പറഞ്ഞയയ്ക്കുന്നതുവരെ. *(ഈശോയുടെ പരസ്യജീവിതം)*

III A. **അനാഫൊറയ്ക്കു ദ്രവ്യപരമായ ഒരുക്കം:** ബലിവസ്തുക്കൾ ഒരുക്കുന്നതു മുതൽ അൾത്താരയിൽ സമർപ്പിക്കുന്നതുവരെ. *(ഈശോയുടെ പീഡാനുഭവം)*

III B. **അനാഫൊറായ്ക്കു ആത്മീയഒരുക്കം:** മദ്ബഹപ്രവേശനം മുതൽ കാർമികൻ പ്രാർഥനായാചന നടത്തുന്നതുവരെ.

IV **അനാഫൊറ** (കൂദാശാഭാഗം) ഒന്നാം പ്രണാമജപം മുതൽ റൂഹാക്ഷണ പ്രാർഥനവരെ. *(ഈശോയുടെ മരണം, ഉത്ഥാനം)*

V **അനുരഞ്ജന ശുശ്രൂഷയും വിഭജന ശുശ്രൂഷയും:** റൂഹാക്ഷണ പ്രാർഥനയ്ക്കു ശേഷം അനുരഞ്ജന കാറോസൂസാവരെ.
*(പാപമോചനത്തിനുള്ള ക്ഷണം)*

VI. **ദൈവൈക്യശുശ്രൂഷ** (ദിവ്യകാരുണ്യ സ്വീകരണം): സ്വർഗസ്ഥനായ പിതാവേ ... മുതൽ ദിവ്യകാരുണ്യ സ്വീകരണത്തിന്റെ സമാപനംവരെ.

VII. **സമാപനശുശ്രൂഷ:** സമൂഹത്തിന്റെ സ്തോത്രപ്രാർഥന മുതൽ സമാപനം വരെ.

## തിരുനാളുകൾ / അനുസ്മരണാദിനങ്ങൾ
## തീയതി പ്രകാരം

**ജനുവരി**

ജനുവരി 1 - കർത്താവിന്റെ നാമകരണത്തിരുനാളും വർഷാരംഭവും
ജനുവരി 3 - വിശുദ്ധ കുര്യാക്കോസ് ഏലിയാസ്
ജനുവരി 6 - ദനഹാത്തിരുനാൾ
ജനുവരി 20 - വിശുദ്ധ സെബസ്ത്യാനോസ്

**ഫെബ്രുവരി**

ഫെബ്രുവരി 2 - മാതാവിന്റെ ശുദ്ധീകരണത്തിരുനാളും - കർത്താവിന്റെ ദൈവാലയ പ്രവേശനവും

**മാർച്ച്**

മാർച്ച് 19 - വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ
മാർച്ച് 25 - മംഗളവാർത്ത തിരുനാൾ

**ഏപ്രിൽ**

ഏപ്രിൽ 24 - വിശുദ്ധ ഗീവർഗീസ്

**മേയ്**

മേയ് 1 - തൊഴിലാളി മധ്യസ്ഥനായ മാർ യൗസേപ്പ്

**ജൂൺ**

ജൂൺ 8 - വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാ
ജൂൺ 29 - വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാർ

**ജൂലൈ**

ജൂലൈ 3 - മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന
ജൂലൈ 28 - വിശുദ്ധ അൽഫോൻസ

**ഓഗസ്റ്റ്**

ഓഗസ്റ്റ് 6 - കർത്താവിന്റെ രൂപാന്തരീകരണത്തിരുനാൾ
ഓഗസ്റ്റ് 15 - മാതാവിന്റെ സ്വർഗാരോപണം
ഓഗസ്റ്റ് 29 - വിശുദ്ധ എവുപ്രാസിയാ

**സെപ്റ്റംബർ**

സെപ്റ്റംബർ 8 - മാതാവിന്റെ ജനനത്തിരുനാൾ
സെപ്റ്റംബർ 14 - വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

**ഒക്ടോബർ**

ഒക്ടോബർ 16 - വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ

**നവംബർ**

നവംബർ 2 - സകല മരിച്ചവരുടെയും ഓർമ

**ഡിസംബർ**

ഡിസംബർ 8 - അമലോത്ഭവ മാതാവ്
ഡിസംബർ 26 - വിശുദ്ധ എസ്തപ്പാനോസ്
ഡിസംബർ 31 - വർഷാവസാനം

# തിരുനാളുകൾ / അനുസ്മരണാദിനങ്ങൾ
## കാലമനുസരിച്ച്

**മംഗളവാർത്തക്കാലം**

**പിറവിക്കാലം**

പിറവിക്കാലം രണ്ടാംവെള്ളി - മാതാവിന്റെ മാതൃത്വത്തിരുനാൾ

**ദനഹാക്കാലം**

ദനഹ ഒന്നാംവെള്ളി - വിശുദ്ധ സ്നാപകയോഹന്നാൻ
ദനഹ രണ്ടാംവെള്ളി - വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാർ
ദനഹ മൂന്നാംവെള്ളി - വിശുദ്ധ സുവിശേഷകന്മാർ
ദനഹ നാലാംവെള്ളി - വിശുദ്ധ എസ്തപ്പാനോസ്
ദനഹ അഞ്ചാംവെള്ളി - ഗ്രീക്ക്-സുറിയാനി മല്പാന്മാർ
വലിയ നോമ്പിനു മൂന്നാഴ്ച മുമ്പ് - നിനിവേ ഉപവാസം (മൂന്നുനോമ്പ്)
ദനഹ ആറാംവെള്ളി - സീറോ മലബാർ മല്പാന്മാർ
ദനഹ ഏഴാംവെള്ളി - പള്ളിയുടെ മധ്യസ്ഥന്റെ (യുടെ) തിരുനാൾ
വലിയ നോമ്പിനു മുമ്പുള്ള വെള്ളി - സകല മരിച്ചവരുടെയും ഓർമ

**നോമ്പുകാലം**

**ഉയിർപ്പുകാലം**

ഉയിർപ്പുകാലം ഒന്നാംഞായർ - ഉയിർപ്പു തിരുനാൾ
ഉയിർപ്പുകാലം ഒന്നാംവെള്ളി - സകല വിശുദ്ധരുടെയും തിരുനാൾ
ഉയിർപ്പുകാലം രണ്ടാംഞായർ - പുതുഞായർ
ഉയിർപ്പുകാലം ആറാംവ്യാഴം - സ്വർഗാരോഹണത്തിരുനാൾ

**ശ്ലീഹാക്കാലം**

ശ്ലീഹാക്കാലം ഒന്നാംഞായർ - പന്തക്കുസ്താ തിരുനാൾ
ശ്ലീഹാക്കാലം ഒന്നാംവെള്ളി - സ്വർണ വെള്ളിയാഴ്ച
ശ്ലീഹാക്കാലം രണ്ടാംഞായർ - പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ
ശ്ലീഹാക്കാലം രണ്ടാംവ്യാഴം - പരിശുദ്ധ കുർബാനയുടെ തിരുനാൾ
ശ്ലീഹാക്കാലം മൂന്നാംവെള്ളി - തിരുഹൃദയത്തിരുനാൾ
ശ്ലീഹാക്കാലം ഏഴാംവെള്ളി - എഴുപതു ശിഷ്യന്മാർ

**കൈത്താക്കാലം**

കൈത്താക്കാലം ഒന്നാംഞായർ - പന്ത്രണ്ടു ശ്ലീഹന്മാർ
കൈത്താക്കാലം രണ്ടാംവെള്ളി - മാർ അദ്ദായിയും മാർ മാറിയും

**ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ**

**പള്ളിക്കൂദാശക്കാലം**



# സീറോ മലബാർ സഭയുടെ കുർബാന

*(കാർമികൻ പ്രവേശിക്കുമ്പോൾ എല്ലാവരും എഴുന്നേറ്റു നിൽക്കുന്നു. പ്രദക്ഷിണമുണ്ടെങ്കിൽ, മുമ്പിൽ ധൂപക്കുറ്റിയും മാർത്തോമ്മാ കുരിശും, അതിനു പിന്നിൽ സുവിശേഷഗ്രന്ഥവും ഇരുവശങ്ങളിൽ തിരിക്കാലുകളും സംവഹിക്കുന്നു).*

## പ്രാരംഭഗാനം

***മരിച്ചവരുടെ ഓർമ്മയ്ക്ക്:*** *മരണത്താലെ മാനവനുലകിൽ ... പേജ്- 7*
***മറ്റ് അവസരങ്ങളിൽ:***
1. *അണയുന്നിതാ ഞങ്ങൾ ബലിവേദിയിൽ ... ... പേജ്- 8*
2. *അൾത്താരയിൽ അനുതാപമോടെ ... ... ... ... പേജ്- 8*
3. *അൾത്താരയിൽ ആത്മബലിയായ്... ... ... ... പേജ്- 9*
4. *അൾത്താരയിൽ പൂജ്യബലിവസ്തുവായിട്ടും ... ... പേജ്- 9*
5. *അൾത്താരയൊരുങ്ങി, അകതാരൊരുക്കി ... ... പേജ്- 10*
6. *ഒരു നിമിഷം മനമുയർത്താം ... ... ... ... ... ... പേജ്- 10*
7. *ദൈവകുമാരൻ കാൽവരിക്കുന്നിൽ ... ... ... ... ... പേജ്- 11*
8. *ദൈവം വസിക്കുന്ന കൂടാരത്തിൽ ... ... ... ... ... പേജ്- 11*
9. *വീണ്ടും ഒരു ബലിയർപ്പണ വേദിയൊരുങ്ങി ... പേജ്- 11*
10. *സ്നേഹപിതാവിൻ ഭവനമിതിൽ ... ... ... ... ... പേജ് - 12*

---------------------

### ***മരിച്ചവരുടെ ഓർമ്മയ്ക്ക്: മരണത്താലെ മാനവനുലകിൽ***

മരണത്താലെ മാനവനുലകിൽ / മംഗളജീവൻ പകർന്നവനേ
മരണമടഞ്ഞോർക്കാനന്ദത്തിൻ / പരമകവാടം തുറക്കണമേ.

ചെന്നിണബലിയാലുന്നതവെളിവാൽ / ശാന്തിജഗത്തിൽ വിതച്ചവനേ
മരണമടഞ്ഞോർക്കാനന്ദത്തിൻ / പരമകവാടം തുറക്കണമേ.

ബലിയിതു കൈക്കൊണ്ടലിവൊട്ടു നാഥാ / മൃതരുടെ പാപം
പൊറുക്കണമേ

നിത്യവിരുന്നിൻ കതിരുകൾ വീശും / നിറതിരിയവരിൽ
കൊളുത്തണമേ.

അവനിയിലങ്ങേ പാവനനാമം / കീർത്തിച്ചവരെ മറക്കരുതേ.
അവനിയിലങ്ങേ ദിവ്യശരീരം / കൈക്കൊണ്ടവരെ ത്യജിക്കരുതെ.
മരണത്താലെ മാനവനലകിൽ ...
*(പേജ് 12 കാണുക)*

***(മറ്റ് അവസരങ്ങളിൽ)***

***ഗാനം - 1 അണയുന്നിതാ ഞങ്ങൾ ബലിവേദിയിൽ***

അണയുന്നിതാ ഞങ്ങൾ ബലിവേദിയിൽ
ബലിയർപ്പണത്തിനായ് അണയുന്നിതാ. (2)
നാഥന്റെ കാൽവരിയാഗത്തിനോർമയിൽ
അനുസ്മരിക്കാനണയുന്നിതാ. (2)
അണയുന്നിതാ ഞങ്ങൾ ...

നാഥാ ഈ ബലിവേദിയിൽ
കാണിക്കയായ് എന്നെ നല്കുന്നു ഞാൻ. (2)

അന്നാ കാൽവരി മലമുകളിൽ
തിരുനാഥനേകിയ ജീവാർപ്പണം (2)
പുനരർപ്പിക്കുമീ തിരുവൾത്താരയിൽ
അണയാം ജീവിതകാഴ്ചകളുമായ് തിരുമുമ്പിൽ. (2)
അണയുന്നിതാ ഞങ്ങൾ ...
*(പേജ് 12 കാണുക)*

***ഗാനം - 2: അൾത്താരയിൽ അനുതാപമോടെ***

അൾത്താരയിൽ അനുതാപമോടെ
അണിചേർന്നിടാം, അണിചേർന്നിടാം. (2)
അൾത്താരയിൽ അനുതാപമോടെ
അണിചേർന്നിടാം, ബലിയേകിടാം.
ബലിയർപ്പകനൊപ്പം ബലിയായിടാം
ബലവാനു സ്തുതിപാടിടാം. (2)
അൾത്താരയിൽ അനുതാപമോടെ ...

ആ ... ആ ... ആ ... ആ ...

മാനവർക്കായി ജീവനെ നല്കി
മഹത്വരമാകുമീ ബലിവേദിയിൽ. (2)
ആ പുണ്യസ്മരണയിൽ അനുരഞ്ജിതരായി
അർപ്പിതരാകാം കുദാശയിൽ. (2)

അൾത്താരയിൽ അനുതാപമോടെ ...

സോദരസ്നേഹം മാനസമാകെ
നല്കാമീ സ്നേഹ കൂട്ടായ്മയിൽ. (2)
ജീവൻ പകരും ഈ തിരുയാഗം
അർപ്പിച്ചീടാം ഈ വേളയിൽ. (2)

അൾത്താരയിൽ അനുതാപമോടെ ...

*(പേജ് 12 കാണുക)*

## *ഗാനം - 3: അൾത്താരയിൽ ആത്മബലിയായ്*

അൾത്താരയിൽ ആത്മബലിയായ് / അർപ്പിക്കാനായ് ഞാൻ വരുന്നു
എല്ലാം നിനക്കായ് നല്കാൻ / ദൈവാലയത്തിൽ വരുന്നു.

ഈ കാഴ്ചവസ്തുക്കൾക്കൊപ്പം / കന്മഷമില്ലാത്ത ഹൃത്തും (2)
എല്ലാം പൊറുക്കുന്ന ചിത്തം / വല്ലഭാ കാഴ്ചയായേകാം. (2)

അൾത്താരയിൽ ...

എൻ സോദരർക്കെന്നോടെന്തോ / നീരസം തോന്നുന്ന പക്ഷം (2)
തിരികെ ഞാൻ ചെന്നേവമേകാം / എല്ലാം ക്ഷമിക്കുന്ന സ്നേഹം. (2)

അൾത്താരയിൽ ...

എനിക്കായ് കരുതുന്ന സ്വാർഥം / സർവതും കൈവെടിഞ്ഞീടാം. (2)
എല്ലാം പൊറുക്കുന്ന സ്നേഹം / സകലേശാ ഞാനുൾക്കൊണ്ടിടാം. (2)

അൾത്താരയിൽ ...

*(പേജ് 12 കാണുക)*

## *ഗാനം - 4: അൾത്താരയിൽ പൂജ്യബലിവസ്തുവായിട്ടും*

അൾത്താരയിൽ പൂജ്യബലിവസ്തുവായിട്ടും
അഖിലേശ്വരനെന്നും ആരാധന.
ബലിവേദിമുന്നിലായ് അണിചേർന്നുനിന്നിവർ
ആത്മാവിലർപ്പിക്കും ആരാധന.
ഹാലേലൂയാ ... ഹാലേലൂയാ ... (3)

അൾത്താരയിൽ ...

ഉള്ളിൽ പുതുജീവനാളം തെളിച്ച്
നാവിൽ തിരുനാമ മന്ത്രം ജപിച്ച്
കൈയിൽ ജീവിതക്രൂശും പിടിച്ച്
കർത്താവിനെ കാത്തു നില്ക്കുന്നു ഞങ്ങൾ.
ഹാലേലൂയാ ... ഹാലേലൂയാ ... (3)

അൾത്താരയിൽ ...

തിരുവോസ്തി രൂപനായ് മാറുന്ന നേരം
തിരുമുൻപിലർപ്പിക്കും കാഴ്ചകളേ
കനിവോടെ സ്വീകരിച്ചീ ദാസരെ നീ
കല്മഷഹീനരായി മാറ്റണമേ.
ഹാലേലൂയാ ... ഹാലേലൂയാ ... (3)

അൾത്താരയിൽ ...

*(പേജ് 12 കാണുക)*

### *ഗാനം - 5: അൾത്താരയൊരുങ്ങി അകതാരൊരുക്കി*

അൾത്താരയൊരുങ്ങി അകതാരൊരുക്കി / അണയാമീ ബലിവേദിയിൽ
ഒരുമനമായ് ഒരുസ്വരമായ് / അണയാമീ ബലിവേദിയിൽ.

അൾത്താരയൊരുങ്ങി...

ബലിയായ് നല്കാം തിരുനാഥനായ് / പൂജ്യമാമീവേദിയിൽ
മമസ്വാർഥവും ദുഃഖങ്ങളും / ബലിയായ് നല്കുന്നു ഞാൻ. (2)

അൾത്താരയൊരുങ്ങി...

ബലിവേദിയിങ്കൽ തിരുനാഥനേകും / തിരുമെയ്യും തിരുനിണവും (2)
സ്വീകരിക്കാൻ നവീകരിക്കാൻ / നമ്മൾതൻ ജീവിതത്തെ. (2)

അൾത്താരയൊരുങ്ങി...

*(പേജ് 12 കാണുക)*

### *ഗാനം - 6: ഒരു നിമിഷം മനമുയർത്താം*

ഒരു നിമിഷം മനമുയർത്താം / അൾത്താരവേദിയിലണയാം.
ഹൃദയങ്ങൾ പാവനമാക്കാം / സ്നേഹപൂജ തുടങ്ങാം.

തിരി തെളിഞ്ഞു പൂജാമണി മുഴങ്ങീ
കാൽവരി യാഗത്തിൻ വിരി തുറന്നു.
സ്വർഗീയവൃന്ദം നിരന്നു.

ശാരോണിലെ പനിനീർ ദളമായി,
ദാവീദിൻ സ്നേഹസങ്കീർത്തനമായി. (2)
പവനനിലൊഴുകും പൂമണമായി
പാരിന്റെ നാഥനെ എതിരേല്ക്കാൻ. (2)

തിരി തെളിഞ്ഞു പൂജമണിമുഴങ്ങീ ...

പുലരിയിൽ ഉതിരും ഹിമകണമായി
പൂവിന്റെയുള്ളിൽ മധുകണമായ്.
കതിരവനേക്കാൾ പ്രഭചൊരിഞ്ഞീടും
രാജാധിരാജനിന്ന് ആത്മബലി.

ഒരു നിമിഷം മനമുയർത്താം ...

*(പേജ് 12 കാണുക)*

### *ഗാനം - 7: ദൈവകുമാരൻ കാൽവരിക്കുന്നിൽ*

ദൈവകുമാരൻ കാൽവരിക്കുന്നിൽ / ബലിയണച്ചു സ്വയം ബലിയണച്ചു
പറുദീസാ നരനു തുറന്നിടാനായ് / ബലിയണച്ചു സ്വയം ബലിയണച്ചു.

സൗഭാഗ്യദായകമാം ധർമയാഗം / വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു
പാപങ്ങൾ കഴുകിടുമാ ദിവ്യയാഗം / വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു.
ദൈവകുമാരൻ ...

സർവേശാ പാവനമീ പൂജയാലെ / ഞങ്ങൾക്കു ജീവൻ പകർന്നിടേണം
മുതരിൽ പ്രകാശം പരത്തിടേണം / നവശാന്തി ഭുവിൽ വിതച്ചിടേണം.
ദൈവകുമാരൻ ...

*(പേജ് 12 കാണുക)*

### *ഗാനം - 8: ദൈവം വസിക്കുന്ന കൂടാരത്തിൽ*

ദൈവം വസിക്കുന്ന കൂടാരത്തിൽ
പരിശുദ്ധമാകുമീ ബലിപീഠത്തിൽ. (2)
നന്ദിതൻ ബലിയായ് തെളിയുന്ന തിരിയായി
തീർന്നീടാൻ ആശയോടണയുന്നിതാ. (2)

തിരുസുതനോടൊപ്പം ഒരു ബലിയായി തീരാൻ
നവജീവൻ നേടാം പുതുമലരായി വിരിയാം. (2)

ആരാധനയ്ക്കായ് അണയുന്ന ദാസരിൽ
കാരുണ്യ പൂമഴ തൂകേണമേ. (2)
മാറാത്ത സ്നേഹവും വറ്റാത്ത നന്മയും
നേടിടാൻ ആശയോടണയുന്നിതാ. (2)
തിരുസുതനോടൊപ്പം ...

രക്ഷാകരങ്ങളാൽ പുല്കുന്ന സ്നേഹമേ
ആത്മാവിൻ അഗ്നിയായി വന്നീടണേ. (2)
ജീവന്റെ നാദവും, ആത്മീയമോദവും
നേടിടാൻ ആശയോടണയുന്നിതാ. (2)
ദൈവം വസിക്കുന്ന ...

*(പേജ് 12 കാണുക)*

### *ഗാനം - 9: വീണ്ടും ഒരു ബലിയർപ്പണ വേദിയൊരുങ്ങി*

വീണ്ടും ഒരു ബലിയർപ്പണ വേദിയൊരുങ്ങി
സ്നേഹത്തിൻ പൂജാർപ്പണ വേദിയൊരുങ്ങി.

പാടാം ഒരുമനമായ് സ്തുതി കീർത്തനമേകാം.
ചേരാം ഒരു നവജീവിത ബലിയിതു മോദാൽ.
വീണ്ടും ഒരു ബലിയർപ്പണ ...

അന്നാപ്പെസഹാനാളിൻ ഓർമയിലുണരാം
കൊണ്ടാടാം പാവനമീ ബലിയേകീടാം. (2)
ഹൃദയത്തിൽ അനുതാപത്തിൻ നിറവോടെ
അനുരഞ്ജിതരായിത്തീരാം ബലിയർപ്പിക്കാം.
വീണ്ടും ഒരു ബലിയർപ്പണ ...

കാൽവരിമലയിൽ ഉയരും ബലിപീഠത്തിൽ
പൂവണിയും രക്ഷാകരസന്ദേശത്തിൽ. (2)
സാക്ഷികളായ്ത്തീരാം പുതുചൈതന്യത്താൽ
നിറയാം ആത്മാവിൽ ജീവൻ നേടാം.
വീണ്ടും ഒരു ബലിയർപ്പണ ...

### *ഗാനം - 10: സ്നേഹപിതാവിൻ ഭവനമിതിൽ*

സ്നേഹപിതാവിൻ ഭവനമിതിൽ / പരിശുദ്ധമാകും അൾത്താരയിൽ
അനുതാപമേറും ഹൃദയവുമായ് / അണയുന്നു സ്നേഹവിരുന്നിനായ്.

കാൽവരിമലയിലെ യാഗബലി / അർപ്പിച്ചിടാൻ ഞങ്ങൾ അണയുന്നു.
ജീവിതഭാരവും സുഖവും ദുഃഖവും / സ്വീകരിക്കേണമേ സ്നേഹതാതാ.

ജീവന്റെ നാഥനോടൊന്നായിന്നു / ജീവന്റെ പാതയെ പുൽകീടുവാൻ
പ്രാർഥനാദീപങ്ങൾ കൈകളിലേന്തി / നില്ക്കുന്നു മക്കൾ,
പിതൃസവിധേ.
സ്നേഹപിതാവിൻ ...

-----------------------------

## ആമുഖശുശ്രൂഷ

*(മനുഷ്യാവതാരം, പഴയനിയമപ്രതീക്ഷകൾ, രഹസ്യജീവിതം)*

**സ്നേഹത്തിന്റെ കല്പന** *(ഗാനം)*
*(യോഹ. 13:34-35)*

**കാർമി:**
അന്നാപ്പെസഹാത്തിരുനാളിൽ / കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം / ഒരുമയോടീ ബലിയർപ്പിക്കാം.

**സമൂഹം:**
അനുരഞ്ജിതരായ്ത്തീർന്നീടാം / നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം / തിരുമുമ്പാകെയണച്ചീടാം.

*(പ്രകാരം)*

**കാർമ്മി:** നമുക്കു ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച് / ഈ കുർബാന ആരംഭിക്കാം.

**സമൂഹം:** മിശിഹായുടെ കല്പനയനുസരിച്ചാണല്ലോ / നാം ഇത് അർപ്പിക്കുന്നത്.

## മാലാഖമാരുടെ കീർത്തനം *(ലൂക്കാ 2:14)*

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂഹം:** ആമ്മേൻ. (3)

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പ്രകാരം ഗാനം)*

**കാർമ്മി:** അത്യുന്നതമാം സ്വർലോകത്തിൽ
സർവേശനു സ്തുതിഗീതം. (3)

**സമൂഹം:** ഭൂമിയിലെങ്ങും മർത്യനു ശാന്തി / പ്രത്യാശയുമെന്നേക്കും. (3).

***(മരിച്ചവരുടെ ഓർമ്മ)***

**കാർമ്മി:** ഉന്നതങ്ങളിൽ മഹേശ്വരനു കീർത്തനം.

**സമൂഹം:** നരനു ഭൂമിയിൽ ശാന്തിയും പ്രത്യാശയും.

---

**കാർമ്മി:** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസു / സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു / ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും / ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ / രാജ്യവും ശക്തിയും മഹത്വവും / എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്വത്താൽ / സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ / എന്നുദ്ഘോഷിക്കുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 16 കാണുക)*

***(അല്ലെങ്കിൽ)***

**കാർമ്മി:** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്വത്താൽ / സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ / എന്നുദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് / സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും / ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ / രാജ്യവും ശക്തിയും മഹത്വവും / എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി:** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്വത്താൽ / സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നുദ്ഘോഷിക്കുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 16 കാണുക)*

*(പ്രകരം ഗാനം)*

**കാർമ്മി:**
സ്വർഗസ്ഥിതനാം താതാ നിൻ / നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ / പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂഹം:**
സ്വർഗസ്ഥിതനാം താതാ നിൻ / സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ / പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ / ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും / പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ നിൻ / നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ / നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗത്തെന്നതുപോലുലകിൽ / നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം / ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ / ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാധ്യതയും / അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും / ഉൾപ്പെട്ടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും / ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്നെന്നാലെന്നാളേക്കും / രാജ്യം ശക്തി മഹത്വങ്ങൾ
താവകമല്ലോ കർത്താവേ / ആമ്മേനാമ്മേനെന്നേക്കും.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(മരിച്ചവരുടെ ഓർമ്മ)***

*(കാർമികനും സമൂഹവും രണ്ടു ഗണമായി ആലപിക്കുന്നു).*

സ്വർഗസ്ഥിതനാം നിത്യപിതാവേ / നിൻ തിരുനാമം വാഴ്ത്തപ്പെടണം.

പരിപാവനമാം നിന്നുടെ രാജ്യം / മഹിമയോടുലകിൽ വന്നീടേണം.

സ്വർഗതലത്തെന്നതുപോലങ്ങേ / ഇഷ്ടം ധരയിൽ നിറവേറേണം.

ആവശ്യകമാമനുദിനഭോജ്യം / ഞങ്ങൾക്കലിവായ് നല്കീടണമേ.

ഞങ്ങൾ പൊറുക്കുന്നതുപോൽ നാഥാ / ഞങ്ങൾക്കും നീ പൊറുതി തരേണം.

വിനകളിൽ വീഴാൻ കൈവെടിയരുതേ / തിന്മയിൽനിന്നും രക്ഷിക്കണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

---

## പ്രാരംഭപ്രാർഥനയും സങ്കീർത്തനവും

***(കാലാനുസരണം മാറിവരുന്ന പ്രാർഥനകൾ)***

*കാലാനുസൃതമല്ലാത്ത പ്രാർഥനകൾ - പേജ് 17*
***മരിച്ചവരുടെ ഓർമ - പേജ് 18***
***മംഗളവാർത്തക്കാലം - പേജ് 20***
***പിറവിക്കാലം - പേജ് 22***
***ദനഹാക്കാലം*** */ ദനഹാത്തിരുനാൾ (ജനുവരി 6) -* ***പേജ് 24***
***നോമ്പുകാലം - പേജ് 26***
***ഉയിർപ്പുകാലം - പേജ് 28***
*പുതുഞായർ (ഉയിർപ്പു രണ്ടാംഞായർ) - പേജ് 28*
*സ്വർഗാരോഹണത്തിരുനാൾ (ഉയിർപ്പ് ആറാംവ്യാഴം) - പേജ് 29*
***ശ്ലീഹാക്കാലം - പേജ് 30***
*പന്തക്കുസ്താ തിരുനാൾ (ശ്ലീഹാക്കാലം ഒന്നാംഞായർ) - പേജ് 31*
*പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ (രണ്ടാംഞായർ) - പേജ് 31*
*പരിശുദ്ധ കുർബാനയുടെ തിരുനാൾ (രണ്ടാംവ്യാഴം) - പേജ് 31*
*തിരുഹൃദയത്തിരുനാൾ (ശ്ലീഹാക്കാലം മൂന്നാംവെള്ളി) - പേജ് 32*
***കൈത്താക്കാലം - പേജ് 33***
***ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ - പേജ് 35***
***പള്ളിക്കൂദാശക്കാലം - പേജ് 37***

*രൂപാന്തരീകരണത്തിരുനാൾ (ഓഗസ്റ്റ് 6) - പേജ് 38*
*വിശുദ്ധ കുരിശിന്റെ പുകഴ്ച (സെപ്റ്റംബർ 14) - പേജ് 39*

***മാതാവിന്റെ*** *മാതൃത്വത്തിരുനാൾ (പിറവി രണ്ടാംവെള്ളി) - പേജ് 39*
*മാതാവിന്റെ സ്വർഗാരോപണം (ഓഗസ്റ്റ് 15) - പേജ് 40*
*മാതാവിന്റെ ജനനത്തിരുനാൾ (സെപ്റ്റംബർ 8) - പേജ് 40*
*അമലോത്ഭവമാതാവിന്റെ തിരുനാൾ (ഡിസംബർ 8) - പേജ് 41*
*മാതാവിന്റെ മറ്റു തിരുനാളുകൾ - പേജ് 42*

*വിശുദ്ധ യൗസേപ്പ് (മാർച്ച്-19, മേയ് 1) - പേജ് 43*
*വിശുദ്ധ സ്നാപകയോഹന്നാൻ (ദനഹ ഒന്നാംവെള്ളി) - പേജ് 43*
*പത്രോസ് പൗലോസ് ശ്ലീഹന്മാർ (ദനഹ രണ്ടാംവെള്ളി) - പേജ് 44*
*മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന (ജൂലൈ 3) - പേജ് 44*
*ശ്ലീഹന്മാരുടെ തിരുനാൾ (കൈത്താ ഒന്നാംഞായർ) - പേജ് 45*
*വിശുദ്ധ സുവിശേഷകന്മാർ (ദനഹ മൂന്നാംവെള്ളി) - പേജ് 45*
*വി. എസ്തപ്പാനോസ് (ദനഹ നാലാംവെള്ളി, ഡിസം. 26) -പേജ് 45*

*രക്തസാക്ഷികൾ - പേജ് 47*
*വിശുദ്ധ അൽഫോൻസ (ജൂലൈ 28) - പേജ് 47*
*വിശുദ്ധരുടെ തിരുനാൾ (ഉയിർപ്പ് ഒന്നാംവെള്ളി) - പേജ് 48*
*നിനിവേ ഉപവാസം (വലിയ നോമ്പിന്റെ മൂന്നാഴ്ച മുമ്പ്) - പേജ് 49*

*ജൂബിലി - പേജ് 50*
*ഇടവകദിനം - പേജ് 53*

--------------------------------

## കാലാനുസൃതമല്ലാത്ത പ്രാർഥനകൾ

***(സാധാരണ ദിവസങ്ങളിൽ)***

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മഹനീയ ത്രീത്വത്തിന്റെ സംപൂജ്യമായ നാമത്തിനു / സ്വർഗത്തിലും ഭൂമിയിലും / എപ്പോഴും സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(ഞായറാഴ്ചകളിലും സാധാരണ തിരുനാളുകളിലും)***

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി / അങ്ങയുടെ പ്രിയപുത്രൻ കാരുണ്യപൂർവം നല്കിയ / ദിവ്യരഹസ്യങ്ങളുടെ പരികർമത്തിനു / ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പ്രധാന തിരുനാളുകൾ)***

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുനാമത്തിൽ ഉറച്ചു വിശ്വസിക്കുകയും / ആ വിശ്വാസം പരമാർഥതയോടെ ഏറ്റുപറയുകയും ചെയ്യുന്നവരെ / അങ്ങു ശക്തരാക്കണമേ. ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന / ഈ പരിഹാരരഹസ്യങ്ങൾ / അവർ വിശുദ്ധിയോടെ പരികർമം ചെയ്യട്ടെ. നിർമലഹൃദയത്തോടും വിശുദ്ധവിചാരങ്ങളോടുംകൂടെ / അവർ അങ്ങേക്കു പുരോഹിതശുശ്രൂഷ ചെയ്യുകയും / അങ്ങു കനിഞ്ഞു നല്കിയ രക്ഷയെപ്രതി / നിരന്തരം അങ്ങയെ സ്തുതിക്കുകയും ചെയ്യട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

*സങ്കീർത്തനം 144-146 ഗാനം*

**കാർമ്മി:** കർത്താവേ, മമരാജാവേ / പാടും നിൻപുകളെന്നും ഞാൻ
സകലേശാ, നിൻതിരുനാമം / വാഴ്ത്തീടും ഞാനനവരതം.

**സമൂഹം:**
കർത്താവേ നിൻ സ്തുതിപാടും / അനുദിനമങ്ങയെ വാഴ്ത്തും ഞാൻ
നാഥൻ മഹിമ നിറഞ്ഞവനും / പാരം സ്തുത്യനുമെന്നെന്നും.

അനവദ്യൻ മമ നാഥാ, നിൻ / മഹിമക്കളവില്ലറിവൂ ഞാൻ
തലമുറ തലമുറയോടെന്നും / തവകർമങ്ങൾ വിവരിക്കും.

നാഥാ, നിൻ കരവിരുതെന്നും / നരകുലമഖിലം ഘോഷിക്കും
മഹനീയം നിൻ കീർത്തി സദാ / മഹിയിൽ വർണിച്ചീടും ഞാൻ.

എന്നാത്മാവേ, പാടുക നീ / കർത്താവിൻ സ്തുതിഗീതങ്ങൾ
ജീവിതകാലം മുഴുവൻ ഞാൻ / നാഥനു ഗീതികൾ പാടീടും.

ഞാനീ മന്നിൽക്കഴിവോളം / ദൈവസ്തുതികൾ പാടീടും
അരചനിലോ നരനൊരുവനിലോ / ശരണം തേടാൻ തുനിയരുതേ.

നല്ലതുമുചിതവുമല്ലോ നാം / പാടുക ദൈവസ്തുതിഗീതം
വാഴ്ത്താമവനുടെ തിരുനാമം / ദൈവം നിത്യം സ്തുത്യർഹൻ.

ചിതറിയൊരിസ്രേൽ ജനതതിയെ / നാഥൻ വീണ്ടും ചേർക്കുന്നു
പണിയുന്നോർശ്ലേം നഗരിയവൻ / കരുണാവാരിധിയവനല്ലോ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ലേന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)*

## മരിച്ചവരുടെ ഓർമ

**കാർമ്മി:** കർത്താവായ ദൈവമേ, മരണംമൂലം വേർപെട്ടുപോയ ഞങ്ങളുടെ *സഹോദരർക്കു (സഹോദരനു / സഹോദരിക്കു)* / നിത്യജീവൻ പ്രദാനം ചെയ്യണമേ. മിശിഹായിൽ *അവരുടെ (അദ്ദേഹത്തിന്റെ)* ഓർമ ആചരിച്ചുകൊണ്ടു / മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കും വേണ്ടി / ഈ ദിവ്യരഹസ്യങ്ങൾ വിശുദ്ധിയോടെ പരികർമം ചെയ്യാൻ / ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**സങ്കീർത്തനം 88 - ഗാനം**

*(രീതി: കർത്താവേ മമരാജാവേ)*

**കാർമ്മി:** നാഥാ, നിന്റെ സഹായം ഞാൻ / യാചിക്കുന്നു പകലെല്ലാം
രാവിലുമങ്ങേ സന്നിധിയിൽ / വാവിട്ടേവം വിലപിപ്പൂ.

**സമൂഹം:** എന്നർഥനകൾ നിൻ മുമ്പിൽ / വന്നെത്താനിടയാകട്ടെ
എൻ വിളികൾക്കായ് സദയം നീ / നിൻ ചെവി ചായ്ച്ചു ശ്രവിക്കണമേ.

അന്യനിലാശ്രയമിനിയില്ല / നിന്നെത്തന്നെ വിളിപ്പൂ ഞാൻ.
കൈകളുയർത്തി തിരുമുമ്പിൽ / കരയുന്നു ഞാൻ കർത്താവേ.

പുലരികൾ തോറും നിൻമുമ്പിൽ / നിലവിളിയായ് ഞാനെത്തുന്നു.
കർത്താവേ, ഞാനുച്ചത്തിൽ / പ്രാർഥിക്കുന്നു വിലാപത്തിൽ.

ഇരുളിൽ മുങ്ങിത്താഴുമ്പോൾ / കരമൊന്നേകാനാരുള്ളൂ.
കൈകളുയർത്തി തിരുമുമ്പിൽ / കരയുന്നു ഞാൻ കേൾക്കണമേ.

താതനുമതുപോലാത്മജനും / റൂഹാക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസക്കു പേജ് 54)*

***(അല്ലെങ്കിൽ സങ്കീർത്തനം 130 - ഗാനം)***

**കാർമ്മി:** ആഴത്തിൽനിന്നു ഞാൻ / ആർദ്രമായ് കേഴുന്നു
ദൈവമേ എന്നെ നീ കേൾക്കേണമേ.

**സമൂഹം:** പാപങ്ങളെല്ലാം നീ / ഓർത്തിരുന്നാൽ നാഥാ
ആരാരി ലോകത്തിൽ രക്ഷനേടും.

**കാർമ്മി:** പാപത്തിൻ മോചനം / നിന്നിൽ ഞാൻ തേടുന്നു
നീയാണെൻ മോക്ഷവും പ്രത്യാശയും.

**സമൂഹം:** പുലരുവാൻ കാക്കുന്ന / കാവൽക്കാരെന്നപോൽ
സകലേശാ നിന്നെ ഞാൻ കാത്തിരിപ്പൂ.

**കാർമ്മി:** പാപങ്ങൾ മോചിക്കും / കാരുണ്യവാരിധേ
ആത്മാക്കൾക്കാശ്വാസം നല്കേണമേ.

**സമൂഹം:** താതനും പുത്രനും / റൂഹാക്കുമാദരാൽ
കീർത്തനഗീതികളെന്നേരവും.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസക്കു പേജ് 54)*

***(അല്ലെങ്കിൽ ചൊല്ലാവുന്നത്: സങ്കീർത്തനം 130)***

**കാർമ്മി:** കർത്താവേ അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു. കർത്താവേ, എന്റെ ശബ്ദം കേൾക്കണമേ.

**സമൂഹം:** മരിച്ചവരെ ഉയിർപ്പിക്കുന്നവനെ
നിന്റെ തിരുനാമത്തിനു സ്തുതി.

**കാർമ്മി:** എന്റെ പ്രാർഥന ചെവിക്കൊള്ളണമേ.
കർത്താവേ, നീ പാപങ്ങളെല്ലാം ഓർത്തിരിക്കുമെങ്കിൽ
ആർക്കു രക്ഷയുണ്ടാകും?

**സമൂഹം:** എന്തുകൊണ്ടെന്നാൽ പാപമോചനം
നിന്റെ പക്കൽ നിന്നാകുന്നുവല്ലോ.
കർത്താവിൽ ഞാൻ ശരണപ്പെടുന്നു.

**കാർമ്മി:** എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു.
പുലരിയാകാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ
കർത്താവേ, നിന്നെ ഞാൻ കാത്തിരിക്കുന്നു.

**സമൂഹം:** പുലരിയാകാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ
ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു.

**കാർമ്മി:** എന്തുകൊണ്ടെന്നാൽ, അവൻ കരുണയുള്ളവനാകുന്നു.
പൂർണമായ രക്ഷയും അവന്റെ പക്കലാകുന്നു.

**സമൂഹം:** ഇസ്രായേലിനെ അതിന്റെ പാപങ്ങളിൽ നിന്നെല്ലാം
അവൻ രക്ഷിക്കും.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി:** മരിച്ചവരെ ഉയിർപ്പിക്കുന്നവനെ,
നിന്റെ തിരുനാമത്തിനു സ്തുതി.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)***

## മംഗളവാർത്തക്കാലം

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പുത്രനായ മിശിഹാ / തന്റെ മനുഷ്യാവതാരംവഴി / രക്ഷാകരവാഗ്ദാനം പൂർത്തി

യാക്കിയതിനെ ഓർത്തു / ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. മിശിഹാ യിലൂടെ അങ്ങുമായി ഞങ്ങളെ രമ്യതപ്പെടുത്തി / ദൈവപുത്രസ്ഥാന ത്തിന് അർഹരാക്കിയ / അങ്ങയുടെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി / ഈ പരിശുദ്ധ കുർബാന / യോഗ്യതാപൂർവം അർപ്പിക്കാൻ / ഞങ്ങളെ അനുഗ്രഹിക്കണമേ. അതുവഴി രക്ഷയുടെ ഫലങ്ങൾ ഞങ്ങളിൽ സ്ഥിരീ കരിക്കുന്നതിനും ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 98 ഗാനം**

*(രീതി: കർത്താവേ മമരാജാവേ)*

**കാർമി:** കർത്താവിന്നപദാനങ്ങൾ / വാഴ്ത്തുക പുതിയൊരു ഗാനത്തിൽ
അത്ഭുതകരമാമവിടുത്തെ / കൃത്യാവലികൾ വർണിപ്പിൻ.

**സമൂഹം:** ഭൂതലമഖിലം സാമോദം / നാഥനു ഗീതികൾ പാടട്ടെ
പ്രീതിയൊടാർത്തു വിളിച്ചീടാം / പാടാം നാഥനു സ്തുതിഗീതം.

ഇമ്പമൊടിന്നുമുഴക്കീടാം / കൊമ്പും കുഴലും കിന്നരവും
വാദ്യവിശേഷപരമ്പരയാൽ / വാഴ്ത്തുക രാജമഹോന്നതനെ.

ആനന്ദത്തിരമാലകളായ് / ആർത്തുവിളിക്കാം സന്നിധിയിൽ
ആഴിയുമതിലെ ജീവികളും / ഊഴിയുമതിലെ നിവാസികളും.

സ്വരമുച്ചത്തിലുയർത്തട്ടെ / കരഘോഷത്താലരുവികളും
ഒരുമിച്ചാർത്തുവിളിക്കട്ടെ / ഗിരിശിഖരങ്ങൾ തിരുമുമ്പിൽ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസയ്ക്കു പേജ് 54)*

***(അല്ലെങ്കിൽ ചൊല്ലാവുന്നത്: സങ്കീർത്തനം 98)***

**കാർമി:** കർത്താവിന് ഒരു പുതിയ കീർത്തനമാലപിക്കുവിൻ
അവിടുന്ന് അത്ഭുതകൃത്യങ്ങൾ ചെയ്തിരിക്കുന്നു.

**സമൂഹം:** ലോകരക്ഷകനായ മിശിഹായേ
നിന്റെ ആഗമനം അനുഗൃഹീതമാകുന്നു.
മാലാഖമാരോടുകൂടെ നിന്നെ സ്തുതിക്കാൻ, നീ ഞങ്ങളെ യോഗ്യരാക്കി.

**കാർമി:** ഭൂമി മുഴുവൻ കർത്താവിന് ആനന്ദഗീതം ആലപിക്കട്ടെ. ആഹ്ലാദാരവത്തോടെ അവിടുത്തെ സ്തുതിക്കുവിൻ.

**സമൂഹം:** കിന്നരം മീട്ടി കർത്താവിനു സ്തുതികളാലപിക്കുവിൻ വാദ്യഘോഷത്തോടെ അവിടുത്തെ പുകഴ്ത്തുവിൻ.

**കാർമി:** കൊമ്പും കാഹളവും മുഴക്കി, രാജാവായ കർത്താവിന്റെ സന്നിധിയിൽ, ആനന്ദംകൊണ്ട് ആർപ്പിടുവിൻ.

**സമൂഹം:** സമുദ്രവും അതിലുള്ളവയും, ഭൂമിയും അതിലെ നിവാസികളും ഉച്ചത്തിൽ സ്വരം ഉയർത്തട്ടെ.

**കാർമി:** ജലപ്രവാഹങ്ങൾ കരഘോഷം മുഴക്കട്ടെ,
കർത്താവിന്റെ മുന്നിൽ പർവതങ്ങൾ
ഒത്തൊരുമിച്ച് ആനന്ദഗീതമാലപിക്കട്ടെ.

**സമൂഹം:** അവിടുന്നു ഭൂമിയെ വിധിക്കാൻ വരുന്നു
അവിടുന്നു ലോകത്തെ നീതിയോടും
ജനതകളെ ന്യായത്തോടുംകൂടെ വിധിക്കും.

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമി:** ലോകരക്ഷകനായ മിശിഹായേ
നിന്റെ ആഗമനം അനുഗൃഹീതമാകുന്നു.
മാലാഖമാരോടുകൂടെ നിന്നെ സ്തുതിക്കാൻ
നീ ഞങ്ങളെ യോഗ്യരാക്കി.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 56 കാണുക / റാസക്കു പേജ് 54)*

## പിറവിക്കാലം

**കാർമി:** കർത്താവായ ദൈവമേ, അങ്ങയുടെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. ദൈവമായിരുന്നിട്ടും തന്നെത്തന്നെ ശൂന്യനാക്കി / ദാസന്റെ രൂപം സ്വീകരിച്ച മിശിഹ, സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ചൈതന്യംകൊണ്ടു / നമ്മെ നിറയ്ക്കട്ടെ. മനുഷ്യനായി അവതരിച്ച മിശിഹായെ / പൂർണദൈവവും പൂർണമനുഷ്യനുമായി സ്വീകരിച്ചു / നമുക്കാരാധിക്കാം. ഈ വിശുദ്ധ രഹസ്യങ്ങൾ ഭക്തിയോടെ പരികർമം ചെയ്യാനും / പരിത്രാണകർമത്തിന്റെ ഫലങ്ങൾ നേടാനും /

ഞങ്ങളെ ശക്തരാക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 97 ഗാനം**
*(രീതി: കർത്താവേ മമരാജാവേ)*

**കാർമ്മി:** കർത്താവെന്നും വാഴുന്നു / നിത്യം ഭൂമിക്കാമോദം
ആനന്ദത്തിൽ മുഴുകട്ടെ / ദ്വീപസമൂഹവുമനവരതം.

**സമൂഹം:** മെഴുകായുരുകിയൊലിക്കുന്നു / മഹിയിൽ പർവതനിരയെല്ലാം
കർത്താവേ, നീ ഭൂലോകം / കൈകളിലല്ലോ താങ്ങുന്നു.

നിസ്തുലമാകും തൻ നീതി / ഉദ്ഘോഷിക്കുന്നാകാശം.
ജനതകളെല്ലാമവിടുത്തെ / മഹിമകൾ കണ്ടു നമിക്കുന്നു.

സർവചരാചരപാലകനാം / സകലേശാ, നീയുന്നതനാം
എല്ലാ ദേവഗണങ്ങളിലും / വല്ലഭനുന്നതനല്ലോ നീ.

നീതിയിൽ വാഴും മാനവരേ, / മോദിച്ചീടുക കർത്താവിൽ
നന്ദിയോടാ തിരുനാമത്തെ / എന്നും വാഴ്ത്തി നമിച്ചിടുവിൻ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)***

***(പകരം ചൊല്ലാവുന്ന സങ്കീർത്തനം 97)***

**കാർമ്മി:** കർത്താവു വാഴുന്നു, ഭൂമി സന്തോഷിക്കട്ടെ
ദ്വീപസമൂഹങ്ങൾ ആനന്ദിക്കട്ടെ.

**സമൂഹം:** ലോകരക്ഷകനായ മിശിഹായേ
നിന്റെ ആഗമനം അനുഗ്രഹീതമാകുന്നു.
മാലാഖമാരോടുകൂടെ നിന്നെ സ്തുതിക്കാൻ, നീ ഞങ്ങളെ യോഗ്യരാക്കി.

**കാർമ്മി:** ഭൂമി മുഴുവന്റെയും അധിപനായ കർത്താവിന്റെ മുമ്പിൽ
പർവതങ്ങൾ മെഴുകുതിരിപോലെ ഉരുകുന്നു.

**സമൂഹം:** ആകാശം അവിടുത്തെ നീതിയെ പ്രഘോഷിക്കുന്നു
എല്ലാ ജനതകളും അവിടുത്തെ മഹത്വം ദർശിക്കുന്നു.

**കാർമി:** കർത്താവേ, അങ്ങു ഭൂമി മുഴുവന്റെയും അധിപനാണ്,
എല്ലാ ദേവന്മാരേയുംകാൾ ഉന്നതനാണ്.

**സമൂഹം:** തിന്മയെ ദ്വേഷിക്കുന്നവനെ കർത്താവു സ്നേഹിക്കുന്നു,
അവിടുന്നു തന്റെ ഭക്തരുടെ ജീവനെ പരിപാലിക്കുന്നു,
ദുഷ്ടരുടെ കൈയിൽനിന്ന് അവരെ മോചിക്കുന്നു.

**കാർമി:** നീതിമാന്മാരുടെമേൽ പ്രകാശം ഉദിച്ചിരിക്കുന്നു,
പരമാർഥ ഹൃദയർക്കു സന്തോഷം ഉദിച്ചിരിക്കുന്നു.

**സമൂഹം:** നീതിമാന്മാരേ, കർത്താവിൽ ആനന്ദിക്കുവിൻ
അവിടുത്തെ വിശുദ്ധ നാമത്തിനു കൃതജ്ഞതയർപ്പിക്കുവിൻ.

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമി:** ലോകരക്ഷകനായ മിശിഹായേ
നിന്റെ ആഗമനം അനുഗ്രഹീതമാകുന്നു.
മാലാഖമാരോടുകൂടെ നിന്നെ സ്തുതിക്കാൻ
നീ ഞങ്ങളെ യോഗ്യരാക്കി.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 56 കാണുക / റാസക്കു പേജ് 54)*

## ദനഹാക്കാലം

**കാർമി:** കർത്താവായ ദൈവമേ, എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായി / അങ്ങയുടെ പുത്രനെ ലോകത്തിലേക്കയയ്ക്കുകയും / അവൻവഴി കൃപയും സത്യവും പ്രാപിക്കാൻ / ഞങ്ങളെ യോഗ്യരാക്കുകയും ചെയ്തു / അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ വിശ്വാസത്തിന്റെ കർത്താവും മഹാപുരോഹിതനുമായ / ഈശോമിശിഹാ ഭരമേല്പിച്ച ഈ ദിവ്യരഹസ്യങ്ങൾ / യഥായോഗ്യം പരികർമം ചെയ്യാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

*(ദനഹാത്തിരുനാൾ - ജനുവരി 6)*

**കാർമി:** കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ മാമ്മോദീസാവേളയിൽ / ത്രീത്വൈക രഹസ്യം ഞങ്ങൾക്കു വെളിപ്പെടുത്തി

ത്തന്ന / അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ രക്ഷകനായ മിശിഹായെ / കർത്താവും ദൈവവുമായി ഏറ്റുപറയാനും / യോഗ്യതയോടെ ഈ പെസഹാ രഹസ്യങ്ങൾ പരികർമ്മം ചെയ്യാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 96 ഗാനം**

*(രീതി: കർത്താവേ മമരാജാവേ)*

**കാർമ്മി:** കർത്താവിന്നപദാനങ്ങൾ / കീർത്തിപ്പിൻ പുതുഗാനത്തിൽ
വാഴ്ത്തിപ്പാടി നമിക്കട്ടെ / പാർത്തലമെല്ലാമുടയവനെ.

**സമൂഹം:** കീർത്തിച്ചീടാം തിരുനാമം / മാനവരക്ഷയുമതുപോലെ
ഘോഷിച്ചീടാം ജനമദ്ധ്യേ / ദൈവികമഹിമകളൊന്നൊന്നായ്.

വാഴ്ത്തുക ജനമേ കർത്താവിൻ / നിസ്തുലശക്തിമഹത്വങ്ങൾ
തിരുനാമത്തിനു ചേർന്നവിധം / മഹിതസ്തുതികളുയർത്തിടുവിൻ.

തൃക്കാഴ്ചകളോടവിടുത്തെ / തിരുമുറ്റത്തു പ്രവേശിപ്പിൻ
നിർമ്മലവസ്ത്രവിഭൂഷിതരായ് / ആരാധിച്ചു വണങ്ങിടുവിൻ.

നീതി വിധിക്കും കർത്താവിൻ / നാമം ജനതകൾ വാഴ്ത്തട്ടെ.
വനവൃക്ഷങ്ങൾ വയലുകളും / പുളകിതഗീതമുതിർക്കട്ടെ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)*

***(പകരം ചൊല്ലാവുന്ന സങ്കീർത്തനം 96)***

**കാർമ്മി:** കർത്താവിനു പുതിയ കീർത്തനം ആലപിക്കുവിൻ
ഭൂമി മുഴുവൻ കർത്താവിനെ പാടി സ്തുതിക്കട്ടെ.

**സമൂഹം:** യോർദാനിൽനിന്നു മാമ്മോദീസാ സ്വീകരിക്കുകയും
അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ
നീ അനുഗൃഹീതനാകുന്നു.

**കാർമ്മി:** കർത്താവിനെ പാടിപ്പുകഴ്ത്തുവിൻ
അവിടുത്തെ നാമത്തെ വാഴ്ത്തുവിൻ.

**സമൂഹം:** അവിടുത്തെ രക്ഷയെ പ്രതിദിനം പ്രകീർത്തിക്കുവിൻ
ജനതകളുടെ ഇടയിൽ അവിടുത്തെ മഹത്വം പ്രഘോഷിക്കുവിൻ.

**കാർമ്മി:** ജനപദങ്ങളേ, ഉദ്ഘോഷിക്കുവിൻ,
മഹത്വവും ശക്തിയും കർത്താവിന്റേതെന്ന് ഉദ്ഘോഷിക്കുവിൻ.

**സമൂഹം:** കർത്താവിന്റെ നാമത്തിനു ചേർന്നവിധം
അവിടുത്തെ മഹത്വപ്പെടുത്തുവിൻ.

**കാർമ്മി:** കാഴ്ചകളുമായി അവിടുത്തെ അങ്കണത്തിൽ പ്രവേശിക്കുവിൻ
വിശുദ്ധ വസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാധിക്കുവിൻ.

**സമൂഹം:** അവിടുന്നു ജനതകളെ നീതിപൂർവം വിധിക്കും,
ആകാശം ആഹ്ലാദിക്കട്ടെ, ഭൂമി ആനന്ദിക്കട്ടെ.

**കാർമ്മി:** സമുദ്രവും അതിലുള്ളവയും ആർപ്പുവിളിക്കട്ടെ
വയലും അതിലുള്ളവയും ആഹ്ലാദിക്കട്ടെ.

**സമൂഹം:** അപ്പോൾ കർത്താവിന്റെ സന്നിധിയിൽ
വനവൃക്ഷങ്ങൾ ആനന്ദഗീതം ഉതിർക്കും.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി:** യോർദാനിൽനിന്നു മാമ്മോദിസാ സ്വീകരിക്കുകയും
അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ
നീ അനുഗ്രഹീതനാകുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(**പേജ് 56 കാണുക** / റാസക്കു പേജ് 54)*

## നോമ്പുകാലം

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാ രന്റെ രക്ഷാകരരഹസ്യങ്ങളിൽ / ഞങ്ങളെ പങ്കുകാരാക്കുന്നതിനു ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. പാപംമൂലം അകന്നുപോയ ഞങ്ങൾ / അനുതപിക്കുന്ന ഹൃദയത്തോടെ / പിതാവായ അങ്ങയെ സമീപിക്കുന്നു. മിശിഹായോടു ചേർന്ന് / എളിമയോടും ഹൃദയവിശുദ്ധിയോടുംകൂടി / പരിഹാരത്തിന്റെയും കൃതജ്ഞതയുടെയും ഈ ബലിയർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 144 ഗാനം**
*(രീതി: കർത്താവേ മമരാജാവേ)*

**കാർമി:** നാഥാ, നിന്റെ വിശുദ്ധന്മാർ / നിതരാം നിന്നെ വണങ്ങുന്നു.
നിൻ രാജ്യത്തിൻ മഹിമയവർ / വർണിച്ചീടും വിനയമൊടെ.

**സമൂഹം:** വീഴുന്നവരെ കനിവോടെ / നാഥൻ താങ്ങിനിർത്തുന്നു.
നിപതിച്ചവരെ സകലരെയും / സദയം താങ്ങിയുയർത്തുന്നു.

കണ്ണുകളെല്ലാം കർത്താവേ / നിന്നെത്തന്നെ തേടുന്നു.
എന്തെന്നാൽ നീയാഹാരം / ചിതമാം സമയത്തേകുന്നു.

ഉള്ളുതുറന്നു വിളിക്കുമ്പോൾ / നാഥനടുത്തുണ്ടതു കേൾക്കാൻ.
തന്നെ ഭയത്തോടു സേവിക്കും / നരരുടെയിഷ്ടമവൻ ചെയ്യും.

അവരുടെ യാചന കേൾക്കുമവൻ / രക്ഷയവർക്കവനേകീടും.
ഭക്തജനങ്ങളെയഖിലേശൻ / സദയം കാത്തരുളീടുന്നു.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസയ്ക്കു പേജ് 54)*

***(പകരം ചൊല്ലാവുന്ന സങ്കീർത്തനം 144)***

**കാർമി:** കർത്താവേ, അങ്ങയുടെ ദാസർ അങ്ങേക്കു നന്ദിപറയും
അങ്ങയുടെ നീതിമാന്മാർ അങ്ങയെ വാഴ്ത്തുകയും ചെയ്യും.

**സമൂഹം:** ഞങ്ങളുടെ രക്ഷകനായ ദൈവമേ
ഞങ്ങളെ സഹായിക്കേണമേ, / അങ്ങയുടെ തിരുനാമത്തെപ്രതി
ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

**കാർമി:** അങ്ങയുടെ രാജ്യത്തിന്റെ മഹത്വത്തെ അവർ പ്രകീർത്തിക്കും
അങ്ങയുടെ ശക്തിയെ അവർ വർണിക്കും.

**സമൂഹം:** കർത്താവു വീഴുന്നവരെയെല്ലാം താങ്ങുന്നു,
നിലംപതിച്ചവരെ എഴുന്നേല്പിക്കുന്നു.

**കാർമി:** എല്ലാവരും കർത്താവിൽ ദൃഷ്ടി പതിച്ചിരിക്കുന്നു,
എന്തെന്നാൽ യഥാസമയം അവർക്ക് അവിടുന്ന് ആഹാരം നല്കുന്നു.

**സമൂഹം:** നിർമലഹൃദയത്തോടെ കർത്താവിനെ വിളിക്കുന്നവർക്ക്
അവിടുന്നു സമീപസ്ഥനാകുന്നു.

**കാർമി:** തന്റെ ഭക്തരുടെ ആഗ്രഹം, അവിടുന്നു സഫലമാക്കുന്നു.

**സമൂഹം:** അവരുടെ പ്രാർഥന കേട്ട്, അവിടുന്ന് അവരെ രക്ഷിക്കുന്നു.

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമി:** ഞങ്ങളുടെ രക്ഷകനായ ദൈവമേ
ഞങ്ങളെ സഹായിക്കണമേ / അങ്ങയുടെ തിരുനാമത്തെപ്രതി
ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)***

## ഉയിർപ്പുകാലം

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, മനുഷ്യവംശത്തിന്റെ നവീകരണത്തിനുവേണ്ടി / അങ്ങയുടെ പ്രിയപുത്രൻ നല്കിയ ദിവ്യരഹസ്യങ്ങൾ / പ്രത്യാശയോടെ പരികർമം ചെയ്യാൻ / ഞങ്ങളെ യോഗ്യരാക്കണമേ. ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന ഈ പരിഹാരബലി / ഞങ്ങൾ വിശുദ്ധിയോടെ പരികർമം ചെയ്യാനും / അങ്ങയുടെ തിരുക്കുമാരന്റെ ഉത്ഥാനത്തെ നിരന്തരം പ്രകീർത്തിക്കാനും / ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

## പുതുഞായർ

*(ഉയിർപ്പുകാലം രണ്ടാംഞായർ)*

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാ രന്റെ ഉത്ഥാനത്തിനു സവിശേഷസാക്ഷ്യംവഹിച്ച / മാർത്തോമ്മാ ശ്ലീ ഹായെ ഞങ്ങൾക്കു പിതാവായി നല്കിയതിന് / ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങൾക്കു നല്കപ്പെട്ട വിശ്വാസം പരമാർഥതയോടെ ഏറ്റുപറയുന്നതിനും / ഈ ദിവ്യരഹസ്യങ്ങൾ യോഗ്യതാപൂർവം പരികർമം ചെയ്യുന്നതിനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സ്വർഗാരോഹണത്തിരുനാൾ**
*(ഉയിർപ്പുകാലം ആറാംവ്യാഴം)*

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാരനും / ഞങ്ങളുടെ രക്ഷകനുമായ ഈശോമിശിഹായുടെ / മഹത്വപൂർണമായ സ്വർഗാരോഹണം ആഘോഷിക്കുന്ന ഞങ്ങളെ / കാരുണ്യപൂർവം കടാക്ഷിക്കണമേ. ഞങ്ങൾക്കു നല്കിയ രക്ഷയെപ്രതി / ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങയുടെ പുത്രനോടൊപ്പം / സ്വർഗീയമഹത്വത്തിൽ ഞങ്ങളും പങ്കുചേരുമെന്ന പ്രത്യാശയിൽ / രക്ഷാകരമായ ഈ രഹസ്യങ്ങൾ / യോഗ്യതാപൂർവം പരികർമം ചെയ്യാൻ / ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 46 – 48 ഗാനം**
*(രീതി: കർത്താവേ മമരാജാവേ)*

സൈന്യങ്ങൾതന്നധിനാഥൻ / നമ്മോടൊത്തു വസിക്കുന്നു.
യാക്കോബിൻ ബലമാം ദൈവം / ഓർക്കുകിൽ നമ്മുടെയവലംബം.

കരഘോഷങ്ങൾ മുഴക്കിടുവിൻ / തിരുസന്നിധിയിൽ ജനതകളേ.
ആഹ്ലാദാരവമുയരട്ടെ / ദൈവത്തിൻ തിരുഭവനത്തിൽ.

ദൈവസ്തുതികൾ പാടിടുവിൻ / സ്തോത്രം ചെയ്തു പുകഴ്ത്തിടുവിൻ.
കീർത്തനഗീതം മീട്ടിടുവാൻ / നമ്മുടെ രാജാവവനല്ലോ.

ഭുവിന്നധിപനു മധുമയമാം / കീർത്തനഗീതം പാടീടാം.
ജനതയ്ക്കെല്ലാമധിനാഥൻ / നിത്യം വാഴ്വൂ ത്രോണോസിൽ.

കർത്താവുന്നതനാകുന്നു / സ്തുത്യർഹൻ നിജനഗരത്തിൽ.
ഉന്നതമവനുടെ പുണ്യഗിരി / മന്നിനു മുഴുവൻ സാഘോഷം.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസയ്ക്കു പേജ് 54)*

***(പകരം ചൊല്ലാവുന്ന സങ്കീർത്തനം 46 – 48)***

**കാർമി:** സൈന്യങ്ങളുടെ കർത്താവു നമ്മോടുകൂടെയുണ്ട്
യാക്കോബിന്റെ ദൈവമാണു നമ്മുടെ അഭയം.

**സമൂഹം:** ഉയിർത്തെഴുന്നേറ്റ കർത്താവേ,
നിന്റെ ഉത്ഥാനത്തിൽ ഞങ്ങൾ ആനന്ദിക്കുന്നു.

**കാർമി:** ജനതകളേ കരഘോഷം മുഴക്കുവിൻ
ദൈവത്തിന്റെ മുമ്പിൽ ആഹ്ലാദാരവം മുഴക്കുവിൻ.

**സമൂഹം:** ദൈവത്തെ പാടിപ്പുകഴ്ത്തുവിൻ,
സ്തോത്രങ്ങൾ ആലപിക്കുവിൻ.

**കാർമി:** നമ്മുടെ രാജാവിനു സ്തുതികളുതിർക്കുവിൻ
കീർത്തനങ്ങളാലപിക്കുവിൻ.

**സമൂഹം:** ദൈവം ഭൂമി മുഴുവന്റെയും രാജാവാണ്
സങ്കീർത്തനം കൊണ്ട് അവിടുത്തെ സ്തുതിക്കുവിൻ.

**കാർമി:** ദൈവം ജനതകളുടെമേൽ വാഴുന്നു
അവിടുന്നു തന്റെ പരിശുദ്ധ സിംഹാസനത്തിലിരിക്കുന്നു.

**സമൂഹം:** കർത്താവുന്നതനാണ്, നമ്മുടെ ദൈവത്തിന്റെ
നഗരത്തിൽ, അത്യന്തം സ്തുത്യർഹനാണ്.

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമി:** ഉയിർത്തെഴുന്നേറ്റ കർത്താവേ,
നിന്റെ ഉത്ഥാനത്തിൽ ഞങ്ങൾ ആനന്ദിക്കുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)*

## ശ്ലീഹാക്കാലം

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ നാമത്തിൽ ഒന്നിച്ചുകൂടിയിരിക്കുന്ന ഞങ്ങളെ തൃക്കൺപാർക്കണമേ. അങ്ങയുടെ പ്രിയപുത്രന്റെ രക്ഷാരഹസ്യങ്ങൾ / പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾവഴി തിരുസഭയിൽ തുടരുകയും / മനുഷ്യവംശത്തിനു ശാന്തിയും സമാധാനവും നല്കുകയും ചെയ്യുന്നല്ലോ. ഈ ദൈവികരഹസ്യങ്ങൾ പരികർമം ചെയ്യാൻ / ബലഹീനരായ ഞങ്ങളെ കാരുണ്യപൂർവം യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

*(സങ്കീർത്തനം 145 പേജ് 32 കാണുക)*

**പന്തക്കുസ്താ തിരുനാൾ**

*(ശ്ലീഹാക്കാലം ഒന്നാംഞായർ)*

**കാർമി:** കാരുണ്യവാനും സ്നേഹസമ്പന്നനുമായ ദൈവമേ, മനുഷ്യ വർഗത്തെ പാപത്തിൽനിന്നു രക്ഷിക്കാൻ / അങ്ങയുടെ പ്രിയപുത്രനെ ഈ ലോകത്തിലേക്ക് അയച്ചതിനു / ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. ലോകാവസാനത്തോളം മനുഷ്യരോടൊന്നിച്ചു വസിക്കാനും / സത്യ ത്തിന്റെ പൂർണതയിലേക്ക് അവരെ നയിക്കാനും / പന്തക്കുസ്താദിന ത്തിൽ പരിശുദ്ധാത്മാവിനെ നല്കിയ / അങ്ങേക്കു ഞങ്ങൾ നന്ദിപറ യുന്നു. ആത്മശരീരനൈർമല്യത്തോടെ / ഈ രക്ഷാരഹസ്യങ്ങൾ പരി കർമം ചെയ്യാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

*(സങ്കീർത്തനം 145 പേജ് 32 കാണുക)*

**പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ**

*(ശ്ലീഹാക്കാലം രണ്ടാംഞായർ)*

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, പരിശുദ്ധ ത്രീത്വത്തിന്റെ നാമത്തിൽ ഒന്നിച്ചുകൂടിയിരിക്കുന്ന ഞങ്ങളെ തൃക്കൺപാർക്കണമേ. അങ്ങയുടെ പ്രിയപുത്രന്റെ രക്ഷാരഹസ്യങ്ങൾ / പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾവഴി തിരുസഭയിൽ തുടരുകയും / മനുഷ്യവംശത്തിനു ശാന്തിയും സമാധാനവും നല്കുകയും ചെയ്യുന്നുവല്ലോ. ഈ ദൈവികരഹ സ്യങ്ങൾ പരികർമം ചെയ്യാൻ / ബലഹീനരായ ഞങ്ങളെ കാരുണ്യ പൂർവം യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

*(സങ്കീർത്തനം 145 പേജ് 32 കാണുക)*

**പരിശുദ്ധ കുർബാനയുടെ തിരുനാൾ**

*(ശ്ലീഹാക്കാലം രണ്ടാംവ്യാഴം)*

**കാർമി:** ഞങ്ങളുടെ കർത്താവായ മിശിഹായേ, മനുഷ്യവർഗത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി / അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ / നിന്റെ ശരീരരക്തങ്ങൾ ഞങ്ങൾക്കു നല്കിയ / ഈ പരി ഹാരരഹസ്യങ്ങൾ യോഗ്യതയോടെ പരികർമംചെയ്യാൻ / ബലഹീന രായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

*(സങ്കീർത്തനം 145 താഴെ കാണുക)*

**തിരുഹൃദയത്തിരുനാൾ**
*(ശ്ലീഹാക്കാലം മൂന്നാംവെള്ളി)*

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുസുതനിലൂടെ വെളിപ്പെടുത്തിയ / ദിവ്യരഹസ്യങ്ങൾ പരികർമം ചെയ്യാൻ / ഞങ്ങളെ ഒന്നിച്ചുകൂട്ടിയ / അങ്ങയുടെ കാരുണ്യത്തെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ നാഥനും രക്ഷകനുമായ മിശിഹായ്ക്കു / ഞങ്ങളോടുള്ള അഗാധസ്നേഹം മനസിലാക്കാനും / സ്നേഹത്തിന്റെ ഈ കൂദാശയിൽ / വിശ്വാസത്തോടെ പങ്കുചേരാനും ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 145 - ഗാനം**
*(രീതി: കർത്താവേ മമരാജാവേ)*

എന്നാത്മാവേ പാടുക നീ / കർത്താവിൻ സ്തുതിഗീതങ്ങൾ.
ജീവിതകാലം മുഴുവൻ ഞാൻ / നാഥനു ഗീതികൾ പാടീടും.

ഞാനീ മന്നിൽക്കഴിവോളം / ദൈവസ്തുതികൾ പാടീടും.
അരചനിലോ നരനൊരുവനിലോ / ശരണം തേടാൻ തുനിയരുതേ.

കനിവൊടു കർത്താവേകുന്നു / പശിയുള്ളോർക്കിങ്ങാഹാരം.
ബന്ധിതരായോർക്കെന്നെന്നും / നാഥൻ മോചനമേകുന്നു.

കുരുടന്മാരുടെ നയനങ്ങൾ / കർത്താവാണു തുറന്നിടുവോൻ.
താഴ്ന്ന മുഖങ്ങളുയർത്തിടുവോൻ / കർത്താവല്ലോ എന്നാളും.

കർത്താവല്ലോ വാഴുന്നു / എന്നാളും ഭരണാധിപനായ്.
സെഹിയോനേ, നിൻ ദൈവത്തിൻ / ഭരണം നിതരാം നിലനിൽക്കും.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)***

***(പകരം ചൊല്ലാവുന്ന സങ്കീർത്തനം 145)***

**കാർമി:** എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക
ആയുഷ്കാലം മുഴുവൻ ഞാൻ അവിടുത്തെ സ്തുതിക്കും.

**സമൂഹം:** അങ്ങയുടെ അരൂപിയെ അയയ്ക്കുക
അപ്പോൾ സകലതും സൃഷ്ടിക്കപ്പെട്ടും; ഭൂമുഖം പുതുതാകുകയും ചെയ്യും.

**കാർമി:** ഞാനുള്ള കാലത്തോളം ദൈവത്തെ പ്രകീർത്തിക്കും.
അധികാരിയിലോ മനുഷ്യനിലോ ആശ്രയം വയ്ക്കരുത്.

**സമൂഹം:** കർത്താവു വിശക്കുന്നവർക്ക് ആഹാരം നല്കുന്നു.
ബന്ധിതരെ അവിടുന്നു മോചിപ്പിക്കുന്നു.

**കാർമി:** അവിടുന്നു കുരുടരുടെ കണ്ണുകൾ തുറക്കുന്നു.
നിലംപതിച്ചവരെ എഴുന്നേൽപ്പിക്കുന്നു.

**സമൂഹം:** കർത്താവ് എന്നേക്കും വാഴുന്നു.
സെഹിയോനേ, നിന്റെ ദൈവം തലമുറകളോളം വാഴും.

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമി:** അങ്ങയുടെ അരൂപിയെ അയയ്ക്കുക
അപ്പോൾ സകലതും സൃഷ്ടിക്കപ്പെട്ടും / ഭൂമുഖം പുതുതാകുകയും ചെയ്യും.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(**പേജ് 56 കാണുക** / റാസയ്ക്കു പേജ് 54)*

## കൈത്താക്കാലം

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മക്കളായ ഞങ്ങളുടെ നന്മയ്ക്കും രക്ഷയ്ക്കുംവേണ്ടി / അങ്ങയുടെ പ്രിയപുത്രനെ ഞങ്ങൾക്കു നല്കിയല്ലോ. ലോകമെങ്ങും സുവിശേഷമറിയിച്ച ശ്ലീഹന്മാരുടെ ഓർമ ആചരിക്കാൻ / ഒരുമിച്ചുകൂടിയിരിക്കുന്ന ഞങ്ങളെ തൃക്കൺ പാർക്കണമേ. അങ്ങയുടെ പ്രിയപുത്രൻ കാരുണ്യപൂർവം നല്കിയ / ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളുടെ പരികർമത്തിനു / പാപികളായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 146 – ഗാനം**
*(രീതി: കർത്താവേ മമരാജാവേ)*

നല്ലതുമുചിതവുമല്ലോ നാം / പാടുക ദൈവസ്തുതിഗീതം
വാഴ്ത്താമവനുടെ തിരുനാമം / ദൈവം നിത്യം സ്തുത്യർഹൻ.

ചിതറിയൊരിസ്രേൽ ജനതതിയെ / നാഥൻ വീണ്ടും ചേർക്കുന്നു
പണിയുന്നോർശ്ലേം നഗരിയവൻ / കരുണാവാരിധിയവനല്ലോ.

പൊട്ടിനുറുങ്ങിയ മനസുകളിൽ / ദൈവം സൗഖ്യം പകരുന്നു
ആകുലമാകെയകറ്റിയവൻ / ശാന്തി ജനത്തിനു നല്കുന്നു.

കിന്നരരാഗം മീട്ടിമുദാ / നാഥനു ഗാനം പാടിടുവിൻ
മുകിലുകളാലവനാകാശം / മൂടുന്നു മഴ നല്കുന്നു.

ഭയവും നല്ല പ്രതീക്ഷയുമായ് / തന്നെത്തേടും നരതതിയിൽ
സ്നേഹമരന്ദം വർഷിക്കും / കർത്താവെന്നും കുറവെന്യേ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)*

*(പകരം ചൊല്ലാവുന്ന സങ്കീർത്തനം 146)*

**കാർമി:** നമ്മുടെ ദൈവത്തെ സ്തുതിക്കുന്നതു / നല്ലതും ഉചിതവുമാകുന്നു. അവിടുന്നു സ്തുത്യർഹനാകുന്നു.

**സമൂഹം:** സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ
വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

**കാർമി:** കർത്താവ് ഓർശ്ലത്തെ പണിയുകയും / ഇസ്രായേലിൽനിന്നു ചിതറിപ്പോയവരെ / ഒരുമിച്ചുകൂട്ടുകയും ചെയ്യുന്നു.

**സമൂഹം:** കർത്താവു ഹൃദയം തകർന്നവരെ സുഖപ്പെടുത്തുകയും ആകുലതകൾ ഇല്ലാതാക്കുകയും ചെയ്യുന്നു.

**കാർമി:** കർത്താവ് എളിയവരെ ഉയർത്തുന്നു,
ദുഷ്ടരെ താഴ്ത്തുകയും ചെയ്യുന്നു.

**സമൂഹം:** തന്നെ ഭയപ്പെടുന്നവരെയും,
തന്റെ കൃപയിൽ പ്രത്യാശ വയ്ക്കുന്നവരെയും / കർത്താവ് ഇഷ്ടപ്പെടുന്നു.

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമി:** സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ
വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 56 കാണുക / റാസക്കു പേജ് 54)*

## ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, മിശിഹായുടെ മഹത്വപൂർണമായ ആഗമനത്തെ കാത്തിരിക്കുന്ന / ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന ഈ ദിവ്യരഹസ്യങ്ങളുടെ പരികർമത്തിനു / ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. വിശുദ്ധ കുരിശാൽ മുദ്രിതരായ ഞങ്ങൾ / അങ്ങിൽ അഭയം പ്രാപിക്കാനും / സ്വർഗത്തെ ലക്ഷ്യമാക്കി ജീവിക്കാനും കൃപ നല്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

### സങ്കീർത്തനം 96 - ഗാനം

*(രീതി: കർത്താവേ മമരാജാവേ)*

**കാർമി:** കർത്താവിന്നപദാനങ്ങൾ / കീർത്തിപ്പിൻ പുതുഗാനത്തിൽ
വാഴ്ത്തിപ്പാടി നമിക്കട്ടെ / പാർത്തലമെല്ലാമുടയവനെ.

വാഴ്ത്തുക തൻതിരുനാമവുമാ- / രക്ഷയുമെന്നും കീർത്തിപ്പിൻ.
ജനതകൾ മധ്യേ കർത്താവിൻ / മഹിമകൾ നിതരാം ഘോഷിപ്പിൻ.

വാഴ്ത്തുക ജനമേ കർത്താവിൻ / നിസ്തുലശക്തി മഹത്വങ്ങൾ
തിരുനാമത്തിനുചേർന്നവിധം / മഹിതസ്തുതികളുയർത്തിടുവിൻ.

തൃക്കാഴ്ചകളോടവിടുത്തെ / തിരുമുറ്റത്തു പ്രവേശിപ്പിൻ
നിർമലവസ്ത്രവിഭൂഷിതരായ് / ആരാധിച്ചു വണങ്ങിടുവിൻ.

നീതി വിധിക്കും കർത്താവിൻ / നാമം ജനതകൾ വാഴ്ത്തട്ടെ.
വനവൃക്ഷങ്ങൾ വയലുകളും / പുളകിതഗീതമുതിർക്കട്ടെ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 56 കാണുക / റാസക്കു പേജ് 54)*

*(പ്രകരം ചൊല്ലാവുന്ന സങ്കീർത്തനം 96)*

**കാർമി:** കർത്താവിനു പുതിയ കീർത്തനം ആലപിക്കുവിൻ
ഭൂമി മുഴുവൻ കർത്താവിനെ പാടിസ്തുതിക്കട്ടെ.

**സമൂഹം:** ബലിയാൽ ഉടമ്പടി ഉറപ്പിച്ചിരിക്കുന്ന,
നീതിമാന്മാരെ വിളിച്ചുകൂട്ടുവിൻ,
ആകാശം ദൈവനീതിയെ പ്രകീർത്തിക്കുന്നു,
എന്തുകൊണ്ടെന്നാൽ, വിധിക്കുന്നവൻ ദൈവമാകുന്നു.

**കാർമ്മി:** കർത്താവിനെ പാടിപ്പുകഴ്ത്തുവിൻ,
അവിടുത്തെ നാമത്തെ വാഴ്ത്തുവിൻ.

**സമൂഹം:** അവിടുത്തെ രക്ഷയെ പ്രതിദിനം പ്രകീർത്തിക്കുവിൻ,
ജനതകളുടെ ഇടയിൽ അവിടുത്തെ മഹത്വം പ്രഘോഷിക്കുവിൻ.

**കാർമ്മി:** ജനപദങ്ങളേ ഉദ്ഘോഷിക്കുവിൻ;
മഹത്വവും ശക്തിയും കർത്താവിന്റേതെന്ന് ഉദ്ഘോഷിക്കുവിൻ.

**സമൂഹം:** കർത്താവിന്റെ നാമത്തിനു ചേർന്നവിധം
അവിടുത്തെ മഹത്വപ്പെടുത്തുവിൻ.

**കാർമ്മി:** കാഴ്ചകളുമായി അവിടുത്തെ അങ്കണത്തിൽ പ്രവേശിക്കുവിൻ
വിശുദ്ധ വസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാധിക്കുവിൻ.

**സമൂഹം:** അവിടുന്നു ജനതകളെ നീതിപൂർവം വിധിക്കും
ആകാശം ആഹ്ലാദിക്കട്ടെ / ഭൂമി ആനന്ദിക്കട്ടെ.

**കാർമ്മി:** സമുദ്രവും അതിലുള്ളവയും ആർപ്പുവിളിക്കട്ടെ
വയലും അതിലുള്ളവയും ആഹ്ലാദിക്കട്ടെ.

**സമൂഹം:** അപ്പോൾ കർത്താവിന്റെ സന്നിധിയിൽ
വനവൃക്ഷങ്ങൾ ആനന്ദഗീതം ഉതിർക്കും.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി:** ബലിയാൽ ഉടമ്പടി ഉറപ്പിച്ചിരിക്കുന്ന,
നീതിമാന്മാരെ വിളിച്ചുകൂട്ടുവിൻ,
ആകാശം ദൈവനീതിയെ പ്രകീർത്തിക്കുന്നു,
എന്തുകൊണ്ടെന്നാൽ, വിധിക്കുന്നവൻ ദൈവമാകുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)*

## പള്ളിക്കൂദാശക്കാലം

**കാർമ്മി:** കർത്താവായ ദൈവമേ, മിശിഹാവഴി സഭയെ സ്ഥാപിക്കുകയും / സ്വർഗീയ സൗന്ദര്യത്താൽ അവളെ അലങ്കരിക്കുകയും ചെയ്ത / അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. കൂദാശകൾവഴി സഭയിൽ രക്ഷ പ്രദാനം ചെയ്യാൻ തിരുമനസായ / അങ്ങയുടെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. സഭാപ്രതിഷ്ഠയെ അനുസ്മരിക്കുന്ന ഞങ്ങളെ / ആത്മശരീര വിശുദ്ധിയോടെ ഈ ബലി അർപ്പിക്കാനും / മാലാഖമാരോടൊത്ത് അങ്ങയെ സ്തുതിക്കാനും ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 148 - ഗാനം**
*(രീതി: കർത്താവേ മമരാജാവേ)*

കർത്താവിൻ സ്തുതി പാടിടുവിൻ / അത്യുന്നതനെ വാഴ്ത്തിടുവിൻ
ആകാശങ്ങളിലുയരട്ടെ / കർത്താവിന്നപദാനങ്ങൾ.

ദൂതന്മാരേ, സേവകരേ / പാടുക നാഥനു സ്തുതിഗീതം
സൈന്യങ്ങൾക്കവനധിനാഥൻ / ധന്യനെ വാഴ്ത്തുക സേനകളേ.

സൂര്യനുമതുപോൽ ചന്ദ്രനുമാ / സന്നിധിയിൽ സ്തുതിപാടട്ടെ
വാനിൽ താരകനിരയെല്ലാം / നാഥനു ഗീതികൾ പാടട്ടെ.

മേഘാവലിയിലെ ജലനിരയും / ആകാശവുമതുപാടട്ടെ.
അവിടുന്നല്ലോ തിരുമൊഴിയാൽ / അവയെ സകലം സൃഷ്ടിച്ചു.

ഗിരിശിഖരങ്ങൾ കുന്നുകളും / ഫലവൃക്ഷങ്ങൾ വല്ലികളും
തീയും മഞ്ഞും കന്മഴയും / കാറ്റും നാഥനെ വാഴ്ത്തട്ടെ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)***

***(പകരം ചൊല്ലാവുന്ന സങ്കീർത്തനം 148)***

**കാർമ്മി:** കർത്താവിനെ സ്തുതിക്കുവിൻ,
ആകാശത്തുനിന്നു കർത്താവിനെ സ്തുതിക്കുവിൻ,
ഉന്നതങ്ങളിൽ അവിടുത്തെ സ്തുതിക്കുവിൻ.

**സമൂഹം:** കർത്താവിനു പുതിയ കീർത്തനം പാടുവിൻ
നീതിമാന്മാരുടെ സമൂഹത്തിൽ, അവിടുത്തെ പുകഴ്ത്തുവിൻ.

**കാർമി:** കർത്താവിന്റെ ദൂതന്മാരേ, അവിടുത്തെ സ്തുതിക്കുവിൻ.
കർത്താവിന്റെ സൈന്യങ്ങളേ, അവിടുത്തെ സ്തുതിക്കുവിൻ.

**സമൂഹം:** സൂര്യചന്ദ്രന്മാരേ, അവിടുത്തെ സ്തുതിക്കുവിൻ
മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളേ, അവിടുത്തെ സ്തുതിക്കുവിൻ.

**കാർമി:** ഉന്നതവാനിടമേ, കർത്താവിനെ സ്തുതിക്കുവിൻ
ആകാശത്തിനുമേലുള്ള ജലസഞ്ചയമേ, അവിടുത്തെ സ്തുതിക്കുവിൻ.

**സമൂഹം:** അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ,
എന്തെന്നാൽ അവിടുന്നു കല്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു.
അവിടുത്തെ മഹത്വം ഭൂമിയെയും ആകാശത്തെയുംകാൾ ഉന്നതമാണ്.

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമി:** കർത്താവിനു പുതിയ കീർത്തനം പാടുവിൻ
നീതിമാന്മാരുടെ സമൂഹത്തിൽ അവിടുത്തെ പുകഴ്ത്തുവിൻ.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 56 കാണുക / റാസക്കു പേജ് 54)*

## കർത്താവിന്റെ രൂപാന്തരീകരണത്തിരുനാൾ
*(ഓഗസ്റ്റ് 6)*

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ ദിവ്യതേജസ് / അവിടുത്തെ രൂപാന്തരീകരണംവഴി / ലോകത്തിനു വെളിപ്പെടുത്താൻ തിരുമനസായ / അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. മാമ്മോദീസയിലൂടെ വിശുദ്ധരുടെ ഗണത്തിലേക്ക് / അങ്ങയുടെ കൃപയാൽ ഞങ്ങളെ വിളിച്ചുവല്ലോ. അങ്ങയുടെ വത്സലസുതനെ യഥായോഗ്യം ശ്രവിക്കാനും / അങ്ങേക്കു സ്വീകാര്യമായവിധം ഭക്ത്യാദരങ്ങളോടെ / ഈ ദിവ്യരഹസ്യങ്ങൾ പരികർമം ചെയ്യാനും / ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

*(സങ്കീർത്തനം 96 പേജ് 41 കാണുക)*

### വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

*(സെപ്റ്റംബർ 14)*

**കാർമ്മി:** കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാരനെ ഞങ്ങ ളുടെ പക്കലേക്കയച്ചതിനെ ഓർത്ത് / അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. യഹൂദർക്ക് ഇടർച്ചയും / വിജാതീയർക്കു ഭോഷത്തവുമായ കുരിശുവഴി / ഞങ്ങളെ രക്ഷിക്കുകയും / അതിനെ രക്ഷയുടെ അടയാളമായി അങ്ങ് ഉയർത്തുകയും ചെയ്തല്ലോ. വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിക്കുന്ന ഈ സുദിനത്തിൽ / മിശിഹായുടെ രക്ഷാരഹസ്യ ങ്ങൾ യഥായോഗ്യം പരികർമ്മം ചെയ്യാൻ / ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

*(സങ്കീർത്തനം 96 പേജ് 41 കാണുക)* —

## പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാളുകൾ

### മറിയത്തിന്റെ മാതൃത്വത്തിരുനാൾ

*(പിറവിക്കാലം രണ്ടാംവെള്ളി)*

**കാർമ്മി:** പിതാവായ ദൈവമേ, അങ്ങയുടെ തിരുസുതന്റെ അമ്മയായി / കന്യകാമറിയത്തെ അങ്ങ് അനാദിയിൽ തെരഞ്ഞെടുക്കുകയും / എല്ലാ വിധ കൃപാവരങ്ങളാലും അവളെ നിറയ്ക്കുകയും ചെയ്തല്ലോ. അതുവഴി ഞങ്ങളുടെ മനുഷ്യവംശത്തെതന്നെ അങ്ങു മഹത്വപ്പെടുത്തി. ശക്തനായ അങ്ങു / വൻകാര്യങ്ങൾ ചെയ്തുകൊടുത്ത പരിശുദ്ധ അമ്മയോടൊത്ത് / ഈ കൃതജ്ഞതാബലിയർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. സക ലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 97 ഗാനം**

*(രീതി: കർത്താവേ മമരാജാവേ)*

*(പകരം ചൊല്ലാവുന്ന സങ്കീർത്തനം 97, പേജ് 23ൽ)*

**കാർമ്മി:** കർത്താവെന്നും വാഴുന്നു / നിത്യം ഭൂമിക്കാമോദം
ആനന്ദത്തിൽ മുഴുകട്ടെ / ദ്വീപസമൂഹവുമനവരതം.

മെഴുകായുരുകിയൊലിക്കുന്നു / മഹിയിൽ പർവതനിരയെല്ലാം
കർത്താവേ നീ ഭൂലോകം / കൈകളിലല്ലോ താങ്ങുന്നു.

നിസ്തുലമാകും തൻനീതി / ഉദ്ഘോഷിക്കുന്നാകാശം.
ജനതകളെല്ലാമവിടുത്തെ / മഹിമകൾ കണ്ടു നമിക്കുന്നു.

സർവചരാചര പാലകനാം / സകലേശാ നീയുന്നതനാം
എല്ലാ ദേവഗണങ്ങളിലും / വല്ലഭനനന്തനല്ലോ നീ.

നീതിയിൽ വാഴും മാനവരേ / മോദിച്ചീടുക കർത്താവിൽ
നന്ദിയോടാ തിരുനാമത്തെ / എന്നും വാഴ്ത്തി നമിച്ചിടുവിൻ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക*** */ റാസക്കു പേജ് 54)*

## മാതാവിന്റെ സ്വർഗാരോപണം

*(ഓഗസ്റ്റ് 15)*

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, പരിശുദ്ധ കന്യകാമറിയത്തെ / ആത്മശരീരങ്ങളോടെ അങ്ങു സ്വർഗീയമഹിമയിലേക്ക് ഉയർത്തുകയും / നിത്യകിരീടമണിയിക്കുകയും ചെയ്തല്ലോ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ മറിയത്തിനു കൈവന്ന / ഈ മഹാഭാഗ്യത്തെപ്രതി / ഞങ്ങൾ കൃതജ്ഞതാപൂർവം അങ്ങയെ സ്തുതിക്കുന്നു. ദൈവജനനിയുടെ സ്വർഗാരോപണത്തിരുനാൾ ആഘോഷിക്കുന്ന ഈ സുദിനത്തിൽ / രക്ഷാകരമായ ഈ ദിവ്യരഹസ്യങ്ങൾ / അങ്ങേക്കു പ്രീതികരമായ രീതിയിൽ പരികർമം ചെയ്യാൻ / ബലഹീനരായ ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

***(സങ്കീർത്തനം 96 പേജ് 41 കാണുക)*** —

## മാതാവിന്റെ ജനനത്തിരുനാൾ

*(സെപ്റ്റംബർ 8)*

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തോടെ / രക്ഷകന്റെ ആഗമനത്തിനു വഴിയൊരുക്കിയ / അങ്ങയെ ഞങ്ങൾ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. അങ്ങയുടെ തിരുസുതന്റെ അമ്മയാകാൻ മറിയത്തെ തെരഞ്ഞെടുത്തു മനുഷ്യവംശത്തെ മഹത്വമണിയിച്ച / അങ്ങയുടെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടിയിരിക്കുന്ന

ഞങ്ങളെ / ഈ ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യാൻ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 96 - ഗാനം**

*(രീതി: കർത്താവേ മമരാജാവേ)*

*(പകരം ചൊല്ലാവുന്ന സങ്കീർത്തനം 96, പേജ് 35ൽ)*

**കാർമ്മി:** കർത്താവിന്നപദാനങ്ങൾ / കീർത്തിപ്പിൻ പുതുഗാനത്തിൽ
വാഴ്ത്തിപ്പാടി നമിക്കട്ടെ / പാർത്തലമെല്ലാമുടയവനെ.

വാഴ്ത്തുക തൻ തിരുനാമവുമാ / രക്ഷയുമെന്നും കീർത്തിപ്പിൻ.
ജനതകൾ മധ്യേ കർത്താവിൻ / മഹിമകൾ നിതരാം ഘോഷിപ്പിൻ.

വാഴ്ത്തുക ജനമേ കർത്താവിൻ / നിസ്തുല ശക്തിമഹത്വങ്ങൾ
തിരുനാമത്തിനു ചേർന്നവിധം / മഹിതസ്തുതികളുയർത്തിടുവിൻ.

തൃക്കാഴ്ചകളോടവിടുത്തെ / തിരുമുറ്റത്തു പ്രവേശിപ്പിൻ
നിർമലവസ്ത്ര വിഭൂഷിതരായ് / ആരാധിച്ചു വണങ്ങിടുവിൻ.

നീതി വിധിക്കും കർത്താവിൻ / നാമം ജനതകൾ വാഴ്ത്തട്ടെ.
വനവൃക്ഷങ്ങൾ വയലുകളും / പുളകിത ഗീത മുതിർക്കട്ടെ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസയ്ക്കു പേജ് 54)*

## അമലോത്ഭവമാതാവിന്റെ തിരുനാൾ

*(ഡിസംബർ 8)*

**കാർമ്മി:** പിതാവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ മാതാവായ മറിയത്തെ പാപമാലിന്യമേശാതെ / വരദാനങ്ങളാൽ അലങ്കരിക്കാൻ അങ്ങു തിരുമനസായല്ലോ. ആ മാതാവിനെ വണങ്ങിസ്തുതിക്കുന്ന ഞങ്ങളെ / എല്ലാ തിന്മകളിൽനിന്നു കാത്തുരക്ഷിക്കണമേ. അമലോത്ഭവയായ മറിയത്തിന്റെ തിരുനാൾ ആഘോഷിക്കുന്ന ഈ ദിനത്തിൽ / മനുഷ്യവംശത്തിന്റെ പാപമോചനത്തിനും രക്ഷയ്ക്കുംവേണ്ടി അർപ്പിക്കപ്പെടുന്ന ഈ ബലി / യോഗ്യതയോടെ പരികർമ്മം ചെയ്യാൻ / ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 148 - ഗാനം**

*(രീതി: കർത്താവേ മമരാജാവേ)*

കർത്താവിൻ സ്തുതി പാടിടുവിൻ / അത്യുന്നതനെ വാഴ്ത്തിടുവിൻ
ആകാശങ്ങളിലുയരട്ടെ / കർത്താവിന്നപദാനങ്ങൾ.

ദൂതന്മാരേ സേവകരേ / പാടുക നാഥനു സ്തുതിഗീതം
സൈന്യങ്ങൾക്കവനധിനാഥൻ / ധന്യനെ വാഴ്ത്തുക സേനകളേ.

സൂര്യനുമതുപോൽ ചന്ദ്രനുമാ / സന്നിധിയിൽ സ്തുതിപാടട്ടെ
വാനിൽ താരക നിരയെല്ലാം / നാഥനു ഗീതികൾ പാടട്ടെ.

മേഘാവലിയിലെ ജലനിരയും / ആകാശവുമതു പാടട്ടെ.
അവിടുന്നല്ലോ തിരുമൊഴിയാൽ / അവയെ സകലം സൃഷ്ടിച്ചു.

ഗിരിശിഖരങ്ങൾ കുന്നുകളും / ഫലവൃക്ഷങ്ങൾ വല്ലികളും
തീയും മഞ്ഞും കന്മഴയും / കാറ്റും നാഥനെ വാഴ്ത്തട്ടെ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)*

## മാതാവിന്റെ മറ്റു തിരുനാളുകൾ

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാരനെ / മനുഷ്യവർഗത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി / ഞങ്ങൾക്കു നല്കിയതിനു നന്ദിപറയുന്നു. അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ മിശിഹായ്ക്കു ജന്മംനല്കിയ / പരിശുദ്ധ കന്യകാമറിയത്തെ ഞങ്ങൾക്കു മാതാവായിതന്ന അങ്ങയെ / ഞങ്ങൾ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. അങ്ങയുടെ രക്ഷാരഹസ്യങ്ങളുടെ അനുസ്മരണവും ആഘോഷവുമായ ഈ ബലി / യോഗ്യതാപൂർവം അർപ്പിക്കാൻ / ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 98 ഗാനം**

*(രീതി: കർത്താവേ മമരാജാവേ)*

*(പകരം ചൊല്ലാവുന്ന സങ്കീർത്തനം 98, പേജ് 21ൽ)*

**കാർമി:** കർത്താവിന്നപദാനങ്ങൾ / വാഴ്ത്തുക പുതിയൊരു ഗാനത്തിൽ
അത്ഭുതകരമാമവിടുത്തെ / കൃത്യാവലികൾ വർണിപ്പിൻ.

**സമൂഹം:** ഭൂതലമഖിലം സാമോദം / നാഥനു ഗീതികൾ പാടട്ടെ
പ്രീതിയൊടാർത്തുവിളിച്ചീടാം / പാടാം നാഥനു സ്തുതിഗീതം.

ഇമ്പമൊടിന്നുമുഴക്കീടാം / കൊമ്പും കുഴലും കിന്നരവും
വാദ്യവിശേഷപരമ്പരയാൽ / വാഴ്ത്തുക രാജമഹോന്നതനെ.

ആനന്ദത്തിരമാലകളായ് / ആർത്തുവിളിക്കാം സന്നിധിയിൽ
ആഴിയുമതിലെ ജീവികളും / ഊഴിയുമതിലെ നിവാസികളും.

സ്വരമുച്ചത്തിലുയർത്തട്ടെ / കരഘോഷത്താലരുവികളും
ഒരുമിച്ചാർത്തുവിളിക്കട്ടെ / ഗിരിശിഖരങ്ങൾ തിരുമുമ്പിൽ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക / റാസക്കു പേജ് 54)***

## വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ

*(മാർച്ച് 19, മേയ് 1)*

**കാർമി:** മനുഷ്യവംശത്തെ വീണ്ടെടുക്കാൻ / തന്റെ തിരുക്കുമാരനെ ലോകത്തിലേക്കയച്ച ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങളുടെ രക്ഷകനായ ഈശോയുടെ / വളർത്തുപിതാവും സംരക്ഷകനുമായി / വിശുദ്ധ യൗസേപ്പിനെ തെരഞ്ഞെടുത്തതിനു / ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അവതരിച്ച വചനത്തിനു ജീവിതം സമ്പൂർണമായി സമർപ്പിച്ച / വിശുദ്ധ യൗസേപ്പിനോടു ചേർന്നു / വിശുദ്ധിയോടെ ഈ ബലിയർപ്പിക്കാൻ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

***(സങ്കീർത്തനം 19 പേജ് 46 കാണുക)***

## വിശുദ്ധ സ്നാപകയോഹന്നാൻ

***(ദനഹാക്കാലം ഒന്നാംവെള്ളി)***

**കാർമി:** കർത്താവായ ദൈവമേ, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി മിശിഹായെ നല്കിയ / അങ്ങയുടെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദി പറയുന്നു. സ്നാപകയോഹന്നാനെ അനുകരിച്ചു / സത്യത്തിലും നീതി യിലും വളർന്നു / മിശിഹായ്ക്കു സാക്ഷ്യം വഹിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

ഈ വിശുദ്ധ കുർബാന യോഗ്യതാപൂർവം പരികർമം ചെയ്യാൻ / ബലഹീനരായ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

*(സങ്കീർത്തനം 19 പേജ് 46 കാണുക)*

## വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാർ

*(ദനഹ രണ്ടാംവെള്ളി / ജൂൺ 29)*

**കാർമി:** കർത്താവായ മിശിഹായേ, വചനപ്രഘോഷകരായി ശ്ലീഹന്മാരെ നീ നിയോഗിച്ചതിനും / അവരിലൂടെ ഞങ്ങൾക്കു നല്കിയ വിശ്വാസത്തിനും ഞങ്ങൾ നന്ദി പറയുന്നു. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമയാചരിക്കുന്ന ഞങ്ങളെ / വിശ്വാസതീക്ഷ്ണതയാൽ നിറയ്ക്കണമേ. നിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മാരകമായ / ഈ ദിവ്യരഹസ്യങ്ങൾ യോഗ്യതയോടുകൂടി പരികർമം ചെയ്യാൻ / ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

*(സങ്കീർത്തനം 33 പേജ് 53 കാണുക)*

## മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന

*(ജൂലൈ 3)*

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനിലൂടെ / രക്ഷയുടെ സന്ദേശം ലോകത്തിനു നല്കാൻ അങ്ങു തിരുമനസായല്ലോ. "നമുക്കും അവനോടുകൂടി പോയി മരിക്കാം" എന്നുപറഞ്ഞു / മിശിഹായ്ക്കു പൂർണമായി സമർപ്പിച്ച മാർത്തോമ്മാ ശ്ലീഹായെ / ഭാരതത്തിന്റെ അപ്പസ്തോലനും വിശ്വാസത്തിന്റെ പിതാവുമായി നല്കിയതിനു / അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഈ പുണ്യപിതാവിന്റെ ദുക്റാന തിരുനാൾ ആചരിക്കുന്ന ഞങ്ങൾ / ഈ ദിവ്യരഹസ്യങ്ങൾ ഭക്ത്യാദരപൂർവം അർപ്പിക്കാനും / രക്ഷയുടെ ഫലം സ്വീകരിക്കാനും യോഗ്യരായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**(സങ്കീർത്തനം 27 *പേജ് 51 കാണുക)***

## ശ്ലീഹന്മാരുടെ തിരുനാൾ

*(കൈത്താക്കാലം ഒന്നാംഞായർ)*

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മക്കളായ ഞങ്ങളുടെ നന്മയ്ക്കും രക്ഷയ്ക്കുംവേണ്ടി / അങ്ങയുടെ പ്രിയപുത്രനെ ഞങ്ങൾക്കു നല്കിയല്ലോ. ലോകമെങ്ങും സുവിശേഷമറിയിച്ച ശ്ലീഹന്മാരുടെ ഓർമയാചരിക്കാൻ / ഒരുമിച്ചുകൂടിയിരിക്കുന്ന ഞങ്ങളെ തൃക്കൺപാർക്കണമേ. അങ്ങയുടെ പ്രിയപുത്രൻ കാരുണ്യപൂർവം നല്കിയ / ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളുടെ പരികർമത്തിനു / പാപികളായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

***(സങ്കീർത്തനം 146 പേജ് 48 കാണുക)***

## വിശുദ്ധ സുവിശേഷകന്മാർ

*(ദനഹ മൂന്നാംവെള്ളി)*

**കാർമി:** കർത്താവായ ദൈവമേ, അങ്ങയുടെ സദ്വാർത്ത / സുവിശേഷകരിലൂടെ ഞങ്ങൾക്കു വെളിപ്പെടുത്തിയതിനു / ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. സുവിശേഷം ലോകത്തിന്റെ നാനാഭാഗങ്ങളിലും എത്തിക്കാൻ / ഈ ദിവ്യശുശ്രൂഷ ഞങ്ങളെ പ്രാപ്തരാക്കട്ടെ. അങ്ങയുടെ ആത്മാവിനാൽ പൂരിതരായി / രക്ഷയുടെ രഹസ്യങ്ങൾ പരികർമംചെയ്യാൻ / ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ

***(സങ്കീർത്തനം 33 പേജ് 53 കാണുക)***

## വിശുദ്ധ എസ്തപ്പാനോസ്

*(ദനഹ നാലാംവെള്ളി, ഡിസംബർ 26)*

**കാർമി:** രക്തസാക്ഷികളെ മകുടമണിയിക്കുന്ന കർത്താവേ, കൃപാവരവും ശക്തിയുംകൊണ്ടു / വിശുദ്ധ എസ്തപ്പാനോസിനെ അങ്ങു നിറച്ചുവല്ലോ. അങ്ങയിലുള്ള വിശ്വാസം ഏറ്റുപറഞ്ഞു / മറ്റുള്ളവരുടെ മുമ്പിൽ അങ്ങേക്കു സാക്ഷികളായി ജീവിക്കാൻ / ഞങ്ങളെ അനുഗ്രഹിക്കണമേ. ഈ ദിവ്യകുദാശ യോഗ്യതാപൂർവം അർപ്പിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 19 - ഗാനം**

*(രീതി: കർത്താവേ മമരാജാവേ)*

കർത്താവിന്റെ വിശുദ്ധ ഹിതം / നേത്രങ്ങൾക്കു പ്രകാശം താൻ
ഭക്തിപുലർത്തുക നിർമലമായി / നിത്യമതങ്ങനെ നിലനിൽക്കും.

നീതിനിറഞ്ഞവയാണല്ലോ / നാഥൻ നല്കും കല്പനകൾ
ഹൃദയങ്ങളിലവ സന്തോഷം / സദയം കോരി നിറയ്ക്കുന്നു.

കർത്താവിൻ വിധിവാക്യങ്ങൾ / സത്യവുമതുപോൽ നീതിയതും
തങ്കത്തേക്കാളഭികാമ്യം / തേൻകട്ടയിലും മധുരതരം.

തെറ്റുകളെന്നെ ഭരിക്കല്ലേ / ശുദ്ധീകൃതനായ് വാഴാം ഞാൻ
നീയെന്നഭയം കർത്താവേ / നീയാണെന്റെ വിമോചകനും.

എന്നധരത്തിലെ വാക്കുകളും / എൻ മനതാരിൻ ചിന്തകളും
താവക ദൃഷ്ടിയിലെന്നെന്നും / പാവനമായി വിളങ്ങട്ടെ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസയ്ക്കു പേജ് 54)*

***(പകരം ചൊല്ലാവുന്ന സങ്കീർത്തനം 19)***

**കാർമി:** കർത്താവിന്റെ പ്രമാണം വിശുദ്ധമാണ്
അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു.

**സമൂഹം:** ഞങ്ങളുടെ രക്ഷകനായ ദൈവമേ,
ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുനാമത്തെപ്രതി
ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ

**കാർമി:** ദൈവഭക്തി നിർമലമാണ്,
അത് എന്നേക്കും നിലനില്ക്കുന്നു.

**സമൂഹം:** കർത്താവിന്റെ കല്പനകൾ നീതിയുക്തമാണ്
അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു.

**കാർമി:** കർത്താവിന്റെ വിധികൾ സത്യമാണ്,
അവ തികച്ചും നീതിപൂർണമാണ്.

**സമൂഹം:** അവ പൊന്നിനെയും തങ്കത്തെയുംകാൾ അഭികാമ്യമാണ്
അവ തേനിനെയും തേൻകട്ടയെയുംകാൾ മധുരമാണ്.

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**സമൂഹം:** ഞങ്ങളുടെ രക്ഷകനായ ദൈവമേ,
ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുനാമത്തെപ്രതി
ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസയ്ക്കു പേജ് 54)*

## രക്തസാക്ഷികൾ

*(വിശുദ്ധ സെബസ്ത്യാനോസ്- ജനുവരി 20,*
*വിശുദ്ധ ഗീവർഗീസ്-ഏപ്രിൽ 24 തുടങ്ങിയവരുടെ തിരുനാളുകൾക്ക്).*

**കാർമി:** കർത്താവായ ദൈവമേ, മിശിഹായെപ്രതി പീഡകൾ സഹിച്ച / *രക്തസാക്ഷികളുടെ (രക്തസാക്ഷിയായ ... ന്റെ)* / ദൃഢവിശ്വാസവും ജീവിതമാതൃകയും, ഞങ്ങൾക്കു ശക്തിപകരട്ടെ. *രക്തസാക്ഷികളോടൊപ്പം (രക്തസാക്ഷിയായ ... നോടൊപ്പം)* / സ്വർഗരാജ്യത്തിൽ അങ്ങയെ നിരന്തരം പാടിപ്പുകഴ്ത്താൻ ഞങ്ങളെ അർഹരാക്കണമേ. മനുഷ്യവംശത്തിന്റെ രക്ഷയ്ക്കായി / അങ്ങയുടെ പ്രിയപുത്രൻ അർപ്പിച്ച ഈ പരിഹാരബലി / യഥായോഗ്യം പരികർമം ചെയ്യാൻ / ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

***(സങ്കീർത്തനം 33: പേജ് 53 കാണുക)***

## *വിശുദ്ധ അൽഫോൻസ*

*(ജൂലൈ 28)*

**കാർമി:** കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായോടുള്ള സ്നേഹത്തെപ്രതി / സ്വയം പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് അവിടുത്തെ പിഞ്ചെന്ന / വിശുദ്ധ അൽഫോൻസയെ മഹത്വത്തിലേക്ക് ഉയർത്താൻ അങ്ങു തിരുമനസായല്ലോ. ഈ കന്യകയുടെ തിരുനാൾ ആചരിക്കുന്ന ഞങ്ങളെ / അങ്ങയോടുള്ള സ്നേഹത്തിൽ നിലനിർത്തണമേ. അങ്ങയുടെ തിരുക്കുമാരന്റെ രക്ഷാകരബലി / ആത്മശരീരവിശുദ്ധിയോടെ പരികർമം ചെയ്യാൻ / ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 146 – ഗാനം**

*(രീതി: കർത്താവേ മമരാജാവേ)*

*(പകരം ചൊല്ലാവുന്ന സങ്കീർത്തനം 146, പേജ് 32ൽ)*

നല്ലതുമുചിതവുമല്ലോ നാം / പാടുക ദൈവസ്തുതിഗീതം
വാഴ്ത്താമവനുടെ തിരുനാമം / ദൈവം നിത്യം സ്തുത്യർഹൻ.

ചിതറിയൊരിസ്രേൽ ജനതതിയെ / നാഥൻ വീണ്ടും ചേർക്കുന്നു
പണിയുന്നോർശ്ലേം നഗരിയവൻ / കരുണാവാരിധിയവനല്ലോ.

പൊട്ടിനുറുങ്ങിയ മനസുകളിൽ / ദൈവം സൗഖ്യം പകരുന്നു
ആകുലമാകെയകറ്റിയവൻ / ശാന്തി ജനത്തിനു നല്കുന്നു.

കിന്നരരാഗം മീട്ടിമുദാ / നാഥനു ഗാനം പാടിടുവിൻ
മുകിലുകളാലവനാകാശം / മൂടുന്നു മഴ നല്കുന്നു.

ഭയവും നല്ല പ്രതീക്ഷയുമായ് / തന്നെത്തേടും നരതതിയിൽ
സ്നേഹമരന്ദം വർഷിക്കും / കർത്താവെന്നും കുറവെന്യേ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)***

## വിശുദ്ധരുടെ തിരുനാൾ

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാരനും ഞങ്ങളുടെ രക്ഷകനുമായ ഈശോമിശിഹായുടെ / മഹത്വപൂർണമായ ഉത്ഥാനത്തിൽ പങ്കുചേർന്നു / സ്വർഗഭാഗ്യം അനുഭവിക്കുന്ന *വിശുദ്ധരെ (വിശുദ്ധ ... നെ / വിശുദ്ധ ... യെ)* ഞങ്ങൾ ഇന്ന് അനുസ്മരിക്കുന്നു. *അവരെ (അദ്ദേഹത്തെ)* പ്പോലെ ജീവിതത്തിലും മരണത്തിലും കർത്താവിനു സാക്ഷ്യം വഹിച്ചുകൊണ്ട് / അങ്ങയെ മഹത്വപ്പെടുത്തി സ്വർഗ ഭാഗ്യത്തിന് അർഹരാകാൻ / ഞങ്ങളെ അനുഗ്രഹിക്കണമേ. *അവരുടെ (അദ്ദേഹത്തിന്റെ)* ഓർമയാചരിച്ചുകൊണ്ട് / ഈ ദിവ്യരഹസ്യങ്ങൾ യോഗ്യതയോടെ പരികർമം ചെയ്യാൻ / ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(സങ്കീർത്തനം 33: പേജ് 53 കാണുക)***

## മൂന്നുനോമ്പ് / നിനിവേ ഉപവാസം

*(വലിയ നോമ്പിനു മൂന്നാഴ്ചമുമ്പ് തിങ്കൾ മുതൽ വ്യാഴം വരെ)*

**കാർമ്മി:** പാപികളായ ഞങ്ങളുടെ തിരിച്ചുവരവിനായി കാത്തിരിക്കുന്ന സ്നേഹസമ്പന്നനായ ദൈവമേ / അങ്ങയുടെ ഏകപുത്രൻ ഞങ്ങൾക്കു വേണ്ടി അർപ്പിച്ച പരിഹാരബലിയിൽ / യോഗ്യതയോടെ പങ്കുചേരാൻ ഞങ്ങളെ ശക്തരാക്കണമേ. യോനായിലൂടെ കർത്താവിന്റെ തിരുഹിത മറിഞ്ഞ നിനിവേ നിവാസികൾ / പ്രാർഥനയും ഉപവാസവുംവഴി / പാപത്തിനു പരിഹാരംചെയ്ത് / അങ്ങയുടെ കാരുണ്യത്തിന് അർഹരായല്ലോ. അനുതാപചൈതന്യത്തോടെ ഈ പരിഹാരരഹസ്യങ്ങൾ അനുഷ്ഠിക്കാനും / പാപമോചനം നേടാനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം 144—ഗാനം**

*(രീതി: കർത്താവേ മമരാജാവേ)*

നാഥാ നിന്റെ വിശുദ്ധന്മാർ / നിതരാം നിന്നെ വണങ്ങുന്നു.
നിൻ രാജ്യത്തിൻ മഹിമയവർ / വർണിച്ചീടും മഹിമയോടെ.

നിപതിക്കുന്നവരഖിലരെയും / നാഥൻ താങ്ങിനിർത്തുന്നു.
നിപതിച്ചവരെ കനിവോടെ / നാഥൻ താങ്ങിയുയർത്തുന്നു.

കണ്ണുകളെല്ലാം കർത്താവേ / നിന്നെത്തന്നെ തേടുന്നു.
എന്തെന്നാൽ നീയാഹാരം / ചിതമാം സമയത്തേകുന്നു.

ഉള്ളു തുറന്നു വിളിക്കുമ്പോൾ / നാഥനടുത്തുണ്ടതു കേൾക്കാൻ.
തന്നെ ഭയത്തോടു സേവിക്കും / നരരുടെയിഷ്ടമവൻ ചെയ്യും.

അവരുടെ യാചന കേൾക്കുമവൻ / രക്ഷയവർക്കവനേകീടും.
ഭക്തജനങ്ങളെയഖിലേശൻ / സദയം കാത്തരുളീടുന്നു.

താതനുമതുപോലാത്മജനും / റൂഹാക്കും സ്തുതി എന്നേക്കും.
ആദിമുതൽക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസയ്ക്കു പേജ് 54)*

*(പകരം ചൊല്ലാവുന്ന സങ്കീർത്തനം 144)*

**കാർമി:** കർത്താവേ, അങ്ങയുടെ ദാസർ അങ്ങേക്കു നന്ദിപറയും
അങ്ങയുടെ നീതിമാന്മാർ അങ്ങയെ വാഴ്ത്തുകയും ചെയ്യും.

**സമൂഹം:** യോർദാനിൽനിന്നു മാമ്മോദീസാ സ്വീകരിക്കുകയും
അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ,
നീ അനുഗൃഹീതനാകുന്നു.

**കാർമി:** അങ്ങയുടെ രാജ്യത്തിന്റെ മഹത്വത്തെ അവർ പ്രകീർത്തിക്കും
അങ്ങയുടെ ശക്തിയെ അവർ വർണിക്കും.

**സമൂഹം:** കർത്താവു വീഴുന്നവരെയെല്ലാം താങ്ങുന്നു
നിലംപതിച്ചവരെ എഴുന്നേല്പിക്കുന്നു.

**കാർമി:** എല്ലാവരും കർത്താവിൽ ദൃഷ്ടി പതിച്ചിരിക്കുന്നു
എന്തെന്നാൽ യഥാസമയം അവർക്ക് അവിടുന്ന് ആഹാരം നല്കുന്നു.

**സമൂഹം:** നിർമലഹൃദയത്തോടെ കർത്താവിനെ വിളിക്കുന്നവർക്ക്
അവിടുന്നു സമീപസ്ഥനാകുന്നു.

**കാർമി:** തന്റെ ഭക്തരുടെ ആഗ്രഹം, അവിടുന്നു സഫലമാക്കുന്നു.

**സമൂഹം:** അവരുടെ പ്രാർഥന കേട്ട്, അവിടുന്ന് അവരെ രക്ഷിക്കുന്നു.

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമി:** യോർദാനിൽനിന്നു മാമ്മോദീസാ സ്വീകരിക്കുകയും
അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ,
നീ അനുഗൃഹീതനാകുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസയ്ക്കു പേജ് 54)*

## ജൂബിലി

**കാർമി:** ഞങ്ങളുടെ സ്രഷ്ടാവും അധിനാഥനുമായ ദൈവമേ, അങ്ങു ഞങ്ങളുടെമേൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന നിരവധിയായ നന്മകൾക്കു ഞങ്ങൾ നന്ദിപറയുന്നു. ഇന്നു *വിവാഹ (പൗരോഹിത്യ / സന്യാസ വ്രതവാഗ്ദാന)* ജൂബിലി ആഘോഷിക്കുന്ന / ഞങ്ങളുടെ ഈ *സഹോദരരെ (സഹോദരനെ / സഹോദരിയെ)* അങ്ങ് അനുഗ്രഹിക്കണമേ. ഞങ്ങൾ ഒന്നുചേർന്ന് അർപ്പിക്കുന്ന ഈ കൃതജ്ഞതാബലി /

യോഗ്യതാപൂർവം പരികർമം ചെയ്യാൻ സഹായിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം - 27 ഗാനം**

*(രീതി: കർത്താവേ മമരാജാവേ)*

കർത്താവാണെൻ രക്ഷയുമെൻ / ദീപ്തിയുമെന്നറിയുന്നു ഞാൻ
മാമക ജീവന കോട്ടയവൻ / പേടിപ്പതു ഞാനാരെയിനി.

വലിയൊരു സൈനികതാവളമെ- / ന്നെതിരേ മുന്നിലുയർന്നാലും
ക്രൂരതയോടവർ പൊരുതാലും / ധൈര്യം വെടിയുകയില്ലീ ഞാൻ.

നിൻ മാധുര്യം നുകരാനും / നിന്റെ ഹിതം ഞാൻ തേടാനും
നിൻ മന്ദിരമതിൽ വാഴാനും / നിൻ മനമെന്നിൽ കനിയേണം.

ഉന്നത ശിലമേലെന്നെയവൻ / താങ്ങിയുയർത്തി നിർത്തീടും
ശത്രുവിനെക്കാളുയരത്തിൽ / ശീർഷമുയർന്നിഹ നില്ക്കും ഞാൻ.

കർത്താവിൽ നീയർപ്പിക്കു / നിത്യം നിന്നുടെ പ്രത്യാശ
ദുർബല മാനസനാകാതെ / സത്വര ധൈര്യം നേടുക നീ.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക / റാസയ്ക്കു പേജ് 54)***

***(അല്ലെങ്കിൽ: സങ്കീർത്തനം 27 ഗാനം)***

ദൈവമെന്റെ രക്ഷകൻ / ദൈവമെന്റെ നായകൻ
ദൈവമെന്റെ ആശ്രയം / ദൈവമെന്റെ സർവവും.

സൈന്യമെന്നെ വളഞ്ഞാലും /വൈരികൾ പിന്തുടർന്നാലും
ഭീതിയില്ലെനിക്കുതെല്ലും / ദൈവമാണെൻ പാലകൻ.

നിയതമങ്ങേ വസതിയിൽ / കഴിയുവാനെൻ മോഹം
മധുരമങ്ങേ മഹിമയിൽ / മറയുവാനെൻ ദാഹം.

കണ്ണിനങ്ങേ കതിരുകൾ / കണ്ടുകണ്ടു മയങ്ങണം
കാതിനങ്ങേ കനിവെഴും / കഥകൾ കേട്ടു ലയിക്കണം.

ദൈവമെന്റെ രക്ഷകൻ ...

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസയ്ക്കു പേജ് 54)*

***(പ്രകരം ചൊല്ലാവുന്ന സങ്കീർത്തനം 27)***

**കാർമി:** കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്.
ഞാൻ ആരെ ഭയപ്പെടണം?

**സമൂഹം:** സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ.
വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

**കാർമി:** കർത്താവ് എന്റെ ജീവിതത്തിനു കോട്ടയാണ്.
ഞാൻ ആരെ പേടിക്കണം?

**സമൂഹം:** ഒരു സൈന്യംതന്നെ എനിക്കെതിരേ പാളയമടിച്ചാലും
എന്റെ ഹൃദയം ഭയം അറിയുകയില്ല.

**കാർമി:** എനിക്കെതിരേ യുദ്ധം ഉണ്ടായാലും
ഞാൻ ആത്മധൈര്യം വെടിയുകയില്ല.

**സമൂഹം:** ഒരു കാര്യംമാത്രം ഞാൻ തേടുന്നു.
കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും/ കർത്താവിന്റെ ആലയത്തിൽ
അവിടുത്തെ ഹിതം ആരായാനുംവേണ്ടി
ജീവിതകാലം മുഴുവൻ, അവിടുത്തെ ആലയത്തിൽ വസിക്കാൻതന്നെ.

**കാർമി:** എന്നെ ഉയർന്ന പാറയിൽ നിർത്തും
എന്നെ വലയം ചെയ്യുന്ന ശത്രുക്കളുടെ മുകളിൽ
എന്റെ ശിരസ് ഉയർന്നു നില്ക്കും.

**സമൂഹം:** കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ
ദുർബലരാകാതെ ധൈര്യം അവലംബിക്കുവിൻ.
കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ.

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമി:** സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ.
വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസയ്ക്കു പേജ് 54)*

## ഇടവകദിനം

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ഈശോമിശിഹായുടെ ആത്മസമർപ്പണത്തിലൂടെ / ഞങ്ങളെ ഏകശരീരമാക്കിത്തീർക്കാൻ അങ്ങു തിരുവുള്ളമായല്ലോ. ഇടവകയായ ഈ കുടുംബത്തിലെ അംഗങ്ങളായ ഞങ്ങളെല്ലാവരെയും / ഇന്ന് ഇവിടെ ഒരുമിച്ചു കൂട്ടിയതിന് / അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ ഇടയനും നാഥനുമായ മിശിഹായുടെ രക്ഷാരഹസ്യങ്ങളെ / ഹൃദയൈക്യത്തോടും നിർമല മനഃസാക്ഷിയോടുംകൂടി പരികർമം ചെയ്യാൻ / ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

### സങ്കീർത്തനം 33 – ഗാനം

*(രീതി: കർത്താവേ മമരാജാവേ)*

പുതിയൊരു കീർത്തനമുരുവിടുവിൻ / ആർപ്പുവിളിക്കുവിൻ ഉച്ചത്തിൽ.
കർത്താവിൻ തിരുവചനങ്ങൾ / സത്യം നിത്യവുമോർത്തിടുവിൻ.

കർത്താവരുളും കാരുണ്യം / പാർത്തലമാകെ നിറയുന്നു.
തിരുവചനത്താലാകാശം / വിരചിതമായി വിസ്മയമേ.

കർത്താവിന്റെ വിചാരങ്ങൾ / വർത്തിച്ചീടും ശാശ്വതമായ്.
അവനുടെ സ്വന്തം ജനപദവും / അവനെ നമിക്കും നരഗണവും.

കരുണാമയനാം കർത്താവിൽ / ശരണം തേടുവിനാദരവായ്.
തൃപ്പാദങ്ങളിലണഞ്ഞവരെ / എപ്പോഴും കാത്തരുളുമവൻ.

തിരുനാമത്തിൽ നിത്യം നാം / ശരണം തേടി നമിക്കുന്നു.
കരുണാനിധിയാം കർത്താവേ / ചൊരിയണമിവരിൽ കാരുണ്യം.

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ / ആമ്മേൻ ആമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

***(പേജ് 56 കാണുക** / റാസയ്ക്കു പേജ് 54)*

***(പകരം ചൊല്ലാവുന്ന സങ്കീർത്തനം 33)***

**കാർമ്മി:** കർത്തവിനു ഒരു പുതിയ കീർത്തനം ആലപിക്കുവിൻ ഉച്ചത്തിൽ ആർപ്പുവിളികളോടെ തന്ത്രിമീട്ടുവിൻ.

**സമൂഹം:** കർത്താവു ഭരണം നടത്തുന്നു. ഭൂമിയെല്ലാം ആനന്ദിക്കട്ടെ.

**കാർമി:** കർത്താവിന്റെ വചനം സത്യമാണ്.
അവിടുത്തെ പ്രവൃത്തി വിശ്വസനീയമാണ്.

**സമൂഹം:** കർത്താവിന്റെ കാരുണ്യംകൊണ്ട് ഭൂമി നിറഞ്ഞിരിക്കുന്നു.

**കാർമി:** കർത്താവിന്റെ വചനത്താൽ ആകാശം നിർമിക്കപ്പെട്ടു.

**സമൂഹം:** കർത്താവിന്റെ പദ്ധതികൾ ശാശ്വതമാണ്.
അവിടുത്തെ ചിന്തകൾ തലമുറകളോളം നിലനില്ക്കുന്നു.

**കാർമി:** കർത്താവു ദൈവമായുള്ള ജനവും,
അവിടുന്നു തനിക്കുവേണ്ടി തെരഞ്ഞെടുത്ത ജനതയും,ഭാഗ്യമുള്ളവരാണ്.

**സമൂഹം:** ഇതാ തന്നെ ഭയപ്പെടുന്നവരെയും,
തന്റെ കാരുണ്യത്തിൽ പ്രത്യാശ വയ്ക്കുന്നവരെയും,
കർത്താവു കടാക്ഷിക്കുന്നു.

**കാർമി:** നമ്മുടെ ഹൃദയം കർത്താവിൽ സന്തോഷിക്കുന്നു. എന്തെന്നാൽ,
നമ്മൾ അവിടുത്തെ വിശുദ്ധ നാമത്തിൽ ആശ്രയിക്കുന്നു.

**സമൂഹം:** കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങളുടെമേൽ
ചൊരിയണമേ. ഞങ്ങൾ അങ്ങയിൽ പ്രത്യാശ അർപ്പിച്ചിരിക്കുന്നു.

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമി:** കർത്താവു ഭരണം നടത്തുന്നു. ഭൂമിയെല്ലാം ആനന്ദിക്കട്ടെ.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(റാസയല്ലെങ്കിൽ പേജ് 56 കാണുക)*

## ------------------- *റാസക്ക്* -------------------

**കാർമി:** മഹോന്നതനായ കർത്താവേ, അങ്ങയുടെ ഭയഭക്തിജനകമായ പീഠത്തിന്റെയും / ഉന്നതമായ ത്രോണോസിന്റെയും / അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ / അങ്ങയുടെ ശുശ്രൂഷകരായ ക്രോവേന്മാർ ഇടവിടാതെ സ്തുതിക്കുകയും / സ്രാപ്പേന്മാർ പരിശുദ്ധൻ എന്നു നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടു

ചേർന്നു ഞങ്ങളും / അങ്ങേക്കു ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഒന്നാംശുശ്രൂഷി സ്ലീവയെടുത്തു കാർമികനെ ഏല്പിക്കുന്നു. അദ്ദേഹം സഹകാർമികരെയും ശുശ്രൂഷികളെയും മറ്റു വിശ്വാസികളെയും മുത്തിക്കുന്നു. അപ്പോൾ ഗായകസംഘം പാടുന്നു).*

നാഥനിലെന്നും നമ്മുടെ ഹൃദയം ആനന്ദിച്ചീടും
സ്ലീവാ നമ്മൾക്കെന്നും നന്മകൾതന്നുറവിടമാം
രക്ഷിതമായതുവഴിയായ് മർത്യഗണം കർത്താവേ.
കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടനെയുമവൻകെണികളെയും, അതുവഴി നാം വിജയിച്ചീടട്ടെ.

ശരണം ഞങ്ങൾ തേടീടുന്നു തിരുനാമത്തിൽ
സ്ലീവാ നമ്മൾക്കെന്നും നന്മകൾതന്നുറവിടമാം
രക്ഷിതമായതുവഴിയായ് മർത്യഗണം കർത്താവേ.
കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടനെയുമവൻകെണികളെയും, അതുവഴി നാം വിജയിച്ചീടട്ടെ.

താതനുമതുപോലാത്മജനും ദിവ്യറൂഹായ്ക്കും സ്തുതിയെന്നെന്നും.
രക്ഷകനാം മിശിഹായേ, കനിവൊടു നീ തിരുസഭയെ
പാവനമാക്കണമേ, നിൻ മഹിമയ്ക്കർപ്പിതമാം
ദൈവാലയമിതിലങ്ങേക്കാരുണ്യം ചൊരിയണമേ.
സുസ്ഥിരമാക്കണമിതിൽ നിൻബലിപീഠം, തിരുമെയ്യും
നിണവുമിതിൽ പരികർമം ചെയ്യുന്നു ആഘോഷമൊടെ.

ആദിമുതല്ലേ എന്നെന്നേക്കും ആമ്മേനാമ്മേൻ.
ചോദിപ്പോർക്കു ലഭിക്കും തേടുന്നോർ കണ്ടെത്തും
കരുണയോടേവം ദാസരോടരുൾചെയ്തു കർത്താവേ,
ജീവിതവീഥികളിൽ നിൻ തിരുവിഷ്ടം നിറവേറ്റാൻ
ആവശ്യകമാം കഴിവും തുണയുമിവർ യാചിക്കുന്നു.

സർവരുമൊന്നായ് പാടിടട്ടെ ആമ്മേനാമ്മേൻ.
സ്ലീവാ നമ്മൾക്കെന്നും നന്മകൾതന്നുറവിടമാം.
രക്ഷിതമായതുവഴിയായ് മർത്ത്യഗണം, കർത്താവേ,
കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടനെയുമവൻകെണികളെയും അതുവഴി നാം വിജയിച്ചീടട്ടെ.

*(കുരിശു മുത്തിക്കലിനുശേഷം ഒന്നാംശുശ്രൂഷി കുരിശ് യഥാസ്ഥാനത്തു വയ്ക്കുന്നു. അപ്പോൾ ഗീതം നിർത്തുന്നു).*

-------------- ***സങ്കീർത്തനത്തിനു ശേഷം*** --------------

*(കാർമികൻ ധൂപം ആശീർവദിക്കുന്നു.)*

**കാർമി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ / അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം / അങ്ങയുടെ മഹനീയ ത്രീത്വത്തിന്റെ നാമത്തിൽ + ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും / അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ എന്നേക്കും.

**ശുശ്രൂഷി:** ആമ്മേൻ.

***(ഞായറാഴ്ചകളിൽ)***

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ / അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും / അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ / സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന / അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മൂടിച്ചൂടി നില്ക്കുന്ന സഭയിൽ / നിരന്തരം അങ്ങയെ സ്തുതി ക്കാനും മഹത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെ ന്നാൽ അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(സാധാരണ ദിവസങ്ങളിൽ)***

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞങ്ങൾക്കു കഴിയാത്തതുമായ / എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി / സകല സൗഭാഗ്യ

ങ്ങളും നന്മകളും നിറഞ്ഞു മൂടിച്ചൂടി നില്ക്കുന്ന സഭയിൽ / ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(മദ്ബഹയുടെ* ***വിരിനീക്കുന്നു.*** *ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച്* ***ധൂപിക്കുന്നു.*** *എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞു ശിരസു നമിക്കുന്നു.)*

*ഗാനം*

സർവാധിപനാം കർത്താവേ / നിന്നെ വണങ്ങി നമിക്കുന്നു
ഈശോനാഥാ വിനയമൊടെ / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ- / മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി- / നുത്തമരക്ഷയുമേകുന്നു.

.............................................

***(ആഘോഷാവസരങ്ങളിലും റാസയ്ക്കും: വചനവേദിയിലുള്ളവർ)***

*കർത്താവേ, അങ്ങേക്കു നന്ദിപറയുന്നത് ഉത്തമമാകുന്നു;*
*അത്യുന്നതാ, അങ്ങയുടെ നാമം പ്രകീർത്തിക്കുന്നതും.*

സർവാധിപനാം കർത്താവേ ...

*പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*
*ആദിമുതൽ എന്നേക്കും ആമ്മേൻ.*

സർവാധിപനാം കർത്താവേ ...

***പകരം മറ്റൊരു ഗാനം***

സകലലോകനായകാ / നമിച്ചിടുന്നു നിൻപദം
പ്രിയമോടീശോ നാഥനേ / പുകഴ്ത്തിടുന്നു നിന്നെ ഞാൻ.

അരുളിടുന്നു മേനികൾക്കു / നീയുയിർപ്പു ദൈവമേ,
പരിചൊടാത്മ രക്ഷയും / തരുന്ന നാഥനായ നീ.

..........................................

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(കാർമികൻ ജനങ്ങൾക്കുനേരേ തിരിഞ്ഞ്)*

**കാർമി:** എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും / ആത്മാക്കളെ രക്ഷിക്കുന്നവനും / ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു / സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു / സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ / സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും / സർവേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവേശാ / പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ / നിൻകൃപ ഞങ്ങൾക്കേകണമേ.

...........................................

***(ആഘോഷാവസരങ്ങളിലും റാസയ്ക്കും: വചനവേദിയിലുള്ളവർ)***

*പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*
പരിപാവനനാം സർവേശാ ...

*ആദിമുതൽ എന്നേക്കും ആമ്മേൻ.*
പരിപാവനനാം സർവേശാ ...

***പകരം മറ്റൊരു ഗാനം***

ശബ്ദമുയർത്തുക സർവരുമേ / കർത്താവിൻ സ്തുതി പാടിടുവിൻ
നിത്യം ജീവിക്കുന്നവനാം / നാഥനെ വാഴ്ത്തിപ്പാടിടുവിൻ.

പരിശുദ്ധൻ നീ സർവേശാ / പരിശുദ്ധൻ നീ ബലവാനേ,
പരിശുദ്ധൻ നീ അമർത്യനേ / കൃപ നീ ഞങ്ങൾക്കേകണമേ.

...........................................

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി:** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന / പരിശുദ്ധനും സ്തുത്യർഹനും / ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം / എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും

അനുഗ്രഹിക്കുകയും / ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## വചനശുശ്രൂഷ

*(ഈശോയുടെ പരസ്യജീവിത സ്മരണ)*

***(സാധാരണ ദിവസങ്ങളിൽ പേജ് 65 കാണുക)***

---------------------------------------

***പഴയനിയമ വായന***

*(ഞായറാഴ്ചകളിൽ ഒരു വായന. തിരുനാളുകളിലും റാസയ്ക്കും രണ്ട്)*

**ശുശ്രൂഷി:** സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

**വായിക്കുന്നയാൾ:** ... പുസ്തകത്തിൽനിന്നുള്ള വായന.
*(കാർമികനുനേരേ തിരിഞ്ഞ്)* ഗുരോ ആശീർവദിക്കണമേ.

**കാർമി:** ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

**സമൂഹം:** *(വായന തീരുമ്പോൾ)* ദൈവമായ കർത്താവിനു സ്തുതി.

***(പഴയനിയമ വായനകൾക്കുശേഷം)***

**ശുശ്രൂഷി:** പ്രകീർത്തനം ആലപിക്കാനായി നിങ്ങൾ എഴുന്നേല്ക്കു വിൻ.

## പ്രകീർത്തനം

*(രീതി: അംബരമനവരതം ...)*

***(കാലാനുസരണം മാറിവരുന്ന പ്രാർഥനകൾ)***

## പൊതുവായുള്ളത്

**കാർമി:** സർവചരാചരവും, ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ / ഹാലേലൂയാ ഗീതികളാൽ
കർത്താവിൻ തിരുനാമത്തിൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

**സമൂഹം:** തൻമഹിമാവല്ലോ, വാനവിതാനങ്ങൾ, ഉദ്ഘോഷിക്കുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമി:** ജനതകളവിടുത്തെ, മഹിമകൾ പാടുന്നു, താണുവണങ്ങുന്നു.

**സമൂഹം:** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമി:** നിത്യപിതാവിനും സുതനും റൂഹായ്ക്കും സ്തുതിയുണ്ടാകട്ടെ.

**സമൂഹം:** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമ്മി:** ആദിയിലെപ്പോലെ ഇപ്പോഴുമെപ്പോഴും എന്നേക്കും ആമ്മേൻ.

**സമൂഹം:** ദിവ്യാത്മാവിൻ ഗീതികളാൽ ...

*(പേജ് 65 കാണുക)*

## കാലാനുസരണം മാറിവരുന്ന ഭാഗം

### *മരിച്ചവരുടെ ഓർമ്മ*

നാഥാ നിന്റെ അരൂപിയെ നീ / ഞങ്ങളിലെന്നും മയക്കണമേ
മൃതരിൽ കരുണ പൊഴിക്കണമേ / നിത്യ വിമോചനമേകണമേ
പ്രാർഥിക്കാം, നാഥാ നീ കനിയൂ.

*(പേജ് 65 കാണുക)*

### മംഗളവാർത്തക്കാലം

മംഗളവാർത്തക്കാലമിതിൽ / കീർത്തനമൊന്നായ് പാടിടുവിൻ,
നിസ്തുലമാം തൻ ചെയ്തികളാൽ / നാഥനു സമനായില്ലാരും,
വാഴ്ത്തീടാം, നിത്യം തിരുനാമം.

*(പേജ് 65 കാണുക)*

### പിറവിക്കാലം

സ്വർഗനിവാസികൾ സാമോദം / കർത്താവിൻ സ്തുതി പാടട്ടെ
ഉദ്ഘോഷിക്കുക ദൈവത്തിൻ / ശക്തിയുമതുപോൽ മഹിമകളും
തിരുജനനം, വാഴ്ത്താം സാമോദം.

*(പേജ് 65 കാണുക)*

### ദനഹാത്തിരുനാൾ *(ജനുവരി 6)*

അഭിഷേകം ചെയ്തങ്ങയെനിൻ / ദൈവം നിത്യം പരിശുദ്ധൻ
അത്യുന്നതനായുച്ചത്തിൽ / ഹാലേലൂയാ പാടീടാം
വാഴ്ത്തീടാം, ദനഹാത്തിരുനാളിൽ.

*(പേജ് 65 കാണുക)*

### ദനഹാക്കാലം

കർത്താവിൻ തിരുനാമത്തെ / സ്തോത്രം പാടി നമിച്ചിടുവിൻ
വാനവരതുപോൽ മാനവരും / തന്നുടെ മഹിമകൾ കീർത്തിക്കും
വാഴ്ത്തീടാം, ദനഹാക്കാലത്തിൽ.

*(പേജ് 65 കാണുക)*

### നോമ്പുകാലം

മന്നവരെല്ലാം കീർത്തിക്കും / കർത്താവിൻ തിരുസന്നിധിയിൽ
ഉപവാസത്താലതുപോലെ / പ്രാർഥന വഴിയായെന്നാളും
വാഴ്ത്തീടാം, നിത്യം തിരുനാമം.

*(പേജ് 65 കാണുക)*

**ഉയിർപ്പുകാലം & പുതുഞായർ**

ദിവ്യാത്മാവിൻ ഗീതികളാൽ / ഹാലേലൂയാ ഗീതികളാൽ
കർത്താവിന്നുത്ഥാനത്തിൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

*(പേജ് 65 കാണുക)*

**സ്വർഗാരോഹണത്തിരുനാൾ**

*(ഉയിർപ്പുകാലം ആറാംവ്യാഴം)*

ആത്മീയതയാൽ മധുരിതമാം / ഗീതികളാലെ കർത്താവിൻ
സ്വർഗാരോഹണമോർമിക്കാം / ഹാലേലൂയാ പാടീടാം
വാഴ്ത്തീടാം, നിത്യം തിരുനാമം.

*(പേജ് 65 കാണുക)*

**ശ്ലീഹാക്കാലം**

ആത്മീയതയാൽ മധുരിതമാം / ഗീതികളാലെ മിശിഹാതൻ
ശ്ലീഹന്മാരെ കീർത്തിക്കാം / ഹാലേലൂയാ പാടീടാം
വാഴ്ത്തീടാം, നാഥാ തിരുനാമം.

*(പേജ് 65 കാണുക)*

**പന്തക്കുസ്താ തിരുനാൾ**

*(ശ്ലീഹാക്കാലം ഒന്നാംഞായർ)*

ദിവ്യാത്മാവിൻ ഗീതികളാൽ / ഹാലേലൂയാ ഗീതികളാൽ
പന്തക്കുസ്താതിരുനാളിൽ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

*(പേജ് 65 കാണുക)*

**പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ**

*(ശ്ലീഹാക്കാലം രണ്ടാംഞായർ)*

കർത്താവിൻ തിരുനാമത്തെ / കീർത്തിക്കുകനാമെന്നെന്നും
അവനെത്തേടും മാനവർതൻ / ഹൃദയേമോദം നിറയട്ടെ
വാഴ്ത്തീടാം, ശ്ലീഹാക്കാലത്തിൽ.

*(പേജ് 65 കാണുക)*

**പരിശുദ്ധ കുർബാനയുടെ തിരുനാൾ**

*(ശ്ലീഹാക്കാലം രണ്ടാംവ്യാഴം)*

ആത്മീയതയാൽ മധുരിതമാം / ഗീതികളാലെ മിശിഹാതൻ
മാംസനിണങ്ങളെ വിനയമൊടേ / ആരാധിച്ചു വണങ്ങീടാം
വാഴ്ത്തീടാം, നാഥാ തിരുനാമം.

*(പേജ് 65 കാണുക)*

**തിരുഹൃദയത്തിരുനാൾ**

*(ശ്ലീഹാക്കാലം മൂന്നാംവെള്ളി)*

ആത്മീയതയാൽ മധുരിതമാം / ഗീതികളാലെ മിശിഹാതൻ
തിരുഹൃദയത്തെ വാഴ്ത്തീടാം / ഹാലേലൂയാ പാടീടാം
വാഴ്ത്തീടാം, നിത്യം തിരുനാമം.

***(പേജ് 65 കാണുക)***

**കൈത്താക്കാലം**

ആത്മീയതയാൽ മധുരിതമാം / ഗീതികളാലെ നാമൊന്നായ്
ശിഷ്യന്മാരുടെയോർമകളെ / കൊണ്ടാടാമീവേദികയിൽ
വാഴ്ത്തീടാം, കൈത്താക്കാലത്തിൽ.

***(പേജ് 65 കാണുക)***

**ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ**

ആകാശവുമീ ഭൂതലവും / നാഥാ താവകമാണല്ലോ
സൃഷ്ടികളെല്ലാമവിടുത്തെ / മഹിമകളല്ലോ പാടുന്നു
സ്ലീവായെ, നിത്യം വാഴ്ത്തീടാം.

***(പേജ് 65 കാണുക)***

**പള്ളിക്കൂദാശക്കാലം**

സീയോനിൽ തൻ സങ്കേതം / സ്ഥാപിച്ചവനാം കർത്താവേ
സഭയിൽ നിന്നെ വണങ്ങുന്നു / ആനന്ദത്തിൻ ഗീതികളാൽ
മഹിമയെഴും, സഭയെ ഓർമിക്കാം.

***(പേജ് 65 കാണുക)***

**കർത്താവിന്റെ രൂപാന്തരീകരണം**

*(ഓഗസ്റ്റ് 6)*

കർത്താവീശോ മിശിഹാ താൻ / രൂപാന്തരമാർന്നതിനാലെ
ദൈവമഹത്വം വെളിവാക്കി / ശിഷ്യഗണത്തിനു മലമുകളിൽ
വാഴ്ത്തീടാം, നിത്യം തിരുനാമം.

***(പേജ് 65 കാണുക)***

**വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ**

*(സെപ്റ്റംബർ 14)*

ദൈവം നിന്നെയനുഗ്രഹമാം / തൈലം കൊണ്ടഭിഷേചിച്ചു.
നാഥനു സ്തുതികളുയർത്തീടാം / ഹാലേലൂയാ പാടീടാം
സ്ലീവായെ, നിത്യം വാഴ്ത്തീടാം.

***(പേജ് 65 കാണുക)***

**മാതാവിന്റെ മാതൃത്വത്തിരുനാൾ**

*(പിറവി രണ്ടാംവെള്ളി)*

കന്യകയായൊരു മാതാവിൻ / ധന്യതചേരുമനുസ്മരണം
പരിചൊട്ടു മോദാൽ കൊണ്ടാടാം / പരിപാവന നീ ഭാഗ്യവതി
സാമോദം വാഴ്ത്താം അംബികയെ.

***(പേജ് 65 കാണുക)***

**മാതാവിന്റെ സ്വർഗാരോപണം**

*(ഓഗസ്റ്റ് 15)*

ദിവ്യാത്മാവിൻ ഗീതികളാൽ / ഹാലേലൂയാ ഗീതികളാൽ
സ്വർഗാരോപിതമാതാവിൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

***(പേജ് 65 കാണുക)***

**മാതാവിന്റെ ജനനത്തിരുനാൾ**

*(സെപ്റ്റംബർ 8)*

ദിവ്യാത്മാവിൻ ഗീതികളാൽ / ഹാലേലൂയാ ഗീതികളാൽ
മാതാവിൻ തിരുജനനത്തിൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

***(പേജ് 65 കാണുക)***

**അമലോത്ഭവമാതാവിന്റെ തിരുനാൾ**

*(ഡിസംബർ 8)*

ദിവ്യാത്മാവിൻ ഗീതികളാൽ / ഹാലേലൂയാ ഗീതികളാൽ
അമലോത്ഭവയാം മാതാവിൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

***(പേജ് 65 കാണുക)***

**മാതാവിന്റെ മറ്റു തിരുനാളുകൾ**

ദിവ്യാത്മാവിൻ ഗീതികളാൽ / ഹാലേലൂയാ ഗീതികളാൽ
പരിപൂജിതയാം മാതാവിൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

***(പേജ് 65 കാണുക)***

**വിശുദ്ധ യൗസേപ്പ്**

*(മാർച്ച് - 19, മേയ് - 1)*

ദിവ്യാത്മാവിൻ ഗീതികളാൽ / ഹാലേലൂയാ ഗീതികളാൽ
നീതിയെഴും മാർ യൗസേപ്പിൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

***(പേജ് 65 കാണുക)***

**വിശുദ്ധ സ്നാപകയോഹന്നാൻ**

*(ദനഹ ഒന്നാംവെള്ളി)*

നീതിയിൽമേവും മനുജൻ തൻ / അധരം ജ്ഞാനം ഘോഷിപ്പൂ,
സ്നാപകനാകും നിവ്യാതൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

***(പേജ് 65 കാണുക)***

**വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാർ**

*(ദനഹ രണ്ടാംവെള്ളി)*

സുന്ദര കീർത്തന വീചികളാൽ / ഹാലേലൂയാ ഗീതികളാൽ
പത്രോസ് പൗലോസ് ശ്ലീഹർതൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

***(പേജ് 65 കാണുക)***

**മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന**

*(ജൂലൈ 3)*

ദിവ്യാത്മാവിൻ ഗീതികളാൽ / ഹാലേലൂയാ ഗീതികളാൽ
ധന്യൻ തോമാ ശ്ലീഹാതൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

***(പേജ് 65 കാണുക)***

**ശ്ലീഹന്മാരുടെ തിരുനാൾ**

*(കൈത്താക്കാലം ഒന്നാംഞായർ)*

ആത്മീയതയാൽ മധുരിതമാം / ഗീതികളാലെ മിശിഹാ തൻ
ശ്ലീഹന്മാരെ കീർത്തിക്കാം / ഹാലേലൂയാ പാടീടാം
വാഴ്ത്തീടാം, നാഥാ തിരുനാമം.

***(പേജ് 65 കാണുക)***

**വിശുദ്ധ സുവിശേഷകന്മാർ**

*(ദനഹ മൂന്നാംവെള്ളി)*

അഭിമാനിക്കുക ദൈവത്തിൻ / പരിപാവനമാം നാമത്തിൽ
അന്വേഷിക്കുവിനവിടുത്തെ / തിരുസാന്നിധ്യം നുകരാനായ്
വാഴ്ത്തീടാം, സുവിശേഷകരെ നാം.

***(പേജ് 65 കാണുക)***

**വിശുദ്ധ എസ്തപ്പാനോസ്**

*(ദനഹ നാലാംവെള്ളി, ഡിസംബർ 26)*

നിണസാക്ഷികളെയോർമിക്കാം / ഹാലേലൂയാ പാടീടാം
സഹദ എസ്തപ്പാനോസിൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീവേദികയിൽ.

***(പേജ് 65 കാണുക)***

**രക്തസാക്ഷികൾ**

നിണസാക്ഷികളെയോർമിക്കാം / ഹാലേലൂയാ പാടീടാം
വിശുദ്ധനാം ... *(സെബസ്ത്യാനോസിൻ), (ഗീവർഗീസിൻ),*
നിർമലമാകുമനുസ്മരണം / കൊണ്ടാടാം, ഇന്നീവേദികയിൽ.

**വിശുദ്ധ അൽഫോൻസ**

*(ജൂലൈ 28)*

ദിവ്യാത്മാവിൻ ഗീതികളാൽ / ഹാലേലൂയാ ഗീതികളാൽ
വിശുദ്ധയാം അൽഫോൻസാതൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

**വിശുദ്ധരുടെ തിരുനാൾ**

*(ഉയിർപ്പ് ഒന്നാംവെള്ളി)*

ദിവ്യാത്മാവിൻ ഗീതികളാൽ / ഹാലേലൂയാ ഗീതികളാൽ
കർത്താവിന്റെ *വിശുദ്ധർതൻ, (വിശുദ്ധനാം ... / വിശുദ്ധയാം ...)*
നിർമലമാകുമനുസ്മരണം / കൊണ്ടാടാം, ഇന്നീ വേദികയിൽ.

**മൂന്നു നോമ്പ് (നിനിവേ ഉപവാസം)**

*(വലിയ നോമ്പിനു മൂന്നാഴ്ച മുമ്പ് തിങ്കൾ മുതൽ വ്യാഴം വരെ)*

കർത്താവിൻ തിരുസന്നിധിയിൽ / ഭയമൊട്ടു നിങ്ങളണഞ്ഞിടുവിൻ
രക്ഷ നമുക്കു സമീപസ്ഥം / നാഥനിലേക്കു തിരിഞ്ഞാലും
പ്രാർഥിക്കാം, നാഥാ നീ കനിയൂ.

**ജൂബിലി / ഇടവകദിനം**

ദിവ്യാത്മാവിൻ ഗീതികളാൽ / ഹാലേലൂയാ ഗീതികളാൽ
കർത്താവിൻ തിരുനാമത്തിൻ / നിർമലമാകുമനുസ്മരണം
കൊണ്ടാടാം, ഇന്നീ വേദികയിൽ.

-----------------------------------

***(പ്രകീർത്തനം ആലപിച്ചതിനെത്തുടർന്ന്)***

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ / അങ്ങയുടെ ജീവദായകവും ദൈവികവുമായ / കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും / ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന / സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും / നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും / അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ

സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**അല്ലെങ്കിൽ**

**കാർമി:** സർവജ്ഞനായ ഭരണകർത്താവും / തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ വിസ്മയനീയനായ പരിപാലകനും / സകല നന്മകളുടേയും സൗഭാഗ്യങ്ങളുടേയും ഉറവിടവുമായ ദൈവമേ / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. / അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും / ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(റാസയല്ലെങ്കിൽ പേജ് 67 കാണുക)***

------------------ *റാസയ്ക്ക്* ------------------

*(ശുശ്രൂഷികൾ രണ്ടുപേരും ജനങ്ങൾക്ക് അഭിമുഖംനിന്നു വ്യാഖ്യാനഗീതം പാടുന്നു. കാർമികനും ആർച്ച്ഡീക്കനും ഇരിക്കുന്നു).*

സകലേശ്വരനാം ദൈവം / ഭൂവിന്നുടയോൻ രാജമഹേശൻ തന്റെ
സ്നേഹവിരുന്നിൻ ക്ഷണമുള്ളോരേ, വരുവിൻ നിങ്ങൾ.

പരിശോധിപ്പിൻ വേഗം / സുവിശേഷത്തിൻ ദിവ്യപ്രഭയാൽ നിങ്ങൾ
ശുചിയാക്കീടിൻ ഭൗതികചിന്താ സരണികളെല്ലാം.

നാഥൻ സദയം നല്കി / സൗഭാഗ്യത്തിൻ നിക്ഷേപങ്ങൾ മന്നിൽ
പാപികൾ വരുവിൻ കടബാധ്യതകൾ നീക്കുക നിങ്ങൾ.

ദൈവികരാജ്യം നേടാൻ / ഹൃദയതലങ്ങൾ ശുചിയാക്കിടുവിൻ ചേലിൽ
ശിശുവിനുതുല്യം നിർമലരായിത്തീരുക വീണ്ടും.

ദൈവാത്മാവിൻ ഗീതം / ചൊരിയുകയല്ലോ ദൈവികരാജ്യം കാതിൽ
ശാശ്വതഭാഗ്യം നിറയും വഴികൾ വെളിവാക്കുന്നു.

നിഴലാം നിയമം വിട്ടു / നൂതന നിയമം പാലിച്ചവനാം പൗലോസ്
ശ്ലീഹാതന്നുടെ മാതൃക നിങ്ങൾ കൈക്കൊണ്ടിടുവിൻ.

ഇസ്രായേലിൻ തീക്ഷ്ണൻ / ശാവോലിനെയാ നാഥൻ പരിചിൽ നേടി
തിരുസഭ തന്നിൽ തീക്ഷ്ണതയേറും മാതൃക നല്കാൻ.

ശാവോലന്നാൾ യൂദൻ / നിയമം ചാർത്തും തിരശീലകളാൽ അന്ധൻ
മിശിഹായവനിൽ തൻനിയമത്താൽ കാഴ്ചപകർന്നു.

*തെസ്‌ലോനർക്കായ് (റോമാക്കാർക്കായ്)* പൗലോസ്
എഴുതിയ കത്താൽ നമ്മെയുമിപ്പോൾ മോദാൽ
ദൈവികദൗത്യം അറിയിപ്പതു നാം കേൾക്കുക യുക്തം.

----------------------------------------

### ലേഖനം

**വായിക്കുന്ന ആൾ:** സഹോദരരേ, വിശുദ്ധ ... ശ്ലീഹാ ... എഴുതിയ ലേഖനം. *(കാർമികനുനേരേ തിരിഞ്ഞ്)* ഗുരോ ആശീർവദിക്കണമേ.

**കാർമി:** മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

*(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).*

**സമൂഹം:** *(വായന തീരുമ്പോൾ)* നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## ഹാലേലൂയാ ഗീതം

***(കാലാനുസരണം മാറിവരുന്ന പ്രാർഥനകൾ)***

### പൊതുവായുള്ളത്

ഹാലേലൂയാ പാടീടുന്നേൻ / ഹാലേലൂയാ ഹാലേലൂയാ.
നല്ലോരാശയമെൻ മനതാരിൽ / വന്നു നിറഞ്ഞു തുളുമ്പീടുന്നു
രാജാവിൻ തിരുമുമ്പിൽ കീർത്തന / മധുവായ് ഞാനതൊഴുക്കീടട്ടെ
ഏറ്റമനുഗ്രഹപൂരിതനാംകവി / തൻതൂലികപോലെൻ നാവിപ്പോൾ.

**താതനുമതുപോൽ സുതനും / പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ**
**ആദിമുതൽക്കേയിന്നും നിത്യവു- / മായി ഭവിച്ചീടട്ടെ ആമ്മേൻ.**
**ഹാലേലൂയാ പാടാമൊന്നായ്/ ഹാലേലൂയാ ഹാലേലൂയാ.**

***(പേജ് 75 / 78 കാണുക)***

### മരിച്ചവരുടെ ഓർമ

ഹാലേലൂയാ പാടാമൊന്നായ്/ ഹാലേലൂയാ ഹാലേലൂയാ.
നാഥാ, നിന്റെ ദയയ്ക്കു സമാനം / കാരുണ്യം നീ ചൊരിയണമെന്നിൽ.

മാമകപാപകടങ്ങളശേഷം / കണ്ണിനു മുമ്പിൽ കാണുന്നു ഞാൻ.
ദുർഭഗനെന്നിൽ കാരുണ്യം നീ / മാരികണക്കു പൊഴിക്കണമെന്നും.

താതനുമതുപോൽ സുതനും ...

*(പേജ് 75 / 78 കാണുക)*

## മംഗളവാർത്തക്കാലം

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
അത്യുന്നതനാം കർത്താവിനെ നാം / സ്തോത്രംപാടി നമിക്കണമെന്നും.
ക്രോവേന്മാരാൽ പരിസേവിതനേ / നിന്റെ വെളിച്ചം തെളിയണമെങ്ങും.
കരുണാമയനേ, നിന്റെ ജനത്തിനു / നിന്നെത്തന്നെ വെളിവാക്കണമേ.

താതനുമതുപോൽ സുതനും ...

*(പേജ് 75 / 78 കാണുക)*

## പിറവിക്കാലം

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
കർത്താവരുന്നു മൊഴിഞ്ഞു, നീയെൻ / പുത്രൻ, നിന്നെ ജനിപ്പിച്ചു ഞാൻ.
അതിനാലെന്നും ചോദിക്കുക നീ / അവയെല്ലാം ഞാനരുളും വേഗം.
ജനനിരയെല്ലാം നിന്നവകാശം / ഭൂവിന്നതിരുകൾ നിൻ കരതാരിൽ.

താതനുമതുപോൽ സുതനും ...

*(പേജ് 75 / 78 കാണുക)*

### ദനഹാത്തിരുനാൾ *(ജനുവരി 6)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
നല്ലോരാശയമെൻ മനതാരിൽ / വന്നു നിറഞ്ഞു തുളുമ്പീടുന്നു
രാജാവിൻ തിരുമുമ്പിൽ കീർത്തന / മധുവായ് ഞാനതൊഴുക്കീടട്ടെ
മാനവരിൽ നീ ഉന്നതനല്ലേ / മൊഴികൾ മധുരം നിന്നധരത്തിൽ.

താതനുമതുപോൽ സുതനും ...

*(പേജ് 75 / 78 കാണുക)*

## ദനഹാക്കാലം

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
കീർത്തനഗീതികൾ പാടുക നിങ്ങൾ / നാഥനു മോദാൽ പകലും രാവും.
വിശ്വസ്തതയിൽ കർത്താവെന്നും / സുസ്ഥിരനാണെന്നറിയുക നിങ്ങൾ.
ശക്തിയോടെന്നും വൻകൃപ നമ്മിൽ /
ചൊരിയും നാഥനെ വാഴ്ത്തിപ്പാടാം.

താതനുമതുപോൽ സുതനും ...

*(പേജ് 75 / 78 കാണുക)*

## നോമ്പുകാലം

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
കരുണാമയനാം കർത്താവിങ്കൽ / ശരണം തേടും മനുജൻ ധന്യൻ

കർത്താവല്ലോ വിശ്വം മുഴുവൻ / സൃഷ്ടിച്ചെന്നും പാലിക്കുന്നു.
വിശ്വസ്തൻ താനവിടുന്നെന്നും / ശാശ്വതമല്ലോ തൻ വാഗ്ദാനം.

താതനുമതുപോൽ സുതനും ...

*(പേജ് 75 / 78 കാണുക)*

## ഉയിർപ്പുകാലം

ഹാലേലൂയാ പാടാമൊന്നായ്/ ഹാലേലൂയാ ഹാലേലൂയാ.
കർത്താവെന്നും വാണീടുന്നു / ഭൂതലമഖിലം മോദിക്കട്ടെ.
കരയും കടലും തടവില്ലാതെ / സ്വരമുച്ചത്തിലുയർത്തീടട്ടെ.
കർത്താവിൻ സ്തുതി പാടുക മോദാൽ / ആനന്ദത്താലാർപ്പുവിളിപ്പിൻ.

താതനുമതുപോൽ സുതനും ...

*(പേജ് 75 / 78 കാണുക)*

### പുതുഞായർ

*(ഉയിർപ്പുകാലത്തെ ഗാനംതന്നെ പാടുന്നു)*

### സ്വർഗാരോഹണത്തിരുനാൾ

*(ഉയിർപ്പ് ആറാംവ്യാഴം)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ ഹാലേലൂയാ.
അത്യുച്ചത്തിൽ മാറ്റൊലി കൊൾവൂ / അത്യുന്നതനുടെ ശബ്ദം വാനിൽ.
ശാശ്വതമാകും സ്വർഗം തന്നിൽ / വാഴും നാഥനെ വാഴ്ത്തിപ്പാടാം
കീർത്തനമൊന്നായ് പാടുക നമ്മൾ /
കർത്താവിൻ തിരുസന്നിധി തന്നിൽ

താതനുമതുപോൽ സുതനും ...

*(പേജ് 75 / 78 കാണുക)*

## ശ്ലീഹാക്കാലം

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
മിശിഹാതൻ പ്രിയ സ്നേഹിതരാകും / ശ്ലീഹന്മാരെ വണങ്ങാമൊന്നായ്.
കൈകളിലേന്തും സ്ലീവായാലേ / വയലുകളെല്ലാം ഉഴുതുമറിക്കും.
പുത്തൻവിത്തുകൾ പാകുകയായവർ /
ചാലുകൾതോറും, തിരുവചനങ്ങൾ.

താതനുമതുപോൽ സുതനും ...

*(പേജ് 75 / 78 കാണുക)*

### പന്തക്കുസ്താ തിരുനാൾ

*(ശ്ലീഹാക്കാലം ഒന്നാംഞായർ)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
എന്നുടെ പാപമശേഷം നാഥാ / നീക്കണമേ നീ കനിവോടെന്നും.

നിർമലമായൊരു മാനസമെന്നിൽ / നിർമിക്കണമേ കരുണാപൂർവം.
സുസ്ഥിരമാകും നിൻ ചൈതന്യം / നിറയാനെന്നിൽ കനിവിയലേണം.
താതനുമതുപോൽ സുതനും ...
***(പേജ് 75 / 78 കാണുക)***

**പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ**
*(ശ്ലീഹാക്കാലം രണ്ടാംഞായർ)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
നല്ലവനല്ലോ നമ്മുടെ നാഥൻ / സൃഷ്ടികൾ മീതേ തൻ കാരുണ്യം.
ചൊരിയുന്നീശൻ, സൃഷ്ടികളെല്ലാം / നന്ദിപറഞ്ഞു നമിച്ചീടുന്നു.
കർത്താവിന്റെ വിശുദ്ധന്മാരോ / വാഴ്ത്തിപ്പാടും തൻ തിരുനാമം.
താതനുമതുപോൽ സുതനും ...
***(പേജ് 75 / 78 കാണുക)***

**പരിശുദ്ധ കുർബാനയുടെ തിരുനാളിലും തിരുഹൃദയത്തിരുനാളിലും**
*(ശ്ലീഹാക്കാലം രണ്ടാംവ്യാഴവും ശ്ലീഹാക്കാലം മൂന്നാംവെള്ളിയും)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
നിൻസ്തുതിപാടും ജനതകളെല്ലാം / ഭാഗ്യമിയന്നോർ, നാഥാ സതതം.
തിരുമുഖകാന്തിയിലവരെന്നാളും / സത്കൃത്യങ്ങളനുഷ്ഠിച്ചീടും.
നിൻനാമത്തിൽ സന്തോഷിക്കും / നീതിയവർക്കു വിളക്കായീടും.
താതനുമതുപോൽ സുതനും ...
***(പേജ് 75 / 78 കാണുക)***

**കൈത്താക്കാലം**

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
കർത്താവേ നീ ചൊരിയണമെന്നിൽ / നിൻ കാരുണ്യം കുറവില്ലാതെ.
രക്ഷയെനിക്കരുളേണം നാഥാ / വാഗ്ദാനം നീ ചെയ്തതുപോലെ.
പൂർണമനസൊടു പാലിക്കും ഞാൻ / താവകകല്പനയഖിലവുമെന്നും.
താതനുമതുപോൽ സുതനും ...
***(പേജ് 75 / 78 കാണുക)***

**ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ**

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
പാടുവിനെന്നും കർത്താവിന്നായ് / പാവനമാകും സ്തുതിഗീതങ്ങൾ.
അന്തമെഴാത്തൊരു കാരുണ്യം താൻ /
നമ്മൊടു കാട്ടിയതോർത്തീടേണം.
നിലനിൽക്കുന്നു നിരന്തരമങ്ങേ / വിശ്വസ്തതയും കുറവില്ലാതെ.
താതനുമതുപോൽ സുതനും ...
***(പേജ് 75 / 78 കാണുക)***

## പള്ളിക്കൂദാശക്കാലം

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
എത്രമനോജ്ഞം വിസ്മയനീയം / കർത്താവേ നിൻവാസസ്ഥാനം.
നിൻ തിരുഭവന നിവാസികളെല്ലാം / ഭാഗ്യമിയന്നവരാണെന്നാളും.
ആനന്ദത്താൽ പാടുന്നു ഞാൻ / ജീവിപ്പവനാം ദൈവത്തിന്നായ്.
താതനുമതുപോൽ സുതനും ...
*(പേജ് 75 / 78 കാണുക)*

## കർത്താവിന്റെ രൂപാന്തരീകരണത്തിരുനാൾ
*(ഓഗസ്റ്റ് 6)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
തിന്മയെ ദ്വേഷിച്ചീടുന്നോനെ / കർത്താവെന്നും സ്നേഹിക്കുന്നു.
തന്നുടെ ഭക്തരിലഖിലം നാഥൻ / പരിപാലിച്ചു തുണച്ചീടുന്നു.
ദുഷ്ടന്മാരുടെ കൈകളിൽനിന്നും / അവരെ ദൈവം മോചിപ്പിക്കും.
താതനുമതുപോൽ സുതനും ...
*(പേജ് 75 / 78 കാണുക)*

## വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
*(സെപ്റ്റംബർ 14)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
സ്ലീവാ ഭരണം നേടീ വാനിൽ / ഭുവനത്തിലുമെന്നറിയുന്നു നാം.
കുരിശിനെയേറ്റു പറഞ്ഞ ജനങ്ങൾ / മഹിമയണിഞ്ഞു നിൻകൃപയാലേ.
പരിപാവനനേ, ബലവാനേ നീ / മരണമെഴാത്തോൻ മഹിമാപൂർണൻ.
താതനുമതുപോൽ സുതനും ...
*(പേജ് 75 / 78 കാണുക)*

## മാതാവിന്റെ തിരുനാളുകൾ

### മാതാവിന്റെ മാതൃത്വത്തിരുനാൾ
*(പിറവിക്കാലം രണ്ടാംവെള്ളി)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
എൻപ്രിയപുത്രീ, കേട്ടാലും നീ / നിന്റെ ജനങ്ങളെ ഗേഹത്തെയും
മടിയില്ലാതെ മറന്നീടേണം / പുതിയൊരു ജീവിതമാരംഭിച്ചു.
അനുപമയാകും രാജകുമാരീ / ആന്തരികം നിൻ ചാരുതയെല്ലാം.
താതനുമതുപോൽ സുതനും ...
*(പേജ് 75 / 78 കാണുക)*

**മാതാവിന്റെ സ്വർഗാരോപണം**
*(ഓഗസ്റ്റ് 15)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
സ്വർഗാരോപിത മാതാവിൻ തിരു- / നാളിൽ ഗീതം പാടി വണങ്ങാം.
മറിയത്തിൻ തിരുഗാത്രം വിണ്ണിൽ / നാഥനുയർത്തി കാരുണ്യത്താൽ.
പാരിടമാകെ അവളുടെ വിജയം / ഘോഷിക്കുന്നു ഹാലേലൂയാ.
താതനുമതുപോൽ സുതനും ...
***(പേജ് 75 / 78 കാണുക)***

**മാതാവിന്റെ ജനനത്തിരുനാൾ**
*(സെപ്റ്റംബർ 8)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
നിന്നുടെ പാവനഗേഹം തന്നിൽ / ധ്യാനിച്ചു നിൻ കാരുണ്യത്തെ.
നാഥാ നിന്നുടെ നാമം പോലെ / സ്തുതിയും നിറയുന്നൂഴിയിലെങ്ങും.
പാരിടമാകെ നിന്നുടെ വിജയം / ഘോഷിക്കുന്നു, ഹാലേലൂയാ.
താതനുമതുപോൽ സുതനും ...
***(പേജ് 75 / 78 കാണുക)***

**മാതാവിന്റെ അമലോത്ഭവ തിരുനാളിലും** *(ഡിസംബർ 8)*
**മറ്റു തിരുനാളുകളിലും**

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
പാവനമായൊരു ഗിരിയുടെ മീതെ / തൻനഗരം പണിചെയ്തു നാഥൻ.
കർത്താവിന്നു പ്രിയങ്കരമാമീ / സീയോൻ നഗരം നിസ്തുലമല്ലോ.
ഇസ്രായേലിനു വേറൊന്നില്ലാ / ഇതുപോലുന്നതരമ്യ കവാടം.
താതനുമതുപോൽ സുതനും ...
***(പേജ് 75 / 78 കാണുക)***

**വിശുദ്ധ യൗസേപ്പ്**
*(മാർച്ച് 19, മേയ് 1)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
ആരു വസിക്കും കർത്താവേ, നിൻ / പാവനഗിരിയിൽ, കൂടാരത്തിൽ.
കപടതയെന്യേ ജീവിപ്പോനും / നീതിയെ മാത്രം തേടുന്നോനും.
ഹൃദയേ നിതരാം നേരുള്ളോനും / നാവാൽ വഞ്ചന ചെയ്യാത്തവനും.
താതനുമതുപോൽ സുതനും ...
***(പേജ് 75 / 78 കാണുക)***

## വിശുദ്ധ സ്നാപകയോഹന്നാൻ
*(ദനഹ ഒന്നാംവെള്ളി)*

ഹാലേലൂയാ പാടാമൊന്നായ്/ ഹാലേലൂയാ ഹാലേലൂയാ.
കാരണമെന്ന്യേ ഭുവിന്നധിപർ / പീഡിപ്പിച്ചു നിത്യവുമെന്നെ.
ഞാനോ നിൻ വചനത്തിൽ മാത്രം / അഭയം തേടി സംശയമെന്യേ.
നീതിയെഴും നിൻകല്പനകൾക്കായ്/ നിന്നെപ്പാടി നമിച്ചീടും ഞാൻ.
താതനുമതുപോൽ സുതനും ...
*(പേജ് 75 / 78 കാണുക)*

## വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാർ
*(ദനഹ രണ്ടാംവെള്ളി/ ജൂൺ 29)*

ഹാലേലൂയാ പാടാമൊന്നായ്/ ഹാലേലൂയാ ഹാലേലൂയാ.
ഭാഗ്യം പാപവിമോചനമെന്നും / ദൈവിക കൃപയാൽ കൈവരുമല്ലോ.
നിർമലമാകും ഹൃദയവുമതുപോൽ / നിത്യതതേടും മർത്യാത്മാവും.
കണ്ണീർക്കണികകൾ തിരുസന്നിധിയിൽ /
കാഴ്ചയണയ്ക്കാൻ മുത്തുകളാകും.
താതനുമതുപോൽ സുതനും ...
*(പേജ് 75 / 78 കാണുക)*

## മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന
*(ജൂലൈ 3)*

ഹാലേലൂയാ പാടാമൊന്നായ്/ ഹാലേലൂയാ ഹാലേലൂയാ.
എൻ കർത്താവെൻ ദൈവവുമങ്ങെ- / ന്നുദ്ഘോഷിച്ചു തോമ്മാശ്ലീഹാ.
പ്രത്യാശിപ്പൂ ഞാനെന്നാളും / കർത്താവിൻ തിരുവചനം തന്നിൽ
ഞാനെൻ നാഥനിലഭയം തേടും / അവിടുന്നാണെൻ
ശരണവുമോർത്താൽ.
താതനുമതുപോൽ സുതനും ...
*(പേജ് 75 / 78 കാണുക)*

## ശ്ലീഹന്മാരുടെ തിരുനാൾ
*(കൈത്തോക്കാലം ഒന്നാംഞായർ)*

ഹാലേലൂയാ പാടാമൊന്നായ്/ ഹാലേലൂയാ ഹാലേലൂയാ.
നല്ലവനാകും കർത്താവിങ്കൽ / അഭയം തേടും മാനവരെല്ലാം.
ഭാഗ്യമിയന്നോരവരെ നാഥൻ / പാലിച്ചീടും കുറവില്ലാതെ.
തിന്മയിൽനിന്നുമകന്നു നിതാന്തം / നന്മകൾ ചെയ്യുക നാമെല്ലാരും.
താതനുമതുപോൽ സുതനും ...
*(പേജ് 75 / 78 കാണുക)*

**വിശുദ്ധ സുവിശേഷകന്മാർ**

*(ദനഹ മൂന്നാംവെള്ളി)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
രക്ഷകനീശനെയുദ്ഘോഷിപ്പൂ / സുവിശേഷകരാം സ്നേഹിതരെല്ലാം.
സ്ലീവായാകും സീരത്താലവർ / പാപനിലങ്ങളെയുഴുതുമറിച്ചു.
വിശ്വാസത്തിനു വിളനിലമാക്കി / ജീവത്വചനം നട്ടുവളർത്തി.

താതനുമതുപോൽ സുതനും ...

***(പേജ് 75 / 78 കാണുക)***

**വിശുദ്ധ എസ്തപ്പാനോസിനും**

*(ദനഹ നാലാംവെള്ളി / ഡിസംബർ 26)*

**മറ്റു രക്തസാക്ഷികൾക്കും**

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
എന്നിൽ കൃപ നീ ചൊരിക നാഥാ / എന്നെ മെതിക്കുകയാണു മനുഷ്യൻ.
ശക്തന്മാരാം ശത്രുഗണങ്ങൾ / നിത്യവുമെന്നെ ഞെരുക്കീടുന്നു.
എന്നൊടു ഗർവ്വു കലർന്നവരെന്നും /പോരിനുവരവായ്, ശരണം നീതാൻ.

താതനുമതുപോൽ സുതനും ...

***(പേജ് 75 / 78 കാണുക)***

**വിശുദ്ധ അൽഫോൻസ**

*(ജൂലൈ 28)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
നിർമലമാർഗം പിഞ്ചുടരുന്നോർ / നിസ്തുലമാകും ഭാഗ്യമെഴുന്നോർ.
കർത്താവിൻ തിരുവചനം കാക്കും / മർത്യരിഹത്തിൽ ഭാഗ്യമെഴുന്നോർ.
തെറ്റുകളില്ലാതീശ്വര മാർഗം / തേടുന്നവരും ഭാഗ്യമെഴുന്നോർ.

താതനുമതുപോൽ സുതനും ...

***(പേജ് 75 / 78 കാണുക)***

## വിശുദ്ധരുടെ തിരുനാൾ

*(ഉയിർപ്പുകാലം ഒന്നാംവെള്ളി)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
ദീപ്തി തിളങ്ങും സ്വർഗകിരീടം / നാഥനൊരുക്കി വിശുദ്ധർക്കായി.
അതിനാലിന്നവർ സന്തോഷത്താൽ / ആർപ്പു വിളിപ്പൂ തിരുസന്നിധിയിൽ.
അവരുടെ മാതൃക നമ്മളെയെന്നും / നാഥനിലേക്കു നയിച്ചീടട്ടെ.

താതനുമതുപോൽ സുതനും ...

***(പേജ് 75 / 78 കാണുക)***

**മൂന്നുനോമ്പ് (നിനിവേ ഉപവാസം)**
*(വലിയ നോമ്പിനു മൂന്നാഴ്ച മുമ്പ്)*

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
നിന്റെ കൃപയ്ക്കു സമാനം നാഥാ / എന്നിൽക്കരുണ പൊഴിക്കുക നിത്യം.
പാപക്കറകളശേഷവുമിപ്പോൾ / കഴുകി വെടിപ്പു വരുത്തണമെന്നിൽ.
എന്തെന്നാലെൻ തെറ്റുകളെല്ലാം / കണ്ണിനു മുമ്പിൽക്കാണുന്നു ഞാൻ.
താതനുമതുപോൽ സുതനും ...
***(പേജ് 75 / 78 കാണുക)***

**ജൂബിലി & ഇടവകദിനം**

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
നല്ലോരാശയമെൻ മനതാരിൽ / വന്നു നിറഞ്ഞു തുളുമ്പീടുന്നു
രാജാവിൻ തിരുമുമ്പിൽ കീർത്തന / മധുവായ് ഞാനതൊഴുക്കീടട്ടെ
ഏറ്റമനുഗ്രഹ പൂരിതനാംകവി / തൻതൂലികപോലെൻ നാവിപ്പോൾ.
**താതനുമതുപോൽ സുതനും / പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ**
**ആദിമുതൽക്കേയിന്നും നിത്യവു- / മായി ഭവിച്ചീടട്ടെ ആമ്മേൻ.**
**ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.**

..............................................

*(ഗാനസമയത്തു കാർമികൻ ധൂപം ആശീർവദിക്കുന്നു).*

**കാർമി:** എന്റെ കർത്താവേ പാപിനിയായ മറിയം നിന്റെ ശിരസിൽ സുഗന്ധതൈലം പൂശിയപ്പോൾ / നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ + കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും / ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

**ശുശ്രൂഷി:** ആമ്മേൻ.

**കാർമി:** *(താഴ്ന്ന സ്വരത്തിൽ)* പിതാവിന്റെ മഹത്വത്തിന്റെ തേജസും അവിടുത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും / ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷത്തിന്റെ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയുംചെയ്ത നിനക്കു ഞങ്ങൾ / എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

**കാർമി:** *(സുവിശേഷഗ്രന്ഥം എടുത്തുകൊണ്ട്)* ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്തകാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.

*(റാസയില്ലാത്തപ്പോൾ പേജ് 78)*

--------------- *റാസക്ക്*---------------

**ശുശ്രൂഷി:** പുസ്തകങ്ങളുടെ ആരംഭത്തിൽ എന്നെപ്പറ്റി എഴുതിയിരിക്കുന്നു.

എഴുതീ നരകുലരക്ഷകനാം / മിശിഹാരാജൻ തൻമൊഴികൾ
സുവിശേഷത്തിൻ തിരുഗ്രന്ഥം / പരിശുദ്ധാത്മനിവേശത്താൽ
യൂദയസഭയിൽ മത്തായി / മർക്കോസ് റോമിലെ ജനതയ്ക്കായ്
ലൂക്കാ ഈജിപ്തിലെ സഭയിൽ / യോഹന്നാൽ എഫേസൂസിൽ
നാഥാ, ജനതതിയീഗ്രന്ഥം / ധ്യാനിപ്പൂ; നിൻ മഹിമകളെ
മന്നിതിൽ വാഴ്ത്തി നമിക്കുന്നു.

*(ഈ സമയത്തു കാർമികൻ സുവിശേഷഗ്രന്ഥം മുത്തിയതിനു ശേഷം ആർച്ച്ഡീക്കനെയും ശുശ്രൂഷികളെയും മുത്തിക്കുന്നു).*

**സമൂഹം:** ദൈവമേ, അങ്ങയുടെ തിരുവിഷ്ടം നിറവേറ്റാൻ ഞാൻ ആഗ്രഹിച്ചു.

എഴുതീ നരകുലരക്ഷകനാം ...

**ശുശ്രൂഷി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

എഴുതീ നരകുലരക്ഷകനാം ...

*(സുവിശേഷഗ്രന്ഥം ബലിപീഠത്തിന്മേൽ വച്ചിട്ട്, കാർമികനും ആർച്ച്ഡീക്കനും യഥാസ്ഥാനം ഇരിക്കുന്നു. ശുശ്രൂഷികൾ അഴിക്കാലുങ്കൽ ചെന്നു ജനങ്ങൾക്കഭിമുഖംനിന്നു ഗായകസംഘവുമായി ഒന്നിടവിട്ടു വ്യാഖ്യാനഗീതം പാടുന്നു.)*

**ശുശ്രൂഷി:** വിശ്വാസികളേ, കേൾപ്പിൻ
സൗഖ്യവുമുയിരും പകരും മൊഴികൾ മോദാൽ
ദൈവകുമാരൻ നരനായ് നമ്മെ മോചിതരാക്കി.

ഈ മൊഴി നിങ്ങൾക്കേകി,
ഭാഗ്യം നിറയും വലിയൊരു നിധിയീ ഭുവിൽ
ഈ സദ്ഗ്രന്ഥം ജീവൻ നല്കും ഔഷധമല്ലോ.

ജീവൻ നല്കാൻ പോരും
ജീവത്വചനം കേൾക്കിലൊളിക്കും സാത്താൻ
ബാധകളേതും ഭീതിയൊടുടനേ ഒഴിവായിടും.

പ്രഭ വിതറീടും ദീപം / ജീവൻതന്നെ ഈ സദ്വചനം പാരിൽ
വിധിയാളനെയീ വചനം സുതരാം വെളിവാക്കുന്നു.

ജനതതിയെല്ലാം ചേലിൽ / രക്ഷിതരായി നാഥൻ വഴിയായ് ഭുവിൽ
പാപം നിയതം മോചിപ്പവനീ നാഥൻ മാത്രം.

വിത്തുവിതയ്ക്കും നാഥൻ / തിരുവചനത്തിൻ വിത്തു വിതയ്ക്കാൻ വന്നു.
വയലിനു പകരം ഹൃദയനിലങ്ങൾ നല്കുക നിങ്ങൾ.

നാഥൻ മൊഴിയും നാദം / ഭാഗ്യവുമുയിരും കരുണയുമുലകിൽ ളുകും
ശരണവുമനിശം കൃപയുമിതേകും മനുജനു മോദാൽ.

ആശ്രയമവനിൽ ചേർക്കും / വിശ്വാസികളോ ഭാഗ്യം നിയതം ചൂടും
അവനൊരുനാളിൽ മൃതനായാലും ജീവൻ നേടും.

ആശ്രിതരെയാ നാഥൻ / കൈവെടിയില്ല കാത്തരുളീടും നിത്യം
പാപാങ്കിതരായ് അവരിലൊരാളും മൃതിയടയില്ല.

ദൈവകുമാരൻ ഭുവിൽ / മാനവനായി തിരുവവതാരം ചെയ്തു
കന്യകയിൽ നിന്നവനൊരുനാളിൽ ജാതനുമായി.

രോഗം സദയം നീക്കി / മൃതരിൽ ജീവൻ പുനരവനേകി മോദാൽ
പുനരുത്ഥാനം ചെയ്തൊരു നാഥൻ സ്വർഗം പൂകി.

റൂഹായെയാ നാഥൻ / ശിഷ്യർക്കേകി ശിക്ഷണമേകി ചേലിൽ
ശിക്ഷണമേകാൻ സദയമയച്ചു ദിശകളിലെല്ലാം.

*യോഹന്നാൻ തൻ സാക്ഷ്യം /*
*സുവിശേഷകനാം ലൂക്കാ / സുവിശേഷകനാം മർക്കോസ്...*
അനുഭവമധുനാ വിവരിക്കുന്നു കേൾക്കാൻ
ചെവിയുള്ളവനോ കേട്ടു ഫലങ്ങൾ നല്കീടട്ടെ.

സ്വർഗം പൂകാൻ പോരും / വാതിലിതല്ലോ വഴിയുമിതല്ലോ നിത്യം ഈ വഴിപോയാൽ അപകടമെന്യേ രാജ്യം നേടാം.

മൃതരീ ശബ്ദം കേൾക്കിൽ / ജീവൻനേടും സ്വർഗം പൂകും ചേലിൽ ഇതു നിരസിക്കിൽ ജീവിപ്പവരും മൃതരായ്തീരും.

---------------------

*(കാർമികൻ പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുമ്പോൾ കത്തിച്ച തിരികളുമായി രണ്ടു ശുശ്രൂഷികൾ ഇരുവശത്തും നിൽക്കുന്നു. സഹായി മുമ്പിൽ ധൂപാർച്ചന നടത്തുന്നു. സ്ലീവ വഹിക്കുന്ന സഹായി കാർമികന്റെ വലതുവശത്തു നില്ക്കുന്നു. കാർമി കൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു).*

**കാർമി:** കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

**ശുശ്രൂഷി:** നമുക്കു ശ്രദ്ധാപൂർവംനിന്നു പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

**കാർമി:** സമാധാനം + നിങ്ങളോടുകൂടെ.

**സമൂഹം:** അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

**കാർമി:** വിശുദ്ധ ... അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*(വായന തീരുമ്പോൾ)*

**സമൂഹം":** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*(മദ്ബഹയുടെ വിരിയിടുന്നു.*
*പ്രസംഗമുണ്ടെങ്കിൽ ആ സമയത്ത് എല്ലാവരും ഇരിക്കുന്നു.*
*കാറോസൂസായുടെ സമയത്ത് എല്ലാവരും നില്ക്കുന്നു).*

## കാറോസൂസാ

**(കാലാനുസരണം മാറിവരുന്ന പ്രാർഥനകൾ)**

***മരിച്ചവരുടെ ഓർമ - പേജ് 81***
***മംഗളവാർത്തക്കാലം - പേജ് 82***
***പിറവിക്കാലം - പേജ് 84***
***ദനഹാക്കാലം*** */ ദനഹാത്തിരുനാൾ (ജനുവരി 6)* ***- പേജ് 85***
***നോമ്പുകാലം - പേജ് 87***
***ഉയിർപ്പുകാലം - പേജ് 89***
*പുതുഞായർ (ഉയിർപ്പു രണ്ടാംഞായർ) - പേജ് 90*
*സ്വർഗാരോഹണത്തിരുനാൾ (ഉയിർപ്പ് ആറാംവ്യാഴം) - പേജ് 92*
***ശ്ലീഹാക്കാലം - പേജ് 94***
പന്തക്കുസ്താ തിരുനാൾ (ഒന്നാംഞായർ) - പേജ് *94*
പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ (രണ്ടാംഞായർ) - പേജ് *96*
പരിശുദ്ധ കുർബാനയുടെ തിരുനാൾ (രണ്ടാംവ്യാഴം) - പേജ് *98*
തിരുഹൃദയത്തിരുനാൾ (മൂന്നാംവെള്ളി) - പേജ് *100*
***കൈത്താക്കാലം - പേജ് 102***
***ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ - പേജ് 103***
***പള്ളിക്കൂദാശക്കാലം - പേജ് 105***

*രൂപാന്തരീകരണത്തിരുനാൾ (ഓഗസ്റ്റ് 6) - പേജ് 107*
*വിശുദ്ധ കുരിശിന്റെ പുകഴ്ച (സെപ്റ്റംബർ 14) - പേജ് 108*

***മാതാവിന്റെ*** *മാതൃത്വത്തിരുനാൾ (പിറവി രണ്ടാംവെള്ളി) - പേജ് 110*
*മാതാവിന്റെ സ്വർഗാരോപണം (ഓഗസ്റ്റ് 15) - പേജ് 112*
*മാതാവിന്റെ ജനനത്തിരുനാൾ (സെപ്റ്റംബർ 8) - പേജ് 114*
*അമലോത്ഭവമാതാവിന്റെ തിരുനാൾ (ഡിസംബർ 8) - പേജ് 116*
*മാതാവിന്റെ മറ്റു തിരുനാളുകൾ - പേജ് 118*

*യൗസേപ്പ് പിതാവിന്റെ തിരുനാൾ (മാർച്ച് 19, മേയ് 1) - പേജ് 119*
*വിശുദ്ധ സ്നാപകയോഹന്നാൻ (ദനഹ ഒന്നാംവെള്ളി) - പേജ് 121*
*പത്രോസ് പൗലോസ് ശ്ലീഹന്മാർ (ദനഹ രണ്ടാംവെള്ളി) -പേജ് 123*
*മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന (ജൂലൈ 3) - പേജ് 124*
*ശ്ലീഹന്മാരുടെ തിരുനാൾ (കൈത്താ ഒന്നാംഞായർ) - പേജ് 126*
*വിശുദ്ധ സുവിശേഷകന്മാർ (ദനഹ മൂന്നാംവെള്ളി) - പേജ് 128*
*വിശുദ്ധ എസ്തപ്പാനോസ് (ദനഹ നാലാംവെള്ളി, ഡിസം. 26) - പേജ് 130*
*രക്തസാക്ഷികൾ - പേജ് 132*

*വിശുദ്ധ അൽഫോൻസ (ജൂലൈ 28) - പേജ് 133*
*വിശുദ്ധരുടെ തിരുനാൾ (ഉയിർപ്പ് ഒന്നാംവെള്ളി) - പേജ് 135*

*നിനിവേ ഉപവാസം (വലിയ നോമ്പിനു മൂന്നാഴ്ച മുമ്പ്) - പേജ് 137*

*ജൂബിലി - പേജ് 139*
*ഇടവകദിനം - പേജ് 140*

--------------------------------

## ഒരുക്കശുശ്രൂഷ

*(മിശിഹായുടെ പീഡാനുഭവ സ്മരണ)*

*(കാറോസൂസയുടെ സമയത്ത് കാർമികൻ ധൂപകലശം വഹിക്കുന്ന ശുശ്രൂഷിയോടുകൂടെ വലതുവശത്തുള്ള ഉപപീഠത്തിങ്കലേക്കു പോയി താഴെക്കാണുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് കാസ എടുത്ത് ശുശ്രൂഷിയുടെ നേരേ തിരിഞ്ഞു റൂശ്മ ചെയ്യുകയും ശുശ്രൂഷി അതിനെ ധൂപിക്കുകയും ചെയ്യുന്നു).*

**കാർമി:** കർത്താവായ ദൈവമേ പരിമളസസ്യങ്ങളുടെയും സുഗന്ധദ്രവ്യങ്ങളുടെയും നാഥാ, വാഗ്ദാനപേടകത്തിന്റെ താത്കാലിക കൂടാരത്തിൽ ശ്രേഷ്ഠപുരോഹിതനായ അഹറോന്റെ കാസയെ എന്നതുപോലെ ഈ കാസയെയും അങ്ങു സുഗന്ധപൂരിതമാക്കണമേ. പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.

*(കാസായിൽ വീഞ്ഞും വെള്ളവും ഒഴിച്ചുകൊണ്ട്)*
**കാർമി:** നമ്മുടെ കർത്താവീശോമിശിഹായുടെ കാസായിൽ അവിടുത്തെ അമൂല്യമായ തിരുരക്തം ഒഴിക്കപ്പെടുന്നു. പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

പടയാളികളിൽ ഒരുവൻ വന്നു നമ്മുടെ കർത്താവിന്റെ തിരുവിലാവിൽ കുന്തംകൊണ്ടു കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. അതുകണ്ട ആൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ആ സാക്ഷ്യം സത്യവുമാകുന്നു. പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

വീഞ്ഞു വെള്ളത്തോടും വെള്ളം വീഞ്ഞിനോടുംകൂടി കലർത്തപ്പെടുന്നു. പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

*(ഇടതുവശത്തെ ബേസ്ഗസായിൽ ചെന്നു പീലാസാ ധൂപിച്ചുകൊണ്ടു ചൊല്ലുന്നു)*

കർത്താവായ ദൈവമേ, വാഗ്ദാനപേടകത്തിന്റെ താത്കാലിക കൂടാരത്തിൽ ശ്രേഷ്ഠപുരോഹിതനായ അഹറോന്റെ പീലാസയെ എന്നതുപോലെ ഈ പീലാസയെയും സുഗന്ധപൂരിതമാക്കണമേ.

പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

*(അപ്പമെടുത്ത് പീലാസയെ ആശീർവദിച്ചുകൊണ്ട്)*
നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരംകൊണ്ട് ഈ പീലാസ റൂശ്മാ ചെയ്യപ്പെടുന്നു. പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

-------------------------------------------

## മരിച്ചവരുടെ ഓർമ്മ

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടെ നിന്നു / "കർത്താവേ നിന്നോടു ഞങ്ങൾ യാചിക്കുന്നു" എന്നപേക്ഷിക്കാം.

**സമൂഹം:** കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**ശുശ്രൂഷി:** മാമ്മോദിസാവഴി സ്വർഗരാജ്യത്തിന് അവകാശിയാവു കയും / മരണംവഴി ഞങ്ങളിൽനിന്നും വേർപിരിയുകയും ചെയ്ത ഞങ്ങ ളുടെ *സഹോദരനെ (സഹോദരിയെ / സഹോദരങ്ങളെ)* / നിത്യഭാഗ്യത്തിൽ ചേർക്കണമെന്ന്.

**ശുശ്രൂഷി:** ശുദ്ധീകരണസ്ഥലത്തിൽ സങ്കടമനുഭവിക്കുന്ന ഞങ്ങളുടെ സഹോദരങ്ങളെ / നിത്യാശ്വാസമരുളി അനുഗ്രഹിക്കണമെന്ന്.

**ശുശ്രൂഷി:** മിശിഹായുടെ പീഡാനുഭവങ്ങളെക്കുറിച്ചു / മരിച്ചവരുടെ കടങ്ങൾ മോചിക്കാൻ കരുണയുണ്ടാകണമെന്ന്.

**ശുശ്രൂഷി:** ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞ ഞങ്ങളുടെ സഹോദരങ്ങളെ / മിശിഹായുടെ ഉയിർപ്പിന്റെ മഹത്വത്തിൽ പങ്കുകാരാക്കണമെന്ന്.

**ശുശ്രൂഷി:** മിശിഹായുടെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ടവരും / മരണനിദ്ര പ്രാപിച്ചവരുമായ ഞങ്ങളുടെ സഹോദരങ്ങളെ നിത്യജീവൻ നല്കി അനുഗ്രഹിക്കണമെന്ന്.

**ശുശ്രൂഷി:** സൂര്യനെ വെല്ലുന്ന ശോഭയോടെ / ഞങ്ങളും അവസാന വിധിദിവസത്തിൽ ഉയിർത്തെഴുന്നേല്ക്കാൻ വരം തരണമെന്ന്.

**ശുശ്രൂഷി:** ലോകാരംഭം മുതൽ നീതിമാന്മാർക്കായി സജ്ജമാക്കിയിരിക്കുന്ന സ്വർഗഭാഗ്യത്തിൽ / ഞങ്ങളും എത്തിച്ചേരാൻ ഇടയാക്കണമെന്ന്.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങുനിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും / നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയോടു ഞങ്ങൾ വിനയപൂർവം പ്രാർഥിക്കുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. ഞങ്ങളുടെ മരിച്ചവരുടെ കടങ്ങൾ ക്ഷമിക്കുകയും / അവരെ നിത്യമഹത്വമണിയിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## മംഗളവാർത്തക്കാലം

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** ആദത്തിന്റെ പാപംമൂലം അധഃപതിച്ച മനുഷ്യർക്കു / രക്ഷകനായി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായേ / ഞങ്ങൾക്കു പാപമോചനവും രക്ഷയും നല്കണമെന്നു / നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പൂർവപിതാക്കന്മാർ പ്രത്യാശയോടെ പാർത്തിരുന്ന മിശിഹായെ / കൃപാവരങ്ങൾ നല്കി തിരുസഭയെ ധന്യമാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** മനുഷ്യാവതാരംവഴി ഞങ്ങളുടെ നിത്യപുരോഹിതനായ മിശിഹായെ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പൂർവപിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും / രക്ഷകനായ മിശിഹായെ സ്വീകരിക്കാൻ / ജനഹൃദയങ്ങളെ സജ്ജമാക്കിയ കർത്താവേ / ഈ മംഗളവാർത്തക്കാലത്തിൽ / അങ്ങുതന്നെ ഞങ്ങളുടെ ഹൃദയത്തെയും ഒരുക്കണമെന്ന് / അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സ്വർഗത്തിന്റെ കവാടം ഞങ്ങൾക്കു തുറന്നുതരാൻ / മനുഷ്യനായി അവതരിച്ച മിശിഹായേ / നിന്റെ ആഗമനം പ്രഘോഷിക്കാൻ / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** മനുഷ്യാവതാരംവഴി മനുഷ്യവംശത്തെ മഹത്വണിയിച്ച മിശിഹായേ / ഞങ്ങളുടെ കുടുംബങ്ങളെ നിത്യസ്നേഹചൈതന്യത്താൽ ധന്യമാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങുനിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും / നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** കർത്താവായ ദൈവമേ, തികഞ്ഞ പ്രത്യാശയോടുകൂടി / അങ്ങയുടെ തിരുക്കുമാരന്റെ പിറവിത്തിരുനാളിനൊരുങ്ങുന്ന / ഞങ്ങളുടെ പ്രാർഥന കേൾക്കണമേ. അങ്ങേക്കു പ്രിയങ്കരമായവ ചെയ്യാനും / ത്യാഗപൂർണമായ ജീവിതത്തിലൂടെ / ഞങ്ങളുടെ ഹൃദയങ്ങളിൽ മിശിഹായ്ക്കു വഴിയൊരുക്കാനും സഹായിക്കേണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 142 കാണുക)*

## പിറവിക്കാലം

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്നു / മനുഷ്യനായി പിറന്ന മിശിഹായെ ധ്യാനിച്ചുകൊണ്ടു / "ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു" എന്ന് ഏറ്റുപറയാം.

**സമൂഹം:** ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** വിനീതരായ ആട്ടിടയരെയും വിജ്ഞാനികളായ ശാസ്ത്രജ്ഞരെയും / ദിവ്യശിശുവിന്റെ സവിധത്തിലേക്കു നയിച്ച ദൈവമേ,

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** തന്റെ തിരുക്കുമാരന്റെ മനുഷ്യാവതാരംവഴി / എളിമയുടെയും ദാരിദ്ര്യത്തിന്റെയും മാതൃക കാട്ടുകയും / സമാധാനവും പ്രത്യാശയും നല്കി / ലോകത്തെ അനുഗ്രഹിക്കുകയുംചെയ്ത ദൈവമേ,

**ശുശ്രൂഷി:** പാപംമൂലം അടയ്ക്കപ്പെട്ട പറുദീസായുടെ വാതിൽ തുറന്നു തരുന്നതിനും / മനുഷ്യശരീരമെടുത്തു ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതിനും / അങ്ങയുടെ പ്രിയസുതനെ അയച്ച ദൈവമേ,

**ശുശ്രൂഷി:** തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഏവരും നശിച്ചു പോകാതെ / അവർക്കു നിത്യജീവനുണ്ടാകേണ്ടതിന് / അവനെ നല്കാൻ തക്കവിധം / ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവമേ,

**ശുശ്രൂഷി:** ദാസന്റെ വേഷം ധരിച്ചു കാലിത്തൊഴുത്തിൽ പിറന്ന ദിവ്യസുതൻവഴി / പതിതരെയും പാവപ്പെട്ടവരെയും തന്നിലേക്കടുപ്പിച്ച ദൈവമേ,

**ശുശ്രൂഷി:** മനുഷ്യാവതാരംവഴി ഞങ്ങളുടെ നിത്യപുരോഹിതനായ മിശിഹായെ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും

മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കുന്ന ദൈവമേ.

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങുനിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും / നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** കർത്താവായ ദൈവമേ, ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കാൻ / അങ്ങയുടെ തിരുക്കുമാരനെ നല്കിയതിനു / അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. നിത്യകന്യകയായ മറിയത്തോടും നീതിമാനായ യൗസേപ്പിനോടും / വിനീതരായ ആട്ടിടയരോടും ചേർന്നു / ഞങ്ങളും ദിവ്യപൈതലിനെ സ്വീകരിച്ച് ആരാധിക്കുന്നു. ദൈവമക്കൾക്ക് ഉചിതമായ ജീവിതം നയിക്കാൻ ഞങ്ങളെ സഹായിക്കണമേ. മനുഷ്യാവതാരത്താൽ ധന്യരായ ഞങ്ങളുടെ ചിന്തയിലും പ്രവൃത്തിയിലും / മിശിഹാ അവതീർണനാകാൻ അനുഗ്രഹിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## ദനഹാക്കാലം

***ദനഹാത്തിരുനാൾ (ജനുവരി 6)***

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ

നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** ഇവൻ എന്റെ പ്രിയപുത്രനാകുന്നു എന്നു പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ / കർത്താവും ദൈവവുമായ നിന്നെ ഏറ്റുപറയാൻ / സഭയെ അനുഗ്രഹിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായേ / വിനീതമായ സേവനത്തിനു ഞങ്ങളെത്തന്നെ പ്രതിഷ്ഠിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സകല നീതിയും പൂർത്തിയാക്കാൻ / യോഹന്നാനിൽനിന്നു മാമ്മോദീസ സ്വീകരിച്ച മിശിഹായുടെ കല്പനകൾ / വിശ്വസ്തതാപൂർവം പാലിച്ചുകൊണ്ടു / ദൈവഹിതത്തിനു പൂർണമായി കീഴ്വഴങ്ങാൻ / ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** യോർദാനിൽനിന്നു വെളിപ്പെടുത്തപ്പെട്ട / ത്രീത്വൈകരഹസ്യത്തിന്റെ കൂട്ടായ്മയെ മാതൃകയാക്കി / ക്രൈസ്തവജീവിതം നയിക്കാൻ ഇടയാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ലോകത്തിന്റെ പ്രകാശമായ മിശിഹായിലൂടെ ലഭിച്ച വിശ്വാസത്തിൽ വളരാനും / സത്പ്രവൃത്തികൾ ചെയ്തുകൊണ്ട് അവിടുത്തെ മഹത്വപ്പെടുത്താനും /അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങുനിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവ സന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും / നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** കാരുണ്യവാനായ കർത്താവേ, ലോകരക്ഷയ്ക്കായി മനുഷ്യ നായി അവതരിക്കുകയും / മാമ്മോദീസവഴി നിന്റെ മഹത്വം ഞങ്ങൾക്കു വെളിപ്പെടുത്തുകയും ചെയ്തല്ലോ. ദനഹാക്കാലത്തിൽ ഞങ്ങൾ ആത്മാ വിന്റെ വരദാനങ്ങളാൽ നിറയട്ടെ. മാമ്മോദീസയുടെ ഫലങ്ങൾ ധാരാള മായി പുറപ്പെടുവിക്കാനും / നിനക്കു സജീവസാക്ഷ്യം വഹിക്കാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## നോമ്പുകാലം

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടെ നിന്നു / "കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ" എന്നപേ ക്ഷിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**ശുശ്രൂഷി:** പരിശുദ്ധാത്മാവിനാൽ വനത്തിലേക്കു നയിക്കപ്പെടുകയും / നാല്പതുരാവും നാല്പതു പകലും തപസനുഷ്ഠിക്കുകയുംചെയ്ത കർത്താവേ / തപസിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയാൽ / ഞങ്ങളെ നിറ യ്ക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശി ഹായെ / ഞങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനു ഷ്ഠിക്കാൻ / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സ്നേഹത്തിന്റെ ബലിവസ്തുവായ മിശിഹായേ / ഞങ്ങളുടെ ശരീരത്തെയും അതിന്റെ ദുർവാസനകളെയും / അങ്ങയോടുകൂടി ക്രൂശിക്കു ന്നതിനു / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സാത്താനെ പരാജയപ്പെടുത്തി / ഞങ്ങൾക്കു മാതൃകയും മനോധൈര്യവും നല്കിയ മിശിഹായേ / പ്രലോഭനങ്ങളെ അതിജീവിക്കാൻ / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും മാർഗത്തിലൂടെ ഞങ്ങളെ നയിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റ് അജപാലകരെയും / സമൃദ്ധമായി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങുനിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും / നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** കർത്താവായ ദൈവമേ, ലോകപാപങ്ങളുടെ പരിഹാരമായ / മിശിഹായുടെ സഹനജീവിതത്തോടു യോജിച്ചുകൊണ്ട് / ആത്മവിശുദ്ധീകരണത്തിനായി യത്നിക്കുന്ന / അങ്ങയുടെ സഭയെ കാരുണ്യപൂർവം കടാക്ഷിക്കണമേ. കുരിശുകൾ സന്തോഷത്തോടെ വഹിച്ചുകൊണ്ട് / അങ്ങയുടെ തിരുക്കുമാരന്റെ ബലിജീവിതം തുടരാൻ ഞങ്ങളെ ശക്തരാക്കണമേ. യഥാർഥമായ പ്രാർഥനാചൈതന്യവും സഹോദരസ്നേഹവും / ആത്മപരിത്യാഗവും പുലർത്തിക്കൊണ്ട് / ഈ നോമ്പുകാലം ഫലദായകമാക്കാൻ / ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ.

**സമൂഹം:** ആമ്മേൻ.

*(പേജ് 142 കാണുക)*

## ഉയിർപ്പുകാലം

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ" എന്ന് അപേക്ഷിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**ശുശ്രൂഷി:** വഴിയും സത്യവും ജീവനുമായ മിശിഹായേ / അങ്ങയുടെ പുനരുത്ഥാനത്തിൽ ആനന്ദിക്കുന്ന ഞങ്ങളെ / അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും / അസത്യത്തിൽനിന്നു സത്യത്തിലേക്കും / മരണത്തിൽനിന്നു മരണമില്ലായ്മയിലേക്കും ആനയിക്കണമെന്നു / നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പരിഹാസത്തിന്റെ അടയാളമായ കുരിശിനെ / പുനരുത്ഥാനം വഴി മഹത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ / ഞങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടുകൂടി കുരിശിൽ തറയ്ക്കാനും / ആത്മസമർപ്പണത്തിൽ നിത്യജീവൻ കണ്ടെത്താനും / ഞങ്ങളെ അനുഗ്രഹിക്കണമെന്നു / ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പുനരുത്ഥാനത്തിന്റെ മഹത്വത്തിലേക്കു / ദൈവജനത്തെ നയിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ / ഞങ്ങളുടെ അജപാലകന്മാരെ സമൃദ്ധമായി അനുഗ്രഹിക്കണമെന്നു / ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും / സത്യത്തെ പ്രതി പീഡയനുഭവിക്കുന്നവരും / അങ്ങയുടെ മഹത്വപൂർണമായ ഉത്ഥാനത്തെയും / അവർണനീയമായ സ്വർഗഭാഗ്യത്തെയും ഓർത്തുകൊണ്ട് / നല്ല ഓട്ടം ഓടാനും / വിശ്വാസം സംരക്ഷിക്കാനും വരംതരണമെന്നു / ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദിവ്യബലിയിൽ സജീവമായി പങ്കെടുക്കാനും / ഞങ്ങളുടെ ജീവന്റെയും ഉയിർപ്പിന്റെയും കാരണമായ / തിരുശരീരരക്തങ്ങൾ യോഗ്യതയോടുകൂടി സ്വീകരിക്കാനും / ഞങ്ങളെ ശക്തരാക്കണമെന്ന് / അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പുനരുത്ഥാനത്തിന്റെ മഹത്വത്തിലേക്കു ദൈവജനത്തെ നയിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ

മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങുനിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും / നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** മരണത്തെ ജയിച്ചടക്കിയ മിശിഹായേ / നിന്റെ സഭയിൽ സദാ സന്നിഹിതനായി / നവജീവൻകൊണ്ട് അതിനെ നിറയ്ക്കണമേ. നിന്റെ പുനരുത്ഥാനത്തിൽ പങ്കാളികളാകാൻവേണ്ടി / നിന്റെ ബലിജീവിതത്തിൽ ഞങ്ങളെ സഹകാരികളാക്കണമേ. നിന്റെ സമാധാനവും ശാന്തിയും / ഞങ്ങളുടെ സമൂഹത്തിലും കുടുംബങ്ങളിലും / മനുഷ്യവർഗം മുഴുവനിലും / നിരന്തരം വസിക്കാൻ ഇടയാക്കുകയും ചെയ്യണമേ.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## പുതുഞായർ

*(ഉയിർപ്പുകാലം രണ്ടാംഞായർ)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** വഴിയും സത്യവും ജീവനുമായ മിശിഹായേ / അങ്ങയുടെ പുനരുത്ഥാനത്തിൽ ആനന്ദിക്കുന്ന ഞങ്ങളെ / അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും / അസത്യത്തിൽനിന്നു സത്യത്തിലേക്കും / മരണത്തിൽനിന്നു മരണമില്ലായ്മയിലേക്കും ആനയിക്കണമെന്നു / നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പരിഹാസത്തിന്റെ അടയാളമായ കുരിശിനെ / പുനരുത്ഥാനം വഴി മഹത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ / ഞങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടുകൂടി കുരിശിൽ തറയ്ക്കാനും / ആത്മസമർപ്പണത്തിൽ നിത്യജീവൻ കണ്ടെത്താനും / ഞങ്ങളെ അനുഗ്രഹിക്കണമെന്നു / ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും / സത്യത്തെ പ്രതി പീഡയനുഭവിക്കുന്നവരും / അങ്ങയുടെ മഹത്വപൂർണമായ ഉത്ഥാനത്തെയും / അവർണനീയമായ സ്വർഗഭാഗ്യത്തെയും ഓർത്തുകൊണ്ട് / നല്ലഓട്ടം ഓടാനും / വിശ്വാസം സംരക്ഷിക്കാനും വരംതരണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** "എന്റെ കർത്താവേ, എന്റെ ദൈവമേ," എന്നുദ്ഘോഷിച്ചുകൊണ്ടു / മിശിഹായിലുള്ള വിശ്വാസം പ്രഖ്യാപിച്ച / ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായെപ്പോലെ, വിശ്വാസം ഏറ്റുപറയുന്നതിനും / അവിടുത്തേക്കു സജീവസാക്ഷികളാകുന്നതിനും / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** മിശിഹായിലുള്ള വിശ്വാസം പ്രഘോഷിക്കുന്നതിനു / ധാരാളം ദൈവവിളികൾ നല്കി / ഞങ്ങളുടെ സഭയെ ധന്യമാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** മാമ്മോദീസയിലൂടെ ഞങ്ങൾക്കു ലഭിച്ച / നവജീവനെ അനുസ്മരിക്കുന്ന ഈ പുതുഞായർ / ഞങ്ങളുടെ ക്രൈസ്തവജീവിതനവീകരണം കൈവരിക്കാൻ / പ്രചോദനമാകണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** മിശിഹായുടെ തിരുവുത്ഥാനത്തിലൂടെ / ജനപദങ്ങൾക്കു ലഭിച്ച സമാധാനവും പ്രത്യാശയും / അവരുടെ ജീവിതകാലം മുഴുവൻ നിലനില്ക്കാൻ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പുനരുത്ഥാനത്തിന്റെ മഹത്വത്തിലേക്കു ദൈവജനത്തെ നയിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ / ഞങ്ങളുടെ പരിശുദ്ധ പിതാവുമാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനു

മായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങുനിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** ഞങ്ങളുടെ കർത്താവായ മിശിഹായേ / മാർത്തോമ്മാ ശ്ലീഹായുടെ ഉത്ഥാനാനുഭവം അനുസ്മരിക്കുന്ന ഞങ്ങൾ / വിശ്വാസനവീകരണം വഴി / നിന്റെ ഉത്ഥാനത്തിനു സാക്ഷ്യം വഹിക്കാൻ കൃപചെയ്യണമേ. മാമ്മോദീസയിലൂടെ സഭാസമൂഹത്തിൽ അംഗങ്ങളായിത്തീർന്ന ഞങ്ങളിൽ / സ്നേഹവും ഐക്യവും പുലരാൻ ഇടയാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## സ്വർഗാരോഹണത്തിരുനാൾ

*(ഉയിർപ്പുകാലം ആറാംവ്യാഴം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** വഴിയും സത്യവും ജീവനുമായ മിശിഹായേ / അങ്ങയുടെ പുനരുത്ഥാനത്തിൽ ആനന്ദിക്കുന്ന ഞങ്ങളെ / അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും / അസത്യത്തിൽനിന്നു സത്യത്തിലേക്കും / മരണത്തിൽനിന്നു മരണമില്ലായ്മയിലേക്കും ആനയിക്കണമെന്നു / നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പരിഹാസത്തിന്റെ അടയാളമായ കുരിശിനെ / പുനരുത്ഥാനം വഴി മഹത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ / ഞങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടുകൂടി കുരിശിൽ തറയ്ക്കാനും / ആത്മസമർപ്പണത്തിൽ നിത്യജീവൻ കണ്ടെത്താനും / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും / സത്യത്തെപ്രതി പീഡയനുഭവിക്കുന്നവരും / അങ്ങയുടെ മഹത്വപൂർണമായ ഉത്ഥാനത്തെയും / അവർണനീയമായ സ്വർഗഭാഗ്യത്തെയും ഓർത്തുകൊണ്ട് / നല്ലഓട്ടം ഓടാനും / വിശ്വാസം സംരക്ഷിക്കാനും / വരം തരണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സകലത്തിന്റെയും അധിനാഥനായ കർത്താവേ / ഞങ്ങ ളെയും ഞങ്ങൾക്കുള്ളവയെയും നിനക്കു സമർപ്പിക്കാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ശിഷ്യരുടെ സാന്നിധ്യത്തിൽ സ്വർഗാരോഹണംചെയ്ത കർത്താവേ / നിന്റെ സാന്നിധ്യം അനുഭവിക്കാനും / സ്വർഗോന്മുഖമായി ജീവിക്കാനും / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സാക്ഷികളാകാൻ ഞങ്ങളെ വിളിച്ച കർത്താവേ / രക്ഷാകരമായ സുവിശേഷം ഞങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ പ്രഘോഷിക്കാൻ / ഞങ്ങളെ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പുനരുത്ഥാനത്തിന്റെ മഹത്വത്തിലേക്കു ദൈവജനത്തെ നയിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ / ഞങ്ങളുടെ പരിശുദ്ധ പിതാവുമാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ

മെത്രാന്മാരെയും / ആത്മീയനന്മകൾനല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** സ്വർഗാരോഹണംചെയ്തു പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായ കർത്താവേ / നിന്റെ രക്ഷാകരമായ സാന്നിധ്യം / എന്നും അനുഭവിക്കാൻ ഞങ്ങൾക്ക് ഇടയാക്കണമേ. ഞങ്ങൾ നിന്റെ ഉത്ഥാനത്തിന്റെ സാക്ഷികളായി ജീവിച്ചു / സ്വർഗീയമഹത്വത്തിനു അർഹരാകാനും / നിന്റെ മാതൃകയനുസരിച്ചു ഞങ്ങളുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്താനും അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## ശ്ലീഹാക്കാലത്തും പന്തക്കുസ്താതിരുനാളിലും

*(പന്തക്കുസ്താ: ശ്ലീഹാക്കാലം ഒന്നാംഞായർ)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടുംകൂടി / "പരിശുദ്ധാത്മാവേ എഴുന്നള്ളിവരണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** പരിശുദ്ധാത്മാവേ, എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** പന്തക്കുസ്താതിരുനാളിൽ ശ്ലീഹന്മാരുടെമേൽ / തീനാവുകളുടെ രൂപത്തിൽ ഇറങ്ങിവന്നു / സുവിശേഷം അറിയിക്കാൻ അവരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ / ലോകമെങ്ങും വചനം പ്രഘോഷിക്കാൻ / ഞങ്ങളെ ശക്തരാക്കുന്നതിന് എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** വരദാനങ്ങളാൽ ശ്ലീഹന്മാരെ സമ്പന്നരാക്കിയ പരിശുദ്ധാത്മാവേ, ഞങ്ങളെയും കൃപാവരങ്ങൾനല്കി അനുഗ്രഹിക്കുന്നതിന് / എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കാനായി / ശിഷ്യന്മാരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *(... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / പ്രേഷിതരംഗങ്ങളിൽ ജോലിചെയ്യുന്ന എല്ലാവരെയും ആത്മാവിന്റെ ദാനങ്ങൾ നല്കി അനുഗ്രഹിക്കുന്നതിന് എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** വിശുദ്ധ കൂദാശകളിലൂടെ / ദൈവികജീവൻനല്കുന്ന പരിശുദ്ധാത്മാവേ / കൗദാശിക ജീവിതത്തിലൂടെ / ഞങ്ങൾ വിശുദ്ധിയിൽ വളരുന്നതിന് എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** പീഡനങ്ങളിലും ക്ലേശങ്ങളിലും ശ്ലീഹന്മാർക്കു പ്രത്യാശയും ധൈര്യവും പ്രദാനംചെയ്ത പരിശുദ്ധാത്മാവേ / ജീവിതക്ലേശങ്ങളുടെ മധ്യേ വസിക്കുന്ന ഞങ്ങൾക്കു / പ്രത്യാശയും ധൈര്യവും നല്കുന്നതിന് എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ ജോലി ചെയ്യുന്നവർ / സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കാൻ സഹായിക്കുന്ന പരിശുദ്ധാത്മാവേ / അങ്ങയുടെ ദാനങ്ങൾ സമൃദ്ധമായി നല്കുന്നതിന് എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവ സന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** പരിശുദ്ധാത്മാവിനെ നല്കി സുവിശേഷചൈതന്യംകൊണ്ടു ശ്ലീഹന്മാരെ നിറച്ച കർത്താവേ / ഈ ദിവ്യാത്മാവിന്റെ ദാനങ്ങൾ ഞങ്ങളുടെ സമൂഹത്തിലും വർഷിക്കണമേ. അങ്ങനെ ഞങ്ങളെല്ലാവരും മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന പ്രേഷിതരാകട്ടെ. പരസ്പരസ്നേഹത്തിലും ഐക്യത്തിലും ഞങ്ങൾ വളരുകയും / അവിടുത്തെ അനുയായികൾക്കു യോഗ്യമാംവിധം വ്യാപരിക്കുകയും ചെയ്യട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ

*(ശ്ലീഹാക്കാലം രണ്ടാംഞായർ)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** ദരിദ്രർക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നു എന്നരുളിച്ചെയ്ത മിശിഹായേ / സുവിശേഷഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ടു / നിന്റെ സത്യത്തിനു സാക്ഷികളാകാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ മാതൃകയനുസരിച്ചു / നിന്നോടുകൂടി മരിക്കാൻ സന്നദ്ധരായ അനേകം മിഷണറിമാരെ / സഭയ്ക്കു നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കാൻ / ശിഷ്യന്മാരെ നിയോഗിച്ച മിശിഹായേ, ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനു

മായ മേജർ ആർച്ച്ബിഷപ്പ് മാർ *(... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / പ്രേഷിതരംഗങ്ങളിൽ ജോലി ചെയ്യുന്ന എല്ലാവരെയും / ആത്മാവിന്റെ ദാനങ്ങൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ ജോലിചെയ്യുന്നവർ / സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കാൻ / പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഉത്ഥിതനായ മിശിഹായിൽ മാത്രമാണു രക്ഷ എന്നു സധൈര്യം പ്രഖ്യാപിച്ച ശ്ലീഹന്മാരെപ്പോലെ / ആത്മസമർപ്പണത്തിലൂടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ലോകത്തിലാണെങ്കിലും അതിന്റെ വശീകരണങ്ങൾക്കു വഴിപ്പെടാതെ / ദൈവസ്നേഹത്തിലും മനുഷ്യസ്നേഹത്തിലും ജീവിച്ചു / മറ്റുള്ളവർക്കു പ്രചോദനവും മാതൃകയുമായിത്തീരാൻ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** കർത്താവേ, ബലവാനായ ദൈവമേ / വിനയപൂർവം അങ്ങയോടു ഞങ്ങൾ യാചിക്കുന്നു. ശ്ലീഹന്മാരെപ്പോലെ ഉത്ഥിതനായ മിശിഹായെ അനുഭവിച്ചറിയുന്നതിനും / രക്ഷയുടെ സന്ദേശം ലോകമെങ്ങും അറിയിക്കുന്നതിനും / ദൈവസ്നേഹവും സഹോദരസ്നേഹവും നിറഞ്ഞ സഭാസമൂഹങ്ങൾക്കു രൂപം കൊടുക്കുന്നതിനും / ഞങ്ങളെ അനുഗ്രഹിക്കണമേ. എല്ലാ മനുഷ്യരും മിശിഹായെ രക്ഷകനായി ഏറ്റുപറയുന്നതിനും / വിശ്വാസവും മാമ്മോദീസയും സ്വീകരിച്ച് / സഭയിൽ അവിടുത്തെ മഹത്വപ്പെടുത്തുന്നതിനും ഇടവരട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## പരിശുദ്ധ കുർബാനയുടെ തിരുനാൾ

*(ശ്ലീഹാക്കാലം രണ്ടാംവ്യാഴം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** ദരിദ്രർക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നു എന്നരുളിച്ചെയ്ത മിശിഹായേ / സുവിശേഷഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ടു / നിന്റെ സത്യത്തിനു സാക്ഷികളാകാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ മാതൃകയനുസരിച്ചു / നിന്നോടുകൂടി മരിക്കാൻ സന്നദ്ധരായ അനേകം മിഷണറിമാരെ / സഭയ്ക്കു നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കാൻ / ശിഷ്യന്മാരെ നിയോഗിച്ച മിശിഹായേ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *(... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / പ്രേഷിതരംഗങ്ങളിൽ ജോലി ചെയ്യുന്ന എല്ലാവരെയും / ആത്മാവിന്റെ ദാനങ്ങൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ ജോലിചെയ്യുന്നവർ / സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കാൻ / പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പിതാവിന് ഏറ്റം സ്വീകാര്യബലിയായി സ്വയം സമർപ്പിച്ച കർത്താവേ / നിന്റെ ബലിയോടുചേർത്തു ഞങ്ങളുടെ ജീവിതം മുഴുവനും / ദൈവത്തിനു പ്രീതികരമായ ബലിയായി അർപ്പിക്കാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** മനുഷ്യരക്ഷയ്ക്കുവേണ്ടി ശരീരം വിഭജിക്കുകയും / രക്തം ചിന്തുകയുംചെയ്ത മിശിഹായേ / മറ്റുള്ളവർക്കുവേണ്ടി സ്വയം സമർപ്പിക്കാൻ / ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ജീവന്റെ അപ്പമായ മിശിഹായേ / നിന്റെ ശരീരം ഭക്ഷിക്കുകയും / രക്തം പാനംചെയ്യുകയും ചെയ്യുന്ന ഞങ്ങളെ / സ്വർഗീയവിരുന്നിൽ പങ്കാളികളാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** കാരുണ്യവാനായ ദൈവമേ / അങ്ങയുടെ പ്രിയപുത്രന്റെ തിരുശരീരരക്തങ്ങൾ / ഭക്ഷണപാനീയങ്ങളായി അങ്ങു ഞങ്ങൾക്കു നല്കി. നിത്യജീവൻ പ്രദാനംചെയ്യുന്ന ഈ ബലിയിൽ സംബന്ധിച്ച് / അവിടുത്തെ ശരീരരക്തങ്ങൾ യോഗ്യതയോടെ സ്വീകരിക്കാനും / അങ്ങേക്കു

സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാനും / ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 142 കാണുക)*

## തിരുഹൃദയത്തിരുനാൾ

*(ശ്ലീഹാക്കാലം മൂന്നാംവെള്ളി)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** ദരിദ്രർക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നു എന്നരുളിച്ചെയ്ത മിശിഹായേ / സുവിശേഷഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ടു / നിന്റെ സത്യത്തിനു സാക്ഷികളാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ മാതൃകയനുസരിച്ചു / നിന്നോടുകൂടി മരിക്കാൻ സന്നദ്ധരായ അനേകം മിഷണറിമാരെ / സഭയ്ക്കു നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കാൻ / ശിഷ്യന്മാരെ നിയോഗിച്ച മിശിഹായേ, ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *(... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / പ്രേഷിതരംഗങ്ങളിൽ ജോലിചെയ്യുന്ന എല്ലാവരെയും / ആത്മാവിന്റെ ദാനങ്ങൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ജീവിതത്തിലെ വിവിധ രംഗങ്ങളിൽ ജോലിചെയ്യുന്നവർ / സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കാൻ / പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ പക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നരുളിച്ചെയ്ത കർത്താവേ / ഹൃദയശാന്തതയോടു

കൂടി ക്ലേശങ്ങൾ സഹിക്കാനും / നിന്നിൽ ആശ്വാസം തേടാനും / ഞങ്ങളെ പഠിപ്പിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** മനുഷ്യമക്കളോടുള്ള അനന്തസ്നേഹത്താൽ / കുരിശിൽ രക്തം ചിന്തിയ കർത്താവേ / ദരിദ്രർക്കും സമൂഹത്തിൽ അവഗണന അനുഭവിക്കുന്നവർക്കും / അനുകമ്പയും സ്നേഹവും നല്കാൻ / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** വിശ്വസിക്കുന്നവർ രക്ഷപ്രാപിക്കുമെന്നു ഞങ്ങളെ പഠിപ്പിച്ച കർത്താവേ / വിശ്വാസത്തിൽ വളരാനും / നിത്യരക്ഷയുടെ കിരീടം നേടാനും / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ടി / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ ജീവിതവും മരണവുംവഴി / അങ്ങയുടെ അനന്തസ്നേഹത്തെ ഞങ്ങൾക്കു വെളിപ്പെടുത്തിയല്ലോ. അങ്ങയോടുള്ള സ്നേഹത്തിൽ അനുദിനം വളരാൻ / അങ്ങയുടെ കൃപാവരം ഞങ്ങൾ യാചിക്കുന്നു. ദിവ്യസ്നേഹത്തിന്റെ ഫലമായ ശാന്തിയും സമാധാനവും അനുഭവിക്കാൻ / ഞങ്ങൾക്കിടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## കൈത്താക്കാലം

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടെ നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** രക്ഷകനായ മിശിഹായേ / നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും / രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെടുകയുംചെയ്ത സഭയ്ക്ക് / പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും / നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും / ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സഭയോടൊത്തു ചിന്തിക്കാനും / അവളുടെ പ്രവർത്തനങ്ങ ളിൽ കഴിവിനൊത്തു പങ്കാളികളാകാനുമുള്ള സന്മനസ് / നിന്റെ ജന ത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** നിന്റെ ആദർശങ്ങൾക്കൊത്തു സത്യസഭയെ ധീരമായി നയിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** വിവിധ സഭകൾ തമ്മിൽ പരസ്പരധാരണയും ഐക്യവും വളർത്തി / ഏകസത്യവിശ്വാസത്തിൽ / അവയെ പരിരക്ഷിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കാൻ / ശിഷ്യന്മാരെ നിയോഗിച്ച കർത്താവേ / ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന സഭയിൽ / യഥാർഥ പ്രേഷിതരാകാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദൈവവിളിക്കനുസൃതമായി സുവിശേഷവേലചെയ്തു / നീതിമാന്മാരോടൊപ്പം സ്വർഗഭാഗ്യത്തിന് അർഹരാകാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദൈവരാജ്യത്തിനു സാക്ഷികളായിത്തീർന്നു / മിശിഹായിൽ ലോകത്തെ നവീകരിക്കാൻ / ഞങ്ങളെ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പ്രേഷിതപ്രവർത്തനങ്ങളിൽ ഞങ്ങൾക്കുണ്ടാകുന്ന എതിർപ്പുകളെയും പ്രതിബന്ധങ്ങളെയും / പ്രത്യാശയോടെ തരണം ചെയ്യാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** സുവിശേഷത്തിനു സാക്ഷികളാകാൻ ഞങ്ങളെ വിളിച്ച കർത്താവേ / സഭയോടു ചേർന്ന് ഏകമനസായി പ്രേഷിതവേല ചെയ്യാൻ ഞങ്ങളെ സഹായിക്കണമേ. വിശുദ്ധിയോടും തീക്ഷ്ണതയോടുംകൂടി സഭയിൽ ശുശ്രൂഷചെയ്യാനും / നിന്നെ മഹത്വപ്പെടുത്താനും / പ്രേഷിതരംഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 142 കാണുക)*

## ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ" എന്നപേക്ഷിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**ശുശ്രൂഷി:** പ്രമാണങ്ങളെയും പ്രവാചകന്മാരെയും സമാദരിക്കുകയും / എല്ലാ നിയമങ്ങളും പൂർത്തിയാക്കുകയുംചെയ്ത മിശിഹായേ / ഞങ്ങളുടെ

മേലധികാരികളിൽ അങ്ങയെ ദർശിക്കാനും / അവരുടെ ആജ്ഞകൾ അനുസരിക്കാനും / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

**ശുശ്രൂഷി:** ഏലിയായുടെ തീക്ഷ്ണതയോടും മോശയുടെ ധൈര്യത്തോടും കൂടെ / ജീവിതകാലം മുഴുവൻ നിനക്കു ശുശ്രൂഷചെയ്യാൻ / ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

**ശുശ്രൂഷി:** താബോർമലയിൽവച്ചു രൂപാന്തരപ്പെടുകയും / നിന്റെ മഹത്വം കണ്ടു ഭീതിപൂണ്ട വത്സലശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയും ചെയ്ത കർത്താവേ / വിധിദിവസത്തിൽ മഹത്വപൂർണനായി നീ പ്രത്യക്ഷപ്പെടുമ്പോൾ / ആനന്ദത്തോടെ നിന്നെ എതിരേല്ക്കാൻ / ഞങ്ങളെ യോഗ്യരാക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**ശുശ്രൂഷി:** അക്രമം കൈവെടിഞ്ഞു സ്നേഹത്തിലും സഹിഷ്ണുതയിലും / സമാധാനത്തിന്റെ മാർഗത്തിലൂടെ ലോകജനതയെ നയിക്കാൻ / രാഷ്ട്രത്തലവന്മാരെ പഠിപ്പിക്കണമെന്നു / നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**ശുശ്രൂഷി:** തെരഞ്ഞെടുക്കപ്പെട്ട ജനത്തെ വാഗ്ദാനത്തിന്റെ നാട്ടിലേക്കു മോശ നയിച്ചതുപോലെ / സ്വർഗീയഭവനത്തിലേക്കു ഞങ്ങളെ നയിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ മിശിഹായേ / നീ കുരിശടയാളത്തോടുകൂടെ വാനമേഘങ്ങളിൽ ആഗതനാകുമ്പോൾ / നിന്റെ വലതുഭാഗത്ത് അണിനിരക്കാൻ / ഞങ്ങളെ അർഹരാക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

<u>**ശുശ്രൂഷി:**</u> നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവ സന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

<u>**ശുശ്രൂഷി:**</u> നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** പ്രവാചകന്മാരുടെ പ്രതീക്ഷയും പഴയനിയമത്തിന്റെ പൂർത്തീകരണവുമായ മിശിഹായേ / ദൈവദൂതന്മാരാൽ പരിസേവിതനായി / കുരിശടയാളത്തോടുകൂടെ വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാകുമ്പോൾ / വിശുദ്ധരോടൊന്നിച്ചു നിന്നെ എതിരേല്ക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിന്റെ പെസഹാരഹസ്യത്തിൽ സജീവമായി പങ്കെടുക്കുന്ന ഞങ്ങളെ / സ്വർഗരാജ്യത്തിന് അവകാശികളാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## പള്ളിക്കൂദാശക്കാലം

<u>**ശുശ്രൂഷി:**</u> നമുക്കെല്ലാവർക്കും സന്തോഷത്തോടെ / തിരുസഭയുടെ ഭാവി മഹത്വത്തെ സ്മരിച്ചുകൊണ്ട് / "കർത്താവേ നിന്റെ മഹത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, നിന്റെ മഹത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

<u>**ശുശ്രൂഷി:**</u> ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും എന്ന വാഗ്ദാനമനുസരിച്ച് / സഭയിൽ നിരന്തരം വസിച്ചുകൊണ്ട് / അവളെ നിത്യഭാഗ്യത്തിലേക്കു നയിക്കുന്ന കർത്താവേ.

**സമൂഹം:** നിന്റെ മഹത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

<u>**ശുശ്രൂഷി:**</u> ശ്ലീഹന്മാരും അവരുടെ പിൻഗാമികളുംവഴി / സഭയെ സ്വർഗീയ ജറുസലത്തേക്കു സുരക്ഷിതമായി നയിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കുന്ന കർത്താവേ,

**ശുശ്രൂഷി:** സഭയെ സ്നേഹിക്കുകയും / നിർമല വധുവായിരിക്കാൻ അവ ൾക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത കർത്താവേ,

**ശുശ്രൂഷി:** ലോകസൃഷ്ടിക്കു മുമ്പുതന്നെ / നിനക്കുണ്ടായിരുന്ന മഹത്വ ത്തിൽ ഞങ്ങൾ പങ്കുകാരാകാൻവേണ്ടി / അനുദിനം ഞങ്ങളുടെ കുരിശുമെടുത്തു നിന്നെ അനുഗമിക്കാൻ ആഹ്വാനം ചെയ്ത കർത്താവേ,

**ശുശ്രൂഷി:** എല്ലാ ജനപദങ്ങളും നിന്നെ രക്ഷകനായി ഏറ്റുപറയാനും / നിന്നിൽ ശാശ്വത സമാധാനം കണ്ടെത്താനും / രക്ഷയുടെ അടയാളവും സമാധാനത്തിന്റെ തുറമുഖവുമായി സഭയെ സ്ഥാപിച്ച കർത്താവേ,

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗി ച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണ മെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണ മെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവ സന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാ വിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** തിരുസഭയെ കളങ്കമേശാത്ത വധുവാക്കിത്തീർക്കാൻ / കാൽവ രിയിൽ ജീവാർപ്പണംചെയ്ത മിശിഹായേ / നിന്റെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്ന ഈ സമൂഹത്തിൽ നീ പ്രസാദിക്കണമേ. പരി ശുദ്ധാത്മാവിന്റെ സ്നേഹത്തിൽ നീ പിതാവിനോടു ഒന്നായിരിക്കുന്നതു പോലെ / ഞങ്ങളും നിന്നിൽ ഒന്നായിരിക്കാൻ സഹായിക്കണമേ. നിത്യസൗഭാഗ്യത്തെ നോക്കിപ്പാർത്തിരിക്കുന്ന ഞങ്ങളേവരെയും / നില നില്പിന്റെ വരം നല്കി അനുഗ്രഹിക്കുകയും ചെയ്യണമേ.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

# രൂപാന്തരീകരണത്തിരുനാൾ

*(ഓഗസ്റ്റ് 6)*

**<u>ശുശ്രൂഷി:</u>** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**<u>ശുശ്രൂഷി:</u>** രക്ഷകനായ മിശിഹായേ, നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും / രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെടുകയുംചെയ്ത സഭയ്ക്കു / പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും / നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും / ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**<u>ശുശ്രൂഷി:</u>** സഭയോടൊത്തു ചിന്തിക്കാനും / അവളുടെ പ്രവർത്തനങ്ങ ളിൽ കഴിവിനൊത്തു പങ്കാളികളാകാനുമുള്ള സന്മനസ് / നിന്റെ ജന ത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**<u>ശുശ്രൂഷി:</u>** നിന്റെ ആദർശങ്ങൾക്കൊത്തു സത്യസഭയെ ധീരമായി നയിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**<u>ശുശ്രൂഷി:</u>** വിവിധ സഭകൾ തമ്മിൽ പരസ്പരധാരണയും ഐക്യവും വളർത്തി / ഏകസത്യവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**<u>ശുശ്രൂഷി:</u>** താബോർ മലയിൽവച്ചു തന്റെ മഹത്വം ശിഷ്യന്മാർക്കു വെളിപ്പെടുത്തിയ കർത്താവേ / നിന്നെപ്പോലെ സഹനത്തിന്റെ മാർഗം പിൻചെന്നു / മഹത്വത്തിൽ പ്രവേശിക്കാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**<u>ശുശ്രൂഷി:</u>** തന്റെ മഹത്വപൂർണമായ രൂപാന്തരീകരണംവഴി / ശിഷ്യന്മാരെ വിശ്വാസത്തിൽ സ്ഥിരീകരിച്ച കർത്താവേ / ഞങ്ങളുടെ അനുദിന ജീവിതത്തിൽ / നിന്റെ മഹത്വപൂർണമായ സാന്നിധ്യം അനുഭവിച്ചറിയാനും / വിശ്വാസത്തിൽ ആഴപ്പെടാനും ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** "ഇവനെന്റെ പ്രിയപുത്രനാകുന്നു; ഇവനെ ശ്രവിക്കുവിൻ" എന്ന സന്ദേശം സ്വീകരിച്ച് / ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും സുവിശേഷാനുസൃതം ജീവിക്കാൻ / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** കൃപയും സത്യവും നിറഞ്ഞ ഏകജാതന്റെ മഹത്വം / ഞങ്ങൾക്കു വെളിപ്പെടുത്തിയ സ്നേഹസമ്പന്നനായ ദൈവമേ / അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. സഭയുടെ ശിരസായ മിശിഹായെ എല്ലായ്പ്പോഴും ശ്രവിച്ചുകൊണ്ട് / അവിടുത്തോടു സദൃശ്യരായി ജീവിക്കാനും / ദൈവമക്കളുടെ അവകാശം പ്രാപിക്കാനും ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## വിശുദ്ധ കുരിശിന്റെ പുകഴ്ച

*(സെപ്റ്റംബർ 14)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** ഏലിയായുടെ തീക്ഷ്ണതയോടും മൂശയുടെ ധൈര്യത്തോടും കൂടി / ജീവിതകാലം മുഴുവൻ നിനക്കു ശുശ്രൂഷചെയ്യാൻ / സഹായിക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**ശുശ്രൂഷി:** താബോർമലയിൽവച്ചു രൂപാന്തരപ്പെടുകയും / നിന്റെ മഹത്വം കണ്ടു ഭീതിപൂണ്ട വത്സലശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയും ചെയ്ത കർത്താവേ / വിധിദിവസത്തിൽ മഹത്വപൂർണനായി നീ പ്രത്യക്ഷപ്പെടുമ്പോൾ / ആനന്ദത്തോടെ നിന്നെ എതിരേല്ക്കാൻ / യോഗ്യരാക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**ശുശ്രൂഷി:** തെരഞ്ഞെടുക്കപ്പെട്ട ജനത്തെ വാഗ്ദാനത്തിന്റെ നാട്ടിലേക്കു മൂശ നയിച്ചതുപോലെ / സ്വർഗീയഭവനത്തിലേക്കു ഞങ്ങളെ നയിക്കാൻ, / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ മിശിഹായേ / നീ കുരിശടയാളത്തോടുകൂടി വാനമേഘങ്ങളിൽ ആഗതനാകുമ്പോൾ / നിന്റെ വലതുഭാഗത്തു അണിനിരക്കാൻ അർഹരാക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**ശുശ്രൂഷി:** "ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ / സകല മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും" എന്നരുളിച്ചെയ്ത കർത്താവേ / കുരിശിന്റെ പാതയിൽ സഞ്ചരിച്ചു / മഹത്വം പ്രാപിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**ശുശ്രൂഷി:** ശിക്ഷയുടെയും പരിഹാസത്തിന്റെയും അടയാളമായിരുന്ന കുരിശിനെ / മഹത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ, സകല ജനങ്ങളും കുരിശിൽ രക്ഷകണ്ടെത്താൻ അനുഗ്രഹിക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**ശുശ്രൂഷി:** കുരിശിന്റെ വചനം ദൈവത്തിന്റെ ശക്തിയാണെന്നു ഞങ്ങൾക്കു മനസിലാക്കിത്തന്ന കർത്താവേ / കുരിശിലാശ്രയിച്ചു ജീവിക്കാൻ കൃപചെയ്യണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗി

ച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** ഞങ്ങൾക്കുവേണ്ടി ക്രൂശിതനായ മിശിഹായേ / നിന്റെ കുരിശിൽ അഭിമാനം കൊള്ളാനും / അനുദിനജീവിതത്തിലെ കുരിശുകൾ വഹിച്ചു / നിന്നെ അനുഗമിക്കാനും ഞങ്ങളെ ശക്തരാക്കണമേ. നിന്റെ കുരിശ് ഞങ്ങൾക്കു രക്ഷയും അഭയവുമാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## മാതാവിന്റെ തിരുനാളുകൾ

### മാതാവിന്റെ മാതൃത്വത്തിരുനാൾ

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്നു / മനുഷ്യനായിപിറന്ന മിശിഹായെ ധ്യാനിച്ചുകൊണ്ടു / ദൈവമേ, "ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു" എന്ന് ഏറ്റുപറയാം.

**സമൂഹം:** ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** തന്റെ ഏകജാതനെ നല്കാൻ തക്കവിധം / ഈ ലോകത്തെ അത്യധികമായി സ്നേഹിച്ച ദൈവമേ,

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** വിനീതരായ ആട്ടിടയരെയും / വിജ്ഞാനികളായ ശാസ്ത്രജ്ഞരെയും / ദിവ്യസുതന്റെ സവിധത്തിലേക്കു നയിച്ച ദൈവമേ,

**ശുശ്രൂഷി:** തന്റെ തിരുക്കുമാരന്റെ മനുഷ്യാവതാരംവഴി എളിമയുടെയും ദാരിദ്ര്യത്തിന്റെയും മാതൃക കാട്ടുകയും / സമാധാനവും പ്രത്യാശയും നല്കി ലോകത്തെ അനുഗ്രഹിക്കുകയും ചെയ്ത ദൈവമേ,

**ശുശ്രൂഷി:** "നിന്റെ ഹിതം എന്നിൽ ഭവിക്കട്ടെ", എന്നു പറഞ്ഞു കൊണ്ടു / മനുഷ്യരക്ഷയ്ക്കായി സ്വയം സമർപ്പിക്കാൻ / മറിയത്തെ അനുഗ്രഹിച്ച ദൈവമേ,

**ശുശ്രൂഷി:** രക്ഷകനു ജന്മംനല്കിയ മറിയത്തെ / മനുഷ്യകുലത്തിന്റെ അമ്മയായി ഞങ്ങൾക്കു നല്കിയ ദൈവമേ,

**ശുശ്രൂഷി:** തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത പരിശുദ്ധ അമ്മയെ / മാതൃകയായി ഞങ്ങൾക്കു നല്കിയ ദൈവമേ,

**ശുശ്രൂഷി:** മനുഷ്യാവതാരംവഴി ഞങ്ങളുടെ നിത്യപുരോഹിതനായ മിശിഹായേ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കുന്ന ദൈവമേ.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** രക്ഷയുടെ വാഗ്ദാനം നിറവേറ്റിയ കർത്താവേ / അങ്ങയുടെ പരിപാലനം ഞങ്ങൾ വാഴ്ത്തുന്നു. മാതൃത്വത്തിന്റെ മാഹാത്മ്യം / അംഗീകരിക്കാനും ആദരിക്കാനും / അതുവഴി കുടുംബങ്ങൾ ധന്യമാകാനും ഇടയാകട്ടെ. സഭയുടെ മാതാവായ പരിശുദ്ധ കന്യകാമറിയം ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 142 കാണുക)*

## പരിശുദ്ധ കന്യകാമാതാവിന്റെ സ്വർഗാരോപണം

*(ഓഗസ്റ്റ് 15)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ

**ശുശ്രൂഷി:** രക്ഷകനായ മിശിഹായേ / നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും / രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെടുകയുംചെയ്ത സഭയ്ക്കു / പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും / നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും / ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സഭയോടൊത്തു ചിന്തിക്കാനും / അവളുടെ പ്രവർത്തനങ്ങ ളിൽ കഴിവിനൊത്തു പങ്കാളികളാകാനുമുള്ള സന്മനസ് / നിന്റെ ജന ത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** നിന്റെ ആദർശങ്ങൾക്കൊത്തു സത്യസഭയെ ധീരമായ് നയിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** വിവിധ സഭകൾ തമ്മിൽ / പരസ്പരധാരണയും ഐക്യവും വളർത്തി / ഏകസത്യവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ കർത്താവായ മിശിഹായേ / രക്ഷാകരകർമ്മ ത്തിൽ നിന്നോട് അടുത്തു സഹകരിക്കുകയും / മഹത്വം പ്രാപിക്കുകയും ചെയ്ത പരിശുദ്ധ അമ്മയെപ്പോലെ / ഞങ്ങളും ദൈവേഷ്ടം നിർവഹിക്കുന്നതിനും / നിത്യസൗഭാഗ്യം പ്രാപിക്കുന്നതിനും കൃപചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പരിശുദ്ധ കന്യകാമറിയത്തെ നിന്റെ മഹത്വപൂർണതയിൽ / ശാരീരികമായിട്ടുകൂടി പങ്കുചേർത്ത കർത്താവേ / ഞങ്ങളുടെ ശരീരങ്ങളെ നിന്റെ മഹത്വത്തിൽ പങ്കുചേർക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പരിശുദ്ധാത്മാവ് ഇറങ്ങിവസിച്ച് / കന്യകാമാതാവിന്റെ ശരീരത്തെ മഹത്വപ്പെടുത്തിയ കർത്താവേ / ദൈവാത്മാവിന്റെ സജീവാലയമായ ഞങ്ങളുടെ ശരീരത്തെ / നിർമലമായി കാത്തുസൂക്ഷിക്കുന്നതിനു കൃപചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ / അനുഗൃഹീതയും കൃപാവരപൂർണയുമായ മാതാവിന്റെ മാധ്യസ്ഥ്യംവഴി / അങ്ങയോടു ഞങ്ങൾ വിനയപൂർവം അപേക്ഷിക്കുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. സ്വർഗാരോപിതയായ മറിയത്തിന്റെ പ്രാർഥനകൾ / ഈ ലോകത്തിൽ ഞങ്ങൾക്ക് ഉറപ്പുള്ള സഹായവും സംരക്ഷണവുമായിരിക്കട്ടെ. പരിശുദ്ധ അമ്മയെപ്പോലെ ഞങ്ങളും / സദാ സ്വർഗീയ

കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചുകൊണ്ടു ജീവിക്കാനും / നിത്യമഹത്വം പ്രാപിക്കാനും അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## മാതാവിന്റെ ജനനത്തിരുനാൾ

*(സെപ്റ്റംബർ 8)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടെ നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** രക്ഷകനായ മിശിഹായേ, നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും / രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിപ്പിക്കപ്പെടുകയുംചെയ്ത സഭയ്ക്കു / പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും / നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും / ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സഭയോടൊത്തുചിന്തിക്കാനും / അവളുടെ പ്രവര് ത്തനങ്ങ ളില് കഴിവിനൊത്തുപങ്കാളികളാകാനുമുള്ള സന്മനസ് / നിന്റെ ജന ത്തിനു നല്കണമെന്നു ഞങ്ങള് പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** നിന്റെ ആദർശങ്ങൾക്കൊത്തു സത്യസഭയെ ധീരമായി നയിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** വിവിധ സഭകൾ തമ്മിൽ പരസ്പരധാരണയും ഐക്യവും വളർത്തി / ഏകസത്യവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പരിശുദ്ധ കന്യകാമറിയത്തെ എല്ലാവിധ സുകൃതങ്ങളാലും അലങ്കരിച്ചു / ഞങ്ങൾക്ക് അമ്മയും മാതൃകയുമായി നല്കിയ ദൈവമേ /

ഞങ്ങളുടെ ജീവിതയാത്രയിൽ പരിശുദ്ധ അമ്മയെ അനുകരിക്കാൻ / അനുഗ്രഹം നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഹന്നായ്ക്കു സന്താനസൗഭാഗ്യംനല്കി അനുഗ്രഹിച്ച ദൈവമേ / മക്കളില്ലാത്ത ദമ്പതികൾക്കു / സന്താനസൗഭാഗ്യംനല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** മറിയത്തിന്റെ ജനനത്താൽ സ്ത്രീവംശത്തിനു മഹത്വം നല്കിയ ദൈവമേ / സ്ത്രീത്വത്തിന്റെ മഹത്വവും മാഹാത്മ്യവും ഗ്രഹി ക്കാനും / അതനുസരിച്ചു വർത്തിക്കാനും / എല്ലാവരെയും അനുഗ്രഹിക്ക ണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സഭയുടെ മാതാവായി പരിശുദ്ധ കന്യകാമറിയത്തെ ഞങ്ങൾക്കു നല്കിയ കർത്താവേ / ദൈവമാതാവിന്റെ പ്രാർഥനയാൽ / സഭയെ എല്ലാവിധ അപകടങ്ങളിലുംനിന്നു സംരക്ഷിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** കർത്താവായ ദൈവമേ, പരിശുദ്ധ കന്യകാമറിയത്തെ ദൈവമാതാവായി തെരഞ്ഞെടുത്തു / മനുഷ്യവംശത്തെ മഹത്വമണിയിച്ച അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. സ്ത്രീകൾക്കു കുടുംബത്തിലും സമൂഹത്തിലുമുള്ള സ്ഥാനം മനസിലാക്കുന്നതിനും / അവരെ അർഹമായ രീതിയിൽ അംഗീകരിക്കുന്നതിനും ബഹുമാനിക്കുന്നതിനും / ഞങ്ങളെ

സഹായിക്കണമേ. പരിശുദ്ധ അമ്മയുടെ സഹായത്താൽ / ഞങ്ങൾ നിർമലരായി വളരാൻ ഇടയാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## അമലോത്ഭവ മാതാവിന്റെ തിരുനാൾ

*(ഡിസംബർ 8)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്ന് പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** ആദത്തിന്റെ പാപംമൂലം അധഃപതിച്ച മനുഷ്യർക്കു / രക്ഷകനായി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായേ / ഞങ്ങൾക്കു പാപമോചനവും രക്ഷയും നല്കണമെന്ന് / നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പൂർവപിതാക്കന്മാർ പ്രത്യാശയോടെ പാർത്തിരുന്ന മിശിഹായെ / കൃപാവരങ്ങൾ നല്കി തിരുസഭയെ ധന്യമാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** മനുഷ്യാവതാരംവഴി ഞങ്ങളുടെ നിത്യപുരോഹിതനായ മിശിഹായെ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഉത്ഭവപാപത്തിൽനിന്ന് മറിയത്തെ സംരക്ഷിച്ചു മഹത്വപ്പെടുത്തിയ ദൈവമേ / എല്ലാ തിന്മകളിൽനിന്നും ഞങ്ങളെ കാത്തുരക്ഷിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** എല്ലാ സൃഷ്ടികളിലും ഉപരിയായി മറിയത്തെ പ്രസാദവരത്താൽ അലങ്കരിച്ച കർത്താവേ / മാമ്മോദീസയിലൂടെ ഞങ്ങൾക്കു ലഭിച്ച വിശുദ്ധി അഭംഗുരം പാലിക്കാൻ / ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദൈവേഷ്ടം പൂർണമായി നിറവേറ്റിയ കന്യകാമറിയത്തെ അനുകരിച്ച് / ജീവിതത്തിലെ ഓരോ നിമിഷവും / അങ്ങയുടെ തിരുമനസിനു വിധേയരായി ജീവിക്കാൻ / ഞങ്ങളെ അനുവദിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ / അങ്ങയോടു ഞങ്ങൾ വിനയപൂർവം പ്രാർഥിക്കുന്നു. അങ്ങയുടെ പ്രിയപുത്രന്റെ മാതാവും ഞങ്ങളുടെ അമ്മയുമായ മറിയത്തെ / സകലവിധ നന്മകളാലും അങ്ങ് അലങ്കരിച്ചുവല്ലോ. ഈ അമ്മയുടെ മാധ്യസ്ഥ്യം തേടുന്ന ഞങ്ങളെ / എല്ലാ പാപമാലിന്യങ്ങളിൽനിന്നും വിമുക്തരാക്കി / ആത്മീയവരങ്ങളാലും സുകൃതങ്ങളാലും സമ്പന്നരാക്കണമേ. സ്വർഗോന്മുഖരായി ജീവിക്കാനും / അനവരതം അങ്ങയെ പാടിപ്പുകഴ്ത്താനും / ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## മാതാവിന്റെ മറ്റു തിരുനാൾ

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ

**ശുശ്രൂഷി:** "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു / പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ / കർത്താവും ദൈവവുമായി നിന്നെ ഏറ്റു പറയാൻ / നിന്റെ സഭയെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായേ, വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** "ഇതാ കർത്താവിന്റെ ദാസി" എന്നു പ്രത്യുത്തരിച്ചുകൊണ്ടു / ദൈവഹിതത്തിനു പൂർണമായി വിധേയപ്പെട്ടുകയും / വചനമാകുന്ന ദൈവത്തിനു ഭൂമിയിൽ ജന്മംനല്കുകയും ചെയ്തു / പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃകയിൽ / വചനമാകുന്ന മിശിഹായെ ലോകത്തിൽ പ്രഘോഷിക്കാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** കർത്താവിൽനിന്നു കേട്ട കാര്യങ്ങൾ വിശ്വസിക്കുകയും / വചനം ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിക്കുകയും ചെയ്തു / പരിശുദ്ധ കന്യകാമറിയത്തെപ്പോലെ / വചനം ശ്രവിക്കാനും അതനുസരിച്ചു ജീവിക്കാനും / ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ആദിമാതാവായ ഹവ്വായുടെ അനുസരണക്കേടുമൂലമുണ്ടായ ശാപം നീക്കുന്നതിന് / അനുസരണംവഴി രക്ഷാകരകർമത്തിൽ സഹകരിച്ച പരിശുദ്ധ കന്യകാമറിയത്തെപ്പോലെ / ഞങ്ങളും രക്ഷയുടെയും പ്രത്യാശയുടെയും ഉപകരണങ്ങളായിത്തീരാൻ / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** കർത്താവായ ദൈവമേ, പരിശുദ്ധ കന്യകാമറിയത്തിന്റെ ... തിരുനാൾ ആഘോഷിക്കുന്ന / ഞങ്ങളുടെ പ്രാർഥനകൾ കരുണാപൂർവം സ്വീകരിക്കണമേ. അങ്ങയുടെ ഹിതത്തിനു സമ്പൂർണമായി സമർപ്പിക്കാനും / വിശുദ്ധിയിൽ വളരാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ജീവിതാന്ത്യത്തിൽ അമ്മയോടൊപ്പം മഹത്വത്തിലേക്കു പ്രവേശിക്കാനും / സ്വർഗഭാഗ്യം അനുഭവിക്കാനും ഞങ്ങൾക്കിടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ

*(മാർച്ച് 9, മേയ് 1)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ / ഉപവാസത്തിലും പ്രാർഥനയിലും ചെലവഴിച്ച മിശിഹായേ / തപസിന്റെയും പ്രായശ്ചിത്തത്തിന്റെയും ചൈതന്യത്തിൽ ജീവിക്കാനും / പ്രാർഥനാരൂപിയിൽ വളരാനും / ഞങ്ങളെ അനുഗ്രഹിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹായേ / ഞങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കാൻ / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പിതാവിന്റെ ഹിതമനുസരിച്ച് / അവതാരം ചെയ്ത വചനത്തെ പരിപാലിച്ച മാർ യൗസേപ്പിനെപ്പോലെ / വിശ്വാസത്തിലും വിശുദ്ധിയിലും / തങ്ങളുടെ മക്കളെ ദൈവോന്മുഖരായി വളർത്താൻ / എല്ലാ മാതാപിതാക്കളെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുക്കുടുംബത്തെ പുലർത്താൻ നിരന്തരം അധ്വാനിച്ച വിശുദ്ധ യൗസേപ്പിനെപ്പോലെ / ഞങ്ങളുടെ തൊഴിലിനോടു വിശ്വസ്തത പുലർത്താനും / അതിൽ അർഥവും ആനന്ദവും കണ്ടെത്താനും / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സഭയുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പിന്റെ മധ്യസ്ഥതയാൽ / സഭയോടൊത്തു ചിന്തിക്കാനും / അവളുടെ സംരക്ഷണത്തിനും വളർച്ചയ്ക്കുംവേണ്ടി ജീവിതം സമർപ്പിക്കാനും / സഭാതനയർക്കെല്ലാവർക്കും ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും മാർഗത്തിൽ ഞങ്ങളെ നയിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവ സന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** നസ്രത്തിലെ തിരുക്കുടുംബത്തിൽ / മാർ യൗസേപ്പിന്റെ സംരക്ഷണയിൽ വളർന്ന ഈശോയേ / അനുസരണത്തിന്റെയും പ്രാർഥനയുടെയും അധ്വാനത്തിന്റെയും ജീവിതം നയിക്കാൻ / ഞങ്ങളെ അനുഗ്രഹിക്കണമേ. നിന്റെ വളർത്തുപിതാവിനെപ്പോലെ / ഞങ്ങളെ ഭരമേല്പിക്കുന്ന ചുമതലകൾ / വിശ്വസ്തതയോടെ നിറവേറ്റാൻ ഞങ്ങളെ പഠിപ്പിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## വിശുദ്ധ സ്നാപകയോഹന്നാൻ

*(ദനഹ ഒന്നാംവെള്ളി)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്നു "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ / കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയാൻ / നിന്റെ സഭയെ അനുഗ്രഹിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദാസന്റെയും പാപിയുടെയും രൂപം ധരിച്ച മിശിഹായേ / വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ

*(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** മിശിഹായുടെ മുന്നോടിയായ യോഹന്നാൻ മാംദാനയെപ്പോലെ / ഞങ്ങൾ സത്യത്തിന്റെ സാക്ഷികളും / പരിത്യാഗത്തിന്റെ മാതൃകകളുമായിത്തീരാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** യോഹന്നാനെ അനുകരിച്ചു നിസ്വാർഥ ജീവിതത്തിലൂടെ / അങ്ങയുടെ മഹത്വം ലക്ഷ്യമാക്കി ജീവിക്കാൻ / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** "അവൻ വളരുകയും ഞാൻ ചെറുതാകുകയും ചെയ്യണ"മെന്നു പറഞ്ഞ / സ്നാപകന്റെ ചൈതന്യം ഉൾക്കൊണ്ടു / ഞങ്ങളുടെ സഹോദരങ്ങളുടെ വളർച്ചയിലും ഉന്നമനത്തിലും സന്തോഷിക്കാൻ / പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ടി / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു

**കാർമി:** കർത്താവായ ദൈവമേ, മാനസാന്തരത്തിന് ആഹ്വാനം ചെയ്ത സ്നാപകയോഹന്നാന്റെ സ്വരം ശ്രവിക്കുകയും / ഹൃദയപരിവർത്തനത്തിനു വിധേയരാകുകയും ചെയ്യാൻ ഞങ്ങളെ ശക്തരാക്കണമേ. ഞങ്ങൾ അങ്ങേക്കു സാക്ഷ്യം വഹിക്കുന്നവരും / അങ്ങയെ പ്രഘോഷി

ക്കുന്നവരുമാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേ ശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 142 കാണുക)*

## വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാർ

*(ദനഹ രണ്ടാംവെള്ളി / ജൂൺ 29)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ / കർത്താവും ദൈവവുമായി നിന്നെ ഏറ്റു പറയാൻ / നിന്റെ സഭയെ അനുഗ്രഹിക്കണമെന്നു / നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദാസന്റെയും പാപിയുടെയും രൂപം ധരിച്ച മിശിഹായേ, വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ശ്ലീഹന്മാരിലൂടെ ഞങ്ങൾക്കു ലഭിച്ച വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** വിശ്വാസത്തെപ്രതി രക്തസാക്ഷിത്വംവരിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരെപ്പോലെ / എല്ലാറ്റിലുമുപരിയായി അങ്ങയെ സ്നേഹിക്കാനും / അങ്ങേക്കുവേണ്ടി ജീവൻ അർപ്പിക്കാനും / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സുവിശേഷപ്രഘോഷണം സർവപ്രധാന ദൗത്യമാക്കിയ / പത്രോസ് പൗലോസ് ശ്ലീഹന്മാരെപ്പോലെ / ജീവിതകാലം മുഴുവൻ സുവിശേഷത്തിനു സാക്ഷികളാകാൻ / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ, / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ മക്കളിൽനിന്നു / ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു

**കാർമി:** കർത്താവായ ദൈവമേ, അങ്ങയുടെ സഭയെ പഠിപ്പിക്കാനും നയിക്കാനും / അങ്ങു നിയോഗിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ജീവിതമാതൃക / ഞങ്ങൾക്കു മാർഗദീപമാകട്ടെ. അങ്ങയിലുള്ള വിശ്വാസം ഏറ്റുപറയാനും / അങ്ങയുടെ വചനം പ്രഘോഷിക്കാനും ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന

*(ജൂലൈ 3)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** ദരിദ്രർക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നു എന്നരുളിച്ചെയ്ത മിശിഹായേ / സുവിശേഷ ഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ടു /

നിന്റെ സത്യത്തിനു സാക്ഷികളാകാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ മാതൃകയനുസരിച്ച് / നിന്നോടുകൂടി മരിക്കാൻ സന്നദ്ധരായ അനേകം മിഷണറിമാരെ / സഭയ്ക്കു നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കാൻ ശിഷ്യന്മാരെ നിയോഗിച്ച മിശിഹായേ, / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ജീവിതത്തിലെ വിവിധ രംഗങ്ങളിൽ ജോലി ചെയ്യുന്നവർ / സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കാൻ / പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** "വഴിയും സത്യവും ജീവനും ഞാനാകുന്നു" എന്നു / ഞങ്ങൾക്കു വെളിപ്പെടുത്തിയ മിശിഹായേ / നിന്നെ ഞങ്ങളുടെ സർവസ്വവുമായി സ്വീകരിച്ചുജീവിക്കാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നുദ്ഘോഷിച്ചുകൊണ്ടു / നിന്നിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ മാർത്തോമ്മാ ശ്ലീഹായെപ്പോലെ / കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** "നമുക്കും അവനോടുകൂടിപോയി മരിക്കാം" എന്നു പറഞ്ഞുകൊണ്ടു / നിർഭയനായി നിന്നെ അനുഗമിച്ച മാർത്തോമ്മാ ശ്ലീഹായെപ്പോലെ / നിന്നെപ്രതി ജീവൻപോലും ത്യജിക്കാൻ / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവ സന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു

**കാർമി:** ഞങ്ങളുടെ കർത്താവായ മിശിഹായേ / നിന്നിൽ ആഴമായി വിശ്വസിച്ച മാർത്തോമ്മായെ / പിതാവും ശ്ലീഹയുമായി ഞങ്ങൾക്കു നല്കിയ / നിന്റെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. ഈ പുണ്യാത്മാവിന്റെ വിശ്വാസദാർഢ്യവും ധൈര്യവും / പ്രേഷിതചൈതന്യവും ഞങ്ങൾക്കും നല്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## ശ്ലീഹന്മാരുടെ തിരുനാൾ

*(കൈത്താക്കാലം ഒന്നാംഞായർ)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** രക്ഷകനായ മിശിഹായേ, നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും / രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെടുകയുംചെയ്ത സഭയ്ക്കു / പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും / നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും / ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സഭയോടൊത്തു ചിന്തിക്കാനും / അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകാനുമുള്ള സന്മനസ് / നിന്റെ ജനത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** നിന്റെ ആദർശങ്ങൾക്കൊത്തു സത്യസഭയെ ധീരമായി നയിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പാ

യെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** വിവിധസഭകൾ തമ്മിൽ പരസ്പരധാരണയും ഐക്യവും വളർത്തി / ഏകസത്യവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കാൻ / ശിഷ്യന്മാരെ നിയോഗിച്ച കർത്താവേ, ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന സഭയിൽ / യഥാർഥ പ്രേഷിതരാകാൻ / ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദൈവവിളിക്കനുസൃതമായി സുവിശേഷവേലചെയ്തു / നീതിമാന്മാരോടൊപ്പം സ്വർഗസൗഭാഗ്യത്തിന് അർഹരാകാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദൈവരാജ്യത്തിനു സാക്ഷികളായിത്തീർന്നു / മിശിഹായിൽ ലോകത്തെ നവീകരിക്കാൻ / ഞങ്ങളെ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പ്രേഷിതപ്രവർത്തനങ്ങളിൽ ഞങ്ങൾക്കുണ്ടാകുന്ന എതിർപ്പുകളെയും പ്രതിബന്ധങ്ങളെയും / പ്രത്യാശയോടെ തരണം ചെയ്യാൻ / ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു

**കാർമി:** സുവിശേഷത്തിനു സാക്ഷികളാകാൻ ഞങ്ങളെ വിളിച്ച കർത്താവേ / സഭയോടുചേർന്ന് ഏകമനസായി പ്രേഷിതവേല ചെയ്യാൻ ഞങ്ങളെ സഹായിക്കണമേ. വിശുദ്ധിയോടും തീക്ഷ്ണത യോടുംകൂടി സഭയിൽ ശുശ്രൂഷ ചെയ്യാനും / നിന്നെ മഹത്വപ്പെടു ത്താനും / പ്രേഷിതരംഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 142 കാണുക)*

## വിശുദ്ധ സുവിശേഷകന്മാർ

*(ദനഹ മൂന്നാംവെള്ളി)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ / കർത്താവും ദൈവവുമായ നിന്നെ ഏറ്റു പറയാൻ / സഭയെ അനുഗ്രഹിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായേ / വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** *(വിശുദ്ധ മത്തായിയുടെ തിരുനാളിന്)* ചുങ്കക്കാരനായ മത്തായിയെ / ശ്ലീഹായും സുവിശേഷകനുമായി തെരഞ്ഞെടുത്ത കർത്താവേ,

ലൗകികവ്യാപാരങ്ങളിൽ / നീതിയും സത്യസന്ധ്യതയും പുലർത്തി ജീവിക്കാനുള്ള കൃപാവരം നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** *(വിശുദ്ധ മർക്കോസിന്റെ തിരുനാളിന്)* മനുഷ്യാവതാരം ചെയ്ത വചനത്തെ ലോകത്തിനു വെളിപ്പെടുത്താൻ / വിശുദ്ധ മർക്കോ സിനെ നിയോഗിച്ച കർത്താവേ / ഞങ്ങളുടെ ജീവിതസാഹചര്യങ്ങളെ വിശുദ്ധമാക്കാനുള്ള അനുഗ്രഹം നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** *(വിശുദ്ധ ലൂക്കായുടെ തിരുനാളിന്)* സകല ജനപദങ്ങളുടെയും പാപപരിഹാരാർഥം ബലിയർപ്പിക്കപ്പെട്ട രക്ഷകനാണു മിശിഹാ യെന്നു / സുവിശേഷകനായ ലൂക്കായിലൂടെ ഞങ്ങളെ പഠിപ്പിച്ച കർത്താവേ / ഞങ്ങളുടെ ജീവിതത്തെ / യഥാർഥബലിയായി അർപ്പി ക്കാൻവേണ്ട അനുഗ്രഹം നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** *(വിശുദ്ധ യോഹന്നാന്റെ തിരുനാളിന്)* ദൈവികരഹസ്യങ്ങ ളുടെ ആഴങ്ങളിലേക്കിറങ്ങാൻ വിശുദ്ധ യോഹന്നാനു കൃപ നല്കിയ കർത്താവേ / നിന്റെ വചനം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന എല്ലാവർക്കും / ദൈവാത്മാവിന്റെ വരങ്ങൾ നല്കി അനുഗ്രഹിക്കണ മെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗി ച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവുംനല്കി അനുഗ്രഹിക്കണ മെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണ മെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവ സന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാ വിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** കർത്താവേ, ശക്തനായ ദൈവമേ, അങ്ങയോടു ഞങ്ങൾ വിന യപൂർവം പ്രാർഥിക്കുകയും യാചിക്കുകയും ചെയ്യുന്നു. *സുവിശേഷക നായ ...നെ/യെ (വിശുദ്ധ സുവിശേഷകന്മാരെ)* അങ്ങയുടെ അരൂപി യാൽ നിറച്ചതുപോലെ / ഞങ്ങളെയും അങ്ങയുടെ ആത്മാവിനാൽ പൂരി തരാക്കണമേ. സുവിശേഷവെളിച്ചം ഇനിയും എത്തിയിട്ടില്ലാത്ത ജനപദ ങ്ങളുടെ പക്കലേക്കു / സുവിശേഷപ്രഘോഷകരെ ധാരാളമായി അയയ്ക്ക ണമേ. എല്ലാവരും രക്ഷയുടെ വചനം ശ്രവിച്ച് / ലോകത്തിന്റെ പ്രകാശ മായ മിശിഹായെ സ്വീകരിക്കാൻ ഇടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## വിശുദ്ധ എസ്തപ്പാനോസ്

*(ദനഹ നാലാംവെള്ളി, ഡിസംബർ 26)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ / കർത്താവും ദൈവവുമായ നിന്നെ ഏറ്റുപറയാൻ / സഭയെ അനുഗ്രഹിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായേ / വിനീ തമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാ പ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണ മെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പ്രഥമ രക്തസാക്ഷിയായ എസ്തപ്പാനോസിനെപ്പോലെ / ഞങ്ങളെയും കൃപാവരവും ശക്തിയും നിറഞ്ഞവരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** അനുദിനജീവിതത്തിൽ ഞങ്ങൾക്കുണ്ടാകുന്ന ക്ലേശങ്ങളിൽ / വിശുദ്ധ എസ്തപ്പാനോസിനെ അനുകരിച്ച് / ഞങ്ങളുടെ ചിന്തകളെ സ്വർഗത്തിലേക്കുയർത്തി / അങ്ങയിൽ ആശ്വാസം കണ്ടെത്താൻ ഇടയാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ശത്രുക്കളോടു ക്ഷമിക്കാനും / പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കാനും / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവുംനല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** കർത്താവേ, ശക്തനായ ദൈവമേ / അങ്ങയോടു ഞങ്ങൾ വിനയപൂർവം പ്രാർഥിക്കുന്നു. അങ്ങയുടെ കൃപാവരങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ. പ്രഥമ രക്തസാക്ഷിയായ എസ്തപ്പാനോസിന്റെ ഓർമ ആചരിക്കുന്ന ഞങ്ങൾ / ആധ്യാത്മികവരങ്ങളാലും സുകൃതങ്ങളാലും സമ്പന്നരാകട്ടെ. അവിടുത്തെ വത്സലസുതനും ഞങ്ങളുടെ രക്ഷകനുമായ മിശിഹായ്ക്കു സജീവസാക്ഷ്യം വഹിച്ചുകൊണ്ട് / അവിടുത്തെ ആത്മീയ പ്രകാശം എങ്ങും പ്രസരിപ്പിക്കാൻ പ്രാപ്തരാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

**രക്തസാക്ഷികൾ**

*(വിശുദ്ധ സെബസ്ത്യാനോസ്- ജനുവരി 20,*
*വിശുദ്ധ ഗീവർഗീസ്- ഏപ്രിൽ 24 തുടങ്ങിയവരുടെ തിരുനാളുകൾക്ക്).*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ / കർത്താവും ദൈവവുമായ നിന്നെ ഏറ്റുപറയാൻ / സഭയെ അനുഗ്രഹിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായേ / വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** രക്തം ചിന്തി സഭയെ വളർത്തിയ വിശുദ്ധ *(... പേര്)* നെപ്പോലെ / വിശ്വാസത്താലും തീക്ഷ്ണതയാലും നിറഞ്ഞു / സദ്ഫലങ്ങൾ പുറപ്പെടുവിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളും ദുരിതങ്ങളും / *വിശുദ്ധ ... നെപ്പോലെ (രക്തസാക്ഷികളെപ്പോലെ)* സന്തോഷപൂർവം സ്വീകരിക്കാനും / ദൈവസ്നേഹത്തിൽ വളരാനും / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ / വിശ്വാസത്തെപ്രതി പീഡയനുഭവിക്കുന്ന സഹോദരരെ / ധൈര്യംനല്കി ആശ്വസിപ്പിക്കണമെന്നും / വിശ്വാസത്തിൽ നിലനില്ക്കാൻ അവർക്കു വരം നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗി

ച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവുംനല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** കർത്താവായ ദൈവമേ / സത്യവിശ്വാസത്തെപ്രതി ജീവൻ ഹോമിച്ച / *രക്തസാക്ഷിയായ ... ന്റെ (രക്തസാക്ഷികളുടെ)* ജീവിതമാതൃക പിഞ്ചെല്ലാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. ഈ ലോകത്തിൽ അങ്ങയെപ്രതി നിന്ദനങ്ങളും പീഡകളും സഹിക്കാനും / അചഞ്ചലരായി സത്യവിശ്വാസം പ്രഘോഷിക്കാനും / സഭാഗാത്രത്തിന്റെ വളർച്ചയ്ക്കായി യത്നിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## വിശുദ്ധ അൽഫോൻസ

*(ജൂലൈ 28)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** "ദരിദ്രർക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നു" എന്നരുളിച്ചെയ്ത മിശിഹായേ / സുവിശേഷഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ടു / നിന്റെ സത്യത്തിനു സാക്ഷികളാകാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു / നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ മാതൃകയനുസരിച്ച് / നിന്നോടുകൂടി മരിക്കാൻ സന്നദ്ധരായ അനേകം മിഷണറിമാരെ / സഭയ്ക്കു നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കാൻ ശിഷ്യന്മാരെ നിയോഗിച്ച മിശിഹായേ, / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ജീവിതത്തിലെ വിവിധ രംഗങ്ങളിൽ ജോലി ചെയ്യുന്നവർ / സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കാൻ / പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദൈവസ്നേഹത്തെപ്രതി എല്ലാം സഹിക്കുകയും / അതിൽ സന്തോഷം കണ്ടെത്തുകയും ചെയ്ത വിശുദ്ധ അൽഫോൻസയെപ്പോലെ / ദൈവേഷ്ടത്തിനു തങ്ങളെത്തന്നെ സമർപ്പിക്കുന്നതിനും / ജീവിതക്ലേശങ്ങളെയും പ്രയാസങ്ങളെയും / വീരോചിതമായി നേരിടുന്നതിനും വേണ്ട അനുഗ്രഹം / ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** നിലത്തു വീണഴിഞ്ഞു ഫലം പുറപ്പെടുവിക്കുന്ന ഗോതമ്പുമണിപോലെ / ദൈവരാജ്യത്തിന്റെ ഫലങ്ങൾ സഭയിൽ പുറപ്പെടുവിക്കാൻ / സമർപ്പിതർക്കു വരംനല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും വഴിയിൽ സമർപ്പിതജീവിതം നയിക്കുന്നതിനു / തത്പരരും യോഗ്യരുമായ ധാരാളം യുവതീയുവാക്കന്മാരെ വിളിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

<u>**ശുശ്രൂഷി:**</u> നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവ സന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

<u>**ശുശ്രൂഷി:**</u> നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു

**കാർമ്മി:** കർത്താവായ ദൈവമേ / അങ്ങയെപ്രതി എല്ലാം ഉപേക്ഷിക്കുന്നതിനും / ക്ലേശങ്ങൾ സഹിക്കുന്നതിനും / വിശുദ്ധ അൽഫോൻസയെ അങ്ങു ശക്തയാക്കിയല്ലോ. ആഴമേറിയ വിശ്വാസത്തിന്റെയും / ദൈവസ്നേഹത്തിന്റെയും സാക്ഷ്യമായ / ഈ സമർപ്പിതജീവിതം ഞങ്ങൾക്കു മാതൃകയാകട്ടെ. ഈ പുണ്യവതിയുടെ മാധ്യസ്ഥ്യം തേടുന്ന ഞങ്ങൾക്കു / പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും അരൂപിയും / ദൈവസ്നേഹ ചൈതന്യവും നല്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## വിശുദ്ധരുടെ തിരുനാൾ

*(ഉയിർപ്പുകാലം ഒന്നാംവെള്ളി)*

<u>**ശുശ്രൂഷി:**</u> നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

<u>**ശുശ്രൂഷി:**</u> വഴിയും സത്യവും ജീവനുമായ മിശിഹായേ / നിന്റെ പുനരുത്ഥാനത്തിൽ ആനന്ദിക്കുന്ന ഞങ്ങളെ / അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും / അസത്യത്തിൽനിന്നു സത്യത്തിലേക്കും / മരണത്തിൽനിന്നു മരണമില്ലായ്മയിലേക്കും ആനയിക്കണമെന്നു / നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

<u>**ശുശ്രൂഷി:**</u> പരിഹാസത്തിന്റെ അടയാളമായ കുരിശിനെ / പുനരുത്ഥാനം വഴി / മഹത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ / ഞങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടുകൂടെ കുരിശിൽ തറയ്ക്കാനും / ആത്മ

സമർപ്പണത്തിൽ നിത്യജീവൻ കണ്ടെത്താനും / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും / സത്യത്തെപ്രതി പീഡയനുഭവിക്കുന്നവരും / അങ്ങയുടെ മഹത്വപൂർണമായ ഉത്ഥാനത്തെയും / അവർണനീയമായ സ്വർഗഭാഗ്യത്തെയും ഓർത്തുകൊണ്ടു / നല്ല ഓട്ടം ഓടാനും / വിശ്വാസം സംരക്ഷിക്കാനും / വരം തരണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** *വിശുദ്ധ ... ന്റെ (വിശുദ്ധരുടെ)* ഓർമ ആചരിക്കുന്ന ഞങ്ങളെല്ലാവരും / വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരാണെന്ന ബോധ്യത്തിൽ വളരാൻ / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സർപ്പങ്ങളെപ്പോലെ വിവേകികളും / പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായി ജീവിച്ച / *വിശുദ്ധ ... നെ പ്പോലെ (വിശുദ്ധരെ പ്പോലെ)* / വിവേകത്തോടും നൈർമല്യത്തോടുംകൂടി ജീവിക്കാൻ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പ്രാർഥനയിലും ഉപവാസത്തിലും ദിനരാത്രങ്ങൾ ചെലവഴിച്ച *വിശുദ്ധ ... നെ (വിശുദ്ധരെ)* അനുകരിച്ചു / പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും ജീവിതം നയിക്കാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** പുനരുത്ഥാനത്തിന്റെ മഹത്വത്തിലേക്കു ദൈവജനത്തെ നയിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

<u>**ശുശ്രൂഷി:**</u> നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവ സന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

<u>**ശുശ്രൂഷി:**</u> നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു

**കാർമി:** വിശുദ്ധിതന്നെയായ ദൈവമേ / അങ്ങയുടെ പുത്രനായ മിശിഹായെ അനുകരിച്ചു വിശുദ്ധജീവിതം നയിച്ച / അങ്ങയുടെ പ്രിയ *ദാസൻ/ദാസി ... നെ പ്രതി (ദാസരെപ്രതി)* ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ജീവിതത്തിലും മരണത്തിലും മിശിഹായ്ക്കു നിർഭയം സാക്ഷ്യം വഹിച്ചു / വിശുദ്ധിയുടെ പരിമളം പരത്താൻ ഞങ്ങൾക്കിടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 142 കാണുക)***

## മൂന്നുനോമ്പ് (നിനിവേ ഉപവാസം)

*(വലിയനോമ്പിനു മൂന്നാഴ്ചമുമ്പ് തിങ്കൾ മുതൽ വ്യാഴംവരെ)*

<u>**ശുശ്രൂഷി:**</u> നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

<u>**ശുശ്രൂഷി:**</u> ഇവൻ എന്റെ പ്രിയപുത്രനാകുന്നു എന്നു പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ / കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയാൻ / നിന്റെ സഭയെ അനുഗ്രഹിക്കണമെന്നു / നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

<u>**ശുശ്രൂഷി:**</u> ദാസന്റെയും പാപിയുടെയും രൂപം ധരിച്ച മിശിഹായേ / വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കാൻ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** യോനായുടെ ആഹ്വാനം സ്വീകരിച്ച് / അനുതാപപൂർവം ഉപവസിക്കുകയും / പ്രായശ്ചിത്തം അനുഷ്ഠിക്കുകയും ചെയ്ത / നിനിവേനിവാസികളെപ്പോലെ / അനുതാപത്തിന്റെ ചൈതന്യത്തിൽ ജീവിക്കാൻ വേണ്ട അനുഗ്രഹം നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ സ്രഷ്ടാവും നാഥനുമായ ദൈവമേ / അങ്ങയുടെ മാർഗത്തിൽനിന്നു വ്യതിചലിക്കാൻ ഇടയാകുന്ന സാഹചര്യങ്ങളെ ഉപേക്ഷിക്കാൻ / ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** സകലർക്കുംവേണ്ടി തന്നെത്തന്നെ അർപ്പിച്ച മിശിഹായേ / ഈലോകജീവിതത്തിൽ മറ്റുള്ളവർക്കുവേണ്ടി / അപേക്ഷകളും യാചനകളും അർപ്പിക്കാനും / സത്പ്രവർത്തികളിലൂടെ സമ്പന്നരാകാനും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** പാപികളുടെ മാനസാന്തരം ആഗ്രഹിക്കുന്ന മിശിഹായേ / പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്ന / ഞങ്ങളുടെ പ്രാർഥനകൾ ശ്രവിക്കണമേ. പരസ്പരം ക്ഷമിച്ചും സ്നേഹിച്ചും / ഞങ്ങൾക്കുള്ളതു മറ്റുള്ളവരുമായി പങ്കുവച്ചും / ദൈവരാജ്യത്തിന്റെ സന്ദേശവാഹകരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 142 കാണുക)*

## ജൂബിലി

*(പൗരോഹിത്യ - സന്യസ്ത - വിവാഹ ജൂബിലികൾ)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും ഭക്തിയോടും ശ്രദ്ധയോടുംകൂടി / ദൈവമേ, "ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു" എന്ന് ഏറ്റുപറയാം.

**സമൂഹം:** ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു.

**ശുശ്രൂഷി:** അനന്തസ്നേഹത്താൽ ഞങ്ങളെ സൃഷ്ടിക്കുകയും / മിശിഹായിലൂടെ ഞങ്ങളെ രക്ഷിക്കുകയും ചെയ്ത ദൈവമേ,

**ശുശ്രൂഷി:** മാമ്മോദീസയിലൂടെ ഞങ്ങളെ തിരുസഭയിലെ അംഗങ്ങളാക്കുകയും / ഈ ലോകത്തിൽ അങ്ങേക്കു സാക്ഷികളാകാൻ ഞങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്ത ദൈവമേ,

**ശുശ്രൂഷി:** രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കാൻ ശിഷ്യന്മാരെ നിയോഗിച്ച മിശിഹായേ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *( ... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / പ്രേഷിതരംഗങ്ങളിൽ ജോലി ചെയ്യുന്ന എല്ലാവരെയും / ആത്മാവിന്റെ ദാനങ്ങൾ നല്കി അനുഗ്രഹിക്കുന്ന ദൈവമേ,

**ശുശ്രൂഷി:** ജീവിതത്തിലെ വിവിധ രംഗങ്ങളിൽ ജോലി ചെയ്യുന്നവർ / സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കാൻ / പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്കുന്ന ദൈവമേ,

**ശുശ്രൂഷി:** പൗരോഹിത്യത്തിലേക്കും സന്യാസജീവിതത്തിലേക്കും / ധാരാളം യുവതീയുവാക്കന്മാരെ വിളിച്ച് / സഭാശുശ്രൂഷയ്ക്കായി നിയോഗിച്ചനുഗ്രഹിച്ച ദൈവമേ,

**ശുശ്രൂഷി:** മാതൃകാപരമായ ക്രിസ്തീയ കുടുംബജീവിതം നയിക്കുന്ന ദമ്പതിമാരെ നല്കി / തിരുസഭയെ ധന്യമാക്കിയ ദൈവമേ,

**ശുശ്രൂഷി:** ഇന്നു ജൂബിലി ആഘോഷിക്കുന്ന ഞങ്ങളുടെ *സഹോദരൻ (സഹോദരി / സഹോദരർ)* വഴി / നിരവധി നന്മകൾ നല്കി ഞങ്ങളെ അനുഗ്രഹിച്ച ദൈവമേ,

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ച് പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു

**കാർമി:** നന്മസ്വരൂപനായ ദൈവമേ / അങ്ങയുടെ സന്നിധിയിൽ ഞങ്ങളർപ്പിക്കുന്ന യാചനകൾ സ്വീകരിച്ച് / ഞങ്ങളെ ആശീർവദിക്കണമേ. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി ജീവിക്കാൻ / ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് / എല്ലാവരും അങ്ങയെ മഹത്വപ്പെടുത്താൻ ഇടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 142 കാണുക)*

## ഇടവകദിനം

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്നു / "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** ദരിദ്രർക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നു എന്നരുളിച്ചെയ്ത മിശിഹായേ / സുവിശേഷഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ടു / നിന്റെ സത്യത്തിനു സാക്ഷികളാകാൻ / ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ മാതൃകയനുസരിച്ച് / നിന്നോടുകൂടി മരിക്കാൻ സന്നദ്ധരായ അനേകം മിഷണറിമാരെ / സഭയ്ക്കു നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കാൻ / ശിഷ്യന്മാരെ നിയോഗിച്ച മിശിഹായേ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ *(... പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *(... പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / പ്രേഷിതരംഗങ്ങളിൽ ജോലിചെയ്യുന്ന എല്ലാവരെയും / ആത്മാവിന്റെ ദാനങ്ങൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ജീവിതത്തിലെ വിവിധ രംഗങ്ങളിൽ ജോലിചെയ്യുന്നവർ / സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കാൻ / പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ / സമൃദ്ധമായി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ ഇടവക സമൂഹത്തിന്റെ ഇടയനും നാഥനുമായ മിശിഹായേ / പരസ്പരം സ്നേഹിച്ചും സഹകരിച്ചും / കൂട്ടുംബാരൂപിയിൽ ജീവിക്കാൻ / ഞങ്ങളെ എല്ലാവരെയും സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളെ നിരന്തരം പരിപാലിക്കുന്ന കർത്താവേ / ആത്മികവും ഭൗതികവുമായ നന്മകളാൽ ഞങ്ങളുടെ ഇടവകയെ അനുഗ്രഹിക്കണമെന്നും / അങ്ങയുടെ മഹത്വത്തിനായുള്ള ഞങ്ങളുടെ ഉദ്യമങ്ങളെ വിജയിപ്പിക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** എല്ലാവരുടെയും രക്ഷയ്ക്കായി ജീവനർപ്പിച്ച മിശിഹായേ / ഞങ്ങളോടൊപ്പം ജീവിക്കുന്ന നാനാജാതിമതസ്ഥരായ ഞങ്ങളുടെ സഹോദരങ്ങളെ / സത്യത്തിന്റെ പൂർണതയിലേക്കു നയിക്കണമെന്നും / ആത്മീയനന്മകളാൽ സമ്പന്നരാക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങു നിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവ സന്നിധിയിൽ നമുക്കു സമർപ്പിക്കാം.

*(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി:** നല്ല ഇടയനായ കർത്താവേ / ഞങ്ങളുടെ ഇടവകയെയും അതിലെ ഓരോ കുടുംബത്തെയും വ്യക്തികളെയും / അങ്ങയുടെ മുമ്പിൽ ഞങ്ങൾ സമർപ്പിക്കുന്നു. എല്ലാ കുടുംബങ്ങളിലും അങ്ങേ സ്നേഹവും ശാന്തിയും വർഷിക്കണമേ. ഇടവകയുടെ പൊതുനന്മയ്ക്കുവേണ്ടി അധ്വാനിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കണമേ. രോഗികളെ സുഖപ്പെടുത്തുകയും ദരിദ്രരെ സംരക്ഷിക്കുകയും / വേദനിക്കുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്യണമേ. അങ്ങയുടെ അരൂപിയിലും ജീവനിലും അനുദിനം വളർന്നുവരാൻ / ഞങ്ങളെ എല്ലാവരെയും ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

----------------------------

***(കാറോസൂസായെത്തുടർന്നു മദ്ബഹയുടെ വിരി നീക്കുന്നു.)***

-------------- *റാസയ്ക്ക്*--------------

*(ആർച്ച്ഡീക്കൻ സ്ലീവാ കാർമികനെയും കാർമികൻ അത് ഒന്നാം ശുശ്രൂഷിയെയും ഏല്പിക്കുന്നു. ആർച്ച്ഡീക്കൻ സുവിശേഷഗ്രന്ഥമെടുത്തു കാർമികനെയും കാർമികൻ അതു രണ്ടാംശുശ്രൂഷിയെയും ഏല്പിക്കുന്നു. ശുശ്രൂഷികൾ ബലിപീഠത്തിങ്കൽചെന്നു മുഖാമുഖം നില്ക്കുന്നു. കാർമികനും ആർച്ച്ഡീക്കനും സമൂഹവേദിയിൽ കുരിശടയാളമുള്ള വിരിപ്പുവച്ചിരിക്കുന്ന സ്ഥലത്തു മദ്ബഹയിങ്കലേക്കു തിരിഞ്ഞു നില്ക്കുന്നു).*

--------------------

## കൈവയ്പു പ്രാർഥന

**ശുശ്രൂഷി:** കർത്താവേ ആശീർവദിക്കേണമേ / സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും / ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

*(എല്ലാവരും തലകുനിച്ച് ആശീർവാദം സ്വീകരിക്കുന്നു.)*

## ഞായറാഴ്ചകളിൽ

**കാർമി:** *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ ശക്തനായ ദൈവമേ / അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത / അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന / പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ / യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു / പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകാൻ / നിസാരരും ബലഹീനരുമായ ഞങ്ങളെ / അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും / അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും / ഞങ്ങളുടെയും അങ്ങു തെരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

## സാധാരണ ദിവസങ്ങളിലും വലിയ നോമ്പിലും

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, സാർവത്രികവും ശ്ലൈഹികവുമായ സഭയുടെമേൽ / അങ്ങയുടെ കരുണനിറഞ്ഞ വലംകൈ നീട്ടണമേ. ദൃശ്യവും അദൃശ്യവുമായ സകല വിപത്തുകളിൽനിന്നും അതിനെ സംരക്ഷിക്കണമേ. ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ / അങ്ങയുടെ മുമ്പാകെ ശുശ്രൂഷചെയ്യാൻ / ഞങ്ങളെല്ലാവരെയും ദയാപൂർവം യോഗ്യരാക്കേണമേ.

**കാർമി:** *(ഉയർന്ന സ്വരത്തിൽ)* കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് / അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ / ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ / ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ / ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**ശുശ്രൂഷി:** മാമ്മോദീസാ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ / ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധ

രഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ. നമുക്കു പ്രാർഥിക്കാം സമാധാനം നമ്മോടുകൂടെ.

*(റാസ ഇല്ലെങ്കിൽ പേജ് 146 കാണുക)*

--------------- *റാസയ്ക്ക്* ---------------

*(ഒന്നാംശുശ്രൂഷി രണ്ടാംശുശ്രൂഷിയിൽനിന്നു സുവിശേഷഗ്രന്ഥം ചുംബിച്ചു സ്വീകരിക്കുന്നു. രണ്ടാംശുശ്രൂഷി ഒന്നാംശുശ്രൂഷിയിൽ നിന്നു സ്ലീവാ ചുംബിച്ചു സ്വീകരിക്കുന്നു. അവ രണ്ടും ബലിപീഠ ത്തിൽ വച്ചശേഷം ജനങ്ങൾക്കഭിമുഖം നിന്നുകൊണ്ടു ചൊല്ലുന്നു).*

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമി:** നിന്നുടെ വൈദികരണിയും നീതി; നിൻ വിശുദ്ധർ മഹിമാവും

**ഗായകർ:** പാവനമാം ബലിപീഠേ വന്നെത്തി വൈദികൻ
സ്വർഗത്തേക്കു കരങ്ങളുയർത്തിയവൻ റൂഹായെ
പ്രർഥനയോടെ ക്ഷണിപ്പൂ; സ്വർഗത്തിൽ നിന്നുമിതാ
റൂഹാ വന്നു വസിച്ചു, മിശിഹാതൻ തിരുഗാത്രം
പാവനമാക്കുകയാണീയാഗത്തിൽ + തൻശോണിതവും.

*(കാർമികൻ മുട്ടുകുത്തി വിരിപ്പിന്മേൽ മൂന്നുപ്രാവശ്യം ചുംബിക്കുന്നു. എഴുന്നേറ്റതിനുശേഷം **തൻശോണിതവും** എന്നു പാടുമ്പോൾ ആശീർവദിക്കുന്നു. വലതുവശത്തേക്കു പോകുന്നു. വിരിപ്പിന്റെ മൂന്നു വശത്തും ഇതാവർത്തിക്കുന്നു).*

**ശുശ്രൂഷി:** കൂടാരത്തിൽ ചെന്നെത്തീടാം, അവനെ വണങ്ങീടാം

**ഗായകർ:** പാവനമാം ബലിപീഠേ വന്നെത്തി വൈദികൻ ...

*(വലതുവശത്തേക്കു പോകുന്നു).*

**കാർമി:** താതനുമതുപോലാത്മജനും / ദിവ്യറൂഹായ്ക്കും സ്തുതിയെന്നും.

**ഗായകർ:** പാവനമാം ബലിപീഠേ വന്നെത്തി വൈദികൻ ...

*(വലതുവശത്തേക്കു പോകുന്നു).*

**ശുശ്രൂഷി:** ആദിമുതൽക്കേ എന്നെന്നേക്കും ആമ്മേനാമ്മേൻ.

**ഗായകർ:** പാവനമാം ബലിപീഠേ വന്നെത്തി വൈദികൻ ...

*(മധ്യത്തിൽ വന്നു നില്ക്കുന്നു. അപ്പോൾ ശുശ്രൂഷികൾ ബലിപീഠത്തിങ്കലേക്കു തിരിഞ്ഞു തലകുനിച്ചുകൊണ്ടു പാടുന്നു).*

**ശുശ്രൂഷി:** ഇന്നും എന്നും എന്നേക്കും, കർത്താവാം മിശിഹായേ,
നിൻ കാരുണ്യമതിൻ വലതുകരം നീട്ടണമേ.
നിന്നജഗണമിവരിൽ ആശിസുകളേകിടുവാൻ
നിൻ കാരുണ്യമനന്തം കർത്താവേ, ഞങ്ങളെ നീ
ദുഷ്ടാത്മാവിൻ കൈകളിലൊരുനാളും ഏല്പിക്കരുതേ.

*(കാർമികനുനേരേ തിരിഞ്ഞുനിന്നുകൊണ്ടു പാടുന്നു).*

**ശുശ്രൂഷി:** കരുണാമയനാം കർത്താവേ, ശിഷ്യഗണത്തിനു നല്കിയതാം
വാഗ്ദാനം നീ കരുണയൊടേ, ഞങ്ങൾക്കും നല്കീടണമേ.

**കാർമി:** കണ്ടാലും ഞാനെന്നാളും, ലോകാന്ത്യം വരെയെന്നെന്നും
നിങ്ങളോടൊത്തു വസിച്ചീടും, നിങ്ങളോടൊത്തു വസിച്ചീടും (3).

**ശുശ്രൂഷി:** കർത്താവേ നീയെന്നാളും, ശ്ലീഹരോടൊത്തു വസിച്ചതുപോൽ
ഞങ്ങളോടൊത്തു വസിക്കണമേ, നിൻ കൃപയെന്നും ചിന്തണമേ. (3)

*(ഈ ഗീതം ആവർത്തിക്കുന്ന ഓരോ പ്രാവശ്യവും ശുശ്രൂഷികൾ അല്പാല്പം നടന്നു കാർമികന്റെ അടുത്തേക്കു വരുന്നു. അവർ വിരിപ്പിന്റെ കിഴക്കുവശത്തു കാർമികന് അഭിമുഖം നില്ക്കുന്നു. അനന്തരം എല്ലാവരും ചേർന്നു പാടുന്നു).*

**എല്ലാവരും:** നിൻ തിരുനാമം വാഴ്ത്തിടുവിൻ,
നന്ദി പറഞ്ഞു നമിച്ചിടുവാൻ
ദുഷ്ടനെ ദൂരെയകറ്റണമേ, ശാന്തിദമാം ദിനമേകണമേ.

*(എല്ലാവരും മുട്ടുകുത്തി വിരിപ്പിന്മേൽ മുത്തുന്നു. അതിനുശേഷം കാർമികൻ ചൊല്ലുന്നു).*

**കാർമി:** സകലത്തിന്റെയും നാഥനായ ദൈവം നിങ്ങളുടെ ശുശ്രൂഷ സ്വീകരിക്കട്ടെ. സകലവിധ വരങ്ങളുംകൊണ്ട് അവിടുന്നു നിങ്ങളെ അലങ്കരിക്കട്ടെ.

*(എല്ലാവരും എഴുന്നേൽക്കുന്നു).*

**കാർമി:** സകലത്തിന്റെയും നാഥനായ ദൈവം / തന്റെ കൃപാതിരേകത്താൽ നാമെല്ലാവരോടുംകൂടെ എപ്പോഴുമുണ്ടായിരിക്കട്ടെ.

*(ആർച്ച്ഡീക്കനും ശുശ്രൂഷികളും കാർമികന്റെ തിരുവസ്ത്രം മുത്തുന്നു. അനന്തരം മദ്ബഹയിലേക്കു പോകുന്നു.)*

**---------- റാസയുടെ പ്രത്യേക ഭാഗം അവസാനിക്കുന്നു ----------**

*(ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും **സ്തോത്രക്കാഴ്ച**യെടുക്കുന്നു. അപ്പോൾ സമൂഹം **ഇരുന്നുകൊണ്ടു** ദിവ്യരഹസ്യഗീതം ആലപിക്കുന്നു. കാർമികൻ **പേജ് 160ലെ പ്രാർഥനകൾ** ഉപയോ ഗിച്ചു കാഴ്ചവയ്പ്പ് നടത്തുന്നു).*

## ദിവ്യരഹസ്യഗീതം

***(കാലാനുസരണം മാറിവരുന്ന പ്രാർഥനകൾ)***

***പൊതുവായുള്ളത് - പേജ് 147***
***മരിച്ചവരുടെ ഓർമ - പേജ് 147***
***മംഗളവാർത്തക്കാലം - പേജ് 148***
***പിറവിക്കാലം - പേജ് 148***
*ദനഹാത്തിരുനാൾ (ജനുവരി 6) - പേജ് 148*
***ദനഹാക്കാലം - പേജ് 149***
***നോമ്പുകാലം - പേജ് 149***
***ഉയിർപ്പുകാലം - പേജ് 149***
*പുതുഞായർ (ഉയിർപ്പു രണ്ടാംഞായർ) - പേജ് 150*
*സ്വർഗാരോഹണത്തിരുനാൾ (ഉയിർപ്പ് ആറാംവ്യാഴം)- പേജ് 150*
***ശ്ലീഹാക്കാലം - പേജ് 150***
*പന്തക്കുസ്താ തിരുനാൾ (ഒന്നാംഞായർ) - പേജ് 151*
*പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ (രണ്ടാംഞായർ) - പേജ് 151*
*പരിശുദ്ധ കുർബാനയുടെ തിരുനാൾ (രണ്ടാംവ്യാഴം) - പേജ് 151*
*തിരുഹൃദയത്തിരുനാൾ (മൂന്നാംവെള്ളി) - പേജ് 152*
***കൈത്താക്കാലം - പേജ് 152***
***ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ - പേജ് 152***
***പള്ളിക്കൂദാശക്കാലം - പേജ് 153***

*രൂപാന്തരീകരണത്തിരുനാൾ (ഓഗസ്റ്റ് 6) - പേജ് 153*
*വിശുദ്ധ കുരിശിന്റെ പുകഴ്ച (സെപ്റ്റംബർ 14) - പേജ് 153*

***മാതാവിന്റെ** മാതൃത്വത്തിരുനാൾ (പിറവി രണ്ടാംവെള്ളി) - പേജ് 154*
*മാതാവിന്റെ സ്വർഗാരോപണം (ഓഗസ്റ്റ് 15) - പേജ് 154*
*മാതാവിന്റെ ജനനത്തിരുനാൾ (സെപ്റ്റംബർ 8) - പേജ് 155*
*അമലോത്ഭവമാതാവിന്റെ തിരുനാൾ (ഡിസംബർ 8) - പേജ് 155*
*മാതാവിന്റെ മറ്റു തിരുനാളുകൾ - പേജ് 155*

*യൗസേപ്പ് പിതാവിന്റെ തിരുനാൾ (മാർച്ച്-19, മേയ് -1) - പേജ് 156*
*വിശുദ്ധ സ്നാപകയോഹന്നാൻ (ദനഹ ഒന്നാംവെള്ളി) - പേജ് 156*
*പത്രോസ് പൗലോസ് ശ്ലീഹന്മാർ (ദനഹ രണ്ടാംവെള്ളി) -പേജ് 156*
*മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന (ജൂലൈ 3) - പേജ് 157*
*ശ്ലീഹന്മാരുടെ തിരുനാൾ (കൈത്താ ഒന്നാംഞായർ) - പേജ് 157*
*വിശുദ്ധ സുവിശേഷകന്മാർ (ദനഹ മൂന്നാംവെള്ളി) - പേജ് 157*
*വിശുദ്ധ എസ്തപ്പാനോസ് (ദനഹ നാലാംവെള്ളി, ഡിസം. 26) - പേജ് 158*
*രക്തസാക്ഷികൾ - പേജ് 158*

*വിശുദ്ധ അൽഫോൻസ (ജൂലൈ 28) - പേജ് 159*
*വിശുദ്ധരുടെ തിരുനാൾ (ഉയിർപ്പ് ഒന്നാംവെള്ളി) - പേജ് 159*
*നിനിവേ ഉപവാസം (വലിയ നോമ്പിനു മൂന്നാഴ്ച മുമ്പ്) - പേജ് 159*

*ജൂബിലി - പേജ് 160*
*ഇടവകദിനം - പേജ് 160*

## പൊതുവായുള്ളത്

*കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു.*

മിശിഹാകർത്താവിൻ, തിരുമെയ് നിണവുമിതാ
പാവനബലിപീഠേ, സ്നേഹഭയങ്ങളോടണയുകനാ
മഖിലരുമൊന്നായ് സന്നിധിയിൽ
വാനവനിരയൊട്ടു ചേർന്നേവം, പാടാം ദൈവം പരിശുദ്ധൻ
പരിശുദ്ധൻ, നിത്യം പരിശുദ്ധൻ.

*ദരിദ്രർ ഭക്ഷിച്ചു തൃപ്തരാകും*

മിശിഹാകർത്താവിൻ ...

***(പേജ് 161 കാണുക)***

## മരിച്ചവരുടെ ഓർമ

*അങ്ങയുടെ പ്രീതിക്കു പാത്രീഭൂതനായവൻ ഭാഗ്യവാൻ*

പ്രതിഫലമേകീടാൻ, നീതിവിധിക്കായ് നീ
ആഗതനാകുമ്പോൾ, നന്മകളൊപ്പം തിന്മകളും
നോക്കി വിധിക്കും വേളയതിൽ
നിണഗാത്രങ്ങൾ കൈക്കൊള്ളും, ഞങ്ങൾ നിൻ കൃപ കാണട്ടെ
നാഥാ നീ, നിത്യം വിധിയാളൻ.

*വാക്കോ പ്രസംഗമോ ഇല്ല.*

പ്രതിഫലമേകീടാൻ ...

***(പേജ് 161 കാണുക)***

***(പകരം)***

**കാർമ്മി:**
നിത്യപിതാവേ, കൈക്കൊള്ളണമേ / ഞങ്ങളണയ്ക്കും ദിവ്യബലി
നിൻ തിരുസുതനാമീശോവഴിയായ് / കൈക്കൊള്ളണമീ ദിവ്യബലി.

**സമൂഹം:** നിത്യപിതാവേ ...

ഞങ്ങളെയൊന്നായ് നിൻ തിരുമുമ്പിൽ / കാഴ്ചയണയ്ക്കുന്നാദരവായ്
ദിവ്യനിണത്താൽ മർത്ത്യഗണത്തിൻ / മലിനതയെല്ലാം കഴുകണമേ.

*(പേജ് 161 കാണുക)*

## മംഗളവാർത്തക്കാലം

*നിനക്കു ഞാൻ സമാധാനം ആശംസിക്കും*
ദൈവികവചനങ്ങൾ, മറിയം കേൾക്കുകയാൽ
ധന്യത കൈവന്നു, ദൈവകുമാരനു മാതാവായ്
മറിയം പാവന റൂഹായാൽ
മർത്ത്യനു ശാന്തി പകർന്നിടുവാൻ, നിതരാം രക്ഷ പുലർത്തിടുവാൻ
വന്നവനാം, നിന്നെ വാഴ്ത്തീടാം.

*നിന്റെ ശക്തിയാൽ സമാധാനം ഉണ്ടാകട്ടെ.*
ദൈവികവചനങ്ങൾ ...

*(പേജ് 161 കാണുക)*

## പിറവിക്കാലം

*ആകാശമണ്ഡലത്തിൽ കർത്താവിനെ സ്തുതിക്കുവിൻ.*
ധരയും വാനിടവും, നിന്നെ വണങ്ങുന്നു
നാഥാ സകലേശാ, കന്യാതനയൻ വഴിയന്നീ
ഭൂമിയെ നൂതനമാക്കി നീ
വാനവദൂതർ ശാന്തിയുമായ്, വാനിൽ വന്നു നിരന്നപ്പോൾ
പൂരിതമായ് ലോകം കൃപയാലേ.

*സ്വർഗം സന്തോഷിക്കുകയും ഭൂമി ആഹ്ലാദിക്കുകയും ചെയ്യട്ടെ.*
ധരയും വാനിടവും ...

*(പേജ് 161 കാണുക)*

### ദനഹാത്തിരുനാൾ

*(ജനുവരി 6)*

*കർത്താവിനൊരു പുതിയ കീർത്തനം പാടുവിൻ*
രക്ഷാകരമല്ലോ, ജീവിതമീയുലകിൽ
നാഥൻ വഴിയായി, ഭൂമുഖമാകെ നവീകൃതമായി

മാമ്മോദീസാ കൈക്കൊൾകെ
പാവനറൂഹാ വന്നപ്പോൾ, ത്രീത്വം രഹസ്യം വെളിവാക്കി
സുതനിവനിൽ, പ്രീതൻ ഞാനെന്നും.

*ഭൂമിയും അതിലെ വസ്തുക്കളും അവയിലെ നിവാസികളും*
രക്ഷാകരമല്ലോ...

*(പേജ് 161 കാണുക)*

## ദനഹാക്കാലം

*കർത്താവിനൊരു പുതിയ കീർത്തനം പാടുവിൻ*
യോർദാൻ തീരത്തായ്, കണ്ടു ജനനിരകൾ
അത്ഭുതമുന്നതമാം, സ്വർഗത്തിൻ പൊൻവാതിലുകൾ
മഹിമയോടന്നു തുറന്നല്ലോ.
മാടപ്രാവിൻ രൂപത്തിൽ, റൂഹാ താഴെയിറങ്ങുന്നു
പ്രിയസുതനിൽ, പ്രീതൻ ഞാനെന്നും.

*ഭൂമിയും അതിലെ നിവാസികളും*
യോർദാൻ തീരത്തായ് ...

*(പേജ് 161 കാണുക)*

## നോമ്പുകാലം

*വരുവിൻ, നമുക്കു കർത്താവിനെ വാഴ്ത്താം.*
പാവനമാക്കീടാം, മർത്യവിചാരങ്ങൾ
വിനയമൊടെന്നാളും, അനുതാപത്തിൻ കണ്ണീരാൽ
പാപക്കറകൾ കഴുകീടാം.
ആത്മാവിൽ നിറയും താപം, ഏകാം ഈശോമിശിഹായ്ക്കായ്
വേദികയിൽ ബലിയായർപ്പിക്കാം.

*ദൈവമേ, നിർമലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ.*
പാവനമാക്കീടാം ...

*(പേജ് 161 കാണുക)*

## ഉയിർപ്പുകാലം

*കർത്താവിനെ ഞാനെന്നും പുകഴ്ത്തും.*
കുരിശിൽ മരണത്താൽ, രക്ഷ പകർന്നവനാം
മിശിഹാനാഥാ നിൻ, ഉത്ഥാനത്താൽ മൃതരെല്ലാം
ജീവൻ നേടുന്നൊരുപോലെ
സ്വന്തം തനയനെ രക്ഷയ്ക്കായ്, താതാ പാരിലയച്ചു നീ
തിരുനാമം വാഴ്ത്താമനുവേലം.

*അവിടുത്തെ മഹത്വപൂർണമായ നാമം എന്നും വാഴ്ത്തപ്പെടട്ടെ.*
കുരിശിൽ മരണത്താൽ ...

***(പേജ് 161 കാണുക)***

## പുതുഞായർ

*(ഉയിർപ്പുകാലം രണ്ടാംഞായർ)*

*ധൈര്യം അവലംബിക്കുവിൻ, ദൃഢചിത്തരാകുവിൻ*
സ്നാനം വഴിയായി, നിർമലഭാവത്തിൻ
വെണ്മയെഴും വസ്ത്രം, കൈവന്നതുനാമോർത്തീടാം.
തിരുവചനങ്ങൾ കാത്തിടുവാൻ, ദൂരെയകറ്റാം പാപങ്ങൾ
നിത്യം വിനയമൊടെന്നാളും
ബലിയിൽ നാം, സ്വയമിന്നർപ്പിക്കാം.

*അവിടുത്തെ മഹത്വപൂർണമായ നാമം എന്നും വാഴ്ത്തപ്പെടട്ടെ.*
സ്നാനം വഴിയായി, ...

***(പേജ് 161 കാണുക)***

## സ്വർഗാരോഹണത്തിരുനാൾ

*(ഉയിർപ്പുകാലം ആറാംവ്യാഴം)*

*എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്.*
സമമല്ലൊരുനാളും, മോശയൊരുക്കിയതാം
നിസ്തുല കൂടാരം, സ്വർഗാരോഹിത നാഥൻ തൻ
നിത്യമനോജ്ഞ വിശുദ്ധ സ്ഥലം
ശാശ്വത രാജ്യമൊരുക്കാനായ്, നാഥൻ വാനിലണഞ്ഞല്ലോ
പാടീടാം, ദൈവം പരിശുദ്ധൻ.

*യാക്കോബിന്റെ എല്ലാ വാസസ്ഥലങ്ങളെയുംകാൾ*
*സീയോന്റെ കവാടങ്ങൾ കർത്താവു സ്നേഹിക്കുന്നു*
സമമല്ലൊരുനാളും ...

***(പേജ് 161 കാണുക)***

## ശ്ലീഹാക്കാലം

*എന്റെ രാജാവായ കർത്താവേ, ഞാനങ്ങയെ പാടിപ്പുകഴ്ത്തും*
മിശിഹാകർത്താവേ, പാവനസഭയെ നീ
കൃപയാൽ രക്ഷിച്ചു, രക്തം ചിന്തിയുമതുപോലെ
ഗാത്രം ബലിയായർപ്പിച്ചും
ഞങ്ങളിതാ തിരുസന്നിധിയിൽ, വാഴ്ത്താം വാനവരോടൊപ്പം
എന്നെന്നും നാഥാ തിരുനാമം.

*ഞങ്ങളെ വെറുത്തവരിൽനിന്നു നീ ഞങ്ങളെ രക്ഷിച്ചു.*

മിശിഹാകർത്താവേ ...

*(പേജ് 161 കാണുക)*

## പന്തക്കുസ്താ തിരുനാൾ

*(ശ്ലീഹാക്കാലം ഒന്നാംഞായർ)*

*കർത്താവിന്റെ ഭവനത്തിൽ അവിടുത്തെ സ്തുതിക്കുവിൻ*

സ്തുതികളണച്ചീടാം, താതനുമതുപോലെ
സുതനും റൂഹായ്ക്കും, ദൈവം മാനവനഗ്രാഹ്യൻ
മഹിമകൾ പാടി വണങ്ങീടാം, ത്രീത്വത്തിനെ നാമാദരവായ്
നിത്യം തേടാം ബലിപീഠേ
വാഴ്ത്തീടാം ദൈവം പരിശുദ്ധൻ.

*എല്ലാ ജീവജാലങ്ങളും അവിടുത്തെ വിശുദ്ധനാമത്തെ*
*എന്നേക്കും വാഴ്ത്തട്ടെ.*

സ്തുതികളണച്ചീടാം...

*(പേജ് 161 കാണുക)*

## പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ

*(ശ്ലീഹാക്കാലം രണ്ടാംഞായർ)*

*അവിടുന്നു ഭൂമിയെ അതിന്റെ അടിസ്ഥാനത്തിൽ ഉറപ്പിച്ചു.*

സകലം ദൈവത്തിൻ, കല്പനയാലല്ലോ
സൃഷ്ടമതായുലകിൽ, തൻതിരുനാമം കീർത്തിക്കാൻ
ശക്തിപകർന്നു സകലർക്കും, സ്നേഹമഹേശ്വരനലിവോടെ.
നല്കീ നിർമല വരദാനം;
പരിശുദ്ധൻ ദൈവം പരിശുദ്ധൻ.

*യുഗങ്ങൾക്കു മുൻപേ ആയിരിക്കുന്നവൻ*

സകലം ദൈവത്തിൻ...

*(പേജ് 161 കാണുക)*

## പരിശുദ്ധ കുർബാനയുടെ തിരുനാൾ

*(ശ്ലീഹാക്കാലം രണ്ടാംവ്യാഴം)*

*അവിടുത്തെ സ്തുതിച്ചുകൊണ്ടു ഗീതങ്ങൾ ആലപിക്കുവിൻ*

മിശിഹാനാഥനെ നാം, വാഴ്ത്താം വിനയമൊടേ
ശബ്ദമുയർത്തിമുദാ, നിത്യവിനീതൻ തിരുനാഥൻ
മർത്യനു രക്ഷപകർന്നല്ലോ
ജീവൻ പകരും പാവനമാം, ഗാത്രം ഭക്ഷണമായ് നല്കി
തിരുരക്തം രക്ഷാപാനീയം.

*കൊമ്പും കാഹളവും മുഴക്കി, രാജാവിന്റെ സന്നിധിയിൽ ആനന്ദപൂർവം ആർപ്പുവിളിക്കുവിൻ.*

മിശിഹാനാഥനെ നാം...

***(പേജ് 161 കാണുക)***

## തിരുഹൃദയത്തിരുനാൾ

*(ശ്ലീഹാക്കാലം മൂന്നാംവെള്ളി)*

*അവിടുത്തെ സ്തുതിച്ചുകൊണ്ടു കീർത്തനങ്ങൾ ആലപിക്കുവിൻ.*

മിശിഹാനാഥനെ നാം, വാഴ്ത്താമുച്ചത്തിൽ
കൃപകൾ നേടിടുവാൻ, മന്നിൽ നമ്മുടെ രക്ഷയ്ക്കായ്
വിനയം പുല്കീ തിരുനാഥൻ, സ്നേഹം നിറയും തിരുഹൃദയം.
നല്കീ ദിവ്യരഹസ്യങ്ങൾ
മർത്ത്യനു നൽശരണം തിരുഹൃദയം.

*കൊമ്പും കാഹളവും മുഴക്കി രാജാവായ കർത്താവിന്റെ സന്നിധിയിൽ ആനന്ദപൂർവം ആർപ്പിടുവിൻ.*

മിശിഹാനാഥനെ നാം, ...

***(പേജ് 161 കാണുക)***

## കൈത്താക്കാലം

*കർത്താവിന്റെ മാലാഖമാരേ, അവിടുത്തെ വാഴ്ത്തുവിൻ*

നിതരാം വാഴ്ത്തുന്നു, വാനവനിരയൊന്നായ്
പാവനത്രീത്വത്തെ, കിന്നരനിരകൾ മീട്ടുന്നു
ക്രോവേന്മാരുടെ സൈന്യങ്ങൾ
ആരാധ്യൻ നീ സകലേശാ, എന്നും വന്നണയാം ഞങ്ങൾ
നിൻ ബലിയിൽ, സതതം ചേർന്നീടാൻ.

*അവന്റെ അഭീഷ്ടം നിറവേറ്റുന്ന ശുശ്രൂഷികൾ.*

നിതരാം വാഴ്ത്തുന്നു ...

***(പേജ് 161 കാണുക)***

## ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ

*കർത്താവിന്റെ വിശുദ്ധ മന്ദിരത്തിൽ അവിടുത്തെ സ്തുതിക്കുവിൻ.*

ബലിയായ് നല്കീ നീ, നാഥാ സകലേശാ
നിൻതിരുസൂനുവിനെ, നിർമലമായൊരു ഹൃദയവുമായ്
പാപമകന്ന കരങ്ങളുമായ്
ദിവ്യവിരുന്നിൽ ചേർന്നിടുവാൻ, നിത്യം സന്നിധിയണയുന്നു
വാഴ്ത്തീടാം, നാഥാ നിൻ നാമം.

*കർത്താവു കളങ്കമറ്റ കൈകളും നിർമലമായ ഹൃദയവും ഉള്ളവൻ.*
ബലിയായ് നല്കീ നീ ...

*(പേജ് 161 കാണുക)*

## പള്ളിക്കൂദാശക്കാലം

*എന്റെ കർത്താവായ രാജാവേ, നിന്നെ ഞാൻ പാടിപ്പുകഴ്ത്തും.*
മിശിഹാരാജാവേ, നിൻ തിരുരക്തത്താൽ
സഭയെ പാലിച്ചു, നല്കണമേ നിൻ കാരുണ്യം
തിരുഹിതമെന്നും നിറവേറ്റാൻ
നിർമലമായ മനസോടേ, ഞങ്ങൾ തിരുബലിയർപ്പിക്കാം
സ്തുതിപാടും, നാഥൻ പരിശുദ്ധൻ.

*ഞങ്ങളുടെ ശത്രുക്കളിൽനിന്നു നീ ഞങ്ങളെ രക്ഷിച്ചു.*
മിശിഹാരാജാവേ ...

*(പേജ് 161 കാണുക)*

## രൂപാന്തരീകരണത്തിരുനാൾ

*(ഓഗസ്റ്റ് 6)*

*എന്തെന്നാൽ ജീവന്റെ ഉറവിടം അങ്ങയുടെ അടുക്കലുണ്ട്.*
മിശിഹാകർത്താവേ, ദിവ്യ മഹത്വത്താൽ
ശാന്തി പകർന്നു നീ, തിന്മകൾ ദൂരെയകറ്റിടുവാൻ
നിത്യവെളിച്ചം നല്കീ നീ.
ദൈവസ്വഭാവം തെളിവാക്കീ, പാടാം സ്തുതികൾ നിരനിരയായ്
ദിവ്യം നിൻ, രൂപാന്തരഭാവം.

*അങ്ങയുടെ ആനന്ദധാരയിൽനിന്ന് അവർ പാനം ചെയ്യും.*
മിശിഹാകർത്താവേ ...

*(പേജ് 161 കാണുക)*

## വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

*(സെപ്റ്റംബർ 14)*

*എന്റെ രാജാവും ദൈവവുമായ അങ്ങയെ ഞാൻ പുകഴ്ത്തും.*
കുരിശിൻ രഹസ്യങ്ങൾ, ഭൂമിയിലെങ്ങെങ്ങും
ഘോഷിതമാകുന്നു, സൃഷ്ടികളെല്ലാം മോദത്തിൻ
തിരമാലകളിൽ മുഴുകുന്നു.
മിശിഹാനാഥൻ ലോകത്തിൽ, നിതരാം കീർത്തിതനാകുന്നു
സ്ലീവായെ, വാഴ്ത്താം സാമോദം.

*അവിടുത്തെ മഹത്വം ആകാശത്തിലും ഭൂമിയിലും.*
കുരിശിൻ രഹസ്യങ്ങൾ ...

*(പേജ് 161 കാണുക)*

# മാതാവിന്റെ തിരുനാളുകൾ

## മാതാവിന്റെ മാതൃത്വത്തിരുനാൾ

*(പിറവിക്കാലം രണ്ടാംവെള്ളി)*
*(രീതി: മിശിഹാകർത്താവേ, നരകുലരക്ഷകനേ ...)*

*അപ്പോൾ ജനങ്ങളുടെയിടയിൽ പ്രഘോഷിക്കപ്പെട്ടു*
കന്യകയാം ജനനീ ധന്യതയാർന്നവളേ,
താവകസൗഭാഗ്യം കീർത്തിതമെന്നെന്നും
ദൈവകുമാരനു ജന്മം നീ നല്കിയ ഭാഗ്യവതി.

*സകല തലമുറകളും നിന്നെ ഭാഗ്യവതിയെന്നു കീർത്തിക്കും.*
പ്രാർഥിക്കണമമ്മേ, സദയം ഞങ്ങൾക്കായ്
പ്രിയസുതനോടെന്നും ഭാഗ്യമെഴുന്നവളേ,
നന്മകൾ നിറയും കാലങ്ങൾ ഞങ്ങൾക്കേകിടുവാൻ.

*(പേജ് 161 കാണുക)*

## മാതാവിന്റെ സ്വർഗാരോപണം

*(ഓഗസ്റ്റ് 15)*
*(രീതി: മിശിഹാകർത്താവിൻ തിരുമെയ് ...)*

*വരുവിൻ, ശ്രവിക്കുവിൻ, ഞാൻ നിങ്ങളോടു വിവരിച്ചു പറയാം.*
മരണം ദൈവത്തിൻ, സുതനും കൈക്കൊണ്ടു
നിർമലഗാത്രത്തിൽ, ദൈവകുമാരൻ കല്പിച്ചു
വാനവരോടായ് പ്രിയമേറും
തന്നുടെ ജനനീഗാത്രത്തെ, വിണ്ണിൽ കൃപയിലുയർത്തിടുവാൻ
തിരുജനനി, സ്വർഗാരോപിതയായ്.

*സകല ജനതകളും ഇതു ശ്രവിക്കട്ടെ.*
മരണം ദൈവത്തിൻ ...

*(പേജ് 161 കാണുക)*

## മാതാവിന്റെ ജനനത്തിരുനാൾ
*(സെപ്റ്റംബർ 8)*

*വരുവിൻ, നമുക്കു കർത്താവിനെ വാഴ്ത്താം.*
സ്തുതികൾ പാടീടാം, തന്റെ മഹത്വത്തിൽ
നീതിയെഴുന്നവരെ, ചേർത്തവനായ് നാമാദരവായ്
വന്നു പിറന്നാവംശത്തിൽ, ദൈവകുമാരൻ പൂജിതമാ
വംശം, കന്യാജനനിയെ നാം
വാഴ്ത്തീടാം, ജനനത്തിരുനാളിൽ.

*സ്തുതി അവനു യോജ്യമാകുന്നു.*
സ്തുതികൾ പാടീടാം, ...

**(പേജ് 161 കാണുക)**

## അമലോത്ഭവമാതാവിന്റെ തിരുനാൾ
*(ഡിസംബർ 8)*

*അങ്ങേക്കു ഞാൻ സ്തോത്രബലികൾ സമർപ്പിക്കും.*
ദൈവപിതാവേ നിൻ, സുതനുടെ ദിവ്യബലി
ഞങ്ങളുമർപ്പിപ്പൂ, പ്രിയജനനിക്കരുളീ നീ
നന്മകളനവധി കരുണയൊടെ
നിന്റെ മഹത്വം കീർത്തിപ്പൂ
ഞങ്ങൾ നന്ദിയൊടാദരവായ്
വാഴ്ത്തുന്നു കന്യാമറിയത്തെ.

*അവർ സ്തോത്രബലികൾ അവിടുത്തേക്കു സമർപ്പിക്കട്ടെ.*
ദൈവപിതാവേ നിൻ, ...

**(പേജ് 161 കാണുക)**

## മാതാവിന്റെ മറ്റു തിരുനാളുകൾ

*അപ്പോൾ ജനങ്ങളുടെയിടയിൽ പ്രഘോഷിക്കപ്പെട്ടു.*
ധന്യേ കന്യാംബേ, മന്നിൽ ഭാഗ്യവതീ
വാഴ്ത്തുകയായ് ഞങ്ങൾ, നല്കീ നിത്യസമുന്നതനാം
വിണ്ണിൻ നാഥനു ജന്മം നീ.
എന്നുമനുഗ്രഹപൂരിതയാം, നിന്നിൽ ഞങ്ങൾ തേടുന്നു
ദൈവത്തിൻ, ദാനം ചിരകാലം.

*അവനോടു പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുവിൻ.*

ഭാഗ്യമെഴുന്നവളാം, കന്യാമാതാവേ
ഭൂമിയിൽ നിന്നെന്നും യുദ്ധവുമതുപോൽ ശത്രുതയും
നീക്കണമങ്ങേ പ്രാർത്ഥനയാൽ
വത്സരമെല്ലാം നന്മകളാൽ, നിറയാൻ കനിയണമനുനിമിഷം
തിരുസുതനിൽ, അഭയം തേടുന്നു.

***(പേജ് 161 കാണുക)***

## വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ

*(മാർച്ച് 19, മേയ് 1)*

*നീതിമാന്റെ സ്മരണ എന്നും നിലനില്ക്കും.*

ഈശോമിശിഹാതൻ, പാലകനാം താതാ,
ധന്യൻ യൗസേപ്പേ, ഈശോതൻ തിരുബാല്യത്തിൽ
സംരക്ഷിച്ച നീ, യതുപോൽ
കരുണയൊടെന്നും കാക്കണമേ, മന്നിൽ നിത്യം ഞങ്ങളെയും
മഹിതം നിൻ, കനിവിൻ പ്രാർത്ഥനയാൽ.

*ദൈവതിരുമുമ്പിൽ എന്നേക്കും അവൻ വസിക്കുന്നു.*

ഈശോ മിശിഹാതൻ ...

***(പേജ് 161 കാണുക)***

## വിശുദ്ധ സ്നാപകയോഹന്നാൻ

*(ദനഹ ഒന്നാംവെള്ളി)*

*വരുവിൻ, ദൈവത്തിന്റെ പ്രവൃത്തികൾ കാണുവിൻ.*

ഈശോമിശിഹാതൻ, ശിരസു നമിച്ചല്ലോ
സ്നാനം കൈക്കൊള്ളാൻ, യോഹന്നാനോ ചൊല്ലുകയായ്
യോഗ്യത തെല്ലുമെനിക്കില്ല.
സമ്മതമാകുകയിന്നിപ്പോൾ, നല്കാൻ ജ്ഞാനസ്നാനം നീ
യോഹന്നാൻ സ്നാനം നല്കിയുടൻ.

*വരുവിൻ, അവിടുത്തെ പ്രവൃത്തികൾ ഞാൻ വിവരിക്കാം.*

ഈശോ മിശിഹാതൻ ...

***(പേജ് 161 കാണുക)***

## വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാർ

*(ദനഹ രണ്ടാംവെള്ളി / ജൂൺ 29)*

*എന്റെ രാജാവായ കർത്താവേ, ഞാനങ്ങയെ പാടിപ്പുകഴ്ത്തും.*

ശ്ലീഹന്മാരാകും, പത്രോസ് പൗലോസിൻ
ഓർമ്മ ദിനത്തിൽ നാം, പ്രാർഥന സാദരമർപ്പിക്കാം
വാനവനിരയൊട്ടു ചേർന്നേവം.
കർത്താവേ നീ തിരുസഭയെ, നിത്യം കാക്കണമലിവോടെ
സ്വർഗത്തിൽ, വാഴ്ത്താനവരൊപ്പം

*അവന്റെ തെരഞ്ഞെടുക്കപ്പെട്ടവർ അവന്റെ മുമ്പിൽ ഒരുമിച്ചുകൂടി.*
ശ്ലീഹന്മാരാകും, പത്രോസ് ...

***(പേജ് 161 കാണുക)***

**മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന**
*(ജൂലൈ 3)*

*നീ സന്തുഷ്ടനായിരിക്കും, നിനക്കു നന്മവരും.*
മഹിയിൽ നിൻ ജന്മം, മഹിതം ധീരവുമാം
തോമ്മാശ്ലീഹായേ, ഭാഗ്യമെഴുന്നവനല്ലോ നീ
സ്പർശിച്ചീടാനായല്ലോ.
മിശിഹാതന്നുടെ പാർശ്വത്തിൽ, താതാനിന്നുടെ വിശ്വാസം
നിസ്തുലമാം, വാഴ്ത്താം നിൻ നാമം.

*എന്റെ അസ്ഥികൾ പ്രഘോഷിക്കും.*
മഹിയിൽ നിൻ ജന്മം ...

***(പേജ് 161 കാണുക)***

**ശ്ലീഹന്മാരുടെ തിരുനാൾ**
*(കൈത്താക്കാലം ഒന്നാംഞായർ)*

*ഭൂമിയിലെങ്ങും അത്യുന്നതൻ*
മഹിമാപൂരിതനാം, ബലവാനങ്ങല്ലോ
നാഥാ സകലേശാ, ബലിപീഠം നിൻ മഹിമകളാൽ
നിറയുന്നെന്നും കർത്താവേ.
വിജയം നല്കി വളർത്തുന്നു, ധരയിൽ നല്കുക നവശാന്തി
മലരണിയാൻ, വിണ്ണിൻ സൗഭാഗ്യം

*മഹത്വവും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു.*
മഹിമാപൂരിതനാം ...

***(പേജ് 161 കാണുക)***

**വിശുദ്ധ സുവിശേഷകന്മാർ**
*(ദനഹ മൂന്നാംവെള്ളി)*

*കർത്താവിന്റെ മാലാഖമാരേ, അവിടുത്തെ സ്തുതിക്കുവിൻ*

വിജയം നേടീടാൻ, ജീവിത വീഥികളിൽ
പ്രഭയായ് സുകൃതങ്ങൾ, വാനവവൃന്ദം മാതൃകയായ്
സുവിശേഷകരേ, നിങ്ങൾക്കായ്
നല്കു ദൈവിക ദാനങ്ങൾ, കൃപയാൽ ഇന്നീയോർമദിനം
ഞങ്ങൾക്കായ്, നിതരാം പ്രാർഥിപ്പിൻ.

*നീതിമാന്മാരേ, നിങ്ങൾ കർത്താവിൽ ആനന്ദിക്കുവിൻ*
വിജയം നേടീടാൻ, ...

***(പേജ് 161 കാണുക)***

## വിശുദ്ധ എസ്തപ്പാനോസ്

*(ദനഹ നാലാംവെള്ളി, ഡിസംബർ 26)*

*ഞാൻ അവനെ എന്റെ ആദ്യജാതനായി നിശ്ചയിച്ചുറപ്പിച്ചു.*
മിശിഹാനാഥന്നായ്, രക്തമണിഞ്ഞവനാം
എസ്തപ്പാനോസിൻ, മഹിമകൾ പാടി വണങ്ങീടാം
മാധ്യസ്ഥ്യം നാം തേടീടാം.
സ്വർഗീയോജ്വലമണവറയിൽ, മകുടം ചൂടി വിളങ്ങീടും
പൂജിതനീ ഭ്രുവിൻ മഹിതാത്മൻ.

*കർത്താവിനോട് അപേക്ഷിക്കുകയും*
*അവന്റെ സന്നിധിയിൽ പ്രാർഥിക്കുകയും ചെയ്യുവിൻ*
മിശിഹാനാഥന്നായ്, ...

***(പേജ് 161 കാണുക)***

## രക്തസാക്ഷികൾ

*(വിശുദ്ധ സെബസ്ത്യാനോസ് - ജനുവരി 20,*
*വിശുദ്ധ ഗീവർഗീസ് - ഏപ്രിൽ 24 തുടങ്ങിയവരുടെ തിരുനാളുകൾക്ക്).*
*(രീതി: പുലരിയിൽ നിദ്രയുണർന്നങ്ങേ....)*

*അവർ കർത്താവിന്റെ ഭവനത്തിൽ.*
നിത്യമനോഹര പറുദീസാ
നേടിയൊരാനിണസാക്ഷികൾ തൻ
ഓർമയിലാഹ്ലാദിക്കുകയായ്
തിരുസഭയിന്നീ സുദിനത്തിൽ.

*കർത്താവു നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾക്കു സമൃദ്ധമായി ജലം ലഭിക്കുന്നു.*
കർത്താവാകും മിശിഹായേ,
ആരാധകരുടെ വൃന്ദത്തെ
അവരുടെ പ്രാർഥനയാലെന്നും
വൈരികളിൽനിന്നും കാക്കണമേ.

*(പേജ് 161 കാണുക)*

## വിശുദ്ധ അൽഫോൻസ

*(ജൂലൈ 28)*

*(രീതി: മിശിഹാകർത്താവിൻ തിരുമെയ്...)*

*സകല ജനതകളും ഇതു ശ്രവിക്കട്ടെ.*

തിരുസഭ മോദിപ്പൂ, വാനവരോടൊപ്പം
സ്തുതികൾ പാടിയിതാ, ഭാഗ്യമിയന്നവളായീടും
അൽഫോൻസായുടെ ഓർമദിനം.
കനിവാർന്നല്ലോ സകലേശൻ, പാരിൽ നിർമല കന്യകയിൽ
നിസ്തുലമാം, കിരണം തൂകിടുവാൻ.

*ഭൂവാസികളെല്ലാവരും ഇതു ശ്രദ്ധിച്ചു കേൾക്കട്ടെ.*

തിരുസഭ മോദിപ്പൂ ...

*(പേജ് 161 കാണുക)*

## വിശുദ്ധരുടെ തിരുനാൾ

*(ഉയിർപ്പുകാലം ഒന്നാംവെള്ളി)*

*അവരെ കർത്താവിന്റെ ഭവനത്തിൽ നട്ടിരിക്കുന്നു.*

വിണ്ണിൻ പുഷ്പങ്ങൾ, നിങ്ങൾ ദൈവികമാം
പാവന വാടികയിൽ, ഔഷധഗുണമാർന്നഖിലർക്കും
രോഗനിവാരണമരുളുന്നു.
വിജയത്തിൻ പൊന്മുടി ചൂടി, വാഴാൻ ദൈവം കനിയട്ടെ
ഞങ്ങൾക്കായ് നിങ്ങൾ പ്രാർഥിപ്പിൻ.

*അവിടുന്നു നട്ടുപിടിപ്പിച്ച ലബനോനിലെ ദേവദാരുക്കൾ.*

വിണ്ണിൻ പുഷ്പങ്ങൾ ...

*(പേജ് 161 കാണുക)*

## മൂന്നുനോമ്പ് (നിനിവേ ഉപവാസം)

*(വലിയ നോമ്പിനു മൂന്നാഴ്ച മുമ്പ് തിങ്കൾ മുതൽ വ്യാഴം വരെ)*

*കുറ്റങ്ങൾക്കു മാപ്പു കിട്ടിയവൻ ഭാഗ്യവാൻ.*

ഉപവാസത്തോടും, അനുതാപത്തോടും
ഒന്നായണയുക നാം, കർത്താവേ നിൻ സവിധത്തിൽ
രക്ഷണമങ്ങു കനിഞ്ഞേകും
കരുണാമയനാണങ്ങെന്നും നിത്യം പാപവിമോചകനേ
കാരുണ്യം, ചൊരിയൂ ചിരകാലം.

*നിങ്ങളുടെ ഹൃദയങ്ങളെ അവിടുത്തെ തിരുമുമ്പിൽ തുറക്കുവിൻ.*

ഉപവാസത്തോടും ...

*(പേജ് 161 കാണുക)*

**ജൂബിലി / ഇടവകദിനം**

*കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു.*

മിശിഹാകർത്താവിൻ, തിരുമെയ് നിണവുമിതാ
പാവന ബലിപീഠേ, സ്നേഹഭയങ്ങളൊടണയുകനാ
മഖിലരുമൊന്നായ് സന്നിധിയിൽ
വാനവനിരയൊടു ചേർന്നേവം, പാടാം ദൈവം പരിശുദ്ധൻ
പരിശുദ്ധൻ, നിത്യം പരിശുദ്ധൻ.

*ദരിദ്രർ ഭക്ഷിച്ചു തൃപ്തരാകും*

മിശിഹാകർത്താവിൻ ...

*(പേജ് 161 കാണുക)*

---

*(ദിവ്യരഹസ്യഗീത സമയത്തു കാർമികൻ കൈ കഴുകുമ്പോൾ).*

**കാർമി:** സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ. *(കൈകൾ തുടയ്ക്കുമ്പോൾ)* കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.

**കാർമി:** *(കാസയും പീലാസയും ഉയർത്തിപ്പിടിച്ചുകൊണ്ട്)* അങ്ങയുടെ ആരാധ്യമായ ത്രീത്വത്തെ / എപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതിക്കും.

**സമൂഹം:** ആമ്മേൻ.

**കാർമി:** നമ്മുടെ രക്ഷയ്ക്കുവേണ്ടി / ***(സമൂഹവും ചേർന്ന്)*** തന്നെത്തന്നെ ബലിയർപ്പിക്കുകയും / തന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും / സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും / ഓർമ ആചരിക്കാൻ / കല്പിക്കുകയും ചെയ്ത മിശിഹാ / തന്റെ കൃപയാലും അനുഗ്രഹത്താലും / ഈ കുർബാന നമ്മുടെ കരങ്ങളിൽനിന്നു സ്വീകരിക്കുമാറാകട്ടെ.

**സമൂഹം:** ആമ്മേൻ.

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ കല്പനയനുസരിച്ചു / *(പീലാസകൊണ്ടു കാസയിൽ മൂന്നു പ്രാവശ്യം മുട്ടുന്നു.)*

മിശിഹായുടെ സ്വർഗത്തിൽനിന്നുള്ള / മഹത്വപൂർണമായ രണ്ടാമത്തെ ആഗമനംവരെ / അവിടുത്തെ വിശുദ്ധ ബലിപീഠത്തിന്മേൽ / സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ സജ്ജീകരിക്കപ്പെടുന്നു. അവിടുത്തേക്കു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ / ഇപ്പോഴും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ

*(ബലിവസ്തുക്കൾ ശോശപ്പകൊണ്ടു മൂടുന്നു).*

---------------------------------

*(കാർമികൻ ബേമ്മയിൽ വന്നു ജനങ്ങളുടെനേരേ തിരിഞ്ഞ്).*

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ദൈവമാതാവായ കന്യകാമറിയത്തിന്റെയും നീതിമാനായ മാർ യൗസേപ്പിന്റെയും സ്മരണ വിശുദ്ധ ബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ. ദൈവപുത്രന്റെ ശ്ലീഹന്മാരെ / ഏകജാതന്റെ സ്നേഹിതരെ / ലോകത്തിൽ സമാധാനമുണ്ടാകാൻവേണ്ടി പ്രാർഥിക്കുവിൻ.

**കാർമി:** ദൈവജനമെല്ലാം ആമ്മേൻ, ആമ്മേൻ, എന്നുദ്ഘോഷിക്കട്ടെ. വിജയം വരിച്ച നീതിമാന്മാരുടെയും മകുടം ചൂടിയ രക്തസാക്ഷികളുടെയും സ്മരണയോടുകൂടെ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ വിശുദ്ധ ബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ.

**സമൂഹം:** ബലവാനായ കർത്താവു നമ്മോടുകൂടെ / നമ്മുടെ രാജാവു നമ്മോടുകൂടെ / നമ്മുടെ ദൈവം നമ്മോടുകൂടെ / യാക്കോബിന്റെ ദൈവം നമ്മുടെ സഹായിയും.

**കാർമി:** ചെറിയവരും വലിയവരും നിന്റെ സ്തുത്യർഹമായ ഉത്ഥാനം വഴി നീ മഹത്വത്തോടെ ഉയിർപ്പിക്കുമെന്ന പ്രതീക്ഷയിൽ മരിച്ചവരെല്ലാവരും നിദ്ര ചെയ്യുന്നു.

**സമൂഹം:** അവിടുത്തെ സന്നിധിയിൽ നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ. ഉപവാസവും പ്രാർഥനയും അനുതാപവുംവഴി / മിശിഹായെയും അവിടുത്തെ പിതാവിനെയും / പരിശുദ്ധാത്മാവിനെയും നമുക്കു പ്രസാദിപ്പിക്കാം.

**പകരം അനുസ്മരണഗീതം**

**കാർമി:** താതനുമതുപോലാത്മജനും ദിവ്യ, റൂഹായ്ക്കും സ്തുതിയെന്നും
ദൈവാംബികയേയും, മാർ യൗസേപ്പിനെയും,
സാദരമോർത്തീടാം, പാവനമീബലിയിൽ.

**സമൂഹം:** ആദിയിലേപ്പോൽ, എന്നന്നേക്കും ആമ്മേനാമ്മേൻ
സുതനുടെ പ്രേഷിതരേ, ഏകജ സ്നേഹിതരേ
ശാന്തി ലഭിച്ചിടുവാൻ, നിങ്ങൾ പ്രാർഥിപ്പിൻ.

**കാർമി:** സർവരുമൊന്നായ് പാടീടട്ടെ, ആമ്മേനാമ്മേൻ
മാർത്തോമ്മായെയും, നിണസാക്ഷികളെയും
സത്കർമികളെയും, ബലിയിതിലോർത്തീടാം.

**സമൂഹം:** നമ്മുടെക്കൂടെ ബലവാനാം, കർത്താവെന്നന്നേക്കും
രാജാവാം ദൈവം, നമ്മോടൊത്തെന്നും
യാക്കോബിൻ ദൈവം, നമ്മുടെ തുണയെന്നും.

**കാർമി:** ചെറിയവരെല്ലാം വലിയവരൊപ്പം, കാത്തുവസിക്കുന്നു.
മൃതരെല്ലാരും നിൻ, മഹിതോത്ഥാനത്തിൽ
ശരണം തേടുന്നു, ഉത്ഥിതരായിടുവാൻ.

**സമൂഹം:** തിരുസന്നിധിയിൽ ഹൃദയഗതങ്ങൾ,
ചൊരിയുവിനെന്നന്നേക്കും
നോമ്പും പ്രാർഥനയും, പശ്ചാത്താപവുമായി
ത്രീത്വത്തെ മോദാൽ, നിത്യം വാഴ്ത്തീടാം.

## മദ്ബഹ പ്രവേശനം

*(കാർമികൻ മദ്ബഹയിലേക്കു തിരിഞ്ഞു കുനിഞ്ഞു താഴ്ന്ന സ്വരത്തിൽ)*

**കാർമി:** കർത്താവായ ദൈവമേ, കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും / വെടിപ്പാക്കപ്പെട്ട മനഃസാക്ഷിയോടുംകൂടെ / അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ച് / ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ / അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നില്ക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആധ്യാത്മികവും മാനുഷികവുമായ ബലികൾ യഥാർഥവിശ്വാസത്തോടെ / അങ്ങേക്കർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യേണമേ.

*(എല്ലാവരും എഴുന്നേറ്റു നില്ക്കുന്നു. കാർമികൻ കൈകൾ വിരിച്ചുപിടിച്ച് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു).*

## വിശ്വാസപ്രമാണം

**കാർമി:** സർവശക്തനും പിതാവുമായ / ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. *(സമൂഹവും ചേർന്നു തുടരുന്നു).* ദൃശ്യവും അദൃശ്യവുമായ / സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകപുത്രനും / സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും / യുഗങ്ങൾക്കെല്ലാംമുമ്പ് പിതാവിൽനിന്നു ജനിച്ചവനും / എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും / ഏകകർത്താവുമായ / ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്ന് സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും / പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. അവിടുന്നുവഴി / പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും / എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. മനുഷ്യരായ നമുക്കുവേണ്ടിയും / നമ്മുടെ രക്ഷയ്ക്കുവേണ്ടിയും / അവിടുന്ന് സ്വർഗത്തിൽനിന്ന് ഇറങ്ങി / പരിശുദ്ധാത്മാവിനാൽ / കന്യകാമറിയത്തിൽനിന്നു ശരീരം സ്വീകരിച്ച് / മനുഷ്യനായി പിറന്നു. പന്തിയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിക്കുകയും / സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും / സംസ്കരിക്കപ്പെടുകയും / എഴുതപ്പെട്ടിരിക്കുന്നതുപോലെ / മൂന്നാംദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവിടുന്ന് സ്വർഗത്തിലേക്കെഴുന്നള്ളി / പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കാൻ / അവിടുന്ന് വീണ്ടും വരാനിരിക്കുന്നു. പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന / സത്യാത്മാവും ജീവദാതാവുമായ / ഏകപരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധവും / ശ്ലൈഹികവും സാർവത്രികവുമായ സഭയിലും / ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏകമാമ്മോദീസായും / ശരീരത്തിന്റെ ഉയിർപ്പും / നിത്യായുസും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

***പകരം ഗാനം***

**കാർമി:** സർവശക്തതാതനാമേക ദൈവമേ,
വിശ്വസിപ്പൂ മർത്ത്യരാം ഞങ്ങളങ്ങയിൽ.

**സമൂഹം:** ദൃശ്യലോകമെന്നപോൽ അദൃശ്യലോകവും
സൃഷ്ടിചെയ്ത ദൈവമേ, സർവപാലകാ
സർവശക്തതാതനാമേകദൈവമേ,
വിശ്വസിപ്പൂ മർത്ത്യരാം ഞങ്ങളങ്ങയിൽ.

സർവസൃഷ്ടിജാലവും തീർത്ത ദൈവമാം
സത്യതാതനങ്ങിൽ നിന്നാദ്യജാതനാം

സൃഷ്ടിയല്ല പുത്രനാമീശോദൈവജൻ,
വിശ്വസിപ്പു മർത്ത്യരാം ഞങ്ങളങ്ങയിൽ.

ദൈവസൂനു ദൈവമാണേകസത്തയിൽ
ലോകസൃഷ്ടി പൂർത്തിയായങ്ങിലൂടവേ.
മർത്ത്യരക്ഷനല്കുവാൻ പാവനാത്മനാൽ
മർത്ത്യരൂപമാർന്നിഹേ കന്യകാത്മജൻ.

പീലാത്തോസിൻ വാഴ്ചയിൽ പീഡയേറ്റവൻ
ക്രൂശിലേറി ദാരുണം മൃത്യുവാർന്നവൻ
മൂന്നുനാളിനുള്ളിൽ സത്യദൈവസൂനുവീ
മന്നിലുത്ഥിതൻ മഹത്വപൂർണശോഭയിൽ.

സ്വർഗമാർന്നുമഹിമയോടെ നിത്യപിതാവിൻ
വലതുഭാഗമാർന്നു വാഴ്വു മഹിതകാന്തിയിൽ
ഒടുവിലെത്തുമീമഹിയിൽ അന്നു വിധിയുമായ്,
സകലരും ശ്രവിക്കുമന്ത്യവിധി വിനീതരായ്.

താതനിൽനിന്നെന്നപോലെ സുതനിൽനിന്നുമേ
പ്രഭവമാർന്നു വാണിടുന്ന സത്യദൈവമായ്
ജീവനേകിടുന്ന മഹിതപാവനാത്മനിൽ
വിശ്വസിപ്പു പൂർണമായ് ഞങ്ങളേവരും.

ഏകമാണു ധന്യമാണു പാവനം സഭ
ശ്ലൈഹിക പ്രഭാവമാർന്നു സാർവ ജനീനം
പാപമോചനം തരുന്നു, ജ്ഞാനസ്നാനവും
ഏറ്റുചൊല്‌വൂ സാദരം ഞങ്ങളേവരും.

മർത്ത്യമുക്തിയാമുയിർപ്പും നിത്യജീവനും
ഏറ്റുചൊൽവൂ പൂർണമായ് ഞങ്ങളേവരും.
സർവശക്തതാതനാകുമേകദൈവമേ
വിശ്വസിപ്പുമർത്ത്യരാം ഞങ്ങളങ്ങയിൽ.

------------------------------------

*(കാർമികൻ ശുശ്രൂഷിയെ ആശീർവദിച്ചുകൊണ്ട്)*

**കാർമി:** സകലത്തിന്റെയും നാഥനായ ദൈവം / തന്റെ സ്തുതികൾ ആലപിക്കാൻ നിന്നെ ശക്തനാക്കട്ടെ.

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം സമാധാനം നമ്മോടുകൂടെ.
പാത്രിയർക്കീസുമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാർ / പുരോഹിതന്മാർ, ശുശ്രൂഷികൾ എന്നിവരുടെയും / ബ്രഹ്മചാരികളുടെയും കന്യകകളുടെയും / നമ്മുടെ മാതാപിതാക്കന്മാർ, പുത്രീപുത്രന്മാർ / സഹോദരീസഹോദരന്മാർ എന്നിവരുടെയും / ഓർമ ആചരിച്ചുകൊണ്ട് നിങ്ങൾ പ്രാർഥിക്കുവിൻ. മിശിഹായുടെ സ്നേഹിതരും വിശ്വാസികളുമായ എല്ലാ ഭരണകർത്താക്കളെയും / സത്യവിശ്വാസത്തോടെ മരിച്ച് ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ / എല്ലാവരെയും അനുസ്മരിക്കുവിൻ. മിശിഹായുടെ കൃപയാൽ / ഈ ബലി നമുക്കു സഹായത്തിനും രക്ഷയ്ക്കും / സ്വർഗരാജ്യത്തിൽ നിത്യജീവനും കാരണമാകട്ടെ.

*(കാർമികൻ മൂന്നു പ്രാവശ്യം കുനിഞ്ഞ് ആചാരംചെയ്തു താഴെ വരുന്ന പ്രാർഥന ചൊല്ലി ബലിപീഠത്തെ സമീപിക്കുന്നു).*

**കാർമി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, അങ്ങേക്കു ഞാൻ നന്ദി പറയുന്നു. * അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ, സ്തുത്യർഹവും പരിശുദ്ധവും, ജീവദായകവും ദൈവികവുമായ രഹസ്യങ്ങളെ, അങ്ങേക്കു സമർപ്പിക്കാൻ, പാപിയായിരുന്നിട്ടും എന്നെ അങ്ങു കാരുണ്യപൂർവം യോഗ്യനാക്കി. * അങ്ങയുടെ അജഗണമായ ജനത്തിന്റെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ലോകം മുഴുവന്റേയും അനുരഞ്ജനത്തിനും എല്ലാ സഭകളുടെയും സമാധാനത്തിനും ശാന്തിക്കും വേണ്ടി, ഞാൻ ഇവ അനുഷ്ഠിക്കുന്നു.

*(പരിശുദ്ധ ത്രീത്വത്തിന്റെ സാന്നിധ്യമുള്ള ബലിപീഠത്തിന്റെ മധ്യത്തിലും രണ്ടറ്റത്തും കാർമികൻ ചുംബിക്കുന്നു).*

**കാർമി:** കർത്താവേ, ആശീർവദിക്കണമേ.

*(ജനങ്ങൾക്കു നേരേ തിരിഞ്ഞു കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്)*

എന്റെ സഹോദരരേ, ഈ കുർബാന / എന്റെ കരങ്ങൾവഴി പൂർത്തിയാകാൻ / നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കുവിൻ.
*(ബലിപീഠത്തിനുനേരേ തിരിയുന്നു).*

**സമൂഹം:** സകലത്തിന്റെയും നാഥനായ ദൈവം / തന്റെ അഭിഷ്ടം നിറവേറ്റാൻ നമ്മെ ശക്തരാക്കട്ടെ. ഈ കുർബാന അവിടുന്നു സ്വീകരിക്കട്ടെ. അങ്ങേക്കും ഞങ്ങൾക്കും ലോകം മുഴുവനുംവേണ്ടി / അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ / അവിടുന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ.

## കൂദാശ / അനാഫൊറ

*(ഈശോയുടെ മരണവും ഉത്ഥാനവും അനുസ്മരിക്കുന്നു)*

***[മാർ തെയദോറിന്റെ കൂദാശക്രമത്തിന് പേജ് 175 കാണുക]***

**കാർമി:** *(ഒന്നാം പ്രണാമജപം: കുനിഞ്ഞുനിന്നു കരങ്ങൾകൂപ്പി)* ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു ഞങ്ങളുടെമേൽ വർഷിച്ച സമൃദ്ധമായ അനുഗ്രഹങ്ങളെപ്രതി / ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളാകുന്ന ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകരാകാൻ / എളിയവരും പാപികളുമായിരുന്നിട്ടും / ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. അങ്ങു നല്കിയ ഈ ദാനം / തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടുംകൂടെ പരികർമം ചെയ്യാൻ / ഞങ്ങളെ ശക്തരാക്കണമെന്നു അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

*(കാർമികൻ **ബലിപീഠം ചുംബിച്ചതിനു** ശേഷം **കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽ** ചേർത്തുവച്ചുകൊണ്ടു ചൊല്ലുന്നു).*

**കാർമി:** ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. *(തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു)* ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(കാർമികൻ ജനങ്ങൾക്കുനേരേ തിരിഞ്ഞ് ആശീർവദിക്കുന്നു).*

**കാർമി:** സമാധാനം + നിങ്ങളോടുകൂടെ.

**സമൂഹം:** അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

*(ശുശ്രൂഷി കാർമികനിൽനിന്നു സമാധാനം സ്വീകരിച്ചശേഷം).*

**ശുശ്രൂഷി:** സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ / നിങ്ങൾ സമാധാനം ആശംസിക്കുവിൻ.

*(എല്ലാവരും പരസ്പരം സമാധാനം ആശംസിക്കുന്നു).*

**ശുശ്രൂഷി:** *(ജനങ്ങൾക്കുനേരേ തിരിഞ്ഞ്)*
നമുക്കെല്ലാവർക്കും അനുതാപത്തോടും വിശുദ്ധിയോടുംകൂടെ / കർത്താവിനു നന്ദിപറയുകയും / അവിടുത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യാം. നിങ്ങൾ ആദരപൂർവംനിന്ന് / ഇവിടെ അനുഷ്ഠിക്കപ്പെടുന്നവയെ സൂക്ഷിച്ചു വീക്ഷിക്കുവിൻ. ഭയഭക്തിജനകമായ രഹസ്യങ്ങൾ / കൂദാശ ചെയ്യപ്പെടുന്നു. പുരോഹിതൻ *(പുരോഹിത ശ്രേഷ്ഠൻ)* തന്റെ മാധ്യസ്ഥ്യം വഴി / സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി പ്രാർഥിക്കാൻ തുടങ്ങുന്നു.

കണ്ണുകൾ താഴ്ത്തി / വിചാരങ്ങൾ സ്വർഗത്തിലേക്കുയർത്തി / നിശബ്ദരായി ഏകാഗ്രതയോടും ഭക്തിയോടുംകൂടെ / നിങ്ങൾ ഹൃദയത്തിൽ പ്രാർഥിക്കുവിൻ / സമാധാനം നമ്മോടുകൂടെ.

***തിരുവസ്തുക്കളുടെ അനാവരണം***
*(ഉത്ഥിതനായ മിശിഹായെ അനുസ്മരിപ്പിക്കുന്നു).*

**കാർമി:** *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ, ശക്തനായ ദൈവമേ, ബലഹീനനായ എന്നെ ദയാപൂർവം സഹായിക്കണമേ. അങ്ങയുടെ ത്രീത്വത്തിന്റെ ബഹുമാനത്തിനും ഈ സമൂഹത്തിന്റെ നന്മയ്ക്കുമായി / സജീവവും വിശുദ്ധവുമായ ഈ ബലി തിരുസന്നിധിയിൽ അർപ്പിക്കാൻ / അങ്ങയുടെ അനുഗ്രഹത്താൽ എന്നെ യോഗ്യനാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ എന്നേക്കും.

***(ശോശാപ്പാ ബലിവസ്തുക്കൾക്കു ചുറ്റും വച്ചുകൊണ്ട്)*** കർത്താവേ, നിന്റെ ശരീരത്തിനും രക്തത്തിനും കൃപാപൂർവം നീ എന്നെ യോഗ്യ നാക്കി. അപ്രകാരംതന്നെ, വിധിദിവസത്തിൽ നിന്റെ സംപ്രീ തിക്കും എന്നെ യോഗ്യനാക്കണമേ.

***(കാർമികൻ ധൂപം ആശീർവദിച്ചുകൊണ്ട്)***

**കാർമി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം / അങ്ങയുടെ മഹനീയ ത്രീത്വത്തിന്റെ നാമത്തിൽ + ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും / അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

**ശുശ്രൂഷി:** ആമ്മേൻ.

***(കാർമികൻ ബലിപീഠം ധൂപിക്കുന്നു).***

**ഗാനം**

**കാർമി:** മിശിഹാകർത്താവിൻ കൃപയും / ദൈവപിതാവിൻ സ്നേഹമതും
റൂഹാതൻ സഹവാസവുമീ / + നമ്മോടൊത്തുണ്ടാകട്ടെ.

**സമൂഹം:** ആമ്മേൻ.

**കാർമി:** ഉയരങ്ങളിലേക്കുയരട്ടെ / ഹൃദയവികാരവിചാരങ്ങൾ
ഉയരങ്ങളിലേക്കുയരട്ടെ / ഹൃദയവികാരവിചാരങ്ങൾ.

**സമൂഹം:** പൂർവപിതാവാമബ്രാഹം /ഇസഹാക്ക്, യാക്കോബെന്നിവർതൻ
ദൈവമേ നിത്യം ആരാധ്യൻ / രാജാവേ നിൻ സന്നിധിയിൽ.

**കാർമി:** അഖിലചരാചര കർത്താവാം / ദൈവത്തിനു ബലിയർപ്പിപ്പൂ.

**സമൂഹം:** ന്യായവുമാണതു യുക്തവുമാം / ന്യായവുമാണതു യുക്തവുമാം.

**ഗാനത്തിനു പകരം**

**കാർമി:** നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും / പിതാവായ ദൈവത്തിന്റെ സ്നേഹവും / പരിശുദ്ധാത്മാവിന്റെ സഹവാസവും / നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമി:** *(കൈകൾ ഉയർത്തിക്കൊണ്ട്)* നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ.

**സമൂഹം:** അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, ആരാധ്യനായ രാജാവേ, അങ്ങയുടെ പക്കലേക്ക്.

**കാർമി:** സകലത്തിന്റെയും നാഥനായ ദൈവത്തിനു / കുർബാന അർപ്പിക്കപ്പെടുന്നു.

**സമൂഹം:** അതു ന്യായവും യുക്തവുമാകുന്നു.

-----------------------------------

**ശുശ്രൂഷി:** സമാധാനം നമ്മോടുകൂടെ.

> **കാർമി:** *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ, ഞങ്ങളുടെ മനസിനെ എല്ലാ അശുദ്ധതയിലും ദുഷ്ടതയിലും / അസൂയയിലും വഞ്ചനയിലും വിദ്വേഷത്തിലുംനിന്നു വിമുക്തമാക്കണമേ. അങ്ങയുടെ കരുണയാൽ, തമ്മിൽത്തമ്മിലും മറ്റെല്ലാവരോടും / സ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ. വിശുദ്ധവും സജീവവുമായ ഈ തിരുക്കർമം പ്രത്യാശാപൂർവം അനുഷ്ഠിക്കാൻ ഞങ്ങൾക്ക് ആത്മധൈര്യം നല്കുകയും ചെയ്യണമേ.

**കാർമി:** *(രണ്ടാം പ്രണാമജപം: കുനിഞ്ഞുനിന്നു കരങ്ങൾ കൂപ്പി)* പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ / അങ്ങയുടെ മഹത്വമേറിയ ത്രിത്വത്തിന്റെ ആരാധ്യമായ നാമം / എല്ലാ അധരങ്ങളിലുംനിന്നു സ്തുതിയും / എല്ലാ നാവുകളിലുംനിന്നു കൃതജ്ഞതയും / എല്ലാ സൃഷ്ടികളിലുംനിന്നു പുകഴ്ചയും അർഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങു ലോകത്തെയും / അതിലുള്ള സകലത്തെയും കനിവോടെ സൃഷ്ടിക്കുകയും / മനുഷ്യവംശത്തോട് അളവറ്റ കൃപകാണിക്കുകയും ചെയ്തു. സ്വർഗവാസികളുടെ ആയിരങ്ങളും മാലാഖമാരുടെ പതിനായിര

ങ്ങളും / മഹോന്നതനായ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. അഗ്നിമയന്മാരും അരൂപികളുമായ സ്വർഗീയ സൈന്യങ്ങൾ / അങ്ങയുടെ നാമം പ്രകീർത്തിക്കുന്നു. പരിശുദ്ധരും അരൂപികളുമായ ക്രോവേന്മാരോടും സ്രാപ്പേന്മാരോടും ചേർന്നു / നാഥനായ അങ്ങേക്ക് അവർ ആരാധന സമർപ്പിക്കുന്നു.

**കാർമി:** ഉയർന്ന സ്വരത്തിൽ, ഇടവിടാതെ സ്തുതിച്ചുകൊണ്ട് / അവർ ഒന്നുചേർന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു.

**സമൂഹം:** ബലവാനും കർത്താവുമായ ദൈവം / പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. അവിടുത്തെ മഹത്വത്താൽ / സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. ഉന്നതങ്ങളിൽ ഓശാന / ദാവീദിന്റെ പുത്രന് ഓശാന. കർത്താവിന്റെ നാമത്തിൽ വന്നവനും / വരാനിരിക്കുന്നവനുമായവൻ അനുഗൃഹീതനാകുന്നു. ഉന്നതങ്ങളിൽ ഓശാന.

*(പേജ് 169 കാണുക)*

## പകരം ഗാനം

1. ഒന്നായ് ഉച്ചസ്വരത്തിലവർ പേജ് 169
2. ഉന്നത ദൈവമഹത്വമതിൽ പേജ് 170
3. ഉന്നതനാം രാജാവേ പേജ് 170
4. ഓശാന ഈശനു സതതം പേജ് 170
5. പരിശുദ്ധൻ നിത്യം പരിശുദ്ധൻ പേജ് 170
6. ബലവാനായ ദൈവമേ പേജ് 170
7. സ്വർഗീയ സിംഹാസനത്തിൽ വാഴും പേജ് 171

### ഗാനം - 1: ഒന്നായ് ഉച്ചസ്വരത്തിലവർ

**കാർമി:** ഒന്നായ് ഉച്ചസ്വരത്തിലവർ,
തിരുസന്നിധിയിൽ അനവരതം / സ്തുതിഗീതങ്ങൾ പാടുന്നു.

**സമൂഹം:** ദൈവം നിത്യമഹത്വത്തിൻ
കർത്താവെന്നും പരിശുദ്ധൻ, ബലവാനീശൻ പരിശുദ്ധൻ

മണ്ണും വിണ്ണും നിറയുന്നു, മന്നവനവനുടെ മഹിമകളാൽ
ഉന്നതവീഥിയിലോശാന, ദാവീദിൻ സുതനോശാന

കർത്താവിൻ തിരുനാമത്തിൽ, വന്നവനും യുഗരാജാവായ്
വീണ്ടും വരുവോനും ധന്യൻ, ഉന്നതവീഥിയിലോശാന.

*(പേജ് 171 കാണുക)*

**ഗാനം – 2: ഉന്നത ദൈവമഹത്വമതിൽ**

ഉന്നത ദൈവമഹത്വമതിൽ / വാഴുന്നവനാം രാജാവേ,
മാനവരൊന്നായി ജയവിളിയായ് / നിൽപ്പൂ നിൻസവിധേ
ഓശാന ... ഓശാന ... ഓശാന ... (2)
സ്വർഗനിവാസികൾ ദൂതന്മാർ / ദൈവജനത്തോടൊന്നായി
ഓശാനാ ജയ ഗീതങ്ങൾ / പാടുന്നാദരവാൽ (2)
ഓശാന ... ഓശാന ... ഓശാന ... (2)

*(പേജ് 171 കാണുക)*

**ഗാനം – 3: ഉന്നതനാം രാജാവേ**

ഓശാന ... ഓശാന ... ഓശാന ... (3)
ഉന്നതനാം രാജാവേ / മാനവനായ് തീർന്നവനേ
അഖിലത്തിനുമുടയവനേ / അനവരതം പാടുന്നു.
ഓശാന ... ഓശാന ... ഓശാന ... (3)

*(പേജ് 171 കാണുക)*

**ഗാനം – 4: ഓശാന ഈശനു സതതം**

ഓശാന ഈശനു സതതം / ഓശാന, ഓശാന, ഓശാന
പരിശുദ്ധൻ പരിശുദ്ധൻ പരമശക്തൻ / നിരന്തരം മുഴങ്ങുന്നു വാനിലേവം.
ഇഹപരമഹിലവുമഖിലേശ്വരാ / മഹിമയാൽ നിറയുന്നു നിരുപമമേ.
ഓശാന ഈശനു ...
അഴകെഴുമംബര സീമകളും / ആഴികൾ ചൂഴുമീ ഭൂതലവും.
മാമലയാറുകൾ മാമരങ്ങൾ / പ്രിയംകരം പാടുന്നു സംഗീതങ്ങൾ.

*(പേജ് 171 കാണുക)*

**ഗാനം – 5: പരിശുദ്ധൻ നിത്യം പരിശുദ്ധൻ**

പരിശുദ്ധൻ നിത്യം പരിശുദ്ധൻ / ബലവാനാം ദൈവം പരിശുദ്ധൻ
നാഥാ നിൻ കീർത്തനവീഥികളാൽ / നിറയുന്നു വിണ്ണും ഭൂതലവും.

ഉന്നത വീഥിയിലോശാനാ / ദാവീദിൻ സുതനോശാനാ
കർത്താവിൻ തിരുനാമത്തിൽ / വന്നവനേ വാഴ്ത്തിപ്പാടീടാം.
പരിശുദ്ധൻ നിത്യം ...
ഓശാനാ ... ഓശാനാ ... (2)

*(പേജ് 171 കാണുക)*

**ഗാനം – 6 ബലവാനായ ദൈവമേ**

ബലവാനായ ദൈവമേ / പരിശുദ്ധൻ, പരിശുദ്ധൻ
കർത്താവായ ദൈവമേ / പരിശുദ്ധൻ, പരിശുദ്ധൻ.
ബലവാനായ ദൈവമേ ...

വിണ്ടല നാഥാ - ഓശാന, ഓശാന, ഓശാന
മഹിതല നാഥാ - ഓശാന, ഓശാന, ഓശാന

സർവചരാചര സ്രഷ്ടാവേ / പരിപാലകനേ വാഴ്ത്തീടാം
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

ബലവാനായ ദൈവമേ ...

## ഗാനം – 7 സ്വർഗീയ സിംഹാസനത്തിൽ വാഴും

ആ ... ആ ... ആ ... (2)
ഓശാന ... ഓശാന ... ഓശാന ...
സ്വർഗീയ സിംഹാസനത്തിൽ വാഴും
കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ - 2

അത്യുന്നതനാം സ്വർഗീയ രാജൻ
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. - 2

സ്തുതികളിൽ വാഴുന്ന ദൈവമേ / ഓശാന ... ഓശാന ... ഓശാന ...
ബലവാനായി വാഴുന്ന സ്രഷ്ടാവേ / ഓശാന ... ഓശാന ... ഓശാന ...
അത്യുന്നതനാം സ്വർഗീയ ...
ഓശാന ... ഓശാന ... ഓശാന ... ഓശാന ... (2)

---------------------------

**കാർമി:** കർത്താവായ ദൈവമേ, സ്വർഗീയ ഗണങ്ങളോടുകൂടെ അങ്ങേക്കു ഞങ്ങൾ കൃതജ്ഞത സമർപ്പിക്കുന്നു. അങ്ങയിൽ മറഞ്ഞിരിക്കുന്ന ആത്മജാതനും / അങ്ങയോടു സദൃശനും / അങ്ങയിൽനിന്നുള്ള പ്രകാശവും / അങ്ങയുടെ സത്തയുടെ പ്രതിച്ഛായയുമായ / വചനമാകുന്ന ദൈവത്തെ ഞങ്ങൾ വാഴ്ത്തുന്നു. അങ്ങയോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ / അവിടുന്നു തന്നെത്തന്നെ ശൂന്യനാക്കി / ദാസന്റെ രൂപം സ്വീകരിച്ച് / വിവേകവും ബുദ്ധിയുമുള്ള അമർത്ത്യമായ ആത്മാവോടും മർത്ത്യമായ ശരീരത്തോടുംകൂടെ / പരിപൂർണ മനുഷ്യനായി സ്ത്രീയിൽനിന്നു ജാതനായി. നിയമത്തിന് അധീനരായവരെ ഉദ്ധരിക്കാൻ / നിയമത്തിനു വിധേയനാവുകയും / ഞങ്ങളുടെ രക്ഷയുടെ സ്മാരകം ഏർപ്പെടുത്തുകയും ചെയ്തു. രക്ഷാകരമായ ഈ രഹസ്യം / തിരുസന്നിധിയിൽ ഞങ്ങൾ അർപ്പിക്കുന്നു.

***മണി***

**കാർമി: കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ / അവിടുത്തെ പീഡാനുഭവത്തിന്റെ സ്മരണ ഞങ്ങൾ ആചരിക്കുന്നു. താൻ ഏല്പിച്ചു കൊടുക്കപ്പെട്ട രാത്രിയിൽ / ഈശോ നിർമലമായ തൃക്കരങ്ങളിൽ അപ്പമെടുത്തു സ്വർഗത്തിലേക്ക് / ആരാധ്യനായ പിതാവേ അങ്ങയുടെ പക്കലേക്കു കണ്ണുകളുയർത്തി / വാഴ്ത്തി + വിഭജിച്ചു / ശിഷ്യന്മാർക്കു നല്കിക്കൊണ്ട് അരുൾചെയ്തു. ഇതു പാപമോചനത്തിനായി / നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. നിങ്ങളെല്ലാവരും / ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.**

**സമൂഹം: ആമ്മേൻ.**

*മണി*

**കാർമി: അപ്രകാരംതന്നെ കാസയുമെടുത്തു / കൃതജ്ഞതാസ്തോത്രം ചെയ്തു / വാഴ്ത്തി + അവർക്കു നല്കിക്കൊണ്ട് അരുൾചെയ്തു. ഇതു പാപമോചനത്തിനായി / അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന / പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു. നിങ്ങളെല്ലാവരും / ഇതിൽനിന്നു വാങ്ങി പാനം ചെയ്യുവിൻ.**

**സമൂഹം: ആമ്മേൻ.**

*മണി*

**കാർമി: ഞാൻ ഈ ചെയ്തതു / നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചു കൂടുമ്പോൾ / എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

*(എല്ലാവരും നന്നായി കുനിഞ്ഞ് ആചാരം ചെയ്യുന്നു).*

**കാർമി:** കർത്താവേ, നീ ഞങ്ങളോടു കല്പിച്ചതുപോലെ / എളിയവരും ബലഹീനരും ആകുലരുമായ ഈ ദാസർ / നിന്റെ തിരുസന്നിധിയിൽ ഒരുമിച്ചു കൂടിയിരിക്കുന്നു. നന്ദി പ്രകാശിപ്പിക്കാൻ കഴിയാത്തവിധം / അത്രവലിയ അനുഗ്രഹമാണു നീ ഞങ്ങൾക്കു നല്കിയിരിക്കുന്നത്. നിന്റെ ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കാൻ / നീ ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിക്കുകയും / അധഃപതിച്ചുപോയ ഞങ്ങളെ സമുദ്ധരിക്കുകയും / മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു. പാപികളായ ഞങ്ങളെ കടങ്ങൾ ക്ഷമിച്ചു വിശുദ്ധീകരിച്ചു. ഞങ്ങളുടെ ബുദ്ധിക്കു പ്രകാശം നല്കി. ഞങ്ങളുടെ ശത്രുക്കളെ പരാജിതരാക്കി. ഞങ്ങളുടെ ബലഹീനമായ പ്രകൃതിയെ / നിന്റെ സമൃദ്ധമായ അനുഗ്രഹത്താൽ / മഹത്വമണിയിക്കുകയും ചെയ്തു.

**കാർമി:** നീ ഞങ്ങൾക്കു നല്കിയ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി / ഞങ്ങൾ നിനക്കു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. ഇപ്പോഴും + എപ്പോഴും എന്നേക്കും.
*(ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മാ ചെയ്യുന്നു).*

**സമൂഹം:** ആമ്മേൻ.

**ശുശ്രൂഷി:** ഹൃദയംകൊണ്ടു നിങ്ങൾ പ്രാർഥിക്കുവിൻ / സമാധാനം നമ്മോടുകൂടെ.

**കാർമി:** കർത്താവേ ശക്തനായ ദൈവമേ / പ്രധാനാചാര്യനും സാർവത്രികസഭയുടെ തലവനും ഭരണാധികാരിയുമായ / റോമായിലെ മാർ *(... പേര്)* പാപ്പായ്ക്കുവേണ്ടിയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ *(... പേര്)* മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനുവേണ്ടിയും / *(മാർ ... മെത്രാപ്പോലീത്തായ്ക്കും മാർ ... മെത്രാനുംവേണ്ടിയും)* പുരോഹിതന്മാർ, സമർപ്പിതർ, അല്മായപ്രേഷിതർ എന്നിവർക്കുവേണ്ടിയും / വിശുദ്ധ കത്തോലിക്കാസഭ മുഴുവനുംവേണ്ടിയും / ഭരണകർത്താക്കൾ, മേലധികാരികൾ എന്നിവർക്കുവേണ്ടിയും / ഈ കുർബാന സ്വീകരിക്കേണമേ.

**സമൂഹം:** കർത്താവേ, ഈ കുർബാന സ്വീകരിക്കണമേ.

**കാർമി:** എല്ലാ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും / രക്തസാക്ഷികളുടെയും വന്ദകരുടെയും ബഹുമാനത്തിനുവേണ്ടിയും / അങ്ങയുടെ സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച / നീതിമാന്മാരും വിശുദ്ധരുമായ എല്ലാ പിതാക്കന്മാർക്കുവേണ്ടിയും / ഈ കുർബാന സ്വീകരിക്കണമേ.

**സമൂഹം:** കർത്താവേ, ഈ കുർബാന സ്വീകരിക്കണമേ.

**കാർമി:** ക്ലേശിതരും ദുഃഖിതരും / ദരിദ്രരും പീഡിതരും / രോഗികളും ആകുലരുമായ എല്ലാവർക്കുംവേണ്ടിയും / ഞങ്ങളുടെ ഇടയിൽനിന്ന് അങ്ങയുടെ നാമത്തിൽ വേർപിരിഞ്ഞുപോയ / എല്ലാ മരിച്ചവർക്കുവേണ്ടിയും / അങ്ങയുടെ കാരുണ്യത്തെ പ്രത്യാശാപൂർവം കാത്തിരിക്കുന്ന ഈ ജനത്തിനുവേണ്ടിയും / അയോഗ്യനായ എനിക്കുവേണ്ടിയും / ഈ കുർബാന സ്വീകരിക്കണമേ.

**സമൂഹം:** കർത്താവേ, ഈ കുർബാന സ്വീകരിക്കണമേ.

**കാർമി:** കർത്താവായ ദൈവമേ, അങ്ങു ഞങ്ങളെ പഠിപ്പിച്ചതുപോലെ / നിർമലവും വിശുദ്ധവുമായ ഈ ബലിപീഠത്തിന്മേൽ / അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങൾ ഞങ്ങൾ അർപ്പിക്കുന്നു. ഈ ഓർമ ആചരണത്തിൽ ദൈവമാതാവായ കന്യകാമറിയത്തിന്റെയും / അങ്ങയുടെ തിരുസന്നിധിയിൽ സംപ്രീതി കണ്ടെത്തിയ / നീതിമാന്മാരും

വിശുദ്ധരുമായ പിതാക്കന്മാരുടെയും പാവനസ്മരണ / അങ്ങയുടെ അവർണനീയവും സമൃദ്ധവുമായ കൃപയാൽ സംജാതമാക്കണമേ. ജീവിതകാലം മുഴുവനും അങ്ങയുടെ ശാന്തിയും സമാധാനവും ഞങ്ങൾക്കു നല്കണമേ. അങ്ങു മാത്രമാണു യഥാർഥ പിതാവായ ദൈവമെന്നും / അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായെ അങ്ങ് അയച്ചുവെന്നും / ഭൂവാസികൾ എല്ലാവരും അറിയട്ടെ. ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാവഴി / ജീവദായകമായ സുവിശേഷംവഴി / പ്രവാചകന്മാർ, ശ്ലീഹന്മാർ, / രക്തസാക്ഷികൾ, വന്ദകന്മാർ, / വേദപാരംഗതന്മാർ, മെത്രാന്മാർ, / പുരോഹിതന്മാർ, ശുശ്രൂഷികൾ എന്നിവർക്കും / വിശുദ്ധ മാമ്മോദീസായുടെ സജീവവും ജീവദായകവുമായ അടയാളത്താൽ മുദ്രിതരും (+) / പരിശുദ്ധ കത്തോലിക്കാസഭയുടെ സന്താനങ്ങളുമായ എല്ലാവർക്കും / ആവശ്യകമായ നൈർമല്യത്തിന്റെയും വിശുദ്ധിയുടെയും മാർഗം പഠിപ്പിച്ചുവെന്നും / എല്ലാ മനുഷ്യരും അറിയട്ടെ. കർത്താവേ, എളിയവരും ബലഹീനരും ക്ലേശിതരുമായ ഈ ദാസരും / അങ്ങു നല്കിയ മാതൃക / പരമ്പരാഗതമായി സ്വീകരിച്ച് / അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടി / ഇപ്പോൾ തിരുസന്നിധിയിൽ നില്ക്കുന്നു. ഞങ്ങ ളുടെ നാഥനും രക്ഷകനുമായ ഈശോമിശിഹായുടെ / പീഡാനുഭവത്തിന്റെയും മരണത്തിന്റെയും / സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും മഹനീയവും ഭയഭക്തിജനകവും / പരിശുദ്ധവും ജീവദായകവും / ദൈവികവുമായ ഈ രഹസ്യത്തെ / സന്തോഷത്തോടെ ഞങ്ങൾ സ്മരിക്കുകയും സ്തുതിക്കുകയും / അനുഷ്ഠിക്കുകയും ചെയ്യുന്നു.

**ശുശ്രൂഷി:** നിങ്ങൾ നിശബ്ദരായി ആദരപൂർവം പ്രാർഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.

*(മണിയടിക്കുന്നു).*

## *റൂഹാക്ഷണ പ്രാർഥന*

*(പരിശുദ്ധാത്മാവിന്റെ ആഗമനം)*

*എല്ലാവരും ശിരസു നമിച്ചു പ്രാർഥിക്കുന്നു.*
*കാർമികൻ കൈകൾ വിശുദ്ധ രഹസ്യങ്ങളുടെമേൽ കമഴ്ത്തിപ്പിടിച്ച്*

**കാർമി: കർത്താവേ, നിന്റെ പരിശുദ്ധാത്മാവ് എഴുന്നള്ളിവരട്ടെ.**

**കാർമി:** നിന്റെ ദാസരുടെ ഈ കുർബാനയിൽ അവിടുന്ന് ആവസിച്ച് / ഇതിനെ ആശീർവദിക്കുകയും പവിത്രീകരിക്കുകയും ചെയ്യട്ടെ. ഇതു ഞങ്ങൾക്കു കടങ്ങളുടെ പൊറുതിക്കും / പാപങ്ങളുടെ മോചനത്തിനും മരിച്ചവരുടെ ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും / നിന്നെ പ്രീതിപ്പെടുത്തിയ എല്ലാവരോടും ഒന്നിച്ചു / സ്വർഗരാജ്യത്തിൽ നവമായ ജീവിതത്തിനും കാരണമാകട്ടെ.

കർത്താവായ ദൈവമേ, ഞങ്ങൾക്കുവേണ്ടിയുള്ള അങ്ങയുടെ / മഹനീയവും വിസ്മയാവഹവുമായ ഈ രക്ഷാപദ്ധതിയെക്കുറിച്ച് / അങ്ങയെ ഞങ്ങൾ നിരന്തരം പ്രകീർത്തിക്കുന്നു. അങ്ങയുടെ അഭിഷിക്തന്റെ അമൂല്യരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ / സന്തോഷത്തോടും പ്രത്യാശയോടുംകൂടെ / ഞങ്ങൾ അങ്ങേക്കു കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു.

*(കാർമികൻ ബലിപീഠം ചുംബിക്കുന്നു).*

**കാർമി:** സജീവവും പരിശുദ്ധവും ജീവദായകവുമായ അങ്ങയുടെ നാമത്തിനു / സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. *(ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മാചെയ്തുകൊണ്ട്)* ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**പകരം ഗാനം**

**കാർമി:** അതിപൂജിതമാം നിൻ / തിരുനാമത്തിനിതാ
സ്തുതിയും ബഹുമതിയും / സ്തോത്രം കീർത്തനവും
നാഥാ ഞങ്ങളണയ്ക്കുന്നു + ഇപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

**അല്ലെങ്കിൽ**

**കാർമി:** പൂജ്യമായിട്ടും നിന്റെ, നാമത്തിനാദരാൽ ഞങ്ങളർപ്പിക്കും.
സ്തോത്രവും സ്തുതി കീർത്തനങ്ങളും, ഇന്നുമെപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***[അനുതാപശുശ്രൂഷ പേജ് 184 കാണുക]***

## മാർ തെയദോറിന്റെ കൂദാശക്രമം

*(എല്ലാ കാലങ്ങളിലും, വിശിഷ്യാ മംഗലവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാന ഞായർവരെയും, ഉപയോഗിക്കാവുന്നത്.)*

**ഒന്നാം പ്രണാമജപം**

**കാർമ്മി:** *(കുനിഞ്ഞുനിന്ന് കരങ്ങൾകൂപ്പി)* കർത്താവേ, സർവ്വശക്തനും നിത്യനുമായ ദൈവമേ, അങ്ങു സകലത്തിന്റെയും കാരുണ്യഭ്രതനും സ്രഷ്ടാവുമാകുന്നു. അഗ്രാഹ്യവും അവർണ്ണനീയവും / മഹോന്നതവുമായ കാര്യങ്ങൾ നിർവ്വഹിക്കുന്ന / മഹത്ത്വമുള്ള രാജാവും അങ്ങു തന്നെയാകുന്നു. അങ്ങയുടെ ഏകജാതനായ കർത്താവീശോമിശിഹാ / മനുഷ്യസ്വഭാവംവഴി പൂർത്തിയാക്കിയ / അത്ഭുതാവഹവും ഭയഭക്തിജനകവുമായ

രക്ഷാപദ്ധതിവഴി / പുതുജീവൻ നല്കി ഞങ്ങളെ നവീകരിക്കുകയും / പരിശുദ്ധാത്മാവിനെ അച്ചാരമായി നല്കുകയും ചെയ്തു. ഞങ്ങൾ അയോഗ്യരാണെങ്കിലും / അങ്ങയുടെ കൃപയാൽ / പരിശുദ്ധവും സ്തുത്യർഹവുമായ ഈ ദിവ്യരഹസ്യങ്ങളെ / അറിയുന്നതിനും സമീപിക്കുന്നതിനും / പൂർത്തീകരിക്കുന്നതിനും സ്വീകരിക്കുന്നതിനും / ഇവയോട് ഏകീഭവിക്കുന്നതിനും / ഞങ്ങളെ അങ്ങു യോഗ്യരാക്കി.

*(ബലിപീഠം ചുംബിച്ചതിനു ശേഷം കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽ ചേർത്തുവച്ചു ചൊല്ലുന്നു).*

**കാർമ്മി:** അങ്ങയുടെ ഏകജാതന്റെ കൃപയാലും കരുണയാലും / ആദിമുതൽ അങ്ങയെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടും കൂടെ / അങ്ങേക്കും ദിവ്യസുതനും പരിശുദ്ധാത്മാവിനും / സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. *(തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു)* ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(കാർമ്മികൻ ജനങ്ങൾക്കു നേരെ തിരിഞ്ഞ് ആശീർവ്വദിക്കുന്നു).*

**കാർമ്മി:** സമാധാനം + നിങ്ങളോടുകൂടെ.

**സമൂഹം:** അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

*(ശുശ്രൂഷി കാർമ്മികനിൽനിന്നു സമാധാനം സ്വീകരിച്ചശേഷം).*

**ശുശ്രൂഷി:** സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ / നിങ്ങൾ പരസ്പരം സമാധാനം ആശംസിക്കുവിൻ.

*(എല്ലാവരും പരസ്പരം സമാധാനം ആശംസിക്കുന്നു).*

**ശുശ്രൂഷി:** *(ജനങ്ങൾക്കു നേരെ തിരിഞ്ഞ്)* നമുക്കെല്ലാവർക്കും / അനുതാപത്തോടും വിശുദ്ധിയോടുംകൂടെ / കർത്താവിനു നന്ദിപറയുകയും / അവിടുത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യാം. നിങ്ങൾ ആദരപൂർവ്വംനിന്ന് / ഇവിടെ അനുഷ്ഠിക്കപ്പെടുന്നവയെ / സൂക്ഷിച്ചു വീക്ഷിക്കുവിൻ. ഭയഭക്തിജനകമായ രഹസ്യങ്ങൾ / കൂദാശ ചെയ്യപ്പെടുന്നു. പുരോഹിതൻ *(പുരോഹിത ശ്രേഷ്ഠൻ)* തന്റെ മദ്ധ്യസ്ഥം വഴി / സമാധാനം സമൃദ്ധമാകുന്നതിനു വേണ്ടി / പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. കണ്ണുകൾ താഴ്ത്തി / വിചാരങ്ങൾ സ്വർഗ്ഗത്തിലേയ്ക്കുയർത്തി / നിശബ്ദരായി / ഏകാഗ്രതയോടും ഭക്തിയോടുകൂടെ / നിങ്ങൾ ഹൃദയത്തിൽ പ്രാർത്ഥിക്കുവിൻ / സമാധാനം നമ്മോടുകൂടെ.

### *തിരുവസ്തുക്കളുടെ അനാവരണം*
### *(ഉത്ഥിതനായ മിശിഹായെ അനുസ്മരിപ്പിക്കുന്നു)*

**കാർമ്മി:** *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ, ശക്തനായ ദൈവമേ, ബലഹീനനായ എന്നെ ദയാപൂർവ്വം സഹായിക്കണമേ. അങ്ങയുടെ ത്രിത്വത്തിന്റെ ബഹുമാനത്തിനും ഈ സമൂഹത്തിന്റെ നന്മയ്ക്കു മായി സജീവവും വിശുദ്ധവുമായ ഈ ബലി തിരുസ്സന്നിധിയിൽ അർപ്പിക്കു വാൻ അങ്ങയുടെ അനുഗ്രഹത്താൽ എന്നെ യോഗ്യനാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ എന്നേക്കും.

***(ശോശാപ്പാ ബലിവസ്തുക്കൾക്കുചുറ്റും വച്ചുകൊണ്ട്)*** കർത്താവേ, നിന്റെ ശരീരത്തിനും രക്തത്തിനും കൃപാപൂർവ്വം നീ എന്നെ യോഗ്യനാക്കി. അപ്രകാരംതന്നെ, വിധിദിവസത്തിൽ നിന്റെ സംപ്രീതിക്കും എന്നെ യോഗ്യനാക്കണമേ.

***(കാർമ്മികൻ ധൂപം ആശീർവ്വദിച്ചുകൊണ്ട്)***

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ / അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം / അങ്ങ യുടെ മഹനീയ ത്രീത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും / അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

**ശുശ്രൂഷി:** ആമ്മേൻ.

***(കാർമ്മികൻ ബലിപീഠം ധൂപിക്കുന്നു).***

**ഗാനം**

**കാർമ്മി:** മിശിഹാകർത്താവിൻ കൃപയും / ദൈവപിതാവിൻ സ്നേഹമതും
റൂഹാതൻ സഹവാസവുമീ / + നമ്മോടൊത്തുണ്ടാകട്ടെ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഉയരങ്ങളിലേക്കുയരട്ടെ / ഹൃദയവികാരവിചാരങ്ങൾ
ഉയരങ്ങളിലേക്കുയരട്ടെ / ഹൃദയവികാരവിചാരങ്ങൾ.

**സമൂഹം:** പൂർവ്വപിതാവാമബ്രാഹം /ഇസഹാക്ക് യാക്കോബെന്നിവർതൻ
ദൈവമേ നിത്യം ആരാധ്യൻ / രാജാവേ നിൻ സന്നിധിയിൽ.

**കാർമ്മി:** അഖിലചരാചര കർത്താവാം / ദൈവത്തിനു ബലിയർപ്പിപ്പൂ.

**സമൂഹം:** ന്യായവുമാണതു യുക്തവുമാം / ന്യായവുമാണതു യുക്തവുമാം.

-----------------------------------

**ഗാനത്തിനു പകരം**

**കാർമ്മി:** നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും / പിതാവായ ദൈവത്തിന്റെ സ്നേഹവും / പരിശുദ്ധാ ത്മാവിന്റെ സഹവാസവും / നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** *(കൈകൾ ഉയർത്തിക്കൊണ്ട്)* നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ.

**സമൂഹം:** അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, ആരാധ്യനായ രാജാവേ, അങ്ങയുടെ പക്കലേയ്ക്ക്.

**കാർമ്മി:** സകലത്തിന്റെയും നാഥനായ ദൈവത്തിനു / കുർബാന അർപ്പിക്കപ്പെടുന്നു.

**സമൂഹം:** അതു ന്യായവും യുക്തവുമാകുന്നു.

-----------------------------------

**ശുശ്രൂഷി:** സമാധാനം നമ്മോടുകൂടെ.

> **കാർമ്മി**: *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ, ഞങ്ങളുടെ മനസ്സിനെ എല്ലാ അശുദ്ധതയിലും ദുഷ്ടതയിലും / അസൂയയിലും വഞ്ചനയിലും / വിദ്വേഷത്തിലുംനിന്നു വിമുക്തമാക്കണമേ. അങ്ങയുടെ കരുണയാൽ, തമ്മിൽത്തമ്മിലും മറ്റെല്ലാവരോടും / സ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ. വിശുദ്ധവും സജീവവുമായ ഈ തിരുക്കർമ്മം പ്രത്യാശപൂർവ്വം അനുഷ്ഠിക്കുവാൻ ഞങ്ങൾക്ക് ആത്മധൈര്യം നല്കുകയും ചെയ്യണമേ.

**കാർമ്മി:** *(രണ്ടാം പ്രണാമജപം: കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പി)* കർത്താവായ ദൈവമേ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ / അങ്ങയുടെ പരിശുദ്ധ നാമത്തെ / എന്നും എല്ലായ്പ്പോഴും എവിടെയും ഏറ്റുപറയുകയും / ആരാധിക്കുകയും ചെയ്യുക ഉചിതമാകുന്നു. എന്തുകൊണ്ടെന്നാൽ, ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും / സ്രഷ്ടാവും കർത്താവും അങ്ങാകുന്നു. അങ്ങയുടെ മഹത്ത്വത്തിന്റെ പ്രകാശവും / സത്തയുടെ പ്രതിച്ഛായയുമായ / ഏകജാതനും ദൈവവുമായ വചനം വഴി / ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും / അങ്ങു സൃഷ്ടിച്ചു ക്രമപ്പെടുത്തി. പിതാവായ അങ്ങയിൽനിന്നുള്ളവനും / സത്യാത്മാവുമായ പരിശുദ്ധാത്മാവ് / സകല സൃഷ്ടികളെയും ശക്തരാക്കുകയും പവിത്രീ

കരിക്കുകയും / അങ്ങയുടെ ആരാധ്യമായ ദൈവത്വത്തിന് / സ്തുതികളർപ്പിക്കാൻ അർഹരാക്കുകയും ചെയ്തിരിക്കുന്നു. ത്രിത്വൈക ദൈവമേ, അങ്ങയുടെ തിരുസന്നിധിയിൽ ആയിരങ്ങളും പതിനായിരങ്ങളുമായ വാനവഗണങ്ങൾ / ആനന്ദപൂർവം തിരുനാമത്തെ / നിരന്തരം പാടി സ്തുതിക്കുന്നു. കർത്താവേ, തുല്യരും അവിഭാജ്യരുമായ മൂന്നാളുകളായി ഏറ്റുപറയുന്ന / ആരാധ്യമായ അങ്ങയുടെ പരമപരിശുദ്ധിയുടെ മുമ്പാകെ / എല്ലാ സ്വർഗ്ഗീയഗണങ്ങളും സദാ സ്തുതികളർപ്പിക്കുന്നു. അവരോടു ചേർന്ന് ബലഹീനരായ മർത്യഗണം / പരമോന്നതനായ അങ്ങയെ പാടിസ്തുതിക്കുന്നു.

**കാർമ്മി:** *(ഗാനം)* ഒന്നായ് ഉച്ചസ്വരത്തിലവർ,
തിരുസന്നിധിയിൽ അനവരതം / സ്തുതിഗീതങ്ങൾ പാടുന്നു.

**സമൂഹം:** ദൈവം നിത്യമഹത്ത്വത്തിൻ
കർത്താവെന്നും പരിശുദ്ധൻ, ബലവാനീശൻ പരിശുദ്ധൻ

മണ്ണും വിണ്ണും നിറയുന്നു, മന്നവനവനുടെ മഹിമകളാൽ
ഉന്നതവീഥിയിലോശാന, ദാവീദിൻ സുതനോശാന

കർത്താവിൻ തിരുനാമത്തിൽ, വന്നവനും യുഗരാജാവായ്
വീണ്ടും വരുവോനും ധന്യൻ, ഉന്നതവീഥിയിലോശാന.

---------------------------

**ഗാനത്തിനു പകരം**

**കാർമ്മി:** ഉയർന്ന സ്വരത്തിൽ ഇടവിടാതെ സ്തുതിച്ചുകൊണ്ട് അവർ ഒന്നുചേർന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു.

**സമൂഹം:** ബലവാനും കർത്താവുമായ ദൈവം / പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. അവിടുത്തെ മഹത്ത്വത്താൽ / സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. ഉന്നതങ്ങളിൽ ഓശാന / ദാവീദിന്റെ പുത്രന് ഓശാന. കർത്താവിന്റെ നാമത്തിൽ വന്നവനും / വരുവാനിരിക്കുന്നവനുമായവൻ അനുഗ്രഹീതനാകുന്നു. ഉന്നതങ്ങളിൽ ഓശാന.

---------------------------

**കാർമ്മി:** ***(മൂന്നാം പ്രണാമജപം)*** കർത്താവായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുകയും, ഞങ്ങൾക്കു നല്കിയ സകല കൃപാവരങ്ങൾക്കുമായി / അങ്ങയെ ഏറ്റുപറയുകയും സ്തുതിക്കുകയും ചെയ്യുന്നു. മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി / ഏകജാതനും വചനവുമായ ദൈവം / അങ്ങയോടുള്ള സമാനത പരിഗണിക്കാതെ /

തന്നെത്തന്നെ ശൂന്യനാക്കി / ദാസന്റെ രൂപം സ്വീകരിച്ചു. അവിടുന്നു സ്വർഗത്തിൽ നിന്നിറങ്ങി / പരിശുദ്ധാത്മാവിന്റെ ശക്തിയാൽ / പരിശുദ്ധ കന്യകയിൽനിന്നു മനുഷ്യത്വം ധരിച്ച് / മർത്ത്യമായ ശരീരവും അമർത്ത്യമായ ആത്മാവും സ്വീകരിച്ചു. ലോക സൃഷ്ടിക്കു മുമ്പുതന്നെ / അങ്ങയുടെ അനന്ത ജ്ഞാനത്താൽ ഒരുക്കപ്പെട്ടിരുന്ന / മഹനീയവും വിസ്മയാവഹവുമായ രക്ഷാപദ്ധതി മുഴുവനും / കാലത്തിന്റെ തികവിൽ / അവൻ തന്റെ കരങ്ങൾവഴി / നിറവേറ്റുകയും പൂർത്തീകരിക്കുകയും ചെയ്തു. ദൈവത്വത്തിന്റെ പൂർണത മുഴുവനും അവനിൽ വസിക്കുന്നു. അവിടുന്നു സഭയുടെ ശിരസ്സും / മരിച്ചവരിൽനിന്നുള്ള ആദ്യജാതനുമാകുന്നു. സകലത്തിന്റെയും പൂർത്തീകരണവും / സകലവും പൂർത്തിയാക്കുന്നവനും അവിടുന്നാകുന്നു. നിത്യനായ പരിശുദ്ധറൂഹാവഴി / അവിടുന്നു തന്നെത്തന്നെ നിർമ്മലമായി / ദൈവത്തിനു ബലിയർപ്പിക്കുകയും / തന്റെ ശരീരത്തിന്റെ ഒരിക്കൽ മാത്രമുള്ള സമർപ്പണത്താൽ / ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്തു. കുരിശിലെ തന്റെ രക്തത്താൽ / സ്വർഗത്തെയും ഭൂമിയെയും രമ്യതപ്പെടുത്തി. അവിടുന്നു ഞങ്ങളുടെ പാപങ്ങൾ നിമിത്തം ഏല്പിച്ചു കൊടുക്കപ്പെടുകയും / ഞങ്ങളെ നീതീകരിക്കുവാൻ / ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു.

*മണി*

**കാർമ്മി: താൻ ഏല്പിച്ചുകൊടുക്കപ്പെട്ട രാത്രിയിൽ / തന്റെ വിശുദ്ധ ശ്ലീഹന്മാരോടുകൂടെ / മഹനീയവും പരിശുദ്ധവും ദൈവികവുമായ ഈ രഹസ്യം / ഈശോ പരികർമ്മം ചെയ്തു. തന്റെ പരിശുദ്ധമായ കരങ്ങളിൽ അപ്പമെടുത്ത്** *(പീലാസ കൈയിലെടുക്കുന്നു.)* **വാഴ്ത്തി + വിഭജിച്ചു / ശിഷ്യന്മാർക്കു നല്കിക്കൊണ്ട് അവിടുന്ന് അരുൾചെയ്തു. ഇതു ലോകത്തിന്റെ ജീവനുവേണ്ടി / പാപമോചനത്തിനായി വിഭജിക്കപ്പെടുന്ന / എന്റെ ശരീരമാകുന്നു. നിങ്ങളെല്ലാവരും / ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.**

**സമൂഹം: ആമ്മേൻ.**

*മണി*

**കാർമ്മി: അപ്രകാരം തന്നെ കാസയുമെടുത്ത്** *(കാസ കൈയിലെടുക്കുന്നു.)* **/ കൃതജ്ഞതാസ്തോത്രം ചെയ്തു / വാഴ്ത്തി + അവർക്കു നല്കിക്കൊണ്ട് അരുൾചെയ്തു: ഇതു പാപമോചനത്തിനായി / അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന / പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു. നിങ്ങളെല്ലാവരും / ഇതിൽനിന്നു വാങ്ങി പാനം ചെയ്യുവിൻ.**

**സമൂഹം: ആമ്മേൻ.**

*മണി*

**കാർമ്മി: ഞാൻ ഈ ചെയ്തത് / നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ / എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ.**

*(എല്ലാവരും നന്നായി കുനിഞ്ഞ് ആചാരം ചെയ്യുന്നു).*

**കാർമ്മി:** കർത്താവേ, നീ ഞങ്ങളോടു കല്പിച്ചതുപോലെ / ഈ ദാസർ ഒരുമിച്ചു കൂടിയിരിക്കുന്നു. മനുഷ്യവംശത്തിനു മുഴുവൻ രക്ഷ നല്കിയ / സമുന്നതവും ഭയഭക്തിജനകവും / പരിശുദ്ധവും ദൈവികവുമായ ഈ രഹസ്യം / വിനീതരും ബലഹീനരും നിസ്സാരരുമായ ഞങ്ങൾ / നിന്റെ കൃപയാൽ അനുഷ്ഠിക്കുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ അർപ്പിക്കുന്നു. ഇപ്പോഴും + എപ്പോഴും എന്നേക്കും.

*(ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മാ ചെയ്യുന്നു).*

**സമൂഹം:** ആമ്മേൻ.

**ശുശ്രൂഷി:** ഹൃദയം കൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുവിൻ / സമാധാനം നമ്മോടുകൂടെ.

*(കാർമ്മികൻ കുനിഞ്ഞുനിന്ന് കരങ്ങൾകൂപ്പി നാലാം പ്രണാമജപം ചൊല്ലുന്നു.)*

**കാർമ്മി:** കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും / അങ്ങേയ്ക്കു നന്ദി പറയുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, പാപംമൂലം അയോഗ്യരായിരുന്നിട്ടും / അങ്ങയുടെ കാരുണ്യാതിരേകത്താൽ / ഞങ്ങളെ അങ്ങയിലേക്കടുപ്പിക്കുകയും / പരിശുദ്ധാത്മാവിന്റെ കൃപയാൽ / നവീകരിച്ചു വിശുദ്ധീകരിക്കുകയും ചെയ്തു. ഞങ്ങളുടെ രക്ഷയ്ക്കായുള്ള ഭയഭക്തിജനകവും ദൈവികവുമായ ഈ ശുശ്രൂഷ / അങ്ങയുടെ മുമ്പാകെ പരികർമ്മം ചെയ്യുന്നതിന് / അങ്ങു ഞങ്ങളെ യോഗ്യരാക്കി. അങ്ങയുടെ പ്രിയപുത്രനായ ഞങ്ങളുടെ കർത്താവീശോമിശിഹാവഴി / ഞങ്ങൾക്കെല്ലാവർക്കും കൈവന്ന / മഹനീയമായ രക്ഷയെ / കൃതജ്ഞതാപൂർവം ഞങ്ങൾ ഏറ്റുപറയുന്നു.

**കാർമ്മി:** *(കൈകൾ വിരിച്ചുപിടിച്ച്)* ലോകത്തിന്റെ പാപം നീക്കുന്ന / ദൈവത്തിന്റെ കുഞ്ഞാടിന്റെ രഹസ്യമാകുന്ന / സജീവവും പരിശുദ്ധവും സ്വീകാര്യവുമായ ഈ ബലി / നുറുങ്ങിയ ഹൃദയത്തോടും എളിയ ആത്മാവോടുംകൂടി / അങ്ങയുടെ മഹനീയമായ ത്രിത്വത്തിന്റെ മുമ്പാകെ ഞങ്ങൾ അർപ്പിക്കുന്നു. പാപമോചനത്തിനായി അർപ്പിക്കപ്പെടുന്ന / നിർമ്മലവും പരിശുദ്ധവുമായ ഈ ബലിയിൽ / അങ്ങു സംപ്രീതനാകണമേ.

**സമൂഹം:** ആമ്മേൻ, കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** കർത്താവേ, ഞങ്ങളുടെ ദൈവമേ, പരിശുദ്ധ കത്തോലിക്കാ സഭയിൽ / അങ്ങയുടെ ശാന്തിയും സമാധാനവും / എന്നെന്നും വസിക്കാനിടയാക്കണമേ. കലഹങ്ങളും ഭിന്നതകളും / പീഡനങ്ങളും വിഭാഗീയതകളും / സഭയിൽ നിന്നകറ്റണമേ. നിർമ്മല ഹൃദയത്തോടും / ഏകമനസ്സോടും പൂർണസ്നേഹത്തോടുംകൂടി / ഞങ്ങളെല്ലാവരും / ഐക്യത്തിൽ ജീവിക്കുവാൻ ഇടയാക്കണമേ.

**സമൂഹം:** ആമ്മേൻ, കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** തന്റെ ശുശ്രൂഷ നിർവഹിക്കുന്ന / സാർവ്വത്രികസഭയുടെ തലവനായ മാർ *(... പേര്)* പാപ്പായും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ / മേജർ ആർച്ച്ബിഷപ്പ് മാർ *(... പേര്)* മെത്രാപ്പോലിത്തായും / ഞങ്ങളുടെ പിതാവും മേലദ്ധ്യക്ഷനുമായ മാർ *(... പേര്)* മെത്രാനും / (മാർ ... മെത്രാപ്പോലീത്തായും മാർ ... മെത്രാനും) എല്ലാ മെത്രാന്മാരും പുരോഹിതന്മാരും / മ്ശംശാനാമാരും സമർപ്പിതരും അല്മായ പ്രേഷിതരും / തിരുമുമ്പിൽ നിർമ്മലതയോടും ഭക്തിയോടും വിശുദ്ധിയോടുംകൂടി ശുശ്രൂഷ ചെയ്യുന്നതിനും / അങ്ങയെ പ്രസാദിപ്പിക്കുന്നതിനും, / നമ്മുടെ കർത്താവീശോമിശിഹാ പ്രത്യക്ഷനാകുമ്പോൾ / മഹോന്നത ഭാഗ്യത്തിനു യോഗ്യരാകുന്നതിനും ഇടയാക്കണമേ.

**സമൂഹം:** ആമ്മേൻ, കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** കർത്താവായ ദൈവമേ, ഇവിടെയും മറ്റെല്ലാ സ്ഥലങ്ങളിലുമുള്ള / പരിശുദ്ധ കത്തോലിക്കാസഭയുടെ മക്കളെല്ലാവരും / ജീവന്റെ രക്ഷയ്ക്കുവേണ്ടി / സത്യവിശ്വാസത്തോടും സത്പ്രവർത്തികളോടുംകൂടി / തിരുമുമ്പാകെയുള്ള ആരാധനയിൽ വളരാൻ ഇടയാക്കണമേ. പാപിയും അയോഗ്യനുമായ ഈ ദാസനെയും / ഈ ബലിയിൽ പ്രത്യേകമായി അനുസ്മരിക്കപ്പെടുന്ന എല്ലാവരെയും / തിരുസന്നിധിയിൽ അങ്ങയുടെ കൃപയും ദയയും കണ്ടെത്തുവാൻ യോഗ്യരാക്കണമേ. അങ്ങയുടെ കൃപയാൽ ഭൂമിയുടെ ഫലങ്ങളെയും കാലാവസ്ഥയെയും / വത്സരത്തിന്റെ വിളവുകളെയും അനുഗ്രഹിക്കണമേ. ഈ ലോകത്തിൽനിന്ന് സത്യവിശ്വാസത്തോടെ മരിച്ചുപോയവർ / നിത്യസൗഭാഗ്യത്തിൽ പ്രവേശിക്കുന്നതിനും ഇടയാക്കണമേ.

**സമൂഹം:** ആമ്മേൻ, കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** കർത്താവേ, അങ്ങുമാത്രമാണു സത്യത്തിന്റെ പിതാവായ ദൈവമെന്ന് / എല്ലാ മനുഷ്യരും അറിയണമെന്നും / യഥാർത്ഥ ജ്ഞാനത്തിലേക്കു തിരിഞ്ഞ് / എല്ലാവരും രക്ഷിക്കപ്പെടണമെന്നും /

അങ്ങ് ആഗ്രഹിക്കുന്നവല്ലോ. അങ്ങ് അനാദിമുതൽ കർത്താവാണെന്നും / സൃഷ്ടിക്കപ്പെടാത്തവനും സകലത്തിന്റെയും സ്രഷ്ടാവുമായ / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമാണെന്നും അവർ അറിയട്ടെ. മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി / ദൈവപുത്രനും ദൈവവചനവുമായ കർത്താവീശോമിശിഹാ / പൂർണമനുഷ്യത്വം ധരിച്ച് / ദൈവത്തിന്റെ ശക്തിയാലും പരിശുദ്ധാത്മാവിനാലും / സകലതും പൂർത്തീകരിക്കുകയും നീതീകരിക്കുകയും ചെയ്തുവെന്നും / അവിടുന്ന ദൈവത്തിന്റെയും മനുഷ്യരുടെയും മധ്യസ്ഥനും / നിത്യജീവന്റെ ദാതാവുമാണെന്നും എല്ലാവരും ഗ്രഹിക്കട്ടെ. കർത്താവേ, ആരാധ്യനായ ദൈവമേ, ഞങ്ങളുടെ അധരങ്ങളുടെ ഫലമായ ഈ സ്തോത്രബലി / കാരുണ്യപൂർവ്വം സ്വീകരിച്ച് ഞങ്ങളിൽ പ്രസാദിക്കണമേ.

**ശുശ്രൂഷി:** നിങ്ങൾ നിശ്ശബ്ദരായി ആദരപൂർവ്വം പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.

*(മണിയടിക്കുന്നു).*

*കാർമ്മികൻ കൈകൾ വിശുദ്ധ രഹസ്യങ്ങളുടെമേൽ കമഴ്ത്തിപ്പിടിച്ച്.*

**കാർമ്മി:** പരിശുദ്ധാത്മാവിന്റെ കൃപ ഞങ്ങളുടെയും / ഈ കുർബാനയുടെയുംമേൽ ഇറങ്ങി വസിക്കട്ടെ. ഈ അപ്പത്തിലും ഈ കാസയിലും അവിടുന്ന് അധിവസിച്ച് / ഇവയെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ / ആശീർവദിക്കുകയും പവിത്രീകരിക്കുകയും / മുദ്രിതമാക്കുകയും ചെയ്യട്ടെ. കർത്താവേ, അങ്ങയുടെ നാമത്തിന്റെ ശക്തിയാൽ / ഈ അപ്പവും ഈ കാസയും / മിശിഹായുടെ ശരീരവും രക്തവുമായി ഭവിക്കട്ടെ. സത്യവിശ്വാസത്തോടെ ഈ അപ്പത്തിൽ നിന്ന് ഭക്ഷിക്കുകയും / കാസയിൽനിന്ന് പാനം ചെയ്യുകയും ചെയ്യുന്നവർക്ക് / ഇവ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും / ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും / ആത്മശരീരങ്ങളുടെ രക്ഷയ്ക്കും നിത്യമഹത്വത്തിനും കാരണമാകട്ടെ. ദിവ്യകല്പനകൾക്കനുസൃതം വ്യാപരിച്ച് / അങ്ങയെ പ്രസാദിപ്പിച്ച എല്ലാവരോടുമൊപ്പം / സ്വർഗരാജ്യത്തിൽ നിത്യസൗഭാഗ്യം അനുഭവിക്കുവാൻ / കർത്താവീശോമിശിഹായുടെ കൃപയാൽ ഞങ്ങളേവരും യോഗ്യരാകട്ടെ.

*(കാർമ്മികൻ ബലിപീഠം ചുംബിക്കുന്നു).*

**കാർമ്മി:** സ്വർഗത്തിലും ഭൂമിയിലും ഞങ്ങളെല്ലാവരുമൊന്നിച്ച് / പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും / യോഗ്യമാംവിധം സ്തുതിക്കുകയും ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുമാറാകട്ടെ. *(ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മാചെയ്തു കൊണ്ട്)* ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## അനുതാപശുശ്രൂഷ

*(സമൂഹവും ശുശ്രൂഷികളും മുട്ടുകുത്തുന്നു).*

**കാർമ്മി:** ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്തവിധം
എന്നോടു ദയ തോന്നണമേ.

**സമൂഹം:** അങ്ങയുടെ കാരുണ്യാതിരേകത്തിനനുസൃതമായി
എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

***അല്ലെങ്കിൽ***

**കാർമ്മി:** സ്വർഗത്തിൽ വസിക്കുന്നവനേ,
അങ്ങയുടെ പക്കലേക്കു ഞങ്ങൾ കണ്ണുകളുയർത്തി.

**സമൂഹം:** ദാസന്മാരുടെ കണ്ണുകൾ നാഥന്റെ പക്കലേക്കും
ദാസിയുടെ കണ്ണുകൾ നാഥയുടെ പക്കലേക്കുമെന്നതുപോലെ.

**കാർമ്മി:** *(ധൂപം ആശീർവദിക്കുന്നു).* പരിമളസസ്യങ്ങളുടെയും സുഗന്ധദ്രവ്യങ്ങളുടെയും നാഥാ ശ്രേഷ്ഠപുരോഹിതനായ അഹറോൻ വാഗ്ദാനപേടകത്തിന്റെ താത്കാലിക കൂടാരത്തിൽ അർപ്പിച്ച ധൂപം പോലെ ഞങ്ങളുടെ പ്രാർഥനകളും ധൂപവും അങ്ങയെ പ്രസാദിപ്പിക്കട്ടെ. പിതാവും പുത്രനും + പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

*(കാർമ്മികൻ കൈകൾ വിടർത്തി **ശുശ്രൂഷിയുടെനേരേ നീട്ടുന്നു.** ശുശ്രൂഷി കൈകളെ ധൂപിക്കുമ്പോൾ കാർമ്മികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു).*

**കാർമ്മി:** കർത്താവായ ദൈവമേ, പാപമാലിന്യങ്ങൾ കഴുകി അങ്ങയുടെ സ്നേഹത്തിന്റെ ദിവ്യപരിമളത്താൽ എന്നെ പൂരിതനാക്കണമേ. വഴിതെറ്റിപ്പോയ ഞങ്ങളെ അന്വേഷിച്ചു കണ്ടെത്തിയ നല്ലയിടയാ / എനിക്കറിയാവുന്നതും അറിഞ്ഞുകൂടാത്തതുമായ ***(കാർമ്മികൻ നെഞ്ചിന്മേൽ കുരിശാകൃതിയിൽ ചേർത്തുപിടിക്കുന്നു)*** എന്റെ കടങ്ങളും പാപങ്ങളും എന്നോടു ക്ഷമിക്കണമേ.

**കാർമ്മി:** ***(വലതുകരം ശുശ്രൂഷിയുടെമേൽ ഉയർത്തിക്കൊണ്ട്)*** കർത്താവായ ദൈവമേ അങ്ങയുടെ മഹനീയവും വിശുദ്ധവുമായ ബലിപീഠത്തിനു മുമ്പിൽ നില്ക്കുന്ന / ഈ ശുശ്രൂഷികളെ സുഗന്ധ പൂരിതരാക്കണമേ.

***(വലതുകരം ജനങ്ങളുടെ മേൽ നീട്ടിക്കൊണ്ട്)*** കർത്താവായ ദൈവമേ അങ്ങയുടെ കാരുണ്യം പ്രത്യാശപൂർവം കാത്തിരിക്കുന്ന / ഈ ജനത്തെ സുഗന്ധപൂരിതരാക്കണമേ.

*(ബലിപീഠത്തിന്മേൽ കൈ നീട്ടിക്കൊണ്ട്)* കർത്താവായ ദൈവമേ, മിശിഹായുടെ തിരുക്കല്ലറയുടെ സാദൃശ്യവും അവിടുത്തെ സിംഹാസനവുമായ ഈ ബലിപീഠത്തെയും / പാപമോചകമായ തിരുശരീരരക്തങ്ങളെയും സുഗന്ധപൂരിതമാക്കണമേ.

------------------------

**കാർമി:** കർത്താവേ അനുഗ്രഹിക്കണമേ. ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങൾ അയോഗ്യരാകുന്നു. ഞങ്ങൾ തീർത്തും അയോഗ്യരാകുന്നു. എങ്കിലും, സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിലേക്ക് / അങ്ങയുടെ കാരുണ്യം ഞങ്ങളെ അടുപ്പിക്കുന്നു.

## വിഭജനശുശ്രൂഷ

*(കാർമികൻ പരിശുദ്ധ കുർബാന ഉയർത്തിക്കൊണ്ട്).*

**കാർമി:** ഞങ്ങളുടെ കർത്താവീശോമിശിഹായേ, നിന്റെ തിരുനാമത്തിനു സ്തുതിയും / നാഥനായ നിനക്ക് ആരാധനയും എപ്പോഴും ഉണ്ടായിരിക്കട്ടെ. സജീവവും ജീവദായകവുമായ ഈ അപ്പം / സ്വർഗത്തിൽനിന്ന് ഇറങ്ങിയതും / ലോകത്തിനു മുഴുവനും ജീവൻ നല്കുന്നതുമാകുന്നു. ഇതു ഭക്ഷിക്കുന്നവർ മരിക്കുകയില്ല. പ്രത്യുത, പാപമോചനവും രക്ഷയും പ്രാപിക്കുകയും / നിത്യം ജീവിക്കുകയും ചെയ്യും.

***മണി***

*(കാർമികൻ പേജ് 189 ലെ പ്രാർഥനകൾ ചൊല്ലി വിഭജന ശുശ്രൂഷ നടത്തുന്നു).*

## ഗാനം


1. രക്ഷകനീശോതൻ, ശിഷ്യരെയറിയിച്ച — പേജ് 185
2. സ്വർഗീയ ജീവന്റെ അപ്പം — പേജ് 186
3. നിങ്ങൾക്കുവേണ്ടി വിഭജിതമാകും — പേജ് 186
4. ദിവ്യകാരുണ്യമേ ബലിവേദിയിൽ — പേജ് 187
5. മോക്ഷത്തിൽ നിന്നെഴുന്നള്ളി വന്നീടും — പേജ് 187
6. വിണ്ണിൽനിന്നു സമാഗതമായൊരു — പേജ് 187
7. മാലാഖമാരുടെ അപ്പം — പേജ് 188
8. നമ്മുടെ ദൈവമിതാ നമ്മോടു കൂടെയിതാ — പേജ് 188

ഗാനത്തിനു പകരമുള്ള പ്രാർഥന — പേജ് 188


### ഗാനം 1: രക്ഷകനീശോതൻ, ശിഷ്യരെയറിയിച്ച

*ഞാൻ സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമാകുന്നു.*

രക്ഷകനീശോതൻ, ശിഷ്യരെയറിയിച്ച, ദിവ്യരഹസ്യമിതാ:

സ്വർഗത്തിൽനിന്നാഗതമാം / ജീവൻ നല്കിടുമപ്പം ഞാൻ;
സ്നേഹമൊടെന്നെ കൈക്കൊൾവോ-
നെന്നിൽ നിത്യം ജീവിക്കും; / നേടുമവൻ, സ്വർഗം നിശ്ചയമായ്.

*നിന്റെ തിരുവിഷ്ടം നിറവേറ്റുന്ന ശുശ്രൂഷകന്മാർ*
ക്രോവേസ്രാപ്പേന്മാരുന്നത ദൂതന്മാർ / ബലിപീഠത്തിങ്കൽ,
ആദരവോടെ നില്ക്കുന്നു; / ഭയഭക്തിയോടെ നോക്കുന്നു;
പാപകടങ്ങൾ പോക്കിടുവാൻ / കർത്താവിൻ മെയ് വിഭജിക്കും
വൈദികനെ വീക്ഷിച്ചീടുന്നു.

*നീതിയുടെ വാതിൽ ഞങ്ങൾക്കായി തുറക്കണമേ.*
തിരുസന്നിധിയിങ്കൽ പാപികളേവരെയും
മാടി വിളിച്ചവനാം, അനുതാപികളാമേവർക്കും
വാതിൽ തുറന്നു കൊടുത്തവനാം / കരുണാമയനാം കർത്താവേ,
നിൻ സവിധേവന്നനവരതം / നിൻസ്തുതികൾ ഞങ്ങൾ പാടട്ടേ.

*(പേജ് 189 കാണുക)*

**ഗാനം - 2: സ്വർഗീയ ജീവന്റെ അപ്പം**

സ്വർഗീയ ജീവന്റെ അപ്പം, വിണ്ണിൽ നിന്നൂഴിയിൽ വന്നു
ദൈവത്തിൻ നിത്യകുമാരൻ, മർത്യർക്കു ഭോജ്യമായ്ത്തീർന്നു.

സ്നേഹമാർന്നീ ദിവ്യഭോജ്യം, സ്വീകരിക്കുന്നവരെല്ലാം
സത്യമായ് ജീവിക്കുമെന്നും നിത്യമാം രാജ്യവും നേടും.

*(പേജ് 189 കാണുക)*

**ഗാനം - 3: നിങ്ങൾക്കുവേണ്ടി വിഭജിതമാകും**

നിങ്ങൾക്കുവേണ്ടി വിഭജിതമാകും / എന്റെ ശരീരമിതാ
നിങ്ങൾക്കുവേണ്ടി ചിന്തി ഞാനേകും / എന്നുടെ രക്തമിതാ.
നിങ്ങൾക്കു പുതുജീവനേകാൻ / നിങ്ങളെ പുതുസൃഷ്ടിയാക്കാൻ.

എന്റെ ശരീരമിതാ / എന്റെ രക്തമിതാ / ഇതു വാങ്ങി ഭക്ഷിക്കുവിൻ
ഇതു പാനം ചെയ്തീടുവിൻ.

നിങ്ങൾക്കുവേണ്ടി ...

പാപത്തിൻ പിടിയിലമർന്നു നിങ്ങൾ
ഭാരങ്ങൾ താങ്ങി വലഞ്ഞു നിങ്ങൾ.
നിങ്ങൾക്കു പുതു ശക്തിയേകാൻ / നിങ്ങൾക്കു നവശാന്തി നല്കാൻ.

എന്റെ ശരീരമിതാ ...

സ്വർഗീയ ഭവനം നിങ്ങൾക്കു നല്കും / രക്ഷകനാമേശു ഞാൻ.

തിരുവോസ്തിയായെന്നും ഈ അൾത്താരയിൽ
നിത്യം വസിക്കുന്ന ഞാൻ.

രോഗാർദ്രരായി തളർന്ന നിങ്ങൾ / പീഡിതരായി കരഞ്ഞു നിങ്ങൾ (2)
നിങ്ങൾക്കു സൗഖ്യമൊന്നേകാൻ / നിങ്ങൾക്കു സാന്ത്വനം നല്കാൻ.

എന്റെ ശരീരമിതാ ...
നിങ്ങൾക്കുവേണ്ടി ...
*(പേജ് 189 കാണുക)*

## ഗാനം – 4: ദിവ്യകാരുണ്യമേ ബലിവേദിയിൽ

ദിവ്യകാരുണ്യമേ ബലിവേദിയിൽ
ഞങ്ങൾക്കായി മുറിയും അപ്പമാണു നീ - 2
ജീവൻ സമൃദ്ധമായി ഉണ്ടാകുവാൻ
നീ എന്നും മുറിക്കപ്പെടുന്നു / സ്വയമേ ശൂന്യമാക്കുന്നു.

ദിവ്യകാരുണ്യമേ ...
*(പേജ് 189 കാണുക)*

## ഗാനം – 5: മോക്ഷത്തിൽ നിന്നെഴുന്നള്ളി വന്നീടും

മോക്ഷത്തിൽ നിന്നെഴുന്നള്ളി വന്നീടും
രക്ഷാകരം ദിവ്യഭോജനം ഞാൻ.
എന്നെയുൾക്കൊള്ളാൻ നിങ്ങൾ വരൂ
നിത്യജീവൻ ദാനമായ് നല്കാം.

ഈ യാഗവേദിയിൽ വൈദികനിപ്പോൾ
വിഭജിക്കുമെൻ തിരുശരീരം. - 2
മാലാഖമാർ വന്നു നില്പൂ സാദരം
ഈ ബലിപീഠത്തിൻ ചുറ്റും. - 2

മോക്ഷത്തിൽ നിന്നെഴുന്നള്ളി ...
*(പേജ് 189 കാണുക)*

## ഗാനം – 6: വിണ്ണിൽനിന്നു സമാഗതമായൊരു

വിണ്ണിൽനിന്നു സമാഗതമായൊരു / ദൈവകുമാരനിതാ
നിത്യമനോഹര ദൈവികജീവൻ / നല്കുമൊരപ്പമിതാ (2)

വിണ്ണിൽനിന്നു ...

മാനവരൊന്നായ് ആനന്ദത്തോടു / സന്നിധിചേരുന്നു.
പരമോന്നതനാം ഈശ്വരസുതനേ / ആരാധിക്കുന്നു, ആരാധിക്കുന്നു.

വിണ്ണിൽനിന്നു ...
*(പേജ് 189 കാണുക)*

## ഗാനം – 7: മാലാഖമാരുടെ അപ്പം

മാലാഖമാരുടെയപ്പം / സ്വർഗീയ ജീവന്റെയപ്പം
കാരുണ്യവാനായ ദൈവം / മാനവലോകത്തിനേകി.
മാലാഖമാരുടെയപ്പം ...
സർവേശനാദം മുഴങ്ങി / മേഘങ്ങളെല്ലാമിറങ്ങി - 2
ആകാശവാതിൽ തുറന്നു / സ്വർഗീയമന്നാ പൊഴിഞ്ഞു - 2
മാലാഖമാരുടെയപ്പം ...
*(പേജ് 189 കാണുക)*

## ഗാനം – 8: നമ്മുടെ ദൈവമിതാ നമ്മോട്ടു കൂടെയിതാ

നമ്മുടെ ദൈവമിതാ / നമ്മോട്ടു കൂടെയിതാ
ഈയൾത്താരയിൽ / ഈ തിരുവോസ്തിയിൽ
നമ്മുടെ ഇടയനിതാ / നമ്മുടെ ദൈവമിതാ.

ഒരു ദൈവം തന്റെ ജനത്തിന്റെകൂടെ / പാർക്കാനിറങ്ങിവന്നു.
തന്റെ ജനത്തോടുകാട്ടിയോരുൾപ്രിയം
ഇന്നും തുടിക്കുന്നീ കൂദാശയിൽ / ഇന്നും തുടിക്കുന്നീ കൂദാശയിൽ.
നമ്മുടെ ദൈവമിതാ ...

മരുഭൂമിയിൽ മന്ന പൊഴിച്ചവൻതന്നെ / ജീവന്റെ അപ്പമായി.
തന്റെ ജനത്തിനു ജീവനായ് തീർന്നവൻ
ഇന്നും വസിക്കുന്നീ കൂദാശയിൽ / ഇന്നും വസിക്കുന്നീ കൂദാശയിൽ.
നമ്മുടെ ദൈവമിതാ ...
*(പേജ് 189 കാണുക)*

**(ഗാനത്തിനു പകരം)**

**സമൂഹം** ഞാൻ സ്വർഗത്തിൽനിന്നു വന്ന ജീവനുള്ള അപ്പമാകുന്നു. ഉന്നതങ്ങളിൽ നിന്നിറങ്ങിയ അപ്പം ഞാനാകുന്നു. സ്നേഹപൂർവം സമീപിച്ച് / എന്നെ സ്വീകരിക്കുന്ന എല്ലാവരും / എന്നിൽ നിത്യം ജീവിക്കുകയും / സ്വർഗരാജ്യം അവകാശപ്പെടുത്തുകയും ചെയ്യും / എന്നു രഹസ്യം രക്ഷകൻ അറിയിച്ചു. അവിടുത്തെ തിരുവിഷ്ടം നിറവേറ്റുന്ന ശുശ്രൂഷകരായ / ക്രോവേന്മാരും സ്രാപ്പേന്മാരും മുഖ്യദൂതന്മാരും / ബലിപീഠത്തിനുമുമ്പിൽ ഭയഭക്തികളോടെനിന്നു / കടങ്ങളുടെ പൊറുതിക്കായി / മിശിഹായുടെ ശരീരം വിഭജിക്കുന്ന വൈദികനെ *(മെത്രാനെങ്കിൽ വൈദികശ്രേഷ്ഠനെ)* സൂക്ഷിച്ചു വീക്ഷിക്കുന്നു. നീതിയുടെ വാതിൽ ഞങ്ങൾക്കായി തുറക്കണമേ. പാപികളെ തന്റെ അടുക്കലേക്കു വിളിക്കുകയും / അനുതാപികൾക്കായി വാതിൽ തുറന്നിടുകയും ചെയ്തിരിക്കുന്ന / കാരുണ്യവാനായ കർത്താവേ, ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ പ്രവേശിച്ചു / രാപകൽ അങ്ങേക്കു സ്തുതിപാടട്ടെ.

---------------------------

*(വിഭജനശുശ്രൂഷയ്ക്കു കാർമികൻ ചൊല്ലുന്ന പ്രാർഥനകൾ)*

**കാർമി:** കർത്താവായ ദൈവമേ, അങ്ങയുടെ നാമത്തിൽ യഥാർഥമായി വിശ്വസിച്ചുകൊണ്ട് ഈ വിശുദ്ധ രഹസ്യങ്ങളെ ഞങ്ങൾ സമീപിക്കുന്നു. അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ തിരുശരീരരക്തങ്ങളെ അങ്ങയുടെ അനുഗ്രഹത്താലും കാരുണ്യത്താലും ഞങ്ങൾ വിഭജിച്ചു റൂശ്മാ ചെയ്യുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേക്കും.

**കാർമി:** നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യമായ രക്തം അവിടുത്തെ ജീവദായകമായ ശരീരംകൊണ്ടു റൂശ്മാ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

**കാർമി:** നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരം അവിടുത്തെ പാപമോചകമായ രക്തംകൊണ്ടു റൂശ്മാ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

**കാർമി:** സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവു മായ ഈ രഹസ്യങ്ങൾ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹത്വമേറിയ ത്രീത്വത്തിന്റെ ആരാധ്യവും മഹനീയവുമായ നാമത്തിൽ വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും പൂർത്തിയാക്കപ്പെടുകയും കലർത്തപ്പെടുകയും പരസ്പരം യോജിക്കപ്പെടുകയും ചെയ്തിരിക്കുന്നു. കർത്താവായ ദൈവമേ ഇവിടെയും മറ്റെല്ലാ സ്ഥലങ്ങളിലുമുള്ള വിശുദ്ധ സഭയ്ക്കും ഞങ്ങൾക്കെല്ലാവർക്കും ഈ രഹസ്യങ്ങൾവഴി കടങ്ങളുടെ പൊറുതിയും പാപങ്ങളുടെ മോചനവും ഉയിർപ്പിലുള്ള പ്രത്യാശയും സ്വർഗരാജ്യത്തിൽ നവമായ ജീവിതവും ലഭിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

----------------------

**കാർമി:** നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും / പിതാവായ ദൈവത്തിന്റെ സ്നേഹവും / പരിശുദ്ധാത്മാവിന്റെ സഹവാസവും / നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

*(കാർമികൻ തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു).*

**സമൂഹം:** ആമ്മേൻ.

*പകരം ഗാനം*

**കാർമ്മി:** കർത്താവാം മിശിഹാതൻ കാരുണ്യവും
താതനാം ദൈവത്തിൻ സംപ്രീതിയും
പരിശുദ്ധാത്മാവിൻ സഹവാസവും
നമ്മിലുണ്ടാകേണമെന്നുമെന്നും.

**സമൂഹം:** നമ്മിലുണ്ടാകേണമെന്നുമെന്നും.

## അനുരഞ്ജന ശുശ്രൂഷ

*(പാപമോചനത്തിനുള്ള ക്ഷണം)*

*(കാർമികൻ സക്രാരിയിൽനിന്നു തിരുവോസ്തിയെടുത്തു വിശുദ്ധ കുർബാന സ്വീകരണത്തിന് ഒരുക്കുന്നു).*

**ശുശ്രൂഷി:** നമ്മുടെ രക്ഷകന്റെ അമൂല്യമായ ശരീരരക്തങ്ങളുടെ രഹസ്യങ്ങളെ / നമുക്കെല്ലാവർക്കും ഭക്ത്യാദരങ്ങളോടെ സമീപിക്കാം. അനുതാപത്തിൽമേലുളവാകുന്ന ശരണത്തോടെ / അപരാധങ്ങളിൽനിന്നു പിന്തിരിഞ്ഞുകൊണ്ടും / പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചുകൊണ്ടും / സഹോദരങ്ങളുടെ തെറ്റുകൾ ക്ഷമിച്ചുകൊണ്ടും / നമുക്കു സകലത്തിന്റെയും നാഥനായ ദൈവത്തോട് / കൃപയും പാപമോചനവും യാചിക്കുകയും ചെയ്യാം.

**സമൂഹം:** കർത്താവേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.

**ശുശ്രൂഷി:** ഭിന്നതകളും കലഹങ്ങളും വെടിഞ്ഞു / നമ്മുടെ മനഃസാക്ഷിയെ ശുദ്ധീകരിക്കാം.

**സമൂഹം:** കർത്താവേ, അങ്ങയുടെ ദാസരുടെ ...

**ശുശ്രൂഷി:** ശത്രുതയിലും വിദ്വേഷത്തിലുംനിന്നു / നമ്മുടെ ആത്മാക്കളെ വിമുക്തമാക്കാം.

**ശുശ്രൂഷി:** വിശുദ്ധ കുർബാന സ്വീകരിക്കുകയും / പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടുകയും ചെയ്യാം.

**ശുശ്രൂഷി:** യോജിപ്പോടും ഐക്യത്തോടുംകൂടെ / ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം.

**ശുശ്രൂഷി:** കർത്താവേ, ഇവ ഞങ്ങളുടെ ശരീരത്തിന്റെ ഉയിർപ്പിനും / ആത്മാക്കളുടെ രക്ഷയ്ക്കും കാരണമാകട്ടെ.

**സമൂഹം:** നിത്യജീവനും കാരണമാകട്ടെ. എന്നേക്കും ആമ്മേൻ.

*(പേജ് 193 കാണുക)*

## *പകരം ഗാനം*


1. നാഥന്റെ ദിവ്യശരീരവും രക്തവും ... പേജ് 191
2. അപരാധങ്ങൾ നീക്കണമേ ... ... ... പേജ് 191
3. കർത്താവേ, ദാസർതൻ പാപകടങ്ങൾ പേജ് 192
4. കർത്താവേ നിൻ ദാസരാമിവർതൻ പേജ് 192


## ഗാനം 1: നാഥന്റെ ദിവ്യശരീരവും രക്തവും

നാഥന്റെ ദിവ്യശരീരവും രക്തവും, സ്നേഹമോടെ വന്നു സ്വീകരിപ്പിൻ

കറയെല്ലാം നീക്കിയെൻ, ആത്മാവിൻ ദൈവമേ
കൈവല്യദീപം കൊളുത്തീടണേ.
പാപങ്ങളോർത്തോർത്തു, കണ്ണീരൊഴുക്കുവിൻ
ശത്രുതയെല്ലാം മറന്നീടുവിൻ.

കറയെല്ലാം നീക്കിയെൻ ...

ദിവ്യകൃദാശയാൽ പാവനാത്മാവിന്റെ
തികവുറ്റ ദാനങ്ങൾ കൈക്കൊള്ളുവിൻ.

കറയെല്ലാം നീക്കിയെൻ ...

ദൈവത്തിലൊന്നായി നിർമലചിത്തരായ്
സർവേശസൂനുവേ സ്വീകരിപ്പിൻ.

കറയെല്ലാം നീക്കിയെൻ ...

*(പേജ് 193 കാണുക)*

## ഗാനം – 2: അപരാധങ്ങൾ നീക്കണമേ

അപരാധങ്ങൾ നീക്കണമേ, പാപകടങ്ങൾ മായ്ക്കണമേ.

മനസിൽ നിറയും മലിനതയെല്ലാം, കഴുകി ധന്യരാകാം.
അപരാധങ്ങൾ ...

ശത്രുതയെല്ലാം നീക്കി നിതാന്തം, ഹൃദയം ദീപ്തമാക്കാം.
അപരാധങ്ങൾ ...

ഹൃദയമൊരുക്കാം നാഥനു നിത്യം, നിറയാം ആത്മാവാൽ.
അപരാധങ്ങൾ ...

ഏകമനസായ് ദിവ്യരഹസ്യം, നിതരാമുൾക്കൊള്ളാം.
അപരാധങ്ങൾ ...

ആത്മാവിൻ പരിരക്ഷണമതിനീ, നിണവും തിരുമെയ്യും.
അപരാധങ്ങൾ ...

ഉത്ഥാനത്തിനുമതുപോൽ ജീവനും കാരണമായിട്ടുവാൻ.
അപരാധങ്ങൾ ...

*(പേജ് 193 കാണുക)*

**ഗാനം – 3: കർത്താവേ, ദാസർതൻ**

കർത്താവേ, ദാസർതൻ പാപകടങ്ങൾ നീ
മോചിച്ചീടേണം കരുണയാലേ.

ഭിന്നത, തർക്കങ്ങളൊക്കെയകറ്റിടാം,
അന്തരംഗം പരിശുദ്ധമാക്കാം
കർത്താവേ, ദാസർതൻ ...

ശത്രുത, വിദ്വേഷമാകെ വെടിഞ്ഞുനാ-
മാത്മാക്കൾ പാവനമാക്കിടേണം.
കർത്താവേ, ദാസർതൻ ...

ഭക്തിയോടീശോയെ കൈക്കൊണ്ടു റൂഹാതൻ,
ശക്തിയാൽ നിർമലരായ് ഭവിക്കാം.
കർത്താവേ, ദാസർതൻ ...

യോജിപ്പുമൈക്യവും ചേർന്നവരായിന്നു,
ദിവ്യരഹസ്യങ്ങൾ സ്വീകരിക്കാം.
കർത്താവേ, ദാസർതൻ ...

ഞങ്ങൾക്കിവ രക്ഷയുത്ഥാനമെന്നിവ-
യ്ക്കുങ്ങിന്നു കാരണമാക്കീടേണം.

നിത്യമാം ജീവനും കാരണമാകട്ടെ,
സ്തുത്യർഹമീബലിയെന്നുമാമ്മേൻ.

*(പേജ് 193 കാണുക)*

**ഗാനം – 4: കർത്താവേ നിൻ ദാസരാമിവർ തൻ**

കർത്താവേ നിൻ ദാസരാമിവർ തൻ, പാപകടങ്ങൾ മോചിക്കേണമേ.

കലഹം മാറ്റാം ഭിന്നത നീക്കീടാം, മനഃസാക്ഷി നിർമലമാക്കീടാം.
കർത്താവേ നിൻ ...

ദ്വേഷം നീക്കാം ശത്രുത കൈവെടിയാം, ആത്മാക്കൾ പാവനമാക്കീടാം.
കർത്താവേ നിൻ ...

ഭക്തിയോടങ്ങേ കൈക്കൊണ്ടീടാം,
റൂഹായാൽ അതിനിർമലരായ് തീരാം.
കർത്താവേ നിൻ ...

യോജിപ്പോടും സ്നേഹാത്രുപിയിലും,
ഉൾക്കൊള്ളാം ദിവ്യമീ രഹസ്യങ്ങൾ.
കർത്താവേ നിൻ ...

ഞങ്ങൾക്കിവ നീ ഉത്ഥാനത്തിനും / രക്ഷയ്ക്കും കാരണമാക്കണമാമ്മേൻ.
കർത്താവേ നിൻ ...

--------------------------

**ശുശ്രൂഷി:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി:** *(താഴ്ന്ന സ്വരത്തിൽ)* കർത്താവായ ദൈവമേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും കാരുണ്യപൂർവം ക്ഷമിക്കണമേ. മഹോന്നത ദൈവമായ അങ്ങയെ, സ്വർഗരാജ്യത്തിൽ സകല വിശുദ്ധരോടുമൊന്നിച്ച് സ്തുതിക്കാൻ ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ.

***(സമൂഹം എഴുന്നേല്ക്കുന്നു).***

## ദൈവൈക്യ ശുശ്രൂഷ

*(സുവിശേഷത്തിൽ വിശ്വസിച്ച് രക്ഷപ്രാപിച്ച സഭാതനയർ)*

***സാധാരണ ദിവസങ്ങളിൽ***

**കാർമി:** കർത്താവായ ദൈവമേ, കാരുണ്യപൂർവം അങ്ങു ഞങ്ങൾക്കു നല്കിയ മനോവിശ്വാസത്തോടുകൂടെ / അങ്ങയുടെ സന്നിധിയിൽ എപ്പോഴും / നിർമലഹൃദയരും പ്രസന്നവദനരും / നിഷ്കളങ്കരുമായി വ്യാപരിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളെല്ലാവരും ഒന്നുചേർന്ന് അങ്ങയെ വിളിച്ച് / ഇപ്രകാരം അപേക്ഷിക്കുന്നു.

***കർത്താവിന്റെ തിരുനാളുകളിലും പ്രധാന തിരുനാളുകളിലും***

**കാർമി:** കർത്താവേ, ഞങ്ങളുടെ ഇടയിൽ നിന്റെ സമാധാനവും / ഹൃദയങ്ങളിൽ ശാന്തിയും പുലർത്തണമേ. ഞങ്ങളുടെ നാവുകൾ നിന്റെ സത്യം പ്രഘോഷിക്കട്ടെ. ഞങ്ങളുടെ വദനങ്ങളെ ഞങ്ങൾ പുതിയ വീണകളാക്കുകയും / ജ്വലിക്കുന്ന അധരങ്ങൾകൊണ്ടു ഞങ്ങൾ സ്തോത്രം

ആലപിക്കുകയും ചെയ്യുമ്പോൾ / നിന്റെ കുരിശു ഞങ്ങൾക്കു സംരക്ഷണ മായി ഭവിക്കട്ടെ. നിങ്ങൾ പ്രാർഥിക്കുമ്പോൾ ഇപ്രകാരം പ്രാർഥിക്കു വിൻ എന്നുപദേശിച്ചുകൊണ്ട് / നീ ശിഷ്യന്മാരെ പഠിപ്പിച്ച വിശിഷ്ടമായ പ്രാർഥന / നിന്നിൽനിന്നു ലഭിച്ച മനോവിശ്വാസത്തോടെ ആവർത്തി ക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ.

**കാർമി:** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ / അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ / ഞങ്ങ ളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ / രാജ്യവും ശക്തിയും മഹത്വവും / എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമി:** കർത്താവേ, ശക്തനായ സർവേശ്വരാ, നല്ലവനായ ദൈവമേ / കൃപാപൂർണനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്ത രുതേ, ദുഷ്ടാരൂപിയിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, സ്വർഗത്തിലും ഭൂമി യിലും / രാജ്യവും ശക്തിയും, പ്രാബല്യവും അധികാരവും അങ്ങയുടേതാ കുന്നു. *(സ്വയം ആശീർവദിക്കുന്നു)* ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമി:** സമാധാനം + നിങ്ങളോടുകൂടെ.

**സമൂഹം:** അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

**കാർമി:** വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു.

**സമൂഹം:** ഏകപിതാവു പരിശുദ്ധനാകുന്നു. ഏകപുത്രൻ പരിശുദ്ധനാ കുന്നു. ഏകറൂഹാ പരിശുദ്ധനാകുന്നു. പിതാവിനും പുത്രനും പരിശുദ്ധാ ത്മാവിനും എന്നേക്കും സ്തുതി. ആമ്മേൻ.

**ശുശ്രൂഷി:** ജീവിക്കുന്ന ദൈവത്തെ നിങ്ങൾ പ്രകീർത്തിക്കുവിൻ.

**സമൂഹം:** സഭയിൽ അവിടുത്തേക്കു സ്തുതിയുണ്ടായിരിക്കട്ടെ. എല്ലാ നിമി ഷവും എല്ലാ സമയവും / അവിടുത്തെ കൃപയും കാരുണ്യവും നമ്മുടെമേൽ ഉണ്ടായിരിക്കട്ടെ.

**കാർമ്മി:** *(വിശുദ്ധ കുർബാന സ്വീകരിച്ചുകൊണ്ടു ചൊല്ലുന്നു).* കർത്താവേ, നിന്റെ തിരുശരീരം എനിക്കു ശിക്ഷാവിധിക്കു ഹേതുവാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

**കാർമ്മി:** നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ കൃപാവരം / അവിടുത്തെ കാരുണ്യത്താൽ നാമെല്ലാവരിലും + സമ്പൂർണമാകട്ടെ *(ജനങ്ങളെ ആശീർവദിക്കുന്നു).*

**സമൂഹം:** എപ്പോഴും എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** സഹോദരരേ സ്വർഗരാജ്യത്തിലുള്ള വിശ്വാസത്തോടെ / ദൈവപുത്രന്റെ ശരീരം സ്വീകരിക്കാനും / അവിടുത്തെ രക്തം പാനം ചെയ്യാനും / തിരുസഭ നിങ്ങളെ ക്ഷണിക്കുന്നു.

*(**വിശുദ്ധ കുർബാന സ്വീകരണം.** ഈ സമയത്തു സ്ത്രീകൾ നമ്മുടെ പാരമ്പര്യമനുസരിച്ചു ശിരസുമൂടി വസ്ത്രം ധരിക്കുന്നതാണ് അഭികാമ്യം. കുർബാന സ്വീകരിച്ചു കഴിയുമ്പോൾ എല്ലാവരും, ശുശ്രൂഷിയോ കാർമികനോ അടുത്ത പ്രാർഥന ആരംഭിക്കുന്നതുവരെ മുട്ടുകുത്തിനിന്നു ദിവ്യകാരുണ്യ ആരാധന നടത്തണം).*

## ദിവ്യകാരുണ്യഗീതങ്ങൾ


1. *അപ്പത്തിൻ രൂപത്തിൽ എന്നിൽ ... പേജ് 196*
2. *ആ വിരൽ തുമ്പൊന്നു തൊട്ടാൽ ... പേജ് 196*
3. *എത്ര പ്രശാന്തം ഉള്ളിന്റെയുള്ളം ... പേജ് 196*
4. *എനിക്കായ് എന്റെ ദൈവം ... ... പേജ് 197*
5. *എന്റെ മുഖം വാടിയാൽ ... ... ... ... പേജ് 197*
6. *ഓസ്തിയിൽ വാഴും ഈശോ ... ... പേജ് 198*
7. *തിരുവോസ്തിയായെന്നിലണയും ... പേജ് 198*
8. *നാഥാ കൂടെ വസിക്കണമേ ... ... ... പേജ് 199*
9. *നിങ്ങൾക്കുവേണ്ടി വിഭജിതമാകും ... പേജ് 199*
10. *മനസാകുമോ നാഥാ സുഖമാക്കാൻ പേജ് 200*
11. *വാവ യേശുനാഥാ, വാവ സ്നേഹനാഥാ പേജ് 200*
12. *സ്വർഗീയവാതിൽ തുറക്കുമീ നിമിഷം പേജ് 201*
13. *സ്നേഹജ്വാലയായ് ഈ വിശ്വമാകവേ പേജ് 201*

**ഗാനം 1: അപ്പത്തിൻ രൂപത്തിൽ എന്നിൽ**

അപ്പത്തിൻ രൂപത്തിൽ എന്നിൽ / ആഗതനാകുമെൻ ഈശോ (2)
അണയേണമേ എന്റെ ഉള്ളിൽ / അതുമാത്രം ഞാൻ കൊതിപ്പൂ. (2)
വാവാ എൻ യേശുനാഥാ / വാവാ എൻ സ്നേഹനാഥാ
വന്നു വസിച്ചീടുകയെന്നിൽ / നിൻ സ്നേഹം എന്നിൽ നിറയ്ക്കൂ.

അങ്ങെന്റെയുള്ളിൽ വന്നാൽ / അരുതാത്തതെല്ലാം അകലും (2)
അരുളുന്ന മൊഴികൾ കേട്ടാൽ / അകതാരിൽ ശാന്തി നിറയും. (2)
വാവാ എൻ യേശുനാഥാ / വാവാ എൻ സ്നേഹനാഥാ.
വന്നു വസിച്ചീടുകയെന്നിൽ / നിൻസ്നേഹം എന്നിൽ നിറയ്ക്കൂ.

അറിവോടെ എത്രയോ നിമിഷം / അകന്നുപോയി
നിൻ മുമ്പിൽ നിന്നും (2)
അലിവോടെ നിൻ കൈകളാലെ / അടിയനെ ചേർത്തണച്ചീടൂ. (2)
വാവാ എൻ യേശുനാഥാ / വാവാ എൻ സ്നേഹനാഥാ (2)
വന്നു വസിച്ചീടുകയെന്നിൽ / നിൻ സ്നേഹം എന്നിൽ നിറയ്ക്കൂ.

*(പേജ് 202 കാണുക)*

**ഗാനം 2: ആ വിരൽ തുമ്പൊന്നു തൊട്ടാൽ**

ആ വിരൽ തുമ്പൊന്നു തൊട്ടാൽ / ശാന്തമായ് തീരുമെൻ ഉള്ളം.
ആ സ്നേഹനയനം പതിഞ്ഞാൽ / ഹിമഞ്ഞുപോലാവുമെൻ ഹൃദയം.

ഈശോ നീ വന്നീടണേ / മുറിവുണക്കീടേണമേ.
സ്നേഹത്തിൻ തൈലം പൂശി / എന്നെ കഴുകണമേ.

ആ ഭാവമെന്നിൽ നിറഞ്ഞാൽ / ക്ഷമിക്കുന്ന സ്നേഹമായ് തീരും.
ആ രൂപമുള്ളിൽ തെളിഞ്ഞാൽ / നൊമ്പരം നന്മയായ് തീരും.
ഈശോ നീ വന്നീടണേ ...

ആ തിരുമാറോടു ചേർന്നാൽ / ആത്മാവിലാനന്ദമൊഴുകും.
ആ കരതാരിൽ ലയിച്ചാൽ / ജീവിതം ധന്യമായ് തീരും.
ഈശോ നീ വന്നീടണേ ...

*(പേജ് 202 കാണുക)*

**ഗാനം 3: എത്ര പ്രശാന്തം ഉള്ളിന്റെയുള്ളം**

എത്ര പ്രശാന്തം ഉള്ളിന്റെയുള്ളം / നീ വരുമ്പോൾ നാഥാ - 2
എത്ര മനോജ്ഞം എന്റെ ഈ ജന്മം / നീ വന്നു ചേർന്നിടുമ്പോൾ
ആനന്ദ മേകിടുമ്പോൾ
എത്ര പ്രശാന്തം ...

മുള്ളുകൾ നിറയും വഴികളിലൂടെ / ഏകനായ് ഏറെ സഞ്ചരിച്ചു - 2
ക്ഷീണിതനായി വീണൊരു നേരം /നിൻകൈയിലെന്നെ നീവഹിച്ചു - 2
എത്ര പ്രശാന്തം ...

ജീവിതഭാരം ഏറിയെന്നാലും / സ്നേഹിതർ എന്നെ വെറുത്താലും - 2
നിൻ തിരുഹൃദയം ചൊരിയുന്ന സ്നേഹം
കൈപിടിച്ചെന്നെ വഴിനടത്തും - 2
എത്ര പ്രശാന്തം ...

*(പേജ് 202 കാണുക)*

## ഗാനം 4: എനിക്കായ് എന്റെ ദൈവം

എനിക്കായ് എന്റെ ദൈവം / ഏകജാതനെ നല്കി
എനിക്കായ് എന്റെ ഈശോ / പരിഹാരബലിയായി

മനുഷ്യനുവേണ്ടി ക്രൂശിന്റെ മാറിൽ / പാപിയെപ്പോലെ പിടഞ്ഞവനേ,
ദൈവസ്വഭാവം സ്നേഹമാണെന്നു / ലോകസമക്ഷം തെളിയിച്ചു നീ.
എനിക്കായ് എന്റെ ദൈവം ...

നിന്ദനമേറ്റതും നഗ്നനായ് തീർന്നതും / ഞാൻ പാപബന്ധം വെടിയാൻ
ദ്രോഹം പൊറുത്തതും കേണു പ്രാർഥിച്ചതും
ഞാൻ അനുതാപിയായ് തീരാൻ.
എനിക്കായ് എന്റെ ദൈവം ...

ചോര ചൊരിഞ്ഞതും ജീവൻ വെടിഞ്ഞതും
ഞാൻ നിത്യജീവൻ നേടാൻ.
ഉത്ഥിതനായതും അപ്പമായ് തീർന്നതും
ഞാൻ നിന്നിലെന്നെന്നും വാഴാൻ.
എനിക്കായ് എന്റെ ദൈവം ...

*(പേജ് 202 കാണുക)*

## ഗാനം 5: എന്റെ മുഖം വാടിയാൽ

എന്റെ മുഖം വാടിയാൽ / ദൈവത്തിൻ മുഖം വാടും
എൻ മിഴികൾ ഈറനണിഞ്ഞാൽ / ദൈവത്തിൻ മിഴി നിറയും.

ഞാൻ പാപം ചെയ്തകന്നീടുമ്പോൾ / ദൈവത്തിൻ ഉള്ളം തേങ്ങും (2)
ഞാൻ പിഴകൾ ചൊല്ലീടുമ്പോൾ / ദൈവത്തിൻ കരളലിയും.

ഞാൻ നന്മകൾ ചെയ്തിടുമ്പോൾ / ദൈവത്തിൻ മനം തുടിക്കും (2)
അവനെന്നെ തോളിലെടുക്കും / സ്നേഹത്താൽ താലോലിക്കും.

*(പേജ് 202 കാണുക)*

**ഗാനം 6: ഓസ്തിയിൽ വാഴും ഈശോ**

ഓസ്തിയിൽ വാഴും ഈശോ, അപ്പമായ് ആശ്വാസമായ്
ഹൃത്തിലിന്നു വന്നിടുമ്പോൾ, ആരാധിച്ചീടാം - 2

ഈശോയെന്നിൽ വന്നിടുമ്പോൾ, സ്നേഹമേകും താതനാകും
വാത്സല്യം തൂകും ആനന്ദം നല്കും ഓസ്തിരൂപൻ സ്നേഹനാഥൻ - 2
(ഓസ്തിയിൽ ... ആരാധിച്ചീടാം)

സ്നേഹം ചൊരിയും ജീവൻ പകരും / നാഥാ എന്നിൽ കൃപമഴയാകൂ - 2

എന്നും നീയെൻ സ്വന്തമായി സ്വപ്നമെല്ലാം പങ്കുവയ്ക്കും
ദുഃഖഭാരം നീക്കിടുവാൻ സ്നേഹിതരാകും. - 2

നിൻ ഹൃദയം പോലെ നീ, എൻ ഹൃദയം മാറ്റണമേ
അന്നന്നെല്ലാം നല്കും സ്നേഹം ദിവ്യകാരുണ്യം.
(ഓസ്തിയിൽ ... ആരാധിച്ചീടാം)

സ്നേഹം ചൊരിയും ജീവൻ പകരും / നാഥാ എന്നിൽ കൃപമഴയാകൂ - 2

എന്നും നീയെൻ ജീവനായി, നിത്യജീവൻ നേടുവാനായ്
സ്വർഗഭാഗ്യം നല്കുവാനായ് മന്നവനായി. - 2

നിന്നെ മാത്രം തേടിടും നിന്നിലാണെൻ ആശ്രയം
അന്നന്നെല്ലാം നല്കും സ്നേഹം ദിവ്യകാരുണ്യം.
(ഓസ്തിയിൽ ... ആരാധിച്ചീടാം)

സ്നേഹം ചൊരിയും ജീവൻ പകരും / നാഥാ എന്നിൽ കൃപമഴയാകൂ - 2

*(പേജ് 202 കാണുക)*

**ഗാനം 7: തിരുവോസ്തിയായെന്നിലണയും**

തിരുവോസ്തിയായെന്നിലണയും / സ്നേഹം ദൈവസ്നേഹം.
അകതാരിലണയാൻ വരുന്നു / സ്നേഹം എന്റെ ഈശോ. - 2

ഇത്ര ചെറുതാകാൻ എത്രവളരേണം / ഇത്ര സ്നേഹിക്കാനെന്തുവേണം -2

നോവിച്ച നാവിലല്ലെ നാഥൻ / സ്നേഹത്തിൻ കൂദാശയേകി - 2
നിന്ദിച്ച മാനസത്തിൽ നീ / കാരുണ്യതീർഥവുമായ് - 2
ഇത്ര ചെറുതാകാൻ ...

ക്രൂശിച്ച കൈയിലല്ലേ നാഥൻ / ജീവന്റെ മന്ന തന്നു. - 2
കോപിച്ച മാനസത്തിൽ നീ / സ്നേഹാഗ്നി ജ്വാലയുമായ്. - 2

ഇത്ര ചെറുതാകാൻ ...

*(പേജ് 202 കാണുക)*

**ഗാനം 8: നാഥാ കൂടെ വസിക്കണമേ**

നാഥാ കൂടെ വസിക്കണമേ / നാഥാ കൂടെ വസിക്കണമേ. - 2

1. ഇരുൾ വീഴും വീഥിയിൽ / ഒളിരുകും ദീപമായ് - നാഥാ ...

2. കുരിശിന്റെ പാതയിൽ / തളരാതെ നീങ്ങുവാൻ - നാഥാ ...

3. മുറിയുന്നൊരപ്പമായ് / ചൊരിയുന്ന ചോരയായ് - നാഥാ ...

4. സഹനത്തിൻ വേളയിൽ / ആശ്വാസമേകുവാൻ - നാഥാ ...

5. പുലർകാല സൂര്യനായ് / ചിരിതൂകും ചന്ദ്രനായ് - നാഥാ ...

6. അലിവേറും സ്നേഹമായ് / അലയാഴി പോലെയെൻ - നാഥാ ...

*(പേജ് 202 കാണുക)*

**ഗാനം 9: നിങ്ങൾക്കുവേണ്ടി വിഭജിതമാകും**

നിങ്ങൾക്കുവേണ്ടി വിഭജിതമാകും / എന്റെ ശരീരമിതാ
നിങ്ങൾക്കുവേണ്ടി ചിന്തി ഞാനേകും / എന്നുടെ രക്തമിതാ
നിങ്ങൾക്കു പുതുജീവനേകാൻ / നിങ്ങളെ പുതുസൃഷ്ടിയാക്കാൻ.

എന്റെ ശരീരമിതാ / എന്റെ രക്തമിതാ
ഇതു വാങ്ങി ഭക്ഷിക്കുവിൻ / ഇതു പാനം ചെയ്തീടുവിൻ.
നിങ്ങൾക്കുവേണ്ടി വിഭജിതമാകും ...

പാപത്തിൻ പിടിയിലമർന്നു നിങ്ങൾ
ഭാരങ്ങൾ താങ്ങി വലഞ്ഞു നിങ്ങൾ
നിങ്ങൾക്കു പുതുശക്തിയേകാൻ / നിങ്ങൾക്കു നവശാന്തി നല്കാൻ.
എന്റെ ശരീരമിതാ / എന്റെ രക്തമിതാ ...

സ്വർഗീയ ഭവനം നിങ്ങൾക്കുനല്കും / രക്ഷകനാമേശു ഞാൻ
തിരുവോസ്തിയായെന്നും ഈ അൾത്താരയിൽ
നിത്യം വസിക്കുന്നു ഞാൻ.

രോഗാർദ്രരായി തളർന്നു നിങ്ങൾ / പീഡിതരായി കരഞ്ഞു നിങ്ങൾ (2)
നിങ്ങൾക്കു സൗഖ്യമൊന്നേകാൻ / നിങ്ങൾക്കു സാന്ത്വനം നല്കാൻ.
എന്റെ ശരീരമിതാ / എന്റെ രക്തമിതാ ...
നിങ്ങൾക്കുവേണ്ടി വിഭജിതമാകും ...

*(പേജ് 202 കാണുക)*

**ഗാനം 10: മനസാകുമോ നാഥാ**

മനസാകുമോ നാഥാ സുഖമാക്കുവാൻ
ഒരുവാക്കു കല്പിച്ചാൽ മതിയാകുമല്ലോ.

നീയെന്റെ ഭവനത്തിൽ വരുവാനെനിക്കില്ല / യോഗ്യത തെല്ലും നാഥാ.
ഒരുവാക്കു കല്പിച്ചാൽ മതിയാകുമല്ലോ
ആപാദചൂഡം ഞാൻ സുഖമാകുവാൻ.

മനസാകുമോ നാഥാ ...

അനാഥരല്ല ബലഹീനരല്ല / നീ കൂടെയുള്ളപ്പോൾ ഞങ്ങൾ (2)
വിശ്വാസത്തിൻ ഫലമുളവാകാൻ / കൃപ ചൊരിയേണമേ നാഥാ (2)

മനസാകുമോ നാഥാ ...

സദാ വിളിപ്പൂ കൈനീട്ടി നില്പൂ / നീ വരമേകണേ നാഥാ. (2)
ആശ്വാസത്തിൻ കുളിരണിയാനായ് / കൃപ ചൊരിയേണമേ നാഥാ. (2)

മനസാകുമോ നാഥാ ...

*(പേജ് 202 കാണുക)*

**ഗാനം 11: വാവ യേശുനാഥാ**

വാവ യേശുനാഥാ, വാവ സ്നേഹനാഥാ
ഹാ എൻ ഹൃദയം തേടിടും സ്നേഹമേ നീ വാവ ...

നീയെൻ പ്രാണനാഥൻ, നീയെൻ സ്നേഹരാജൻ
നിന്നിലെല്ലാമെൻ ജീവനും സ്നേഹവുമേ വാവ ...
പാരിലില്ലിതു പോൽ, വാനിലില്ലിതു പോൽ
നീയൊഴിഞ്ഞുള്ളോരാനന്ദം ചിന്തിച്ചീടാൻ വാവ ...

പൂക്കൾക്കില്ലാ പ്രഭ, തേൻ മധുരമല്ല
നീ വരുമ്പോഴെൻ ആനന്ദം വർണ്യമല്ല വാവ ...

വേണ്ട പോകരുതേ, നാഥാ നിൽക്കണമേ
തീർത്തുകൊള്ളാം ഞാൻ നല്ലൊരു പൂമണ്ഡപം വാവ ...

ആധിചേരുകിലും, വ്യാധി നോവുകിലും
നീയരുകിലെന്നാലെനിക്കാശ്വാസമേ വാവ ...

ശാന്തിയിൽ നീന്തി നീന്തി, കാന്തിയിൽ മുങ്ങി മുങ്ങി
നിന്നിൽ ഞാനുമേ, എന്നിൽ നീ ഇങ്ങനെ നാം വാവ ...

*(പേജ് 202 കാണുക)*

## ഗാനം 12: സ്വർഗീയവാതിൽ

സ്വർഗീയവാതിൽ തുറക്കുമീ നിമിഷം
തിരുവോസ്തി രൂപൻ അണയും നിമിഷം
നവജീവനേകാൻ, ആഹാരമായി
തിരുനാഥനണയുന്നീ ബലിവേദിയിൽ (2)

പരിശുദ്ധ പരമ ദിവ്യകാരുണ്യമേ / നിന്നെ വാഴ്ത്തുന്നു ഞങ്ങൾ
ഓ ദിവ്യ സ്നേഹമേ. / നിന്നെ സ്തുതിക്കുന്നു ഞങ്ങൾ.

ആരാധകർ ഞങ്ങൾ ഒരു മനമായി / തിരുമുമ്പിൽ നിന്നീടുന്നു.
ജീവന്റെ നാഥനെ സ്വീകരിക്കാൻ / അകതാരൊരുക്കീടുന്നു.
പാപങ്ങളല്ലാതെ വേറൊന്നുമില്ല / തൃപ്പാദെ കാഴ്ചയായ് നല്കീടുവാൻ (2)
പരിശുദ്ധ പരമ ...

അലിവാർന്ന സ്നേഹമോടെ യേശുനാഥൻ / നമ്മെ വിളിച്ചിടുമ്പോൾ
ആ സ്നേഹവാത്സല്യം ഏറ്റുവാങ്ങാൻ / ഉള്ളം കൊതിച്ചിടുന്നു.
തിരുവോസ്തി രൂപനെ ആത്മാവിനുള്ളിൽ
ആനന്ദധാരയായി വന്നീടണമേ. (2)
സ്വർഗീയവാതിൽ തുറക്കുമീ ...
ആ ... ആ ... ആ ...
*(പേജ് 202 കാണുക)*

## ഗാനം 13: സ്നേഹജ്വാലയായ് ഈ വിശ്വമാകവേ

സ്നേഹജ്വാലയായ് ഈ വിശ്വമാകവേ
പ്രഭചൊരിയും കാരുണ്യഹൃദയമേ, / എനിക്കായ് തുറന്നുതന്ന ഹൃദയമേ.
സ്നേഹജ്വാലയായ് ...
എളിമശാന്തവിനയമുള്ള തിരുഹൃദയമേ,
എന്റെ ഹൃദയം, നിൻഹൃദയം പോലെയാക്കണേ.

എന്നെ നിന്റെ സ്വന്തമാക്കാൻ ജീവനേകി നീ.
ചുടുനിണത്താൽ കഴുകി എന്നുള്ളിൽ, വെണ്മനല്കി നീ.
ശുദ്ധി നല്കി, എന്റെ ഹൃത്തിൽ നീ വസിക്കില്ലേ.
സോദരർക്കായ് ഹൃത്തുനല്കാൻ എന്നെ മാറ്റണമേ.
എളിമശാന്തഹൃദയമുള്ള ...

ജീവിതത്തിൻ ദുഃഖഭാരത്താൽ തളർന്നിടുമ്പോഴും
പാപത്തിൻ കൂരിരുളിൽ ഞാൻ വലഞ്ഞിടുമ്പോഴും
വചനമെന്നിൽ സാന്ത്വനമായ് പെയ്തിറങ്ങട്ടെ
ആത്മാവും ജീവനുമായ് ഒഴുകീടട്ടേ.

സ്നേഹജ്വാലയായ് ...

----------------------------

*കുർബാന സ്വീകരണശേഷം*

**കാർമി:** മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ / ഞങ്ങൾ ഭക്ഷിച്ച തിരുശരീരവും പാനംചെയ്ത തിരുരക്തവും / ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ / കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും / നിന്റെ സന്നിധിയിൽ സന്തുഷ്ടിക്കും നിദാനമാകട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## സമാപനശുശ്രൂഷ
### (ദൈവജനത്തിന്റെ നന്ദിപ്രകാശനം)

*സാധാരണ ദിവസങ്ങളിൽ*

**സമൂഹം:** ഞങ്ങളുടെ കർത്താവേ / വിശ്വാസപൂർവം ഞങ്ങൾ സ്വീകരിച്ച ദിവ്യരഹസ്യങ്ങൾ / ഞങ്ങളുടെ കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ. യുഗങ്ങളുടെ രാജാവായ മിശിഹായേ / നീ ദാസന്റെയും സ്രഷ്ടാവിന്റെയും സാദൃശ്യമാകുന്നു. നിന്നിൽ വിശ്വസിച്ച സകലരുടെയും / കറകളും കടങ്ങളും / നിന്റെ ശരീരരക്തങ്ങളാൽ / നിർമാർജനം ചെയ്യുകയും ക്ഷമിക്കുകയും ചെയ്തു. നീ മഹത്വപൂർണനായി പ്രത്യക്ഷപ്പെടുമ്പോൾ / മനോവിശ്വാസത്തോടെ നിന്നെ എതിരേല്ക്കാനും / സ്വർഗീയഗണങ്ങളോടുകൂടെ നിന്നെ സ്തുതിക്കാനും / ഞങ്ങളെ യോഗ്യരാക്കേണമേ. ആമ്മേൻ.

*(പേജ് 205 കാണുക)*

**കർത്താവിന്റെ തിരുനാളുകളിലും മറ്റു പ്രധാന തിരുനാളുകളിലും**

**സമൂഹം:** ഞങ്ങളുടെ കർത്താവേ, കടങ്ങളുടെ പൊറുതിക്കായി / വിശുദ്ധ കുർബാന സ്വീകരിച്ച / ഞങ്ങളുടെ കൈകളെ ശക്തമാക്കണമേ. ദൈവമായ നിനക്ക് / എല്ലാ ദിവസവും സദ്ഫലങ്ങൾ സമർപ്പിക്കാൻ / അവയെ യോഗ്യമാക്കണമേ. വിശുദ്ധ സ്ഥലത്തു കീർത്തനം പാടിയ ഞങ്ങളുടെ അധരങ്ങളെ / സ്വർഗത്തിൽ നിന്നെ സ്തുതിക്കാൻ അർഹമാക്കണമേ. നിന്റെ സ്തുതികൾകേട്ട കാതുകൾ / ശിക്ഷാവിധിയുടെ സ്വരം കേൾക്കാതിരിക്കട്ടെ. നിന്റെ അളവറ്റ കാരുണ്യംകണ്ട കണ്ണുകൾക്കു / നിന്റെ അനുഗ്രഹദായകമായ / പ്രത്യാഗമനം കാണുവാൻ ഇടവരട്ടെ. നിന്നെ പരിശുദ്ധൻ എന്നു പാടിപ്പുകഴ്ത്തിയ നാവുകളെ / സത്യം

പറയാൻ സന്നദ്ധമാക്കണമേ. ദൈവാലയത്തിൽ സഞ്ചരിച്ച പാദങ്ങൾ / പ്രകാശത്തിന്റെ സ്ഥലത്തു സഞ്ചരിക്കാൻ ഇടയാകട്ടെ. നിന്റെ സജീവമായ ശരീരം ഉൾക്കൊണ്ട ഞങ്ങളുടെ ശരീരങ്ങൾക്കു / നവജീവൻ പ്രദാനം ചെയ്യണമേ. നിന്നെ ആരാധിച്ച ഞങ്ങളുടെ സമൂഹത്തെ / അനുഗ്രഹങ്ങൾകൊണ്ടു സമ്പന്നമാക്കണമേ. നിന്റെ അനന്തമായ സ്നേഹം / ഞങ്ങളിൽ എന്നും നിലനില്ക്കട്ടെ. നിനക്കു സ്തുതികൾ സമർപ്പിക്കാൻ / ആ സ്നേഹത്തിൽ ഞങ്ങൾ വളരുകയും ചെയ്യട്ടെ. ഞങ്ങളുടെയേവരുടേയും യാചനകൾക്കു / നീ വാതിൽ തുറക്കണമേ. ഞങ്ങളുടെ ഈ ശുശ്രൂഷ / നിന്റെ സന്നിധിയിൽ സ്വീകാര്യമാവുകയും ചെയ്യട്ടെ.

*(പേജ് 205 കാണുക)*

***പകരം ഗാനം***

*1. കർത്താവിൻ തിരുമുമ്പിൽ ... ... ... പേജ് 203*
*2. നിൻ ദാനം ഞാൻ അനുഭവിച്ച ... ... പേജ് 203*
*3. നിൻ ദിവ്യരക്തശരീരങ്ങൾ ... ... ... പേജ് 204*
*4. മോദം കലർന്നു നിന്നെയുൾക്കൊണ്ട പേജ് 204*
*5. സഹനം വഴിയായ് ... ... ... ... ... പേജ് 204*

***ഗാനം – 1: കർത്താവിൻ തിരുമുമ്പിൽ***

കർത്താവിൻ തിരുമുമ്പിൽ വന്നതി- / ഭക്തിവിശ്വാസപൂർവകം
ഞങ്ങൾ കൈക്കൊണ്ടൊരീരഹസ്യങ്ങൾ / പാപമോചനമേകട്ടെ.

ഉന്നതൻ യുഗരാജാവായിട്ടും / കന്യകാസുതനേശുവേ,
ദാസന്റേതുപോൽ സ്രഷ്ടാവിന്റെയും / സാദൃശ്യം നീ നിനയ്ക്കുകിൽ.

നിന്നിൽ വിശ്വസിച്ചാശ്രയിച്ചവർ / നിന്റെ സങ്കേതം തേടിയോർ
നിന്റെ മാംസനിണങ്ങളാൽ പാപ- / മോചനം നേടി ധന്യരായ്.

വാനമേഘത്തിൽ നീയിനിവരും / നാളിൽ നിന്നെതിരേല്പിനായ്
നിന്റെ മുമ്പിൽ വരാനും വാനവ- / വൃന്ദമൊത്തു നിരന്തരം
നിൻ സ്തുതിഗീതമാലപിക്കാനും / ഞങ്ങളെ യോഗ്യരാക്കണേ.

*(പേജ് 205 കാണുക)*

***ഗാനം – 2: നിൻ ദാനം ഞാൻ അനുഭവിച്ചു***

നിൻ ദാനം ഞാൻ അനുഭവിച്ചു / നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു.
യേശുവേ, എൻ ദൈവമേ / നീയെന്നും മതിയായവൻ.
നിൻ ദാനം ഞാൻ ...

യേശു എനിക്കുചെയ്ത / നന്മകൾ ഓർത്തിടുമ്പോൾ (2)
നന്ദികൊണ്ടെൻ മനം പാടിടുമേ / സ്തോത്രഗാനത്തിൻ പല്ലവികൾ (2)
യേശുവേ, എൻ ദൈവമേ / നീയെന്നും മതിയായവൻ.

ദൈവമേ നിന്റെ സ്നേഹം / എത്രനാൾ തള്ളിനീക്കി (2)
അന്നു ഞാൻ അന്യനായ് അനാഥനായ്.

എന്നാലിന്നോ ഞാൻ ധന്യനായ് (2)
യേശുവേ, എൻ ദൈവമേ / നീയെന്നും മതിയായവൻ.

*(പേജ് 205 കാണുക)*

### *ഗാനം - 3: നിൻ ദിവ്യരക്തശരീരങ്ങൾ*

നിൻ ദിവ്യരക്തശരീരങ്ങൾ / ഞങ്ങൾക്കു നല്കിയ നാഥാ
സ്വർഗത്തിൽ നിത്യമായ് / നിൻ മുഖം കാണുവാൻ ഭാഗ്യമേകണേ.

നന്ദിയോടങ്ങയെ വാഴ്ത്തുവാൻ / ഞങ്ങൾക്കനുഗ്രഹമേകണേ
നിത്യവുമങ്ങയെ കാണുവാൻ / സ്വർഗത്തു ഞങ്ങളെ ചേർക്കണേ.

*(പേജ് 205 കാണുക)*

### *ഗാനം - 4: മോദം കലർന്നു നിന്നെയുൾക്കൊണ്ട*

മോദം കലർന്നു നിന്നെ- / യുൾക്കൊണ്ട നിന്റെ ദാസരിൽ
സ്നേഹം തുളുമ്പിടുന്ന നാഥാ, കനിഞ്ഞു
നവ്യജീവൻ ചൊരിഞ്ഞിടേണമേ.

മോദം കലർന്നു നിന്നെ ...

ദൈവാലയത്തിൽ ദിവ്യ- / കർമങ്ങൾ കണ്ട കണ്ണുകൾ
ലോകാവസാനനാളിലാകാശമാറിൽ നിന്റെ
ആരമ്യകാന്തി കാണണം.

മോദം കലർന്നു നിന്നെ ...

നിൻ ദിവ്യകീർത്തനങ്ങൾ / പാടി സ്തുതിച്ച നാവുകൾ
എന്നെന്നുമുന്നതത്തിൽ മാലാഖമാരുമൊത്തു
നിൻ ഗാനമാലപിക്കണം.

മോദം കലർന്നു നിന്നെ ...

*(പേജ് 205 കാണുക)*

### *ഗാനം - 5: സഹനം വഴിയായ്*

സഹനം വഴിയായ് മരണത്തിന്മേൽ / ശാശ്വത വിജയം നേടിയ നാഥാ
രാജമഹേശാ, ദൈവകുമാരാ / വിനയമൊടങ്ങേ വന്ദിക്കുന്നു.

പരമോന്നതമാമുത്ഥാനത്താൽ / വിജയകിരീടം ചൂടിയ നാഥാ
മർത്ത്യകുലത്തിൻ രക്ഷകനീശോ / സാദരമങ്ങേ വാഴ്ത്തീടുന്നു.

തിന്മകളെല്ലാം നീക്കി ജഗത്തിൽ / നിർമലകിരണം വീശിയ നാഥാ
അന്തിമദിവസം മഹിമയോടങ്ങേ / സന്നിധിയണയാൻ വരമരുളേണം.

---

**ശുശ്രൂഷിയുടെ നന്ദിപ്രകാശനം**

**ശുശ്രൂഷി:** പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ / സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളെ സമീപിച്ച് / ഇവയിൽ പങ്കുകൊള്ളാൻ യോഗ്യരാക്കപ്പെട്ട നമുക്കെല്ലാവർക്കും / ഇവയുടെ ദാതാവായ ദൈവത്തിനു / സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാം.

**സമൂഹം:** അവർണനീയമായ ഈ ദാനത്തെക്കുറിച്ച് / കർത്താവേ അങ്ങേക്കു സ്തുതി.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

## കൃതജ്ഞത-സമാപനപ്രാർത്ഥനകൾ

***(കാലാനുസരണം മാറിവരുന്ന പ്രാർത്ഥനകൾ )***

*സാധാരണ ദിവസങ്ങളിൽ - പേജ് 206*
*ഞായറാഴ്ചകളിലും തിരുനാൾ ദിവസങ്ങളിലും - പേജ് 208*
***മരിച്ചവരുടെ ഓർമ്മ - പേജ് 210***
***മംഗളവാർത്തക്കാലം - പേജ് 215***
***പിറവിക്കാലം - പേജ് 216***
*ദനഹാത്തിരുനാൾ (ജനുവരി 6) - പേജ് 217*
***ദനഹാക്കാലം - പേജ് 217***
***നോമ്പുകാലം - പേജ് 219***
***ഉയിർപ്പുകാലം - പേജ് 220***
*പുതുഞായർ (ഉയിർപ്പു രണ്ടാംഞായർ) - പേജ് 222*
*സ്വർഗാരോഹണത്തിരുനാൾ (ഉയിർപ്പ് ആറാംവ്യാഴം)- പേജ് 223*
***ശ്ലീഹാക്കാലം - പേജ് 224***
*പന്തക്കുസ്താ തിരുനാൾ (ഒന്നാംഞായർ) - പേജ് 226*
*പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ (രണ്ടാംഞായർ) - പേജ് 227*
*പരിശുദ്ധ കുർബാനയുടെ തിരുനാൾ (രണ്ടാംവ്യാഴം) - പേജ് 229*
*തിരുഹൃദയത്തിരുനാൾ (മൂന്നാംവെള്ളി) - പേജ് 230*
***കൈത്താക്കാലം - പേജ് 231***
***ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ - പേജ് 233***
***പള്ളിക്കൂദാശക്കാലം - പേജ് 234***

*രൂപാന്തരീകരണത്തിരുനാൾ (ഓഗസ്റ്റ് 6) - പേജ് 236*
*വിശുദ്ധ കുരിശിന്റെ പുകഴ്ച (സെപ്റ്റംബർ 14) - പേജ് 237*
***മാതാവിന്റെ** മാതൃത്വത്തിരുനാൾ (പിറവി രണ്ടാംവെള്ളി) - പേജ് 238*
*മാതാവിന്റെ സ്വർഗാരോപണം (ഓഗസ്റ്റ് 15) - പേജ് 240*
*മാതാവിന്റെ ജനനത്തിരുനാൾ (സെപ്റ്റംബർ 8) - പേജ് 240*
*അമലോത്ഭവമാതാവിന്റെ തിരുനാൾ (ഡിസംബർ 8) - പേജ് 240*
*മാതാവിന്റെ മറ്റു തിരുനാളുകൾ - പേജ് 240*

*യൗസേപ്പ് പിതാവിന്റെ തിരുനാൾ (മാർച്ച്-19, മേയ് -1) - പേജ് 244*
*വിശുദ്ധ സ്നാപകയോഹന്നാൻ (ദനഹ ഒന്നാംവെള്ളി) - പേജ് 245*
*പത്രോസ് പൗലോസ് ശ്ലീഹന്മാർ (ദനഹ രണ്ടാംവെള്ളി) -പേജ് 247*
*മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന (ജൂലൈ 3) - പേജ് 248*
*ശ്ലീഹന്മാരുടെ തിരുനാൾ (കൈത്താ ഒന്നാംഞായർ) – പേജ് 250*
*വിശുദ്ധ സുവിശേഷകന്മാർ (ദനഹ മൂന്നാംവെള്ളി) - പേജ് 251*
*വിശുദ്ധ എസ്തപ്പാനോസ് (ദനഹ നാലാംവെള്ളി, ഡിസം. 26) - പേജ് 253*
*രക്തസാക്ഷികൾ - പേജ് 253*

*വിശുദ്ധ അൽഫോൻസ (ജൂലൈ 28) - പേജ് 255*
*വിശുദ്ധരുടെ തിരുനാൾ (ഉയിർപ്പ് ഒന്നാംവെള്ളി) - പേജ് 257*
*നിനിവേ ഉപവാസം (വലിയ നോമ്പിനു മൂന്നാഴ്ച മുമ്പ്) - പേജ് 258*

*ജൂബിലി - പേജ് 259*
*ഇടവകദിനം - പേജ് 261*

----------------------------------

*(കാർമികൻ ബേമ്മയിൽ വന്നു ജനങ്ങൾക്കുനേരേ തിരിഞ്ഞ്)*

## സാധാരണ ദിവസങ്ങളിൽ

**കാർമി:** കർത്താവായ ദൈവമേ / സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ / കടങ്ങളുടെ മോചനത്തിനായി അങ്ങു കാരുണ്യപൂർവം ഞങ്ങൾക്കു നല്കി. ഈ ദാനത്തെക്കുറിച്ച് / അങ്ങയുടെ മഹനീയ ത്രീത്വത്തിനു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും / നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** മനുഷ്യവർഗത്തിന്റെ പ്രതീക്ഷയായ മിശിഹായേ / സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ കുർബാന വഴി / നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പൊറുക്കുകയും / അപരാധങ്ങൾ ക്ഷമിക്കുകയും ചെയ്യു. ഉന്നതങ്ങളിൽനിന്നുള്ള ആരാധ്യമായ ഈ ദാനം വാഴ്ത്തപ്പെട്ടതാകട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## മുദ്രവയ്ക്കൽ പ്രാർഥന

*(സമാപനാശീർവാദം: സ്വർഗാരോഹണം,*
*രണ്ടാമത്തെ ആഗമനത്തിലുള്ള പ്രതീക്ഷ)*

**കാർമി:**
ജീവൻ നല്കും ദൈവികമാം / പരിപാവനമീ ബലിവഴിയായ്
നാഥനു സ്തുതിയും ബഹുമതിയും / നമ്മൾ കാഴ്ചയണച്ചല്ലോ.

**സമൂഹം:** ആമ്മേൻ.

**കാർമി:**
പ്രീതി കലർന്നു യുഗാന്ത്യത്തിൽ / സ്വർഗീയോർശ്ലം നഗരത്തിൽ
മാലാഖാമാരൊത്തു വലം / ഭാഗം നമ്മൾക്കരുളട്ടെ.

**സമൂഹം:** ആമ്മേൻ.

**കാർമി:**
നമ്മിൽ ലോകം മുഴുവനിലും / സഭയിലുമവൾതൻ തനയരിലും
നാഥൻ വരനിര ചൊരിയട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾവഴി / നമ്മുടെ കർത്താവീശോമിശിഹായെ നാം ശുശ്രൂഷിക്കുകയും സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്യു. തന്റെ രാജ്യത്തിന്റെ മഹത്വത്തിനും / പരിശുദ്ധ മാലാഖമാരോടൊന്നിച്ചുള്ള നിത്യാനന്ദത്തിനും / തിരുസന്നിധിയിലുള്ള സംപ്രീതിക്കും / സ്വർഗീയ ജറുസലേമിൽ തന്റെ വലതുഭാഗത്തുള്ള സ്ഥാനത്തിനും / അവിടുന്നു നമ്മെ യോഗ്യരാക്കട്ടെ. നമ്മുടെയും ലോകം മുഴുവന്റെയും / തിരുസഭയുടെയും അവളുടെ സന്താനങ്ങളുടെയുംമേൽ / അവിടുന്നു കൃപയും അനുഗ്രഹവും വർഷിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**അല്ലെങ്കിൽ**

**കാർമി:** തന്റെ ശരീരത്താൽ നമ്മുടെ കടങ്ങൾ പൊറുക്കുകയും / രക്ത ത്താൽ നമ്മുടെ പാപങ്ങളുടെ കറ മായിച്ചുകളയുകയും ചെയ്ത / നമ്മുടെ കർത്താവു സഭയിൽ വാഴ്ത്തപ്പെട്ടവനാകട്ടെ. ദൈവത്തിന്റെ അനുഗ്രഹീ തജനമേ / കർത്താവിന്റെ മേച്ചിൽ സ്ഥലത്തെ അജഗണമേ / നിങ്ങളുടെ മേൽ അവിടുന്നു കൃപാവരം ചൊരിയട്ടെ. അവിടുന്നു തന്റെ കാരുണ്യവും അനുഗ്രഹവും നമ്മളിൽ വർഷിക്കട്ടെ. അവിടുത്തെ പരിപാലനയുടെ വലംകൈ / നിങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## ഞായറാഴ്ചകളിലും തിരുനാൾ ദിവസങ്ങളിലും

**കാർമി:** കർത്താവായ ദൈവമേ, അങ്ങയുടെ മഹനീയമായ നാമത്തിനു / സ്തുതിയും ആരാധനയും കൃതജ്ഞതയും സമർപ്പിക്കുക / എല്ലാ നാഴിക കളിലും യോഗ്യവും എല്ലാ കാലങ്ങളിലും യുക്തവുമാകുന്നു. അങ്ങയുടെ ജീവദായകവും ദൈവികവുമായ / വചനങ്ങളുടെ മാധുര്യം ആസ്വദി ക്കാനും / മാലാഖമാരോടുകൂടെ തിരുനാമത്തെ സ്തുതിക്കാനും / അങ്ങ യുടെ ദാനമായ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാനും / മഹോന്നത നായ ദൈവമേ / അങ്ങേക്കു സ്തുതിയുടെയും കൃതജ്ഞതയുടെയും കീർത്ത നങ്ങൾ ഇടവിടാതെ ആലപിക്കാനും / ബലഹീനരായ ഞങ്ങളെ കാരു ണ്യപൂർവം അങ്ങു യോഗ്യരാക്കി. പിതാവും പുത്രനും പരിശുദ്ധാത്മാ വുമായ സർവേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** സകലത്തെയും പവിത്രീകരിക്കുന്ന തന്റെ അമൂല്യമായ ശരീര രക്തങ്ങൾ സ്വീകരിക്കാൻ / നമ്മുടെ കർത്താവും ദൈവവും രാജാവും രക്ഷകനും / ജീവദാതാവുമായ മിശിഹാ / കൃപാപൂർവം നമ്മെ യോഗ്യ രാക്കി. വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളുംവഴി / തന്നെ പ്രസാദി പ്പിക്കാൻ അവിടുന്നു നമ്മെ അനുഗ്രഹിക്കട്ടെ. കർത്താവേ ഞങ്ങൾ സ്വീകരിച്ചതും സ്വീകരിക്കുന്നതുമായ ഈ അച്ചാരം / നിന്റെ കാരുണ്യാ തിരേകത്താൽ ഞങ്ങളുടെ കടങ്ങളുടെ പൊറുതിക്കും / പാപങ്ങളുടെ മോചനത്തിനും / മരിച്ചവരുടെ ഉയിർപ്പിലുള്ള പ്രത്യാശയ്ക്കും / നിന്റെ

സന്നിധിയിൽ പ്രീതിജനകമായ വിധം വർത്തിച്ച എല്ലാവരോടുമൊന്നിച്ച് / സ്വർഗരാജ്യത്തിൽ നവമായ ജീവിതത്തിനും കാരണമാകട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമി:** *(ഗാനം)*
കർത്താവാം മിശിഹാ വഴിയായ് / ദിവ്യാത്മാവിൻ ദാനങ്ങൾ
സ്നേഹപിതാവാം സകലേശൻ / വിരവൊടു നമ്മിൽ വർഷിച്ചു.

സ്വർലോകത്തിൻ മഹിമയ്ക്കായ് / ദൈവം നമ്മെ വിളിച്ചല്ലോ
അക്ഷയ സൗഭഗമാർന്നിടുവാൻ / ദൈവം നമ്മെ നയിച്ചല്ലോ.

**സമൂഹം:** ആമ്മേൻ.

**കാർമി:** എന്റെ ശരീരം ഭക്ഷിക്കും / എൻ രക്തം പാനം ചെയ്യും
മാനവനെന്നിൽ നിവസിക്കും / അവനിൽ ഞാനും നിശ്ചയമായ്.

വിധിയിൽ വീഴാതവനെ ഞാൻ / അന്തിമ ദിവസമുയിർപ്പിക്കും
നിത്യായുസവനേകും ഞാൻ / ഏവം നാഥനരുൾ ചെയ്തു.

**സമൂഹം:** ആമ്മേൻ.

**കാർമി:**
അരുളിയപോലിന്നീ ബലിയിൽ / പങ്കാളികളാമഖിലർക്കും
ദൈവം കനിവാർന്നരുളട്ടെ / ദിവ്യാനുഗ്രഹമെന്നെന്നും.

നമ്മുടെ ജീവിത പാതകളിൽ / ആവശ്യകമാം ദാനങ്ങൾ
നല്കിയനുഗ്രഹമരുളട്ടെ / ദൈവം കരുണയൊടെന്നെന്നും.

**സമൂഹം:** ആമ്മേൻ.

**കാർമി:** ജീവൻ നല്കും ദൈവികമാം / ശുദ്ധിയെഴുന്ന രഹസ്യങ്ങൾ
കൈക്കൊണ്ടവരാമഖിലരിലും / ദൈവം വരനിര ചൊരിയട്ടെ.

കുരിശടയാളം വഴിയായ് നാം / സംരക്ഷിതരായ്ത്തീരട്ടെ
മുദ്രിതരായി ഭവിക്കട്ടെ / ഇപ്പോഴു + മെപ്പോഴുമെന്നേക്കും.

**സമൂഹം.** ആമ്മേൻ.

*(പേജ് 262 കാണുക)*

**ഞായറാഴ്ച – ഗാനത്തിനു പകരം**

**കാർമ്മി:** പിതാവായ ദൈവം നമ്മുടെ കർത്താവീശോമിശിഹാവഴി / എല്ലാ ആധ്യാത്മികദാനങ്ങളുംനല്കി നമ്മെ അനുഗ്രഹിച്ചു. നമ്മുടെ കർത്താവു തന്റെ രാജ്യത്തിലേക്കു നമ്മെ ക്ഷണിക്കുകയും / അക്ഷയവും അനശ്വരവുമായ സൗഭാഗ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്തു. അവിടുന്നു തന്റെ ജീവദായകമായ സുവിശേഷംവഴി / ശിഷ്യഗണത്തോട് ഇപ്രകാരം അരുൾചെയ്തു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു / എന്റെ ശരീരം ഭക്ഷിക്കുകയും / എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവർ / എന്നിലും ഞാൻ അവനിലും വസിക്കും. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും. അവനു ശിക്ഷാവിധി ഉണ്ടാകുകയില്ല. പ്രത്യുത അവൻ മരണത്തിൽനിന്നു നിത്യായുസിലേക്കു പ്രവേശിക്കും. ഈ കുർബാനയിൽ പങ്കുകൊണ്ട നമ്മുടെ സമൂഹത്തെ / തന്റെ വാഗ്ദാനമനുസരിച്ചു മിശിഹാ അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെ. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളിൽ പങ്കുകൊണ്ട് / സന്തുഷ്ടരായ നമ്മെ അവിടുന്നു മഹത്വമണിയിക്കട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരാകട്ടെ. രഹസ്യവും പരസ്യവുമായ എല്ലാ വിപത്തുകളിൽനിന്നും സംരക്ഷിതരുമാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## മരിച്ചവരുടെ ഓർമ

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, മർത്യരായ ഞങ്ങളെ / ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേരാൻ / കാരുണ്യപൂർവം അങ്ങു യോഗ്യരാക്കി. ഞങ്ങളോടു കാണിച്ച ഈ വലിയ കൃപയെപ്രതി / അങ്ങയുടെ മഹനീയ നാമത്തിന് / എപ്പോഴും സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമ്മി:** മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, അമർത്യതയുടെ ഔഷധമായ ഈ കുർബാനവഴി / നീ ഞങ്ങളുടെ കടങ്ങളും

പാപങ്ങളും മോചിക്കുകയും / ഞങ്ങളുടെ ആത്മാക്കളെ പരിപോഷിപ്പിക്കുകയും ചെയ്തു. അമൂല്യമായ ഈ ദാനത്തെപ്രതി / നിനക്കു ഞങ്ങൾ നന്ദി പറയുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമി:** കുരിശുമരണംവഴി മരണത്തെ പരാജയപ്പെടുത്തുകയും / നിത്യജീവൻ നമുക്കു നേടിത്തരുകയും ചെയ്ത മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. തന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കുമെന്നും / തന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നവർ / സ്വർഗരാജ്യം അവകാശപ്പെടുത്തുമെന്നുമുള്ള അവിടുത്തെ വാഗ്ദാനം / മരണം മൂലം നമ്മിൽനിന്നു വേർപിരിഞ്ഞുപോയ സഹോദരരിലും നമ്മിലും നിറവേറട്ടെ. കർത്താവിൽ മരണനിദ്ര പ്രാപിച്ചവർ / ഉയിർപ്പിന്റെ മഹത്വത്തിൽ പങ്കുകാരായി / ദൈവത്തിന്റെ വലതുഭാഗത്തു നില്ക്കാൻ യോഗ്യരാകട്ടെ. അവരുടെ സ്മരണ ആചരിച്ചുകൊണ്ട് ഈ കുർബാനയിൽ പങ്കെടുത്ത നിങ്ങളെ / ജീവന്റെയും മരണത്തിന്റെയും നാഥനായ അവിടുന്നു / സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**പകരം**

**കാർമി:** കർത്താവേ, ഞങ്ങളുടെ പ്രാർഥനയുടെ സ്വരം കേൾക്കണമേ. ഞങ്ങളുടെ യാചനകൾ അങ്ങയുടെ സന്നിധിയിലെത്തട്ടെ. ഞങ്ങളുടെ ബലികളും കാഴ്ചകളും സ്വീകരിച്ച് / മരിച്ചവരുടെ കടങ്ങൾ പൊറുക്കണമേ. നിഷ്കളങ്കനായ ആബേലിന്റെ ആദ്യബലിപോലെയും / നീതിമാനും നിർമലനുമായ നോഹിന്റെയും / കർത്താവിൽ വിശ്വാസമർപ്പിച്ച അബ്രാഹത്തിന്റെയും / കഷ്ടതകൾ സഹിച്ച ജോബിന്റെയും / സത്യപ്രവാചകനായ ഏലിയായുടെയും / സെഹിയോൻ ശാലയിലെ ശ്ലീഹന്മാരുടെയും ബലികൾപോലെയും / വിധവയുടെ കൊച്ചുകാശുപോലെയും / അങ്ങയുടെ *ദാസനു (ദാസിക്കു / ദാസർക്കു)* വേണ്ടിയുള്ള ഈ ബലി കർത്താവേ കനിവോടെ സ്വീകരിക്കണമേ. അങ്ങയുടെ അഭീഷ്ടം നിറവേറ്റിയ സകല നീതിമാന്മാരോടുംകൂടെ / ഈ *സഹോദരനെ (സഹോദരിയെ / സഹോദരരെ)* സ്വർഗീയ മണവറയ്ക്കു യോഗ്യ*നാ (യാ / രാ)* ക്കണമേ. കർത്താവേ അങ്ങയുടെ *ദാസനു (ദാസിക്കു / ദാസർക്കു)* വേണ്ടിയുള്ള ഈ ബലി സ്വീകരിക്കുകയും / ഈ ആളുടെയും ഈ ആളുടെ സ്നേഹിതരുടെയും കടങ്ങൾ പൊറുക്കുകയും / അപരാധങ്ങൾ

മായിക്കുകയും ചെയ്യണമേ. കാരുണ്യവാനായ കർത്താവേ / അങ്ങയുടെ ഈ എളിയ *ദാസനെ (ദാസിയെ / ദാസരെ)* അങ്ങയുടെ വലതു ഭാഗത്തു / നീതിമാന്മാരോടുകൂടെ സ്വർഗീയ മണവറയിൽ വസിക്കാൻ യോഗ്യനാക്കണമേ. സ്തുത്യർഹവും ഭാഗ്യപൂർണവുമായ സ്ഥലത്ത് ഈ സഹോദ*രനെ (രിയെ / രരെ)* സ്മരിക്കുകയും / നിത്യാശ്വാസം നല്കി ആനന്ദിപ്പിക്കുകയും ചെയ്യണമേ. അവിടെ ഈ *ആൾ (ഇവർ)* ത്രീയേക ദൈവത്തിനു / സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും എന്നേക്കും സമർപ്പിക്കട്ടെ. ഈ തിരുക്കർമത്തിൽ സംബന്ധിച്ച നിങ്ങൾ എല്ലാവരും / ദൈവാനുഗ്രഹത്താൽ പാപമോചനത്തിനു യോഗ്യരാവുകയും ചെയ്യട്ടെ. ഞങ്ങളുടെ കർത്താവേ, ഈ സമൂഹത്തെയും / ഞങ്ങളെ എല്ലാവരെയും സമൃദ്ധമായി ആശീർവദിക്കണമേ. ഇപ്പോഴും + എപ്പോഴും എന്നേക്കും .

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

***പകരം ഗാനം***


1. *കർത്താവേ നിൻ സന്നിധിയിൽ   പേജ് 212*
2. *പാവനമങ്ങേ സന്നിധിയിൽ ...   പേജ് 213*
3. *മരണം മൂലം മരണത്തെ ... ... ...   പേജ് 214*


***ഗാനം - 1: കർത്താവേ നിൻ സന്നിധിയിൽ***

**കാർമി:**
കർത്താവേ നിൻ സന്നിധിയിൽ / ഞങ്ങളണയ്ക്കും പ്രാർഥനകൾ
ബലികൾ കാഴ്ചകളനവരതം / കനിവൊടു കൈക്കൊണ്ടരുളണമേ.

**സമൂഹം:** ആമ്മേൻ.

ആബേൽ നോഹയുമബ്രാഹം / യോബുമണച്ചൊരു ബലിയിൽ നീ
കൃപയാർന്നതുപോലീ ബലിയും / കൃപയൊടു തൃക്കൺ പാർക്കണമേ.

**സമൂഹം:** ആമ്മേൻ.

ഏലിയാനിവ്യാ ശ്ലീഹന്മാ- / രിവരുടെ ബലിയും വിധവയുടെ
കാണിക്കയതും കൈക്കൊണ്ട / നാഥാ കനിയണമീബലിയിൽ.

**സമൂഹം:** ആമ്മേൻ.

കർത്താവേ നിൻ *ദാസനായ് (ദാസിക്കായ് / ദാസർക്കായ്)*
തിരുസന്നിധിയിലണച്ചീടും
ബലിയിതു തൃക്കൺപാർക്കണമേ / മൃതരുടെ പാപം മായ്ക്കണമേ.

**സമൂഹം:** ആമ്മേൻ.

കരുണാനിധിയാം കർത്താവേ
ചേർക്കണമേ നിൻ *ദാസനെയും (ദാസിയെയും / ദാസരെയും)*
പരിശുദ്ധന്മാർമരുവീടും / പരമോന്നതമാം രാജ്യത്തിൽ.

**സമൂഹം:** ആമ്മേൻ.

ദിവ്യഗണത്തോടൊത്തനിശം / മഹിമയെഴുന്നൊരു ത്രിത്വത്തിൻ
സ്തുതിഗീതങ്ങളുയർത്തിടുവാൻ
കരുണയൊടി*വനിൽ (വളിൽ / വരിൽ)* കനിയണമേ.

**സമൂഹം:** ആമ്മേൻ.

ഇന്നീ ബലി നിൻസന്നിധിയിൽ / അർപ്പിച്ചവരാമഖിലർക്കും
കരുണയൊടേകണമഖിലേശാ + / ദിവ്യാനുഗ്രഹമെന്നെന്നും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

***ഗാനം - 2: പാവനമങ്ങേ സന്നിധിയിൽ***

**കാർമി:** പാവനമങ്ങേ സന്നിധിയിൽ / പ്രാർഥന നിത്യമണയ്ക്കുന്നു
നാഥാ, മാനവയാചനകൾ / കൈക്കൊള്ളണമേ കനിവോടേ.

**സമൂഹം:** ആമ്മേൻ.

ബലികളുമതുപോൽ കാഴ്ചകളും / കൃപയൊടു തൃക്കൺപാർത്തെന്നും
മൃതരുടെ പാപം നീക്കണമേ / വാനവരാജ്യം നല്കണമേ.

**സമൂഹം:** ആമ്മേൻ.

ആബേലങ്ങേ സന്നിധിയിൽ / ജീവിതബലിയർപ്പിച്ചു
നീതിയെഴുന്നോരബ്രാഹം / യോബും നോഹും പൂജിതരായ്.

**സമൂഹം:** ആമ്മേൻ.

അനുപ്രവാചകനേലിയയും / ശ്ലീഹന്മാരുമണച്ചതുപോൽ
ഞങ്ങളണച്ചൊരു തിരുബലി നീ / കനിവൊടു തൃക്കൺപാർക്കണമേ.

**സമൂഹം:** ആമ്മേൻ.

കർത്താവേ, നിൻ *ദാസനായ് (ദാസിക്കായ് / ദാസർക്കായ്)*
അർപ്പിക്കുന്നീ ബലി ഞങ്ങൾ
വിധവയണച്ചൊരു നേർച്ചസമം
കൈക്കൊള്ളണമീ ദിവ്യബലി.

**സമൂഹം:** ആമ്മേൻ.

വാനവരൊത്തു നിരന്തരമാ / മഹിമയെഴും തിരുരാജ്യത്തിൽ
താവകഗീതികൾ പാടിടുവാൻ / കനിവാർന്നിവരെ ചേർക്കണമേ.

**സമൂഹം:** ആമ്മേൻ.

നാഥാ, താവക തിരുബലിയിൽ / പങ്കാളികളായ്ത്തീർന്നവരാം
ഞങ്ങൾക്കരുളുക വരദാനം + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.
**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

***ഗാനം - 3: മരണം മൂലം മരണത്തെ***

**കാർമി:** മരണം മൂലം മരണത്തെ / വിജയിച്ചവനാം കർത്താവേ,
നിൻ തിരുനാമം, ചിരകാലം / വാഴ്ത്തിപ്പാടി നമിക്കുന്നു.

**സമൂഹം:** ആമ്മേൻ.

നാഥാ, നിന്നിൽ മരിച്ചാലും / ജീവിച്ചീടും ചൊന്നു നീ
നിൻ തിരുരക്ത ശരീരങ്ങൾ / കൈക്കൊള്ളുന്നവരെല്ലാരും.

**സമൂഹം:** ആമ്മേൻ.

വാഗ്ദാനം നരനേകി നീ / സ്വർഗം നേടിടുമൊരുനാളിൽ
മരണമടഞ്ഞവരെല്ലാരും / നിന്നിൽ ജീവൻ പുണരട്ടെ.

**സമൂഹം:** ആമ്മേൻ.

അവരുടെ സ്മരണയുണർത്തിടുമീ / ബലിയിൽ ചേർന്നവരെല്ലാരും
കൃപയാലെന്നും നിറയട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## മംഗളവാർത്തക്കാലം

**കാർമി:** കർത്താവായ ദൈവമേ, അങ്ങയുടെ കരുണയാൽ ഞങ്ങളെ പാപങ്ങളിൽനിന്നു മോചിച്ച് / അങ്ങയെ സ്തുതിക്കാനും ആരാധിക്കാനും യോഗ്യരാക്കി. മിശിഹായുടെ ശരീരവും രക്തവും കൊണ്ട് അങ്ങു ഞങ്ങളെ പരിപോഷിപ്പിക്കുകയും / അങ്ങയുടെ രാജ്യത്തിലേക്കു ക്ഷണിക്കുകയും ചെയ്തു. ഈ മഹാദാനത്തെക്കുറിച്ചു ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** ലോകരക്ഷകനായ മിശിഹായേ, ഞങ്ങളെ ദൈവമക്കളാക്കാൻ വേണ്ടി മനുഷ്യനായിപ്പിറക്കുകയും / പാപാന്ധകാരത്തിൽനിന്നു പ്രകാശത്തിന്റെ പാതയിലേക്കു ഞങ്ങളെ നയിക്കുകയും ചെയ്തതിനെപ്രതി / ഞങ്ങൾ നിനക്കു നന്ദിപറയുന്നു. നിന്നെ സ്വീകരിച്ച ഞങ്ങൾ / ലോകത്തിൽ പ്രാകാശമായിത്തീരാനും / ദൈവമക്കളായി ജീവിച്ച് / നന്മയിലും നീതിയിലും സത്യത്തിലും വ്യാപരിക്കാനും കൃപചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**
മനുജകുലത്തിൻ രക്ഷയ്ക്കായ് / മന്നിലണഞ്ഞൊരു ദൈവസുതാ
പാവനമങ്ങേ തിരുനാമം / പൂജിതമങ്ങേ സാന്നിധ്യം.

ലോകത്തിന്റെ പ്രകാശം നീ / മർത്യകുലത്തിൻ ശരണം നീ
സ്തുത്യർഹൻ നീ മിശിഹായേ / നിത്യവുമങ്ങയെ വാഴ്ത്തുന്നു.

**സമൂഹം:** ആമ്മേൻ.

ദൈവത്തിൻ ജനമേ നിങ്ങൾ / മംഗളവാർത്തക്കാലത്തിൽ
നന്മ തെളിക്കും പാതകളിൽ / യോഗ്യതയോടെ നീങ്ങിടുവിൻ.

രക്ഷകനാഗതനാകുമ്പോൾ / തന്നുടെ കൃപകൾ നേടിടുവിൻ
ദൈവം വരനിര ചൊരിയട്ടെ / ഇപ്പോഴു + മെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

***അല്ലെങ്കിൽ***

**കാർമി:** നമ്മെ രക്ഷിക്കാൻവേണ്ടി മനുഷ്യനായി അവതരിച്ച /നമ്മുടെ കർത്താവു സഭയിൽ വാഴ്ത്തപ്പെട്ടവനാകട്ടെ. ലോകത്തിന്റെ പ്രകാശവും മനുഷ്യവർഗത്തിന്റെ പ്രതീക്ഷയുമായ മിശിഹായെ നമുക്കു സ്തുതിക്കാം. ദൈവത്തിന്റെ ജനമേ, രക്ഷയുടെ ദിവസം സമാഗതമാകുമ്പോൾ / രക്ഷകനെ സ്വീകരിക്കാൻ നിങ്ങൾ യോഗ്യരാകട്ടെ. നന്മയെ മുറുകെപ്പിടിക്കുകയും തിന്മയിൽനിന്നു ഓടിയകലുകയും ചെയ്യാൻ / അവിടുന്നു തന്റെ കാരുണ്യവും അനുഗ്രഹവും നിങ്ങളിൽ വർഷിക്കട്ടെ. സമാധാനത്തിന്റെ ദൈവം ഈ മംഗളവാർത്തക്കാലത്തു / നിങ്ങളെ പൂർണമായി വിശുദ്ധീകരിക്കുകയും ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## പിറവിക്കാലം

**കാർമി:** കർത്താവായ ദൈവമേ, ലോകരക്ഷകനായി മിശിഹായെ ഞങ്ങൾക്കു നല്കിയ / സ്നേഹാതിരേകത്തിനു ഞങ്ങൾ നന്ദിപറയുന്നു. ജ്ഞാനികൾ സമർപ്പിച്ച കാഴ്ചവസ്തുക്കൾപോലെ / ഞങ്ങളുടെ ബലിയും അങ്ങേക്കു സ്വീകാര്യമാകട്ടെ. മിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിച്ച് / അങ്ങേക്കു സാക്ഷികളാകാൻ ഞങ്ങളെ ശക്തരാക്കണമേ. അങ്ങയുടെ ദാനത്തിനു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** പിതാവിന്റെ പ്രതിരൂപമായ മിശിഹായേ, നിന്നിൽ പിതാവിനെ കാണാനും / അവിടുത്തെ രക്ഷാകരപദ്ധതിയിൽ പങ്കുചേരാനും / ഞങ്ങൾക്കിടവരുത്തിയതിനു നിനക്കു ഞങ്ങൾ നന്ദിപറയുന്നു. വിശുദ്ധ കുർബാനയിലൂടെ നിന്നെത്തന്നെ ഞങ്ങൾക്കു / ഭക്ഷണ പാനീയങ്ങളായി നല്കിയതിനു ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. രക്ഷയുടെ അച്ചാരമായ ഈ ദിവ്യരഹസ്യങ്ങൾ / ഞങ്ങൾക്കു നിത്യസൗഭാഗ്യത്തിനു കാരണമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**

ഇരുളിൽ മരണത്തിൻ നിഴലിൽ / കഴിയുന്നോർക്കു പ്രകാശമതായി
മന്നിലുദിച്ചോരു മിശിഹായെ / വാഴ്ത്തിപ്പാടി നമിച്ചീടാം.

ജ്ഞാനികൾ തേടിയപോൽ നിങ്ങൾ / തേടണമവനെ കണ്ടെത്താൻ
ഇടയാകട്ടെ കാലത്തിൻ / അടയാളങ്ങൾ ദർശിക്കാൻ.

**സമൂഹം:** ആമ്മേൻ.

നിങ്ങൾ ചെയ്യും നന്മകളെ / കണ്ടു ജനങ്ങൾ മിശിഹായെ
രക്ഷകനും തിരുനാഥനുമായ് / ഏറ്റുപറഞ്ഞു നമിക്കട്ടെ.

നിങ്ങൾക്കും പ്രിയരേവർക്കും / ലോകം മുഴുവനുമലിവോടെ
ദൈവമനുഗ്രഹമരുളട്ടെ + /ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

***അല്ലെങ്കിൽ***

**കാർമി:** അന്ധകാരത്തിൽ നടക്കുന്നവർക്കും / മരണത്തിന്റെ നിഴലിൽ വസിക്കുന്നവർക്കും / വലിയ പ്രകാശമായി ഉദിച്ച മിശിഹായെ നമുക്കു വാഴ്ത്താം. ജ്ഞാനികൾ രക്ഷകനെ അന്വേഷിച്ചു കണ്ടെത്തിയതു പോലെ / നിങ്ങളും ജീവിതത്തിൽ എല്ലാ സാഹചര്യങ്ങളിലും അവിടുത്തെ കണ്ടെത്തട്ടെ. കാലത്തിന്റെ അടയാളങ്ങളും സന്ദേശങ്ങളും വിവേചിച്ചറിഞ്ഞ് / അവിടുത്തെ സ്വീകരിക്കാൻ നിങ്ങൾക്കിടയാകട്ടെ. നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് എല്ലാ ജനതകളും / ലോകത്തിന്റെ പ്രകാശമായ മിശിഹായെ / രക്ഷകനും നാഥനുമായി ഏറ്റുപറയട്ടെ. നിങ്ങളെയും നിങ്ങളുടെ പ്രിയപ്പെട്ടവരെയും / ലോകം മുഴുവനെയും അവിടുന്ന് അനുഗ്രഹിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## ദനഹാക്കാലം

***(ദനഹാത്തിരുനാളിലും - ജനുവരി 6)***

**കാർമി:** കർത്താവായ ദൈവമേ, മാമ്മോദീസവഴി ഞങ്ങളുടെ മനുഷ്യപ്രകൃതിയെ നവീകരിക്കുകയും / രക്ഷയുടെ മാർഗം വെളിപ്പെടുത്തുകയും ചെയ്ത / അങ്ങയെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. ജലത്താലും ആത്മാവി

നാലും ഞങ്ങളെ ദൈവമക്കളും / മിശിഹായുടെ കൂട്ടവകാശികളുമാക്കിത്തീർക്കുകയും / അവിടുത്തെ മരണത്തിലും ഉത്ഥാനത്തിലും പങ്കുകാരാക്കുകയും ചെയ്തല്ലോ. മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിക്കാൻ / അങ്ങു ഞങ്ങളെ യോഗ്യരാക്കി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ രക്ഷകനും കർത്താവുമായ മിശിഹായേ, മാമ്മോദീസയിലൂടെ നീ ഞങ്ങളുടെ പാപക്കറകൾ കഴുകുകയും / ആത്മാവിനാൽ ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്തല്ലോ. ദിവ്യരഹസ്യങ്ങളിൽ പങ്കുകാരാക്കി / ദൈവിക ജീവനിൽ ഞങ്ങളെ വളർത്തുന്ന / നിന്റെ അനന്ത കാരുണ്യത്തിനു ഞങ്ങൾ നന്ദി പറയുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമ്മി:** ദൈവം നിത്യസമാരാധ്യൻ / ഭൂവിലയച്ച തിരുസുതനെ
യോർദാൻ നദിയിൽ ത്രീത്വത്തിൻ / ദിവ്യരഹസ്യം വെളിവാക്കി.

സുതരായ് നമ്മെയുയർത്തിടുവാൻ / പുത്രനെ നല്കി പ്രിയതാതൻ
മാംസനിണങ്ങൾ വഴിയായി / പാപകടങ്ങൾ നീക്കിടുവാൻ.

**സമൂഹം:** ആമ്മേൻ.

നമ്മിൽ നിത്യം നിവസിക്കും / പാവനറൂഹാ സത്യത്തിൻ
നിറവിൽ നമ്മെ നയിച്ചീടും / ശക്തിവളർത്തും കൃപയോടെ.

താതനുമതുപോൽ തിരുസുതനും / കൃപയും സ്നേഹവുമരുളട്ടെ,
റൂഹാക്കുടെ വസിക്കട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

***അല്ലെങ്കിൽ***

**കാർമ്മി:** രക്ഷകനായ മിശിഹായെ ലോകത്തിലേക്കയയ്ക്കുകയും / യോർദാനിൽ പരിശുദ്ധ ത്രീത്വത്തിന്റെ രഹസ്യം വെളിപ്പെടുത്തുകയും ചെയ്ത / പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. തന്റെ ശരീരരക്തങ്ങളാൽ പാപങ്ങൾ ക്ഷമിച്ച / സ്വർഗരാജ്യത്തിനു നമ്മെ അവകാശികളാക്കിയ മിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവപുത്രസ്ഥാന

ത്തേക്ക് ഉയർത്തുകയും / സത്യത്തിന്റെ പൂർണതയിലേക്കു നയിക്കു കയും ചെയ്യുന്ന പരിശുദ്ധാത്മാവു നിങ്ങളെ ശക്തിപ്പെടുത്തട്ടെ. ദൈവ ത്തിന്റെ ജനമേ, നിങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾവഴി / തിരുസന്നിധിയിലുള്ള സംപ്രീതിക്കും / സ്വർഗീയ ജറുസലെമിൽ തന്റെ വലതുഭാഗത്തുള്ള സ്ഥാനത്തിനും നിങ്ങൾ യോഗ്യരാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## നോമ്പുകാലം

**കാർമി:** കർത്താവായ ദൈവമേ, തിരുവചനങ്ങളാൽ വിശുദ്ധീകരി ക്കപ്പെടാനും / ദിവ്യരഹസ്യങ്ങളാൽ നവജീവൻ നേടാനും / പാപികളും ബലഹീനരുമായ ഞങ്ങളെ വിളിച്ചതിന് / അങ്ങേക്കു നന്ദിപറയുന്നു. അങ്ങയുടെ പ്രമാണങ്ങളുടെ പാതയിൽ വിശ്വസ്തരായി ചരിക്കാനും / അങ്ങു നല്കിയ രക്ഷയുടെ അനുഭവം പങ്കുവയ്ക്കാനും നിരന്തരം അങ്ങേക്കു സ്തുതികളർപ്പിക്കാനും / ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** പാപികളെ വിളിക്കുന്നവനും / അനുതാപികൾക്കു വാതിൽ തുറന്നുകൊടുക്കുന്നവനുമായ മിശിഹായേ / നിന്റെ ശരീരരക്തങ്ങൾ സ്വീകരിക്കാൻ / അനന്തമായ കൃപയാൽ നീ ഞങ്ങളെ യോഗ്യരാക്കി. നിന്റെ പ്രമാണങ്ങളുടെ മാർഗത്തിലൂടെ നടന്നു / നിന്റെ രാജ്യത്തിന്റെ മഹത്വത്തിൽ പ്രവേശിക്കാനും / നീതിമാന്മാരോടുകൂടി സ്വർഗീയ ജറു സലേമിൽ നിന്നെ സ്തുതിക്കാനും ഞങ്ങൾ യോഗ്യരാകട്ടെ. സകല ത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** മിശിഹാനാഥാ, പാപികളെ / പാണികൾ നീട്ടി വിളിച്ചു നീ
അനുതാപാകുല ഹൃദയമൊടെ / അനുദിനമങ്ങയെ വാഴ്ത്തുന്നു.

പരിഹാരത്തിൻ ബലിവഴിയായ് / പാവന മാനസരായ് ഞങ്ങൾ
നിത്യവിരുന്നിൽ ചേർന്നിടുവാൻ / നിസ്തുലയോഗ്യത നല്കണമേ.

**സമൂഹം:** ആമ്മേൻ.

തിരുവചനത്തിൻ പാതകളിൽ / ദീപ്തി പരത്തി നയിക്കണമേ
സഭയിൽ ലോകം മുഴുവനിലും / സതതം വരനിര ചൊരിയണമേ.

രക്ഷകകൃപയും താതൻ തൻ / സ്നേഹവുമതുപോൽ റൂഹാതൻ
സഹവാസവുമുണ്ടാകട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

***അല്ലെങ്കിൽ***

**കാർമി:** പാപികളെ പശ്ചാത്താപത്തിലേക്കു വിളിക്കാൻവന്ന മിശിഹായേ / ഈ പരിഹാരബലിവഴി നിന്നെ ഞങ്ങൾ സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്തു. നിന്റെ ശരീരരക്തങ്ങൾ സ്വീകരിച്ച വിശുദ്ധീകൃതരായ ഞങ്ങളെ / ദൈവരാജ്യത്തിലെ നിത്യവിരുന്നിൽ പങ്കുകാരാക്കണമേ. നിന്റെ വചനത്തിന്റെ പാതയിൽ ചരിക്കാൻ / ഞങ്ങൾക്കാവശ്യമായ പ്രകാശം നല്കണമേ. നമ്മുടെയും ലോകം മുഴുവന്റെയും / തിരുസഭയുടെയും അവളുടെ സന്താനങ്ങളുടെയുംമേൽ / കർത്താവു തന്റെ കൃപ വർഷിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും / പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗവും / നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## ഉയിർപ്പുകാലം

**കാർമി:** കർത്താവായ ദൈവമേ, ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾ / ഞങ്ങളുടെ ഉത്ഥാനത്തിന് അച്ചാരമായി ഭവിക്കട്ടെ. മനുഷ്യവംശത്തിന് അങ്ങു നല്കിയ മഹത്വത്തെ ഓർത്തു / സ്വർഗരാജ്യത്തിൽ സകല നീതിമാന്മാരോടുംകൂടി / അങ്ങയെ സ്തുതിക്കാൻ ഞങ്ങൾക്കിടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** മനുഷ്യവംശത്തിന്റെ പ്രത്യാശയായ മിശിഹായേ / ഈ കുർബാനവഴി ഉത്ഥാനത്തിന്റെ രഹസ്യത്തിൽ നീ ഞങ്ങളെ പങ്കുകാരാക്കി. തിരുരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ / ഞങ്ങൾ നിന്റെ അനന്തകാരുണ്യത്തിന് എന്നും നന്ദി പ്രകാശിപ്പിക്കുന്നു. ഉന്നതങ്ങളിൽ

നിന്നുള്ള ആരാധ്യമായ ദാനം വാഴ്ത്തപ്പെട്ടതാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമ്മി:**
പാപവിമോചനമേകിടുവാൻ / പാരിനു ശാന്തി പകർന്നിടുവാൻ
ക്രൂശിതനായൊരു നാഥാ നിൻ / ഉത്ഥാനം പരമാനന്ദം.

ഉത്ഥിതനാഥൻ മാനവരിൽ / പാവനശാന്തി നിറയ്ക്കട്ടെ.
സ്വാതന്ത്ര്യത്തിൻ വീഥികളിൽ / നിത്യം നമ്മെ നയിക്കട്ടെ.

**സമൂഹം:** ആമ്മേൻ.

വാഗ്ദാനം പോൽ അനവരതം / വിശ്വാസത്തിൽ വളർന്നിടുവാൻ
ഉത്ഥിതനെ യുദ്ഘോഷിക്കാൻ / ദൈവം വരനിര ചൊരിയട്ടെ

ജീവൻ പകരും നിർമലമാം / പാവന ദിവ്യരഹസ്യങ്ങൾ
നിത്യമഹത്വം നല്കട്ടെ / + ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

***അല്ലെങ്കിൽ***

**കാർമ്മി:** ഉത്ഥാനത്തിന്റെ മഹത്വത്തിൽ, മനുഷ്യവംശത്തെ മുഴുവൻ ആനന്ദിപ്പിച്ച മിശിഹാ / സഭയിൽ എന്നും വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുന്നു സാത്താനെയും മരണത്തെയും പരാജയപ്പെടുത്തുകയും / പാപകടങ്ങളിൽനിന്നു നമ്മെ മോചിപ്പിക്കുകയും ചെയ്തു. ഉത്ഥിതനായ മിശിഹായുടെ സമാധാനം / നമ്മിൽ എന്നും വസിക്കട്ടെ. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് / അവിടുന്നു നമ്മെ നയിക്കട്ടെ. തന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കുമെന്ന വാഗ്ദാനം അനുസ്മരിച്ച് / വിശ്വാസത്തിൽ വളരാനും / ഉത്ഥാനരഹസ്യം എല്ലാവരോടും പ്രഘോഷിക്കാനും / അവിടുന്നു നമ്മെ അനുഗ്രഹിക്കട്ടെ. ലോകം മുഴുവൻ മിശിഹായുടെ ഉത്ഥാനത്താൽ നവജീവൻ പ്രാപിക്കട്ടെ. ജീവദായകമായ ദിവ്യരഹസ്യങ്ങളാൽ സന്തുഷ്ടരാക്കപ്പെട്ട നിങ്ങളെ / അവിടുന്നു നിത്യമഹത്വത്തിലേക്കു പ്രവേശിപ്പിക്കുകയും ചെയ്യട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## പുതുഞായർ

*(ഉയിർപ്പുകാലം രണ്ടാംഞായർ)*

**കാർമി:** ഞങ്ങളുടെ കർത്താവേ, ജീവദായകവും ദൈവികവുമായ ദിവ്യരഹസ്യങ്ങൾ / വിശ്വാസപോഷണത്തിനായി അങ്ങു കാരുണ്യപൂർവം ഞങ്ങൾക്കു നല്കി. അവർണനീയമായ ഈ ദാനത്തെക്കുറിച്ച് / അങ്ങയുടെ മഹനീയ ത്രിത്വത്തിനു / സ്തുതികളർപ്പിക്കാൻ ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** മരിച്ചവരിൽനിന്നുള്ള ആദ്യജാതനായ മിശിഹായേ, ഈ ദിവ്യകുദാശവഴി നിന്നോട് ഐക്യപ്പെടുന്നതിനും / ഭൂമിയിൽ സാഹോദര്യം വളർത്തുന്നതിനും / നീ ഞങ്ങളെ ശക്തരാക്കി. ഉന്നതങ്ങളിൽ നിന്നുള്ള ആരാധ്യമായ ദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**
ദിവ്യസുതൻതൻ പാവനമാം / ഉത്ഥാനത്താലഖിലേശൻ
ദിവ്യാനുഗ്രഹമരുളുന്നു / തിരുസഭതന്നിൽ നിരന്തരമായ്.

മാമ്മോദീസാ വഴിയെല്ലാ / നരരെയുമാത്മവിശുദ്ധിക്കായ്
സ്വർഗപിതാവു വിളിച്ചല്ലോ / കൃപയേകട്ടെ ദിവ്യബലി.

**സമൂഹം:** ആമ്മേൻ.

മാർത്തോമ്മായെപ്പോലെന്നും / വിശ്വാസത്തിൽ നിറയാനും
നാഥനു സാക്ഷ്യം നല്കാനും / ദൈവികജീവൻ നേടിടുവാൻ.

ദിവ്യാത്മാവിൻ ഫലമെല്ലാം / നേടിനിതാന്തം ജീവിക്കാൻ
ദിവ്യാനുഗ്രഹമരുളട്ടെ + ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** തന്റെ പ്രിയപുത്രന്റെ മരണവും ഉത്ഥാനവുംവഴി ദൈവരാജ്യത്തിനു നമ്മെ അർഹരാക്കുകയും / വിശുദ്ധ സഭയിലൂടെ അനുദിനം ദിവ്യാനുഗ്രഹം വർഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന / പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. മാർത്തോമ്മാ ശ്ലീഹായായെപ്പോലെ വിശ്വാസത്തിൽ അടിയുറച്ച് / മിശിഹായ്ക്കു സാക്ഷ്യം വഹിക്കാൻ / ഈ ദിവ്യകുദാശ നമ്മെ പ്രാപ്തരാക്കട്ടെ. വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടുകയും / മാമ്മോദീസായിലൂടെ ദൈവികജീവനിലേക്കു പ്രവേശിക്കുകയും ചെയ്ത നമ്മെ / ആത്മാവിന്റെ ഫലങ്ങൾക്കനുസൃതം ജീവിക്കാൻ ദൈവം അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും / പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## സ്വർഗാരോഹണത്തിരുനാൾ

*(ഉയിർപ്പുകാലം ആറാംവ്യാഴം)*

**കാർമി:** കർത്താവായ ദൈവമേ, ഞങ്ങളുടെ രക്ഷകനായി അങ്ങ് ഈ ലോകത്തിലേക്കയച്ച / മിശിഹായുടെ മഹത്വപൂർണമായ സ്വർഗാരോഹണം അനുസ്മരിച്ചുകൊണ്ടു / ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. മിശിഹാവഴി ഞങ്ങളുടെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി / അങ്ങു കരുണയാലും കൃപയാലും പൂർത്തിയാക്കിയ / രക്ഷാകർമം അവർണനീയമാകുന്നു. ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** സ്വർഗാരോഹണംചെയ്തു മഹത്വത്തിൽ പ്രവേശിച്ച മിശിഹായേ / നിന്റെ ദിവ്യവിരുന്നിൽ നീ ഞങ്ങളെ പങ്കുകാരാക്കി. ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾ / സ്വർഗീയ മഹത്വത്തിനുള്ള അച്ചാരമായി ഭവിക്കട്ടെ. നിന്റെ സ്വർഗീയവിരുന്നിൽ പങ്കുചേരാമെന്ന പ്രത്യാശയിൽ / ഞങ്ങൾ എന്നും നിനക്കു നന്ദി പ്രകാശിപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**
കുരിശിലെ മരണം വഴിയല്ലോ / രക്ഷാകർമം സാധിതമായ്
തിരുവുത്ഥാനം മഹനീയം / സ്വർഗാരോഹണമതുപോലെ

സകലചരാചരമൊപ്പം തൻ / മഹിമകൾ വാഴ്ത്താൻ മർത്ത്യർക്കും
യോഗ്യത നല്കിയ കർത്താവേ / നിൻ തിരുനാമം മഹനീയം

**സമൂഹം:** ആമ്മേൻ.

താതൻ തന്റെ വലംഭാഗേ / വാഴും നാഥൻ മാനവരെ
സ്നേഹപിതാവിൻ ഭവനത്തിൽ / ചേർക്കാനെന്നും കനിയട്ടെ.

സ്വർഗാരോഹണ വേളയതിൽ / തൃക്കൈ നീട്ടിയ തിരുനാഥൻ
ദിവ്യാനുഗ്രഹമരുളട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** കുരിശിലെ രക്ഷാകർമം പൂർത്തിയാക്കി ഉത്ഥാനത്തിലൂടെ മഹത്വത്തിൽ പ്രവേശിക്കുകയും / സ്വർഗാരോഹണത്തിലൂടെ സകലത്തിന്റെയും നാഥനായി അവരോധിക്കപ്പെടുകയും ചെയ്ത മിശിഹാ, വാഴ്ത്തപ്പെട്ടവനാകട്ടെ. പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായ മിശിഹാ / നമ്മെയും പിതാവിന്റെ ഭവനത്തിലേക്കു നയിക്കട്ടെ. സകല ചരാചരങ്ങളോടുമൊപ്പം അവിടുത്തെ മഹത്വപ്പെടുത്താൻ / കർത്താവു നമ്മെ യോഗ്യരാക്കി. അവിടുത്തെ അനുഗ്രഹവും സമാധാനവും സന്തോഷവും നമ്മിൽ നിറയട്ടെ. സ്വർഗാരോഹണവേളയിൽ കൈകൾ ഉയർത്തി ശിഷ്യരെ അനുഗ്രഹിച്ച കർത്താവു നിങ്ങളെയും അനുഗ്രഹിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## ശ്ലീഹാക്കാലം

**കാർമി:** കർത്താവായ ദൈവമേ, പാപികളും ബലഹീനരുമായ ഞങ്ങളെ / അങ്ങയുടെ ദിവ്യദാനങ്ങൾ നല്കി അനുഗ്രഹിച്ചതിന്, ഞങ്ങൾ നന്ദിപറയുന്നു. മിശിഹായുടെ കുരിശിലെ ബലിവഴി / ഞങ്ങളുടെ പാപങ്ങളെല്ലാം പൊറുത്തു / ദൈവരാജ്യത്തിനു അങ്ങു ഞങ്ങളെ

അർഹരാക്കി. അങ്ങയുടെ അനന്തമായ സ്നേഹത്തിനു / നിരന്തരം കൃത ജ്ഞതയർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ കർത്താവും രക്ഷകനുമായ മിശിഹായേ, നിന്റെ ശരീരവും രക്തവും നല്കിക്കൊണ്ടു / സ്വർഗീയ ജീവിതത്തിനു നീ ഞങ്ങളെ അർഹരാക്കി. വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും വിശുദ്ധീകരിക്കപ്പെട്ടു / സ്വർഗത്തിൽ നിത്യമഹത്വം അനുഭവിക്കാൻ ഞങ്ങൾക്കിടയാകട്ടെ. സ്വർഗവാസികളോടും ഭൂവാസികളോടും ചേർന്ന് / ഈ അനന്തദാനത്തിനു നിനക്കു ഞങ്ങൾ കൃതജ്ഞത യർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമ്മി:** സ്നേഹപിതാവാം സകലേശൻ / സൃഷ്ടിച്ചല്ലോ മാനവരെ
രക്ഷിച്ചങ്ങേ തിരുസുതനാൽ / നല്കീ റൂഹാ ദാനങ്ങൾ.

ദിവ്യരഹസ്യം കൈക്കൊള്ളും / നമ്മെ നയിക്കും നിഖിലേശൻ
പാടാം ദൈവസ്തുതികൾ നാം / വാഴ്ത്താമെന്നും തിരുമുമ്പിൽ.

**സമൂഹം:** ആമ്മേൻ.

പരിപാവനമീയാഗത്തിൽ / പങ്കാളികളായ്ത്തീർന്നവരാം
നമ്മെ നിതാന്തം സകലേശൻ / പ്രേഷിതരായി നയിക്കട്ടെ

രക്ഷക കൃപയും താതൻ തൻ / സ്നേഹവുമൊപ്പം റൂഹാതൻ
സഹവാസവുമുണ്ടാകട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമ്മി:** പിതാവായ ദൈവം തന്റെ അനന്തസ്നേഹത്താൽ നമ്മെ സൃഷ്ടി ക്കുകയും / പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നല്കി നമ്മെ അനുഗ്രഹിക്കു കയും ചെയ്തു. ദൈവിക രഹസ്യങ്ങളുടെ ഓർമയാചരിച്ചുകൊണ്ടു / ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയുംചെയ്ത നമ്മെ / അവി ടുന്നു സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഈ കുർബാനയിൽ സംബന്ധിച്ച

നിങ്ങളെല്ലാവരും / മിശിഹായുടെ ഉത്തമ സ്നേഹിതരും / തിരുഹിതം നിറവേറ്റുന്നവരും / അവിടുത്തെ സന്ദേശം ലോകമെങ്ങും പ്രഘോഷിക്കുന്നവരുമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും / പിതാവായ ദൈവത്തിന്റെ സ്നേഹവും / പരിശുദ്ധാത്മാവിന്റെ സഹവാസവും / നിങ്ങളെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## പന്തക്കുസ്താ തിരുനാൾ

*(ശ്ലീഹാക്കാലം ഒന്നാംഞായർ)*

**കാർമി:** ആത്മീയ നന്മകളാൽ ഞങ്ങളെ പരിപോഷിപ്പിക്കുന്ന ദൈവമേ, ഞങ്ങൾ അങ്ങേക്കു സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ അങ്ങു ഞങ്ങളെ സമ്പന്നരാക്കുകയും / രക്ഷയുടെ വചനങ്ങൾ ശ്രവിക്കാനും ഗ്രഹിക്കാനും / ഞങ്ങളെ യോഗ്യരാക്കുകയും ചെയ്തുവല്ലോ. ദിവ്യാത്മാവിനെ സ്വീകരിച്ച ഞങ്ങൾ / സത്യത്തിന്റെയും നീതിയുടെയും മാർഗത്തിലൂടെ ചരിച്ച്, സ്വർഗീയ മഹത്വം പ്രാപിക്കുന്നതിന് / ഈ ദിവ്യരഹസ്യങ്ങൾ കാരണമാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** ഞങ്ങളുടെ പ്രത്യാശയായ മിശിഹായേ, പരിശുദ്ധാത്മാവിനെ അയച്ച് / ഈ ദിവ്യരഹസ്യങ്ങളെ പവിത്രീകരിച്ച നിനക്കു ഞങ്ങൾ നന്ദി പറയുന്നു. ഈ മധുരസ്വരം ശ്രവിക്കുന്നതിനും / നിന്റെ സ്നേഹം അനുഭവിക്കുന്നതിനും നീ ഞങ്ങളെ യോഗ്യരാക്കി. നിന്റെ മഹനീയ നാമത്തിൽ ഒന്നിച്ചുകൂടി / നിനക്കു നിരന്തരം സ്തുതിയും ബഹുമാനവും സമർപ്പിക്കാൻ ഞങ്ങൾക്കിടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** വാഗ്ദാനങ്ങൾ പാലിക്കാൻ / പന്തക്കുസ്താതിരുനാളിൽ
ശ്ലീഹന്മാരിലെഴുന്നള്ളി / റൂഹാ, നിത്യം സ്തുത്യർഹൻ.

ദൈവകുമാരനെ രക്ഷകനായ് / പാടിവണങ്ങാനനുവേലം
പരിശുദ്ധാത്മപ്രേരിതരായ് / ശക്തിവരിക്കാമീഭുവിൽ.

**സമൂഹം:** ആമ്മേൻ.

നിസ്തുലമാകും തിരുസഭയാം / മിശിഹാതൻ തിരുഗാത്രത്തെ
നിർമിക്കാം നാം വിവിധതരം / ശുശ്രൂഷകളാൽ നിരുപമമായ്.

റൂഹാ നമ്മിൽ വസിച്ചെന്നും / മിശിഹാ തൻ തിരുവചനങ്ങൾ
സ്ഥിരമാക്കട്ടെ ഹൃദയത്തിൽ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

**അല്ലെങ്കിൽ**

**കാർമി:** നമ്മുടെ കർത്താവീശോമിശിഹായുടെ വാഗ്ദാനങ്ങൾ നിറവേറ്റിക്കൊണ്ടു / പന്തക്കുസ്താദിവസം ശ്ലീഹന്മാരുടെമേൽ ആവസിച്ച പരിശുദ്ധാത്മാവു സ്തുത്യർഹനാകുന്നു. പരിശുദ്ധാത്മാവിനാൽ പ്രേരിതരായി / ഈശോയെ കർത്താവും ദൈവവുമായി ഏറ്റുപറയാൻ നാം ശക്തരാകട്ടെ. ഒരേ ശരീരത്തിലെ അംഗങ്ങളായ നാം / വിവിധ ശുശ്രൂഷകളിലൂടെ മിശിഹായുടെ ശരീരമായ സഭയെ പടുത്തുയർത്താൻ / ദൈവം അനുഗ്രഹിക്കട്ടെ. പരിശുദ്ധാത്മാവു നമ്മോടുകൂടി വസിച്ചു / മിശിഹായുടെ പ്രബോധനങ്ങൾ നിരന്തരം അനുസ്മരിപ്പിക്കുകയും / അവയിൽ നമ്മെ സ്ഥിരീകരിക്കുകയും ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ

*(ശ്ലീഹാക്കാലം രണ്ടാംഞായർ)*

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മഹനീയ നാമത്തിനു / സ്തുതിയും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. ജീവദായകവും ദൈവികവുമായ വചനങ്ങളുടെ മാധുര്യം ആസ്വദിക്കാനും / നിത്യജീവന്റെ അച്ചാരമായ വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനും / അങ്ങു ഞങ്ങളെ യോഗ്യരാക്കി. അങ്ങയുടെ അനന്ത കാരുണ്യത്തിന് / എപ്പോഴും സ്തുതിയുണ്ടായിരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, പരിശുദ്ധാത്മാവിന്റെ ആവാസത്താൽ പവിത്രീകരിക്കപ്പെട്ടുകയും പൂർണമാക്കപ്പെട്ടുകയും ചെയ്ത / ജീവദായകവും ദൈവികവുമായ ഈ കുർബാനവഴി / നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുകയും / ദൈവിക ജീവനിൽ

ഞങ്ങളെ പങ്കുകാരാക്കുകയും ചെയ്തു. ഞങ്ങൾ നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** സ്നേഹപിതാവാം സകലേശൻ / സൃഷ്ടിച്ചല്ലോ മാനവരെ
രക്ഷിച്ചങ്ങേ തിരുസുതനാൽ / നല്കീ റൂഹാ ദാനങ്ങൾ.

ദിവ്യരഹസ്യം കൈക്കൊള്ളും / നമ്മെ നയിക്കും നിഖിലേശൻ
പാടാം ദൈവസ്തുതികൾ നാം / വാഴ്ത്തമെന്നും തിരുമുമ്പിൽ.

**സമൂഹം:** ആമ്മേൻ.

പരിപാവനമീയാഗത്തിൽ / പങ്കാളികളായ് തീർന്നവരാം
നമ്മെ നിതാന്തം സകലേശൻ / പ്രേഷിതരായി നയിക്കട്ടെ.

രക്ഷകകൃപയും താതൻ തൻ / സ്നേഹവുമൊപ്പം റൂഹാതൻ
സഹവാസവുമുണ്ടാകട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** പിതാവായ ദൈവം തന്റെ അനന്തസ്നേഹത്താൽ നമ്മെ സൃഷ്ടിക്കുകയും / പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നല്കി നമ്മെ അനുഗ്രഹിക്കുകയും ചെയ്തു. ദൈവികരഹസ്യങ്ങളുടെ ഓർമയാചരിച്ചുകൊണ്ടു / ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്ത നമ്മെ / അവിടുന്നു സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഈ കുർബാനയിൽ സംബന്ധിച്ച നിങ്ങളെല്ലാവരും / മിശിഹായുടെ ഉത്തമ സ്നേഹിതരും തിരുഹിതം നിറവേറ്റുന്നവരും / അവിടുത്തെ സന്ദേശം ലോകമെങ്ങും പ്രഘോഷിക്കുന്ന സജീവ പ്രേഷിതരുമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും / പിതാവായ ദൈവത്തിന്റെ സ്നേഹവും / പരിശുദ്ധാത്മാവിന്റെ സഹവാസവും / നിങ്ങളെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## പരിശുദ്ധ കുർബാനയുടെ തിരുനാൾ

*(ശ്ലീഹാക്കാലം രണ്ടാംവ്യാഴം)*

**കാർമി:** കർത്താവായ ദൈവമേ, മരണത്തിൽനിന്നു ജീവനിലേക്കു ഞങ്ങളെ നയിച്ച / മിശിഹായുടെ തിരുശരീരരക്തങ്ങളെപ്രതി / ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. ഇവ ഞങ്ങൾക്കു നിത്യജീവന്റെ ഔഷധമായി ഭവിക്കട്ടെ. ഒരേ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും / ഒരേ പാത്രത്തിൽ നിന്നു പാനം ചെയ്യുകയുംചെയ്തു ഞങ്ങളെ / സ്നേഹത്തിലും ഐക്യത്തിലും വളർത്തണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, മുറിക്കപ്പെട്ട ശരീരവും ചിന്തപ്പെട്ട രക്തവുംവഴി / നീ ഞങ്ങൾക്കു കടങ്ങളിൽനിന്നു പൊറുതിയും / പാപങ്ങളിൽനിന്നു മോചനവും നല്കി. മഹത്വപൂർണമായ നിന്റെ ആഗമനത്തിൽ നിന്നെ എതിരേല്ക്കാനും / നിത്യസമ്മാനത്തിന് അർഹരാകാനും / ഈ തിരുശരീരരക്തങ്ങളുടെ സ്വീകരണം ഞങ്ങളെ യോഗ്യരാക്കട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** സ്നേഹപിതാവാം സകലേശൻ / പാപികളാകും മർത്യർക്കായ്
പാരിലയച്ചു കനിവോടെ / ഏകകുമാരൻ മിശിഹായെ.

ജീവൻ നല്കാൻ സ്ഥാപിച്ചു / പരിപൂജിതമാം കുർബാന
വരദാനങ്ങൾ ചൊരിയുന്നു / പാവനറൂഹാ അവിരാമം.

**സമൂഹം:** ആമ്മേൻ.

ശിഷ്യന്മാരുടെ പാദങ്ങൾ / കഴുകിയ നാഥൻ നല്കിയതാം
മാതൃകപോലെ സകലർക്കും / സേവനമെന്നും ചെയ്തിടുവിൻ.

ദിവ്യശരീരവുമതുപോലെ / രക്തവുമേകിയ തിരുനാഥൻ
ദിവ്യാനുഗ്രഹമരുളട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**കാർമ്മി:** തന്റെ ഏകജാതനെ നല്കാൻ തക്കവിധം / പാപികളായ നമ്മെ സ്നേഹിച്ച പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. "എന്റെ ശരീരം ഭക്ഷിക്കുകയും / എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ / എന്നിലും ഞാൻ അവനിലും വസിക്കും" എന്നരുളിച്ചെയ്യുകയും / സ്നേഹത്തിന്റെ നിത്യസ്മാരകമായി വിശുദ്ധ കുർബാന സ്ഥാപിക്കുകയും ചെയ്ത / രക്ഷകനായ മിശിഹായെ നമുക്കു വാഴ്ത്താം. വരപ്രസാദങ്ങൾ ചൊരിഞ്ഞുകൊണ്ടു / നമ്മിൽ നിരന്തരം വസിക്കുന്ന പരിശുദ്ധാത്മാവിനു നന്ദി പറയാം. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ മിശിഹായെ അനുകരിച്ച് / സഹോദരങ്ങൾക്കു സേവനം ചെയ്തുകൊണ്ടു / ദൈവത്തെ പ്രീതിപ്പെടുത്താൻ / അവിടുന്നു നമ്മെ ശക്തരാക്കട്ടെ. നാം സ്വീകരിച്ച തിരുശരീരരക്തങ്ങൾ / നമുക്കു നിത്യജീവന്റെ അച്ചാരമായിരിക്കട്ടെ. ഇന്നത്തെ തിരുക്കർമങ്ങളിൽ സംബന്ധിച്ച നിങ്ങളെല്ലാവരെയും / സർവശക്തനായ ദൈവം അനുഗ്രഹിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## തിരുഹൃദയത്തിരുനാൾ

*(ശ്ലീഹാക്കാലം മൂന്നാംവെള്ളി)*

**കാർമ്മി:** കർത്താവായ ദൈവമേ, ജീവദായകവും ദൈവികവുമായ സന്ദേശം ഉൾക്കൊള്ളാനും / അനശ്വരസ്നേഹത്തിന്റെ ഈ കൂദാശയിൽ പങ്കുകൊള്ളാനും / ഞങ്ങളെ അനുഗ്രഹിച്ചതിനു / ഞങ്ങൾ അങ്ങേക്കു കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. ജീവദായകമായ സ്വർഗീയ രഹസ്യങ്ങൾ / ഈ ശുശ്രൂഷയിലൂടെ അങ്ങു ഞങ്ങൾക്കു വെളിപ്പെടുത്തി. അങ്ങയുടെ അനന്തനന്മകളെ പാടിപ്പുകഴ്ത്താൻ ഞങ്ങളെ അങ്ങു യോഗ്യരാക്കി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ കർത്താവും രക്ഷകനുമായ മിശിഹായേ, നിന്റെ ശരീരവും രക്തവും നല്കിക്കൊണ്ടു / സ്വർഗീയ ജീവിതത്തിനു നീ ഞങ്ങളെ അർഹരാക്കി. വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും വിശുദ്ധീകരിക്കപ്പെട്ടു / സ്വർഗത്തിൽ നിത്യമഹത്വം അനുഭവിക്കാൻ ഞങ്ങൾക്കിടയാകട്ടെ. സ്വർഗവാസികളോടും ഭൂവാസികളോടുംചേർന്ന് / ഈ അനന്തദാനത്തിനു നിനക്കു ഞങ്ങൾ കൃതജ്ഞതയർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** ഭുവിലയച്ചു ദൈവം തൻ / പുത്രനെ മാനവ രക്ഷയ്ക്കായ്,
ബലിയായ് തനയനെ നല്കിയുമീ- / യുലകിനെ ദൈവം സ്നേഹിച്ചു.

ദൈവപിതാവിൻ സ്നേഹത്തിൽ / പുത്രൻ നമ്മെ ചേർത്തല്ലോ.
മൃതനായ് തിരുസുതനുത്ഥിതനായ് / നമ്മിൽ ജീവൻ നിലനില്ക്കാൻ.

**സമൂഹം:** ആമ്മേൻ.

അധ്വാനിച്ചും ജീവിതമാം / ഭാരമെടുത്തും കുഴയുന്നോർ
പുല്കും നല്ല സമാശ്വാസം / ദൈവപിതാവിൻ തിരുസുതനിൽ.

തിരുഹൃദയത്തിൻ തണലിൽ നാം / ധന്യതയെന്നും നേടട്ടെ
കൃപയാഹൃദയം പകരട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

**അല്ലെങ്കിൽ**

**കാർമി:** തന്റെ ഏകപുത്രനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ / അവനു നിത്യജീവൻ ഉണ്ടാകേണ്ടതിന് / അവിടുത്തെ നല്കാൻ തക്കവണ്ണം ലോകത്തെ അത്രമാത്രം സ്നേഹിച്ച, ദൈവത്തെ നമുക്കു സ്തുതിക്കാം. സ്നേഹത്തിന്റെ സന്ദേശവുമായി ലോകത്തിലേക്കു വന്ന മിശിഹാ / തന്റെ ജീവിതവും മരണവും ഉത്ഥാനവുംവഴി / പിതാവിന്റെ സ്നേഹത്തിൽ നമ്മെ പങ്കുകാരാക്കി. അവിടുത്തെ തിരുഹൃദയത്തിൽനിന്നു പുറപ്പെട്ട രക്തവും വെള്ളവും / നമുക്കു നിത്യജീവന്റെ നീർച്ചാലായി. അധ്വാനിക്കുകയും ഭാരം വഹിക്കുകയും ചെയ്യുന്ന നമുക്ക് / അവിടുന്ന് എന്നും ആശ്വാസമരുളട്ടെ. ജീവദായകമായ ഈ രഹസ്യങ്ങളിൽ പങ്കുകൊണ്ട നമുക്ക് / അവിടുത്തെ സ്നേഹത്തിനു സാക്ഷികളാകാം. പിതാവിന്റെ സ്നേഹം നമ്മിൽ വസിക്കുകയും / മിശിഹായുടെ കൃപ നമ്മിൽ നിറയുകയും / പരിശുദ്ധാത്മാവിന്റെ സഹവാസം നമ്മോടുകൂടെ ഉണ്ടായിരിക്കുകയും ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## കൈത്താക്കാലം

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ദിവ്യരഹസ്യങ്ങളിലൂടെ ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കിയതിനു / ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ച്

നിരന്തരം അങ്ങയെ സ്തുതിക്കാനും / സ്വർഗവാസികളോടുകൂടി അങ്ങയെ പുകഴ്ത്താനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** ഞങ്ങളുടെ രക്ഷകനും നാഥനുമായ മിശിഹായേ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ ഈ ദിവ്യരഹസ്യങ്ങൾവഴി / നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പൊറുക്കുകയും / അപരാധങ്ങൾ ക്ഷമിക്കുകയും ചെയ്തു. വിശ്വാസംവഴി നിനക്കു വിധേയരായി ജീവിക്കാനും / പ്രത്യാശയോടെ നിന്റെ നാമം വിളിച്ചപേക്ഷിക്കാനും / സ്നേഹത്തിന്റെ സത്ഫലങ്ങൾ പുറപ്പെടുവിക്കാനും / ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** മാമ്മോദീസാവഴിയായി / ദൈവം നല്കീ നവജീവൻ
ദാനവരങ്ങളിലഖിലേശൻ / പങ്കാളികളായ്ത്തീർത്തല്ലോ.

തിരുവചനത്താൽ കനിവോടെ / ധന്യത നല്കി, ലോകത്തിൽ
സുവിശേഷത്തിനു സാക്ഷികളായ് /
ജീവിതവീഥിയിൽ നീങ്ങിടുവിൻ.

**സമൂഹം:** ആമ്മേൻ.

വിശ്വാസത്തിലധിഷ്ഠിതമാം / നല്ല കുടുംബം തീർത്തെന്നും
സഭയുടെ നിസ്തുലചൈതന്യം / പാരിതിനെല്ലാം നല്കിടുവിൻ.

രക്ഷകകൃപയും താതൻ തൻ / സ്നേഹവുമൊപ്പം റൂഹാതൻ
സഹവാസവുമുണ്ടാകട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** മാമ്മോദീസാവഴി ദൈവിക ജീവനിൽ നമ്മെ പങ്കുകാരാക്കുകയും / വചനത്താലും ദിവ്യരഹസ്യങ്ങളാലും നമ്മെ സമ്പന്നരാക്കുകയും ചെയ്തു / കർത്താവും രക്ഷകനുമായ മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. നമ്മുടെ ജീവിതസാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ / അവിടുന്നു നമ്മെ ശക്തരാക്കട്ടെ. വിശ്വാസത്തിലും പ്രാർഥന

യിലും അധിഷ്ഠിതമായ ജീവിതം നയിച്ച / സഭയെ സമ്പന്നയാക്കാൻ / അവിടുന്ന നമ്മെ അനുഗ്രഹിക്കട്ടെ. വചനത്താലും ശരീരരക്തങ്ങളാലും പരിപുഷ്ടരായ നമ്മെ / ദൈവികജീവന്റെ പൂർണതയിലേക്ക് അവിടുന്ന നയിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും / പിതാവായ ദൈവത്തിന്റെ സ്നേഹവും / പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങ ളെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ

**കാർമി:** കർത്താവായ ദൈവമേ, ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തിയതിനു / ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. തിന്മയിൽ നിന്നു മോചിതരായി / ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാൻ / അങ്ങു ഞങ്ങളെ യോഗ്യരാക്കി. അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്താനും / അങ്ങയുടെ വചനം പ്രഘോഷിക്കാനും / ബലഹീനരായ ഞങ്ങൾക്കു ശക്തി നല്കിയ / അങ്ങേക്കു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, ഈ ദിവ്യ രഹസ്യങ്ങൾവഴി / നിന്റെ മഹത്വം പ്രകീർത്തിക്കാൻ / ഞങ്ങൾക്കു നീ കൃപ നല്കി. സകലത്തെയും പവിത്രീകരിക്കുന്ന നിന്റെ ശരീരരക്ത ങ്ങൾവഴി / നിത്യസൗഭാഗ്യത്തിൽ നിന്നോടൊപ്പം പങ്കുചേരാൻ / ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**
നിസ്തുല ദിവ്യരഹസ്യങ്ങൾ / പരികർമം നാം ചെയ്യുകയാൽ
നാഥൻ തന്റെ മഹത്വത്തിൽ / പങ്കാളികളായ്ത്തീർന്നല്ലോ.

പീഡകളെങ്ങും നിറയുമ്പോൾ / വിശ്വാസത്തിൽ നിലനില്ക്കാൻ
സ്നേഹപിതാവാം സകലേശൻ / കൃപയും ശക്തിയുമരുളട്ടെ.

**സമൂഹം:** ആമ്മേൻ.

ദൈവത്തിൻ പരിപാലനമീ / ഭൂവിൽ നിങ്ങൾക്കെന്നാളും
നൽവരദാനം നല്കീടും / സംരക്ഷണവും ചിരകാലം.

കുരിശാൽ രക്ഷിതരാം നിങ്ങൾ / കരുണയിലെന്നും വളരട്ടെ
ഹൃദയത്തിൽ കൃപ നിറയട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

*അല്ലെങ്കിൽ*

**കാർമി:** സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ / തിരുശരീരരക്തങ്ങളുടെ പരികർമ്മംവഴി / തന്റെ മഹത്വത്തിൽ നമ്മെ പങ്കുകാരാക്കിയ കർത്താവ് സഭയിൽ വാഴ്ത്തപ്പെട്ടവനാകട്ടെ. ദൈവത്തിന്റെ അനുഗൃഹീത ജനമേ / ദൈവരാജ്യത്തിനുവേണ്ടി പീഡകളും ക്ലേശങ്ങളും അനുഭവിക്കേണ്ടിവരുമ്പോൾ നഷ്ടധൈര്യരാകാതെ / വിശ്വാസത്തിൽ ഉറച്ചു നില്ക്കാൻ അവിടുന്നു നിങ്ങളെ അനുഗ്രഹിക്കട്ടെ. കർത്താവിന്റെ പരിപാലനത്തിൽ സംരക്ഷിക്കപ്പെട്ടവരേ / നിങ്ങളുടെമേൽ അവിടുന്നു കൃപാവരം ചൊരിയട്ടെ. അവിടുത്തെ കുരിശിനാൽ രക്ഷിക്കപ്പെട്ട നിങ്ങളിൽ / അവിടുന്നു കാരുണ്യവും അനുഗ്രഹവും വർഷിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 268 കാണുക)*

## പള്ളിക്കൂദാശക്കാലം

**കാർമി:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ അചഞ്ചലമായ സ്നേഹം അനുഭവിക്കാനും / പൈതൃകമായ പരിപാലനയുടെ മാധുര്യം നുകരാനും / അങ്ങു ഞങ്ങളെ അനുവദിച്ചുവല്ലോ. പുതിയ ജറുസലേമായി സഭയെ തെരഞ്ഞെടുത്ത / അങ്ങയുടെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. കർത്താവേ, ഈ ദിവ്യഭവനത്തിൽ ഒന്നുചേർന്ന് അങ്ങയെ ആരാധിക്കാനും / ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കാനും ഭാഗ്യം ലഭിച്ച ഞങ്ങളെ / സകല സ്വർഗവാസികളോടുംകൂടി അങ്ങയെ പരിശുദ്ധൻ എന്നു പാടിസ്തുതിക്കാൻ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** കാരുണ്യവാനായ മിശിഹായേ, നിന്റെ അമൂല്യരക്തത്താൽ ഞങ്ങളെ വിശുദ്ധീകരിച്ച / നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്റെ തിരുവചനം ശ്രവിക്കാനും / തിരുശരീരരക്തങ്ങൾ അനുഭവിക്കാനും /

ഞങ്ങളെ യോഗ്യരാക്കിയതിനു നിനക്കു നന്ദിപറയുന്നു. ഞങ്ങളുടെ ശരീരമാകുന്ന പരിശുദ്ധാത്മാവിന്റെ ആലയത്തെ / വിശുദ്ധമായി സംരക്ഷിക്കാൻ ഞങ്ങളെ ശക്തരാക്കണമേ. സഭയെ നിർമലവധുവായി സ്വീകരിച്ച മിശിഹായേ, മനുഷ്യവർഗം മുഴുവൻ / അവളെ രക്ഷയുടെ കൂദാശയായി സ്വീകരിക്കാനും / അക്ഷയമായ ജീവന് അവകാശികളായിത്തീരാനും ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** വാഗ്ദാനം നിറവേറ്റിടുവാൻ / നല്കീ മാനവരക്ഷയ്ക്കായ്
ദൈവം തന്നുടെ പ്രിയസുതനെ / വാഴ്ത്താമെന്നും തിരുനാമം.

തൻപ്രിയ വധുവായ് തിരുസഭയെ / കൈക്കൊണ്ടവനാം തിരുനാഥൻ
വീണ്ടും വന്നു യുഗാന്ത്യത്തിൽ / വിണ്ണിൻ വാതിൽ തുറന്നീടും.

**സമൂഹം:** ആമ്മേൻ.

ഈ ഭവനത്തിൽ ദൈവജനം / ദിവ്യസ്തുതികൾ പാടിടുവാൻ
നൽവരമേകിയ റൂഹായ്ക്കായ് / നന്ദിയണയ്ക്കാം വിനയമൊടേ.

വിധികർത്താവാം മിശിഹാതൻ / വലതുവശത്തണി ചേർന്നിടുവാൻ
ദൈവം കൃപയരുളീടട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** വാഗ്ദാന പൂർത്തീകരണത്തിനായി തന്റെ ഏകജാതനെ നല്കിയ / പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. തന്റെ പ്രിയ മണവാട്ടിയായി സഭയെ സ്വീകരിക്കുകയും / യുഗാന്ത്യത്തിൽ സ്വർഗീയ ജറുസലത്തേക്ക് അവളെ ആനയിക്കാൻ ആഗതനാവുകയും ചെയ്യുന്ന / മിശിഹായെ നമുക്കാരാധിക്കാം. ഈ ഭവനത്തിൽ നമ്മെ ഒന്നിച്ചുകൂട്ടിയ പരിശുദ്ധാത്മാവിനു / നമുക്കു നന്ദിപറയാം. ദൈവത്തിന്റെ ആലയത്തോടുള്ള തീക്ഷ്ണതയിൽ ജ്വലിക്കാനും / ആത്മാവിന്റെ ആലയങ്ങളായി വിശുദ്ധിയോടും നൈർമല്യത്തോടുംകൂടി ജീവിക്കാനും / അവിടുന്നു നിങ്ങളെ അനുഗ്രഹിക്കട്ടെ. മിശിഹാ, രാജാവും വിധികർത്താവുമായി അണയുമ്പോൾ / അവിടുത്തെ വലതുഭാഗത്ത് അണിനിരക്കാൻ നിങ്ങൾക്കിടയാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

# കർത്താവിന്റെ രൂപാന്തരീകരണതിരുനാൾ

*(ഓഗസ്റ്റ് 6)*

**കാർമി:** കർത്താവായ ദൈവമേ / സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ / കടങ്ങളുടെ മോചനത്തിനായി അങ്ങു കാരുണ്യപൂർവം ഞങ്ങൾക്കു നല്കി. ഈ ദാനത്തെക്കുറിച്ച് / അങ്ങയുടെ മഹനീയ ത്രീത്വത്തിനു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും / നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** മനുഷ്യവർഗത്തിന്റെ പ്രതീക്ഷയായ മിശിഹായേ / സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ കുർബാന വഴി / നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പൊറുക്കുകയും / അപരാധങ്ങൾ ക്ഷമിക്കുകയും ചെയ്യു. ഉന്നതങ്ങളിൽനിന്നുള്ള ആരാധ്യമായ ഈ ദാനം വാഴ്ത്തപ്പെട്ടതാകട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** രൂപാന്തരമതുവഴിയായി / മിശിഹാതൻ തിരുതേജസീ
ലോകത്തിൽ വെളിവാക്കിയൊരാ / ദൈവം നമ്മിൽ കനിയട്ടെ.

നമ്മെ വിളിച്ച മിശിഹായിൽ / ദൈവം വിൺപ്രഭ കാട്ടിടുവാൻ
യോഗ്യതയെന്നും നല്കട്ടെ / ദർശന ഭാഗ്യം കൈവരുവാൻ.

**സമൂഹം:** ആമ്മേൻ.

ജീവൻ പകരും ദൈവികമാം / ശുദ്ധിയെഴുന്ന രഹസ്യങ്ങൾ
കൈക്കൊണ്ടവരാമഖിലരിലും / ദൈവം വരനിര ചൊരിയട്ടെ.

കുരിശടയാളംവഴി നിങ്ങൾ / നിതരാം മുദ്രിതരാകട്ടെ.
ദൈവംതൻ കൃപയരുളട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

**അല്ലെങ്കിൽ**

**കാർമ്മി:** രൂപാന്തരീകരണംവഴി മിശിഹായുടെ ദിവ്യതേജസ് / ലോകത്തിനു വെളിപ്പെടുത്താൻ തിരുമനസായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. മിശിഹായിൽ നമ്മെ വിളിക്കുകയും ഒന്നിച്ചുകൂട്ടുകയും ചെയ്ത അവിടുന്നു വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുന്നു നമ്മെ മിശിഹായോട് അനുരൂപപ്പെടുത്തുകയും / അവിടുത്തെ ദർശിക്കുന്നതിനു യോഗ്യരാക്കുകയും ചെയ്യട്ടെ. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളിൽ പങ്കുകൊണ്ട നിങ്ങളെല്ലാവരും / വിശുദ്ധ സ്ലീവായുടെ സജീവമായ അടയാളത്താൽ മുദ്രിതരും / എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
*(സെപ്റ്റംബർ 14)*

**കാർമ്മി:** കർത്താവായ ദൈവമേ, യുഗാന്ത്യത്തിൽ നീതിമാന്മാരെ അങ്ങയുടെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിപ്പിക്കുമല്ലോ. സത്യത്തിലും നീതിയിലും വ്യാപരിച്ച് / ശത്രുവിന്റെ തന്ത്രങ്ങളെ പരാജയപ്പെടുത്താൻ അങ്ങു ഞങ്ങൾക്കു ശക്തി നല്കി. ആത്മാവിന്റെ ദാനങ്ങളാൽ അങ്ങയെ മഹത്വപ്പെടുത്താനും / സന്മനസോടും ആത്മാർഥതയോടുംകൂടി / അങ്ങയുടെ മുൻപിൽ ജീവിക്കാനും ഞങ്ങളെ യോഗ്യരാക്കി. അങ്ങേക്കു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമ്മി:** മനുഷ്യവർഗത്തിന്റെ പ്രതീക്ഷയായ മിശിഹായേ, ഈ ദിവ്യരഹസ്യങ്ങൾവഴി / നിന്റെ മഹത്വം പ്രകീർത്തിക്കാൻ / ഞങ്ങൾക്കു നീ കൃപ നല്കി. സകലത്തെയും പവിത്രീകരിക്കുന്ന നിന്റെ ശരീരരക്തങ്ങൾ വഴി / സ്വർഗത്തിൽ നിന്റെ വലതുഭാഗത്ത് അണിനിരക്കാൻ ഞങ്ങളെ യോഗ്യരാക്കുന്ന / നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമ്മി:**
കുരിശാൽ രക്ഷപകർന്നവനാം / മിശിഹാനാഥനെ വാഴ്ത്തീടാം
രക്ഷാകരമാം സഹനത്തിൻ / സാരം സകലരുമറിയട്ടെ.

ദിവ്യരഹസ്യം കൈക്കൊള്ളും / നിങ്ങൾക്കെല്ലാമൊരുപോലെ
കുരിശിൻ പ്രഭയിൽ ചിരകാലം / ജീവിക്കാൻ കൃപയാകട്ടെ.

**സമൂഹം:** ആമ്മേൻ.

തീക്ഷ്ണത നിറയും ശ്ലീഹന്മാർ / നാഥനെയുദ്ഘോഷിച്ചതുപോൽ
കുരിശിൻ പാവന സന്ദേശം / പാരിനു നിങ്ങളുമേകിടുവിൻ.

നിങ്ങൾ ദൈവിക സ്നേഹത്താൽ / ഉജ്ജ്വലരായിത്തീരട്ടെ
സകലരിലും കൃപ നിറയട്ടെ / + ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമ്മി:** കുരിശിലൂടെ ദൈവമഹത്വം വെളിപ്പെടുത്തുകയും / രക്ഷനല്കുകയുംചെയ്ത കർത്താവിനെ നമുക്കു സ്തുതിക്കാം. അവിടുത്തെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും അർഥം ഗ്രഹിക്കാനും / ക്ലേശങ്ങളുടെ രക്ഷാകരമായ അർഥം മനസിലാക്കാനും / മിശിഹാ നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കട്ടെ. മഹത്വപൂർണമായ കുരിശിന്റെ പ്രകാശത്തിൽ നിത്യമായി വസിക്കാൻ / അവിടുത്തെ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച നമ്മെ അവിടുന്ന് അനുഗ്രഹിക്കട്ടെ. തീക്ഷ്ണതകൊണ്ടു നിറഞ്ഞ ശ്ലീഹന്മാർ / മിശിഹായെ ധൈര്യപൂർവം പ്രഘോഷിച്ചതുപോലെ / കുരിശിന്റെ സന്ദേശം എല്ലാവർക്കും പകർന്നു കൊടുക്കാൻ / നിങ്ങളുടെ ഹൃദയങ്ങൾ ദൈവസ്നേഹത്താൽ ജ്വലിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

# മാതാവിന്റെ തിരുനാളുകൾ

## മാതാവിന്റെ മാതൃത്വത്തിരുനാൾ

*(പിറവിക്കാലം രണ്ടാംവെള്ളി)*

**കാർമ്മി:** കർത്താവായ ദൈവമേ, അഗ്രാഹ്യമായവപോലും വിധേയത്വത്തോടെ സ്വീകരിച്ച / പരിശുദ്ധ കന്യകാമറിയത്തെ ഞങ്ങൾക്കു മാതാ

വായി നല്കിയതിന് / ഞങ്ങൾ നന്ദി പറയുന്നു. ദൈവമാതാവായ മറിയത്തിന്റെ വിശ്വാസതീക്ഷ്ണതയും / ദൈവതിരുമനസിനോടുള്ള വിധേയത്വവും അനുകരിക്കാൻ, ഞങ്ങൾക്കിടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** ഞങ്ങളുടെ കർത്താവായ മിശിഹായേ, പാപമോചകമായ നിന്റെ ശരീരരക്തങ്ങൾ നല്കി അനുഗ്രഹിച്ചതിനു / നിനക്കു ഞങ്ങൾ നന്ദി പറയുന്നു. നിന്റെ മാതാവായ പരിശുദ്ധ കന്യകാമറിയത്തെ / കുരിശിൻ ചുവട്ടിൽവച്ചു / ഞങ്ങൾക്ക് അമ്മയായി നല്കിയ / നിന്റെ കാരുണ്യം എത്രയോ വലുതാകുന്നു. നിനക്കു സ്തുതിയും ആരാധനയും സമർപ്പിക്കാൻ / ഞങ്ങൾ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**
കർത്താവേ, വൻകൃപയാൽ നീ / കന്യാംബികതൻ പ്രാർഥനകൾ
സ്വീകൃതമാക്കുന്നനവരതം / സ്വർഗവരങ്ങൾ നല്കുന്നു.

മാതൃത്വത്തിൻ മാതൃകയാൽ / മന്നിനു ധന്യത നേടിടുവാൻ
കാരണമായൊരു കന്യകയേ / മാതാക്കൾക്കൊരു ദീപം നീ.

**സമൂഹം:** ആമ്മേൻ.

മക്കൾ ദൈവികദാനങ്ങൾ / മർത്യർക്കെല്ലാമൊരുപോലെ
വളരണമെന്നും കർത്താവേ / താവക പ്രീതിയിലവരെല്ലാം.

പാവനബലിവഴിയെല്ലാരും / പാപവിമോചിതരാകട്ടെ.
നന്മയിലെങ്ങും പുലരട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രാർഥനാസഹായം തേടാൻ / നമ്മെ അനുവദിച്ച ദൈവമായ കർത്താവു വാഴ്ത്തപ്പെട്ടവനാകട്ടെ. മാതൃത്വത്തിന്റെ മഹനീയത മനസിലാക്കിക്കൊണ്ട് / ഉചിതമായ ജീവിതം നയിക്കാൻ / എല്ലാ അമ്മമാർക്കും

ഇടയാകട്ടെ. ദൈവത്തിന്റെ ദാനമായ മക്കളെ / ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിൽ വളർത്താൻ / മാതാപിതാക്കളെ ദൈവം അനുഗ്രഹിക്കട്ടെ. നാം സ്വീകരിച്ച ഈ ദിവ്യകുർബാന / നമ്മുടെ പാപമോചനത്തിനും / സ്വർഗീയ ജീവിതത്തിനും കാരണമാകട്ടെ. ദൈവത്തിന്റെ ജനമേ, നമ്മുടെ കർത്താവു തന്റെ വലതുകരം നീട്ടി / നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## മാതാവിന്റെ സ്വർഗാരോപണം *(ഓഗസ്റ്റ് 15)*
## മാതാവിന്റെ ജനനത്തിരുനാൾ *(സെപ്റ്റംബർ 8)*
## അമലോത്ഭവ മാതാവിന്റെ തിരുനാൾ *(ഡിസംബർ 8)*
## മാതാവിന്റെ മറ്റു തിരുനാളുകൾ എന്നിവയ്ക്ക്

**കാർമി:** ആത്മശരീരങ്ങളോടെ സ്വർഗീയ സൗഭാഗ്യം അനുഭവിക്കാൻ / പരിശുദ്ധ കന്യകാമറിയത്തിനു കൃപനല്കിയ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. നിത്യസൗഭാഗ്യത്തിന്റെ ഉറവിടവും അച്ചാരവുമായ ഈ കുർബാനയിൽ പങ്കുചേരാൻ / അങ്ങു ഞങ്ങളെ കൃപാപൂർവം യോഗ്യരാക്കിയതിനു / ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** ഞങ്ങളുടെ കർത്താവും ദൈവവും / രക്ഷകനും ജീവദാതാവു മായ മിശിഹായേ / സകലത്തെയും പവിത്രീകരിക്കുന്ന നിന്റെ അമൂല്യ മായ ശരീരരക്തങ്ങൾ നീ ഞങ്ങൾക്കു നല്കി. ഈ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച ഞങ്ങളുടെ ശരീരങ്ങൾ / ഉയിർപ്പിന്റെ മഹത്വത്തിന് അർഹമാകട്ടെ. അവർണനീയമായ ഈ ദിവ്യദാനത്തെപ്രതി നിനക്കു ഞങ്ങൾ സ്തുതിയും കൃതജ്ഞതയും ആരാധനയും അർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

### മാതാവിന്റെ തിരുനാളുകളുടെ സമാപന ആശീർവാദം

**മാതാവിന്റെ സ്വർഗാരോപണം** *(ഓഗസ്റ്റ് 15)* *പേജ് - 241*
**മാതാവിന്റെ ജനനത്തിരുനാൾ** *(സെപ്റ്റംബർ 8)* *പേജ് - 241*
**അമലോത്ഭവ മാതാവിന്റെ തിരുനാൾ** *(ഡിസംബർ 8)* *പേജ് - 242*
**മാതാവിന്റെ മറ്റു തിരുനാളുകൾ** *പേജ് - 243*

## മാതാവിന്റെ സ്വർഗാരോപണം *(ഓഗസ്റ്റ് 15)*

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** ആത്മശരീരസമന്വിതയായ് / കന്യകയാകും മറിയത്തെ
സ്വർഗാരോപിതയാക്കുകയാൽ / വാഴ്ത്താമഖിലമഹേശ്വരനെ.

ഉത്ഥാനത്തിൻ മഹിമയതിൽ / താതൻ ചേർത്തൊരു മറിയത്തെ
മർത്ത്യകുലത്തിനു മാതാവായ് / നല്കിയ സുതനെ വാഴ്ത്തീടാം.

**സമൂഹം:** ആമ്മേൻ.

സ്വർഗാരോപിതമാതാവിൻ / പ്രാർഥനയാലേ ആത്മാവിൻ
സ്വർഗാനന്ദം പകരട്ടെ / ദൈവം കരുണയോടെന്നെന്നും.

രക്ഷകകൃപയും താതൻതൻ / സ്നേഹവുമൊപ്പം റൂഹാതൻ
സഹവാസവുമുണ്ടാകട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** ദൈവമാതാവായ കന്യകാമറിയത്തെ / ആത്മശരീരങ്ങളോടെ സ്വർഗീയ മഹത്വത്തിലേക്കു പ്രവേശിപ്പിച്ച / സർവശക്തനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. സ്വർഗാരോപിതയായ അമ്മയുടെ പ്രാർഥനയാൽ / ആത്മീയാനന്ദവും സ്വർഗീയദാനങ്ങളും / സമൃദ്ധമായി നമുക്കു ലഭിക്കുമാറാകട്ടെ. മിശിഹായുടെ ഉത്ഥാനത്തിന്റെ മഹത്വത്തിൽ / പരിശുദ്ധ കന്യകാമറിയത്തെ പങ്കുചേർത്ത പിതാവായ ദൈവത്തിന്റെ സ്നേഹവും / തന്റെ പ്രിയമാതാവിനെ നമുക്ക് അമ്മയായി നല്കാൻ തിരുമനസായ പുത്രന്റെ കൃപയും / പരിപൂർണതയുടെ മാർഗത്തിലൂടെ കന്യകാമറിയത്തെ നയിച്ച പരിശുദ്ധാത്മാവിന്റെ സഹവാസവും, നാമെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## മാതാവിന്റെ ജനനത്തിരുനാൾ *(സെപ്റ്റംബർ 8)*

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** തന്നുടെ വത്സലമാതാവിൻ / ജന്മദിനം നാം ഘോഷിക്കാൻ
നമ്മെ വിളിപ്പൂ ദൈവസുതൻ / സ്തുതിപാടീടാം നാഥനു നാം.

നന്മനിറഞ്ഞൊരുമാതാവിൻ / മാതൃകപോലീ ലോകത്തിൽ
നന്മകൾ ചെയ്യാൻ തിരുനാഥൻ / നമ്മിലനുഗ്രഹമരുളട്ടെ.

**സമൂഹം:** ആമ്മേൻ.

ഇടയാകട്ടെ കർത്താവിൻ / പരിപാലനമീ ജീവിതമാം
വീഥിയിലെന്നും നിലനില്ക്കാൻ / ദിവ്യമഹത്വം ദർശിക്കാൻ.

രക്ഷാകരമീ തിരുബലിയിൽ / പങ്കാളികളായ് തീർന്നവരിൽ
ദൈവികജീവൻ വളരട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

**അല്ലെങ്കിൽ**

**കാർമ്മി:** പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ ആഘോഷിക്കാനും / അമ്മയെ ബഹുമാനിക്കാനും / നമ്മെ ഒരുമിച്ചുകൂട്ടിയ കർത്താവിനെ നമുക്കു സ്തുതിക്കാം. കന്യകാമാതാവിനെപ്പോലെ സഹോദരങ്ങൾക്കു നന്മചെയ്തുകൊണ്ടു വളരാൻ / കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. നമ്മുടെ എല്ലാ ജീവിതസാഹചര്യങ്ങളിലും / കർത്താവിന്റെ പരിപാലനയുടെ കരം ദർശിക്കാൻ നമുക്ക് ഇടയാകട്ടെ. ഈ ദിവ്യബലിയിൽ പങ്കെടുത്തു ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച നമ്മെ എല്ലാവരെയും / ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## അമലോത്ഭവ മാതാവിന്റെ തിരുനാൾ

*(ഡിസംബർ 8)*

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമ്മി:** കന്യാമറിയം കൃപയാലെ / ദൈവകുമാരനു മാതാവായ്
സ്നേഹപിതാവിനെ വാഴ്ത്തീടാം / സ്തുതികൾ പാടി നമിച്ചീടാം.

ഉത്ഭവനിമിഷം പാപത്തിൻ / മലിനതയെല്ലാമൊഴിവാക്കി
അമലോത്ഭവയായ് തിരുജനനി / ദൈവമഹത്വം കീർത്തിച്ചു.

**സമൂഹം:** ആമ്മേൻ.

മാനവവംശം മാതാവിൻ / മഹിമകളാലേ ശോഭിതമായ്
വർഷിക്കട്ടെ സകലേശൻ / നമ്മിൽ നിസ്തുലദാനങ്ങൾ.

അമ്മയോടൊപ്പം സ്വർഗത്തിൽ / വാണിടുവാൻ കൃപയേകട്ടെ
നിത്യപിതാവാമഖിലേശൻ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** ലോകരക്ഷകനായ മിശിഹായുടെ മാതാവായി / പരിശുദ്ധ കന്യകാമറിയത്തെ അനാദിയിൽത്തന്നെ തെരഞ്ഞെടുത്ത, ദൈവത്തെ നമുക്കു സ്തുതിക്കാം. ഉത്ഭവം മുതൽ സകല പാപമാലിന്യങ്ങളിൽനിന്നും സംരക്ഷിച്ച് / എല്ലാ സുകൃതങ്ങളാലും അവളെ അലങ്കരിച്ച ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രാർഥനയാൽ / ധാരാളം ദാനങ്ങൾ ദൈവം നിങ്ങളിൽ വർഷിക്കട്ടെ. ഈ കുർബാനയിൽ സംബന്ധിച്ച നിങ്ങളെല്ലാവരും / സത്യത്തിലും നീതിയിലും വിശുദ്ധിയിലും അനുദിനം വളരാനും / പരിശുദ്ധ അമ്മയോടൊപ്പം സ്വർഗീയഭാഗ്യം അനുഭവിക്കാനും / അവിടുന്ന് നിങ്ങളെ അനുഗ്രഹിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## മാതാവിന്റെ മറ്റു തിരുനാളുകൾ

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**
വിശ്വാസത്തിൻ തികവിൽ നാം / ദൈവപിതാവിനെ വാഴ്ത്തീടാം
നല്കീ കന്യാമറിയത്തെ / ദൈവം പുത്രനു മാതാവായ്.

കുരിശിൻ സവിധേ നില്ക്കുമ്പോൾ / നരവംശത്തിനു മാതാവായ്
മിശിഹാനാഥൻ നല്കുകയായ് / കനിവാൽ കന്യാമറിയത്തെ.

**സമൂഹം:** ആമ്മേൻ.

സ്ത്രീകളിലെല്ലാം ധന്യസദാ / റൂഹാതൻ കൃപയാൽ മറിയം
സുതനുടെ കുരിശിൻ പിന്നാലെ / വ്യാകുലയായി നീങ്ങിയവൾ.

അമ്മയോടൊപ്പം നിങ്ങളുമാ / സ്വർഗകിരീടം നേടിടുവാൻ
വരമേകട്ടെ, സകലേശൻ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമ്മി:** മിശിഹായുടെ മാതാവായി പരിശുദ്ധ കന്യകാമറിയത്തെ തെരഞ്ഞെടുത്ത / പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. "ഇതാ നിന്റെ അമ്മ" എന്നരുളിച്ചെയ്തുകൊണ്ടു / മറിയത്തെ നമുക്ക് അമ്മയായി നല്കിയ മിശിഹായെ നമുക്കു സ്തുതിക്കാം. സ്ത്രീകളിൽ അനുഗൃഹീതയാകാൻ മറിയത്തിനു ഭാഗ്യം നല്കിയ പരിശുദ്ധാത്മാവിനു / നമുക്കു കൃതജ്ഞതയർപ്പിക്കാം. പിതാവായ ദൈവത്തിനു സ്തോത്രമാലപിച്ചുകൊണ്ടും / മിശിഹായെ കുരിശിൻ ചുവടുവരെ അനുയാത്രചെയ്തുകൊണ്ടും ജീവിച്ച / പരിശുദ്ധ കന്യകാമറിയത്തെപ്പോലെ / സ്വർഗീയ കിരീടത്തിനു യോഗ്യരാകത്തക്കവിധത്തിൽ ജീവിക്കാൻ / ഈ ദിവ്യരഹസ്യങ്ങൾ നമുക്കു ശക്തി പ്രദാനം ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## വിശുദ്ധ യൗസേപ്പ്

*(മാർച്ച് 19, മേയ് 1)*

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേർന്നു / വിശുദ്ധ യൗസേപ്പ് പിതാവിന്റെ ഓർമ ആചരിക്കാൻ / അങ്ങു ഞങ്ങൾക്കു കൃപനല്കി. ഈ ദാനത്തെപ്രതി / അങ്ങേക്കു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ / ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ പ്രത്യാശയായ മിശിഹായേ, പരിശുദ്ധ കുർബാന വഴി / നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും / പാപങ്ങൾ മോചിക്കുകയും / നിത്യജീവനിൽ ഞങ്ങളെ പങ്കുചേർക്കുകയും ചെയ്തു. ഈ അമൂല്യ ദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. വിശുദ്ധ യൗസേപ്പ് പിതാവിനെപ്പോലെ ഞങ്ങളും /ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയുന്നതിനും / ജീവിതത്തിലൂടെ നിനക്കു സാക്ഷ്യം വഹിക്കുന്നതിനും സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**
പാലകനാം മാർ യൗസേപ്പിൻ / മധ്യസ്ഥതയാൽ ഭവനങ്ങൾ
ശോഭിതമായിത്തീരട്ടെ / തിരുഭവനത്തിൻ മാതൃകയിൽ.

അനുദിനജീവിത പാതകളിൽ / നീതിയൊടെന്നും മുന്നേറാൻ
നൽവരദാനം നല്കട്ടെ / താതൻ മാനവരഖിലർക്കും.

**സമൂഹം:** ആമ്മേൻ.

പ്രാർഥനയാലേ ദൈവേഷ്ടം / നിറവേറ്റാൻ വരമേകട്ടെ
ക്ലേശങ്ങളിലാ മാതൃകയിൽ / ശാന്തത നിങ്ങൾ തേടിടുവിൻ.

നന്മരണം വഴിയായെന്നും / വാനവരൊത്തു വസിച്ചിടുവാൻ
നാഥൻ നന്മകൾ ചൊരിയട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** തിരുക്കുടുംബത്തിന്റെ നാഥനായ വിശുദ്ധ യൗസേപ്പിന്റെ മധ്യസ്ഥതയാൽ / എല്ലാ കുടുംബങ്ങളും / സ്നേഹവും സമാധാനവും നിറഞ്ഞ / മാതൃകാ കുടുംബങ്ങളായി പ്രശോഭിക്കാൻ ഇടയാകട്ടെ. പ്രാർഥനാ ജീവിതം നയിച്ച് / എല്ലാ സാഹചര്യങ്ങളിലും ദൈവതിരുവിഷ്ടം നിറവേറ്റാൻ / കുടുംബാംഗങ്ങൾ പ്രാപ്തരായിത്തീരട്ടെ. ജീവിതത്തിലെ ക്ലേശകരമായ അനുഭവങ്ങളിൽ ശാന്തതയോടെ വ്യാപരിക്കാൻ / വിശുദ്ധ യൗസേപ്പിന്റെ മാതൃക നിങ്ങൾക്കു പ്രചോദനമരുളട്ടെ. നമ്മുടെ അനുദിന ജീവിതത്തിൽ നീതിയോടെ വർത്തിച്ച് / സ്വർഗീയ ഭവനത്തിന് അർഹരായിത്തീരാനും / സകല വിശുദ്ധരോടുമൊത്ത് / അനവരതം സ്തുതിഗീതങ്ങൾ ആലപിക്കാനും / ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## വിശുദ്ധ സ്നാപകയോഹന്നാൻ

*(ദനഹ ഒന്നാംവെള്ളി)*

**കാർമി:** കർത്താവായ ദൈവമേ, അങ്ങയുടെ മഹനീയമായ നാമ ത്തിനു / സ്തുതിയും ആരാധനയും കൃതജ്ഞതയും സമർപ്പിക്കുക / യുക്തവും

യോഗ്യവുമാകുന്നു. ഞങ്ങളുടെ രക്ഷകനും നാഥനുമായ മിശിഹായുടെ മുന്നോടിയായി / യോഹന്നാൻ മാംദാനയെ ഞങ്ങൾക്ക് അയച്ചുതരുകയും / അവിടുത്തെ രക്ഷാകരരഹസ്യത്തിൽ ഞങ്ങളെ പങ്കുകാരാക്കുകയും ചെയ്തു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** "ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നു / യോഹന്നാൻ മാംദാനയിൽനിന്നു സാക്ഷ്യം സ്വീകരിച്ച മിശിഹാ / തന്റെ അമൂല്യമായ തിരുശരീരരക്തങ്ങൾ സ്വീകരിക്കാൻ / കൃപാപൂർവം നമ്മെ യോഗ്യരാക്കി. കർത്താവേ, ഞങ്ങൾ കൈക്കൊണ്ട ഈ ദിവ്യരഹസ്യങ്ങൾ / മരിച്ചവരിൽനിന്നുള്ള ഉയിർപ്പിനും / സ്വർഗരാജ്യത്തിൽ നവജീവിതത്തിനും കാരണമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**
കർത്താവേ, നിൻ വരവിന്നായ് / വീഥിയൊരുക്കിയ യോഹന്നാൻ
നരരെ വിളിച്ചനുതാപത്തിൻ / മാമ്മോദീസാ കൈക്കൊള്ളാൻ.

സ്ത്രീകളിൽനിന്നു ജനിച്ചവരിൽ / വലിയവനാകും സ്നാപകനായ്
നൽവരദാനം നല്കിയ നിൻ / മഹിമകൾ വാഴ്ത്തിപ്പാടുന്നു.

**സമൂഹം:** ആമ്മേൻ.

ഇടയാകട്ടെ ഞങ്ങൾക്കും / നീതിവഴിക്കു ഗമിച്ചീടാൻ
ത്യാഗം പുല്കി നിരന്തരമാ / ധർമവഴിക്കു ചരിച്ചീടാൻ.

അറിയിക്കട്ടെ സുവിശേഷം / അഖിലർക്കും നിൻ ചൈതന്യം
അരുളും ദിവ്യരഹസ്യങ്ങൾ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** കർത്താവായ ദൈവമേ, മിശിഹായ്ക്കു വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാൻ / അനുതാപത്തിന്റെ മാമ്മോദീസ സ്വീകരിക്കാൻ

ജനങ്ങളെ ആഹ്വാനം ചെയ്തല്ലോ. സ്ത്രീകളിൽനിന്നു ജനിച്ചവരിൽ ഏറ്റവും വലിയവനായ സ്നാപകനെ / വരദാനങ്ങൾ നല്കി അനുഗ്രഹിച്ചതിനു ഞങ്ങൾ നന്ദിപറയുന്നു. ത്യാഗപൂർണമായ ജീവിതം നയിച്ചുകൊണ്ടു / ധർമവും നീതിയും പാലിക്കാനും / ദൈവരാജ്യത്തിന്റെ സദ്‌വാർത്ത അറിയിക്കാനും ഞങ്ങൾക്കിടയാകട്ടെ. നാം സ്വീകരിച്ച ദിവ്യരഹസ്യങ്ങളുടെ ശക്തി / അതിനു നമ്മെ പ്രാപ്തരാക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാർ

*(ദനഹ രണ്ടാംവെള്ളി / ജൂൺ 29)*

**കാർമി:** കർത്താവായ ദൈവമേ, മിശിഹായുടെ ജീവദായകവും രക്ഷാകരവുമായ സന്ദേശം / ശ്ലീഹന്മാരിലൂടെ ഞങ്ങൾക്കു നല്കി അനുഗ്രഹിച്ച / അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ശ്ലീഹന്മാരാകുന്ന അടിസ്ഥാനത്തിൽ സ്ഥാപിച്ച / സഭയുടെ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാൻ / ഞങ്ങളെ യോഗ്യരാക്കിയതിനു ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** കർത്താവായ മിശിഹായേ, പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ രക്തസാക്ഷിത്വത്തിലൂടെ / നീ ധന്യമാക്കിയ സഭയിൽ നിനക്കു ഞങ്ങൾ നന്ദി പറയുന്നു. അവരെപ്പോലെ നിന്നിലുള്ള വിശ്വാസം ഏറ്റുപറയാനും / നിന്റെ വചനം പ്രഘോഷിക്കാനും / ഞങ്ങളെയും ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** മർത്യകുലത്തിനു രക്ഷകനായ് / പുത്രനെ മന്നിലയച്ചവനാം
ദൈവപിതാവേ, സ്തുതിഗീതം / പാവനമങ്ങേ തിരുനാമം.

പത്രോസാകും പാറയതിൽ / സഭയെയുയർത്തിയ രക്ഷകനാം
ഈശോമിശിഹാ വാഴുന്നു / ലോകാന്ത്യംവരെ നരരൊപ്പം.

**സമൂഹം:** ആമ്മേൻ.

സഭയിൽ വാസം ചെയ്തു സദാ / പാലിക്കും പരിശുദ്ധാത്മാ,
വാഴ്ത്തുകയാണീ ദൈവജനം / സത്യത്തിൻ തികവാർന്നീടാൻ.

പത്രോസ് പൗലോസ് മാതൃകയിൽ / സഭയോടൊത്തു ചരിച്ചിടുവാൻ
ശക്തി നമുക്കു ലഭിക്കട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

**അല്ലെങ്കിൽ**

**കാർമി:** നമ്മുടെ രക്ഷയ്ക്കായി തന്റെ ഏകജാതനെ നല്കാൻ തിരുമനസ്സായ / പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. പത്രോസാകുന്ന പാറമേൽ തന്റെ സഭയെ സ്ഥാപിച്ചുകൊണ്ടു / യുഗാന്ത്യംവരെ നമ്മോടൊത്തു വസിക്കുന്ന മിശിഹായെ നമുക്കു സ്തുതിക്കാം. സഭയിൽ എന്നും വസിച്ചുകൊണ്ടു / സത്യത്തിന്റെ പൂർണതയിലേക്കു നമ്മെ നയിക്കുന്ന പരിശുദ്ധാത്മാവിനെ നമുക്കു പ്രകീർത്തിക്കാം. മിശിഹായെ എല്ലാറ്റിനുമുപരിയായി സ്നേഹിക്കുകയും / ദൈവഹിതമനുസരിച്ചു സഭയെ പടുത്തുയർത്താൻ യത്നിക്കുകയും ചെയ്ത / പത്രോസ് പൗലോസ് ശ്ലീഹന്മാർ / നമുക്കു സജീവമാതൃകകളായിരിക്കട്ടെ. സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും നിങ്ങൾ ശക്തരാകട്ടെ. നിങ്ങൾ സ്വീകരിച്ച ഈ കൂദാശ / തിരുസന്നിധിയിലുള്ള സംപ്രീതിക്കും / സ്വർഗീയ ജറുസലേമിൽ മിശിഹായുടെ വലതുഭാഗത്തുള്ള സ്ഥാനത്തിനും / നിങ്ങളെ യോഗ്യരാക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന
*(ജൂലൈ 3)*

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേർന്നു / മാർത്തോമ്മാ ശ്ലീഹായുടെ ഓർമ ആചരിക്കാൻ / അങ്ങു ഞങ്ങൾക്കു കൃപനല്കി. ഈ ദാനത്തെപ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും / നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** ഞങ്ങളുടെ പ്രത്യാശയായ മിശിഹായേ, പരിശുദ്ധ കുർബാന വഴി / നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും / പാപങ്ങൾ മോചിക്കു കയും / നിത്യജീവനിൽ ഞങ്ങളെ പങ്കുചേർക്കുകയും ചെയ്തു. ഈ അമൂല്യ ദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. മാർത്തോമ്മാ ശ്ലീഹായെപ്പോലെ ഞങ്ങളും / ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയുന്നതിനും / ജീവിതത്തിലൂടെ നിനക്കു സാക്ഷ്യം വഹിക്കുന്നതിനും സഹായിക്കണമേ. സകലത്തി ന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**
സുവിശേഷത്തിൻ പൊൻകിരണം / ഭാരതനാടിനു നല്കിടുവാൻ
മാർത്തോമ്മായെ സകലേശൻ / കരുണയൊടേവമയച്ചല്ലോ.

വിശ്വാസത്തിൻ ഭാസുരമാം / ദീപ്തിയിലേവരുമണിചേരാൻ
ഇടയാകട്ടെ, തിരുസഭയിൽ / സുവിശേഷം കതിർച്ചൂടട്ടെ.

**സമൂഹം:** ആമ്മേൻ.

സ്നേഹപിതാവാം മാർത്തോമ്മാ / മാതൃകയാകട്ടെന്നാളും
പ്രേഷിതരായിഹ ജീവിക്കാൻ / ജീവിതസാക്ഷ്യം നല്കിടുവാൻ

രക്ഷക കൃപയും താതൻ തൻ / സ്നേഹവുമൊപ്പം റൂഹാതൻ
സഹവാസവുമുണ്ടാകട്ടെ + ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** ഭാരതത്തിനു സുവിശേഷവെളിച്ചം നല്കാൻ / തന്റെ വത്സല ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായെ അയച്ച / കാരുണ്യവാനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. വിശ്വാസവെളിച്ചം സഭയിലൂടെ കൂടു തൽ പ്രകാശമാനമാകാനും / സുവിശേഷമാർഗം അനേകർ കണ്ടെ ത്താനും ഇടയാകട്ടെ, മാർത്തോമ്മാ ക്രിസ്ത്യാനികളായ എല്ലാവരും / വിശ്വാസത്തിൽ ഐക്യപ്പെടുന്നതിനും / ലോകമെങ്ങും സുവിശേഷ ത്തിന്റെ പ്രേഷിതരും സാക്ഷികളുമായിത്തീരുന്നതിനും ഇടയാകട്ടെ. നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായെ അനുകരിക്കാനും / സഭ യുടെ വിശ്വസ്തമക്കളായി ജീവിക്കാനും / ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ഈ വിശുദ്ധ കുർബാനയിൽ സംബന്ധിച്ച ദൈവത്തെ മഹത്വപ്പെടുത്തിയ നാമെല്ലാവരും / സ്വർഗത്തിൽ നമ്മുടെ പിതാവായ തോമ്മാശ്ലീഹായോടൊത്ത് / അവിടുത്തെ സ്തുതിക്കാൻ അർഹരാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും / പിതാവായ ദൈവത്തിന്റെ സ്നേഹവും /പരിശുദ്ധാത്മാവിന്റെ സംസർഗവും നിങ്ങളെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## ശ്ലീഹന്മാരുടെ തിരുനാൾ

*(കൈത്താക്കാലം ഒന്നാംഞായർ)*

**കാർമി:** കർത്താവായ ദൈവമേ, വചനത്താൽ ഞങ്ങളെ പരിപോഷിപ്പിക്കുകയും വിശുദ്ധീകരിക്കുകയുംചെയ്യു അങ്ങേക്കു / എല്ലാ സമയവും സ്തുതിയും ആരാധനയും കൃതജ്ഞതയും സമർപ്പിക്കുക ഉചിതമാകുന്നു. ലോകത്തിന്റെ അതിർത്തികൾവരെയും സുവിശേഷം പ്രഘോഷിക്കാൻ / തിരുസഭയ്ക്ക് അങ്ങു കൃപാവരം നല്കി. ജീവന്റെയും വിശുദ്ധിയുടെയും ഉറവിടമായ അങ്ങയുടെ / വചനത്തിന്റെ മാധുര്യം ആസ്വദിച്ച / സഭയിൽ നിരന്തരം അങ്ങയെ പാടിപ്പുകഴ്ത്താൻ ഞങ്ങൾക്കിടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** കർത്താവായ മിശിഹായേ, ജീവദായകമായ ശരീരവും രക്തവും / നീ ഞങ്ങൾക്കു ഭക്ഷണപാനീയങ്ങളായി നല്കി. സ്വർഗീയ മായ ഈ വിരുന്നു / ഞങ്ങൾക്കു പാപമോചനവും നിത്യജീവനും പ്രദാനം ചെയ്യു. അവർണനീയമായ ഈ ദാനത്തിനു ഞങ്ങളെ യോഗ്യ രാക്കിയ നിന്നെ / സ്വർഗത്തിൽ വിശുദ്ധ ശ്ലീഹന്മാരോടൊപ്പം സ്തുതി ക്കാനും മഹത്വപ്പെടുത്താനും ഞങ്ങൾക്കിടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**

ഉത്ഥാനത്തിനു ധരയിൽ നാം / സാക്ഷികളാകാൻ സകലേശൻ
നമ്മെ വിളിച്ചു, നാമതിനായ് / നിത്യപിതാവിനു സ്തുതിപാടാം.

മിശിഹാനാഥനെ ശ്ലീഹന്മാർ / അനുഭവമാക്കിയ സ്മരണകളിൽ
ജീവിക്കാം നാ, മതുവഴിയായ് / നേടാം നൂതന സൗഭാഗ്യം.

**സമൂഹം:** ആമ്മേൻ.

ശ്ലീഹന്മാരുടെ ചൈതന്യം / നിറയണമെന്നും ഹൃദയത്തിൽ
റൂഹാ നമ്മിൽ വസിക്കുമ്പോൾ / തിങ്ങും വരനിരയാത്മാവിൽ.

മിശിഹാതൻ തിരുമെയ്യാകും / സഭയുടെ നിസ്തുല നിർമിതിയിൽ
പങ്കാളികളായ്ത്തീർന്നിടുവിൻ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

**അല്ലെങ്കിൽ**

**കാർമി:** ലോകത്തിന്റെ അതിർത്തികൾവരെയും / കർത്താവിന്റെ ഉയിർപ്പിനു സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ട / നമുക്കെല്ലാവർക്കും അവിടുത്തെ സ്തുതിക്കാം. ജീവിക്കുന്ന വചനമായ മിശിഹായെ കാണുകയും അനുഭവിക്കുകയും ചെയ്ത / വിശുദ്ധ ശ്ലീഹന്മാരുടെ ഓർമയാചരണം / നമുക്ക് എന്നും പ്രചോദനമരുളട്ടെ. തങ്ങളുടെ വാക്കുകളും പ്രവൃത്തികളുംവഴി / മിശിഹായ്ക്കു സാക്ഷ്യം നല്കിയ / ശ്ലീഹന്മാരുടെ ആത്മീയസാന്നിധ്യം / എപ്പോഴും നമ്മോടുകൂടി ഉണ്ടായിരിക്കട്ടെ. സുവിശേഷത്തെപ്രതി ജീവനർപ്പിക്കാൻ / ശ്ലീഹന്മാരെ ശക്തരാക്കിയ പരിശുദ്ധാത്മാവു / നമ്മിൽ വസിക്കുകയും / ആത്മീയവരങ്ങളാൽ നമ്മെ നിറയ്ക്കുകയും ചെയ്യട്ടെ. ഭൂമിയിൽ മിശിഹായുടെ ശരീരമായ സഭയെ പടുത്തുയർത്താനും / സ്വർഗീയ സഭയിൽ അവിടുത്തെ സഹവാസം നിത്യമനുഭവിക്കാനും / നമ്മുടെ കർത്താവീശോമിശിഹാ / നിങ്ങളുടെമേൽ കൃപാവരം ചൊരിയട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## വിശുദ്ധ സുവിശേഷകന്മാർ

*(ദനഹ മൂന്നാംവെള്ളി)*

**കാർമി:** കർത്താവായ ദൈവമേ, അങ്ങയുടെ മഹനീയ നാമത്തെ പ്രകീർത്തിക്കാൻ / ഞങ്ങളെ യോഗ്യരാക്കിയതിന് ഞങ്ങൾ നന്ദി പറയുന്നു. രക്ഷാരഹസ്യങ്ങളിൽ പങ്കുകൊണ്ട ഞങ്ങൾ / അങ്ങേക്കു കൃതജ്ഞതയുടെയും സ്തുതിയുടെയും കീർത്തനങ്ങൾ ആലപിക്കാൻ കടപ്പെട്ടവരാകുന്നു. എതിർപ്പുകളിലും പീഡനങ്ങളിലും പതറാതെ / മിശിഹായ്ക്കു സാക്ഷ്യം വഹിക്കാൻ / സുവിശേഷകന്മാരെ ശക്തരാക്കിയ അങ്ങയെ

ഞങ്ങൾ മഹത്വപ്പെടുത്തുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമ്മി:** മനുഷ്യവർഗത്തിന്റെ പ്രതീക്ഷയും സകലത്തിന്റെയും നാഥനുമായ മിശിഹായേ, നിന്റെ സാക്ഷികളാകാൻ / ഈ വിശുദ്ധ കൂദാശ ഞങ്ങൾക്കു ശക്തി നല്കി. വിലതീരാത്ത ഈ ദാനത്തെപ്രതി / ഞങ്ങൾ നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന / ഈ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച ഞങ്ങൾ / സ്വർഗത്തിൽ നിത്യമായ ജീവിതത്തിന് അർഹരാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമ്മി:**
ദൈവപിതാവു പകർന്നല്ലോ / പാപികളാകും മർത്യർക്കായ്
ദിവ്യാനുഗ്രഹദാനങ്ങൾ / പ്രിയസുതനീശോ വഴിയായി.

പൂജിതരായി റൂഹായാൽ / സുവിശേഷകർ തിരുദാനത്താൽ
ദൈവജനത്തിനു നല്കുകയായ് / പരിചൊടു രക്ഷാസന്ദേശം.

**സമൂഹം:** ആമ്മേൻ.

മാമക വചനം പാലിക്കും / മർത്യരിൽ വന്നു വസിക്കും ഞാൻ
യാഗമണച്ചവർ തിരുവചനം / പാലിക്കുന്നവരാകട്ടെ.

സുവിശേഷകരുടെ മാതൃകയിൽ / ജീവൻ ബലിയായ് നല്കിടുവാൻ
നാഥൻ നൽവരമേകട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമ്മി:** പിതാവായ ദൈവം / തന്റെ പ്രിയപുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹാവഴി / എല്ലാവിധ അനുഗ്രഹങ്ങളും നമുക്കു പ്രദാനംചെയ്തു. പാപികളായിരുന്ന നമ്മെ / തന്റെ പുത്രന്റെ രക്ഷാരഹസ്യങ്ങളിലൂടെ ദൈവപുത്രസ്ഥാനത്തേക്ക് ഉയർത്തി. പരിശുദ്ധാത്മാവിനാൽ പൂരിതരായി / സുവിശേഷകന്മാർ ഈ രക്ഷയുടെ സന്ദേശം / വിശ്വാസിസമൂഹങ്ങൾക്കു കൈമാറി. "എന്നെ സ്നേഹിക്കുന്നവൻ എന്റെ

വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കു കയും / ഞങ്ങൾ അവന്റെ അടുക്കൽവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" / എന്നരുളിച്ചെയ്ത മിശിഹാ ഈ കുർബാനയിൽ പങ്കുകൊണ്ട നമ്മെ / തിരുവചനം പാലിക്കുന്നവരും / ത്രിയേകദൈവത്തിന്റെ യോഗ്യമായ വാസസ്ഥലങ്ങളുമാക്കിത്തീർക്കട്ടെ. സുവിശേഷത്തെപ്രതി ജീവൻ ബലിയർപ്പിച്ച സുവിശേഷകന്മാരെ അനുകരിച്ച് / അവിടുത്തേക്കു വേണ്ടി ജീവൻപോലും ത്യജിക്കാൻ / അവിടുന്നു നമ്മെ ശക്തരാക്കട്ടെ. അവിടുത്തെ കൃപയും സമാധാനവും നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## വിശുദ്ധ എസ്തപ്പാനോസിനും

*(ദനഹ നാലാംവെള്ളി, ഡിസംബർ 26)*

## മറ്റു രക്തസാക്ഷികൾക്കും

**കാർമി:** കർത്താവായ ദൈവമേ, പാപവിമോചനത്തിനും കടങ്ങളുടെ പൊറുതിക്കുമായി / അങ്ങു നല്കിയ ഈ ദിവ്യരഹസ്യങ്ങളെപ്രതി / അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു. വിശുദ്ധ ... *(എസ്തപ്പാനോസി)* നെപ്പോലെ / സാക്ഷ്യം വഹിക്കാനുള്ള കൃപ ഞങ്ങൾക്കു നല്കണമേ. ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും ആരാധനയും സമർപ്പി ക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** മനുഷ്യവർഗത്തിന്റെ പ്രതീക്ഷയും സകലത്തിന്റെയും നാഥനു മായ മിശിഹായേ, പരിശുദ്ധവും ജീവദായകവുമായ ഈ കുർബാനവഴി / നീ ഞങ്ങളെ വിശുദ്ധീകരിച്ചു. ഈ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊണ്ട ഞങ്ങൾ / നിന്നെ ദൈവമായി ഏറ്റുപറഞ്ഞു / നിനക്കുവേണ്ടി ജീവിക്കു ന്നവരാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## വിശുദ്ധ എസ്തപ്പാനോസ്

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**

നിർമലനെസ്തപ്പാനോസ് തൻ / ജീവിതബലിയാൽ മിശിഹായെ
കീർത്തിച്ചതുപോലീബലിയിൽ / മിശിഹാ നാഥനെ വാഴ്ത്തിടുവിൻ.

കൃപയും ശക്തിയുമതുപോലെ / ജ്ഞാനവുമെന്നും പ്രാപിപ്പിൻ
സത്യത്തിനു ചിരമീഭുവിൽ / സാക്ഷികളായി ഗമിച്ചിടുവിൻ.

**സമൂഹം:** ആമ്മേൻ.

ക്രൈസ്തവജീവിതമെന്നാളും / നിങ്ങൾക്കനുഭവമാകട്ടെ.
മാതൃകകണ്ടു ചരിക്കട്ടെ / സർവരുമുലകിൽ സ്നേഹത്തിൽ.

തിരുസന്നിധിയിൽ പ്രീതിയുമാ / സ്വർലോകത്തിൽ ധന്യതയും
നിങ്ങൾക്കരുളും സകലേശൻ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

***അല്ലെങ്കിൽ***

**കാർമി:** സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ കുർബാനവഴി / നമ്മുടെ കർത്താവീശോമിശിഹായെ നാം സ്തുതിക്കുകയും / ശുശ്രൂഷിക്കുകയും ബഹുമാനിക്കുകയും ചെയ്തു. വിശുദ്ധ എസ്തപ്പാനോസിലൂടെ അനേകരെ നിന്നിലേക്ക് ആകർഷിച്ച മിശിഹായേ, കൃപാവരവും ശക്തിയും ജ്ഞാനവും നിറഞ്ഞവരായി / ഞങ്ങൾ നിനക്കു സാക്ഷ്യം വഹിക്കുന്നവരാകട്ടെ. ദൈവത്തിന്റെ ജനമേ, നിങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾവഴി / തിരുസന്നിധിയിലുള്ള സംപ്രീതിക്കും / സ്വർഗീയ ജെറുസലേമിൽ തന്റെ വലതുഭാഗത്തുള്ള സ്ഥാനത്തിനും / നിങ്ങൾ യോഗ്യരാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 268 കാണുക)*

## രക്തസാക്ഷികൾക്ക്

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** രക്ഷകനുഴിയിലെന്നാളും / സാക്ഷ്യം നല്കിയ ധന്യരെ നാം
ഓർക്കാം, നാഥനുവേണ്ടിയവർ / ജീവൻപോലും ഹോമിച്ചു.

ശക്തിയവർക്കു പകർന്നരുളി / റൂഹാ, നിങ്ങളിലതുപോലെ
ദിവ്യവരങ്ങൾ നിറയട്ടെ / തീക്ഷ്ണത നിങ്ങൾക്കേകട്ടെ

**സമൂഹം:** ആമ്മേൻ.

ജീവിതമഖിലം മിശിഹായും / മരണം നേട്ടവുമാകട്ടെ
ധീരതനിത്യം വിടരട്ടെ / ധന്യസമൂഹം വളരട്ടെ.

നിങ്ങൾക്കെല്ലാമഖിലേശൻ / സ്വർഗജറുസലേംവേദികയിൽ
വാഴാൻ നൽവരമരുളട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

***(അല്ലെങ്കിൽ)***

**കാർമ്മി:** ലോകമെങ്ങും കർത്താവിനു സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ടവരായ നമുക്ക് / അവിടുത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യാം. സ്വജീവൻ വെടിയാൻ / വിശുദ്ധ രക്തസാക്ഷികളെ ശക്തരാക്കിയ പരിശുദ്ധാത്മാവു / നമ്മിൽ വസിക്കുകയും ആത്മീയവരങ്ങളാൽ നമ്മെ നിറയ്ക്കുകയും ചെയ്യട്ടെ. "എനിക്കു ജീവിതം മിശിഹായും മരണം നേട്ടവുമാകുന്നു" / എന്നു പ്രഘോഷിച്ച വിശുദ്ധ പൗലോസ് ശ്ലീഹായുടെ തീക്ഷ്ണതയും / രക്തസാക്ഷികളുടെ ധീരതയും / നമ്മെ ശക്തരാക്കട്ടെ. ഈ കുർബാനയിൽ പങ്കുചേർന്നു / *രക്തസാക്ഷികളുടെ (രക്തസാക്ഷിയായ .... ന്റെ)* ഓർമ്മ ആചരിച്ച നിങ്ങൾക്കു / യുഗാന്ത്യത്തിൽ സകല വിശുദ്ധരോടുംകൂടി / സ്വർഗീയ ജെറുസലെമിൽ ദൈവത്തെ പാടിപ്പുകഴ്ത്താൻ / അവിടുന്നു കൃപനല്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## വിശുദ്ധ അൽഫോൻസ
*(ജൂലൈ 28)*

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ / ഈ രഹസ്യങ്ങളിൽ പങ്കുചേർന്നു / വിശുദ്ധ അൽഫോൻസയുടെ ഓർമ്മ ആചരിക്കാൻ, അങ്ങു ഞങ്ങൾക്കു കൃപ നല്കി. ഈ ദാനത്തെപ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും / നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ പ്രത്യാശയായ മിശിഹായേ, പരിശുദ്ധ കുർബാന വഴി / നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും / പാപങ്ങൾ മോചിക്കുകയും / നിത്യജീവനിൽ ഞങ്ങളെ പങ്കുചേർക്കുകയും ചെയ്തു. ഈ അമൂല്യ

ദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. വിശുദ്ധ അൽഫോൻസയെ പ്പോലെ ഞങ്ങളും / ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയുന്നതിനും / ജീവിതത്തിലൂടെ നിനക്കു സാക്ഷ്യം വഹിക്കുന്നതിനും സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**
അൽഫോൻസാമ്മ നമുക്കേകും / മാതൃകപോലീ ഭുവനത്തിൽ
കുരിശുകളെല്ലാം പേറിടുവാൻ / ദൈവം കൃപയിന്നരുളട്ടെ.

എല്ലാവർക്കും നന്മവരാൻ / എന്നും ത്യാഗപഥം തേടാൻ
പരിശുദ്ധാത്മാവനുവേലം / നരനരുളട്ടെ സൗഭാഗ്യം.

**സമൂഹം:** ആമ്മേൻ.

രക്ഷാകരമാമീ ബലിയിൽ / പങ്കാളികളായ്ത്തീർന്നവരേ,
ദൈവൈക്യത്തിൽ ജീവിപ്പിൻ / നിർമല വീഥിയിൽ നീങ്ങിടുവിൻ.

ജീവിതമേകും ക്ലേശങ്ങൾ / ത്യാഗമിയന്നു സഹിക്കാനായ്
ദൈവം ശക്തി പൊഴിക്കട്ടെ + ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമി:** വിശുദ്ധ അൽഫോൻസയുടെ മാതൃക അനുകരിച്ച് / ജീവിത ക്ലേശങ്ങളാകുന്ന കുരിശെടുത്ത് / മിശിഹായെ അനുകരിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. മറ്റുള്ളവർക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കാൻ / അവിടുന്നു നമ്മെ ശക്തരാക്കട്ടെ. എല്ലാം പവിത്രീകരിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവായ ദൈവം / നമ്മെ വിശുദ്ധിയുടെ മാർഗത്തിലൂടെ / സ്വർഗഭാഗ്യത്തിന് അർഹരാക്കട്ടെ. രക്ഷാകരമായ ഈ ദിവ്യരഹസ്യങ്ങളിൽ പങ്കുകാരായ നിങ്ങളെ / ദൈവൈക്യത്തിൽ നിരന്തരം ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും ദൈവം അനുഗ്രഹിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## വിശുദ്ധരുടെ തിരുനാൾ

*(ഉയിർപ്പുകാലം ഒന്നാംവെള്ളി)*

**കാർമി:** സർവശക്തനും നിത്യം ജീവിക്കുന്നവനുമായ ദൈവമേ, വിശുദ്ധരിൽ അങ്ങയുടെ കൃപാവരത്തിന്റെ വിജയം ഞങ്ങൾ ആഘോഷിക്കുന്നു. കർത്താവീശോമിശിഹായുടെ തിരുശരീരരക്തങ്ങളാൽ / ഞങ്ങളെ ധന്യരാക്കിയ അങ്ങയുടെ കാരുണ്യാതിരേകത്തിനു / ഞങ്ങൾ നന്ദി പറയുന്നു. സ്വർഗത്തിൽ വിശുദ്ധരുടെ കൂട്ടായ്മയിൽ പങ്കുചേരാൻ / ഞങ്ങൾ സ്വീകരിച്ച ദിവ്യരഹസ്യങ്ങൾ / ഞങ്ങൾക്ക് അച്ചാരമാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** മനുഷ്യവംശത്തിന്റെ പ്രത്യാശയായ മിശിഹായേ, നിന്റെ ഉത്ഥാനത്തിന്റെ മഹത്വത്തിൽ പങ്കുചേർന്ന / സകല വിശുദ്ധരോടും കൂടി / സഭയിൽ നിന്നെ പ്രകീർത്തിക്കാൻ / നീ ഞങ്ങളെ യോഗ്യരാക്കി. നിന്റെ അനന്തമായ ഈ സ്നേഹത്തിനു / നിനക്കു നന്ദി പ്രകാശിപ്പിക്കാൻ / ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:**
ജീവനണച്ചും ധീരതയാൽ / മഹിമയണിഞ്ഞു മിശിഹാക്കായ്
സാക്ഷ്യം നല്കി വിശുദ്ധന്മാർ / മാതൃക മർത്യർക്കേകുന്നു.

നേർവഴികാട്ടി നയിക്കട്ടെ / നിർഭയസാക്ഷ്യം നല്കി സദാ
നിർമലരായി വിളങ്ങിടുവാൻ / ജീവിത മാതൃകവഴിയെന്നും.

**സമൂഹം:** ആമ്മേൻ.

പാവന ബലിയിൽ മോദമൊടെ / പങ്കാളികളായ്തീർന്നവരാം
മാനവനിരയിൽ സകലേശൻ / പരിമളമെന്നും ഉുകട്ടെ.

സ്വർഗമഹത്വമണിഞ്ഞിടുവാൻ / അർഹത ഭൂമിയിലേവർക്കും
ദൈവം കനിവാർന്നരുളട്ടെ + ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

**അല്ലെങ്കിൽ**

**കാർമ്മി:** രക്തസാക്ഷികളുടെയും വന്ദകരുടെയും മറ്റു വിശുദ്ധരുടെയും മഹനീയ മാതൃകവഴി / നമ്മെ ധന്യരാക്കിയ മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുത്തെ വിശ്വസ്തദാസരുടെ ധീരത / ഞങ്ങൾക്കു ശക്തി നല്കട്ടെ. അവിടുത്തേക്കു നിർഭയം സാക്ഷ്യം വഹിച്ച ശ്ലീഹന്മാർ / ഞങ്ങൾക്കു വഴികാട്ടികളാകട്ടെ. സകല വിശുദ്ധരുടെയും ജീവിതമാതൃക / വിശുദ്ധിയിലേക്കും മഹത്വത്തിലേക്കും ഞങ്ങളെ നയിക്കട്ടെ. ഈ കുർബാനയിൽ പങ്കുകൊണ്ട നിങ്ങളെ / കർത്താവു തന്റെ വിശുദ്ധിയുടെ പരിമളത്താൽ മഹത്വമണിയിക്കട്ടെ. നിങ്ങളെല്ലാവരും സ്വർഗീയമഹത്വത്തിന് അർഹരാകുകയും ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## മൂന്നുനോമ്പ് / നിനിവേ ഉപവാസം

*(വലിയ നോമ്പിനു മൂന്നാഴ്ച മുമ്പ് തിങ്കൾ മുതൽ വ്യാഴം വരെ)*

**കാർമ്മി:** കർത്താവായ ദൈവമേ, തിന്മയെ നന്മകൊണ്ടു ജയിക്കാൻ / മിശിഹായിലൂടെ പഠിപ്പിച്ച / അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അങ്ങയുടെ ദാനമായ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാൻ / അങ്ങു ഞങ്ങളെ കാരുണ്യപൂർവം യോഗ്യരാക്കി. അങ്ങേക്കു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമ്മി:** മനുഷ്യവംശത്തിന്റെ പ്രതീക്ഷയായ മിശിഹായേ, പരിശുദ്ധമായ ഈ കുർബാനവഴി / നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പൊറുക്കുകയും / ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്തു. നിന്റെ ദിവ്യഭോജനം / ഞങ്ങളെ ദൈവിക ജീവനിൽ വളർത്തുകയും / സ്വർഗത്തിന് അവകാശികളാക്കുകയും ചെയ്തു. ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു നിരന്തരം പ്രാർഥിക്കാനും / പ്രത്യാശയോടുകൂടി ജീവിക്കാനും / ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമ്മി:** സർവ മനുഷ്യരുമൊരുപോലെ / രക്ഷിതരാകാ, നതുപോലെ
അറിവിൻ നിറവിൽച്ചേരാനും / അഖിലേശാ, നിന്നഭിലാഷം.

നിനിവേ നഗരിയിലനുതാപം / രക്ഷപകർന്നിടുമെന്നോതി
യൗനാ, നതുപോൽ നമ്മളിലും / നിറയണമനുദിനമനുതാപം.

**സമൂഹം:** ആമ്മേൻ.

അനുതാപത്താലഖിലരിലും / രക്ഷപകർന്നു ചരിച്ചിടുവാൻ
തീക്ഷ്ണത നമ്മിൽ നിറയട്ടെ / ദൈവം നമ്മിൽ കനിയട്ടെ.

നിത്യപിതാവിൻ പാലനവും / തിരുസുതകൃപയും റൂഹാതൻ
സംസർഗവുമുണ്ടാകട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

**അല്ലെങ്കിൽ**

**കാർമി:** എല്ലാ മനുഷ്യരും, രക്ഷയുടെ മാർഗത്തിലേക്കു വരണമെന്നു തിരുമനസായ / ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. മാനസാന്തരത്തിനുള്ള ആഹ്വാനവുമായി / നിനിവേ നഗരത്തിലേക്കു യോനാനിവ്യായെ അയച്ച അവിടുന്ന് / അനുതാപത്തിന്റെ ചൈതന്യം നമുക്കു നല്കട്ടെ. നമ്മുടെയും മറ്റുള്ളവരുടെയും രക്ഷയിലുള്ള തീക്ഷ്ണത / അവിടുന്നു നമുക്കു പ്രദാനം ചെയ്യട്ടെ. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും / പിതാവായ ദൈവത്തിന്റെ സ്നേഹവും / പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പേജ് 262 കാണുക)*

## ജൂബിലിക്കും ഇടവകദിനത്തിനും

**കാർമി:** കർത്താവായ ദൈവമേ / സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ / കടങ്ങളുടെ മോചനത്തിനായി അങ്ങു കാരുണ്യപൂർവം ഞങ്ങൾക്കു നല്കി. ഈ ദാനത്തെക്കുറിച്ച് / അങ്ങയുടെ മഹനീയ ത്രീത്വത്തിനു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും / നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

**കാർമി:** മനുഷ്യവർഗത്തിന്റെ പ്രതീക്ഷയായ മിശിഹായേ / സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ കുർബാനവഴി / നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പൊറുക്കുകയും / അപരാധങ്ങൾ

ക്ഷമിക്കുകയും ചെയ്തു. ഉന്നതങ്ങളിൽനിന്നുള്ള ആരാധ്യമായ ഈ ദാനം വാഴ്ത്തപ്പെട്ടതാകട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## ജൂബിലി

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമ്മി:** കനിവൊട്ടു സ്വന്തം രൂപത്തിൽ / ദൈവം നരനെ സൃഷ്ടിച്ചു
പുത്രൻ വഴിയായ് രക്ഷിച്ചു / നല്കി ദിവ്യാത്മാവിനെയും.

തിരുസന്നിധിയിൽ ചേർന്നനിശം / ആരാധിക്കാനേവർക്കും
അരുളിയദാനം മോദമോടേ / സ്മരണയിലെന്നും കീർത്തിക്കാം.

**സമൂഹം:** ആമ്മേൻ.

*(സന്യസ്തർക്ക്)*
ദൈവമഹത്വം കീർത്തിക്കാൻ / കരുണാമയനാം സകലേശൻ
സന്യസ്തർക്കീ ഭുവനിയിൽ / നിസ്തുലമാകും കൃപയേകി.

*(വൈദികർക്ക്)*
നിത്യം ദൈവികമാഹാത്മ്യം / കീർത്തിക്കാൻ വരനിരനല്കി
വൈദികഗണമതിനനവരതം / മാലാഖാമാർക്കെന്നതുപോൽ.

*(ദമ്പതികൾക്ക്)*
മാതൃകനല്കും ദമ്പതിമാർ / മിശിഹാനാഥന്റെ സാക്ഷികളായ്
ദൈവജനത്തെത്തിരുനാഥൻ / കാത്തിട്ടുമൂഴിയിലെന്നാളും.

ജൂബിലിവേളയിൽ നന്ദിയൊടെ / പാവനബലിയിൽ ചേർന്നവരിൽ
ദൈവമനുഗ്രഹമരുളട്ടെ +/ ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

***അല്ലെങ്കിൽ***

**കാർമ്മി:** സ്വന്തം സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിക്കുകയും / പുത്രനെ അയച്ച് അവനെ രക്ഷിക്കുകയും ചെയ്ത / പിതാവായ ദൈവത്തെ നമുക്കു വാഴ്ത്താം.

*(വൈദികർക്കും സന്യസ്തർക്കും)* ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും ദൈവജനത്തെ ശുശ്രൂഷിക്കുന്നതിനുമായി / വൈദികരെയും സന്യസ്തരെയും തെരഞ്ഞെടുത്ത മിശിഹായെ നമുക്കു സ്തുതിക്കാം.

*(ദമ്പതികൾക്ക്)* മാതൃകാപരമായ കുടുംബജീവിതത്തിലൂടെ ലോകത്തിനു സാക്ഷികളാകാൻ / ദമ്പതിമാരെ വിശുദ്ധീകരിച്ച പരിശുദ്ധാത്മാവിനു നമുക്കു നന്ദിപറയാം.

തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും / ദൈവത്തിന്റെ വിശുദ്ധജനവുമായ നമ്മുടെമേൽ / അവിടുത്തെ കൃപയും അനുഗ്രഹവും എന്നും ഉണ്ടായിരിക്കട്ടെ. ഈ ജൂബിലിദിനത്തിൽ വിശുദ്ധ കുർബാനയിൽ പങ്കെടുത്തു / ദൈവത്തെ ആരാധിക്കുകയും സ്തുതിക്കുകയും / അവിടുത്തേക്കു നന്ദിപറയുകയും ചെയ്ത നിങ്ങളെ എല്ലാവരെയും / അവിടുന്നു തന്റെ തൃക്കരം നീട്ടി ആശീർവദിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പേജ് 262 കാണുക)***

## ഇടവകദിനം

*(ഗാനം - രീതി: കർത്താവാം മിശിഹാവഴിയായ്)*

**കാർമി:** ദിവ്യാത്മാവിൻ കൃപയാലെ / ഇടവകയാകും സദനത്തിൽ
ഒരുമയൊടിവരെ ചേർത്തവനാം / നാഥനു സ്തുതികൾ പാടീടാം.

ഇന്നീയിടവക ദൈവികമാം / സന്തോഷത്തിൽ മുഴുകട്ടെ
പ്രാർഥനവഴിയായ് കൃപയെങ്ങും / നല്കിടുമിടവക മധ്യസ്ഥ (ൻ).

**സമൂഹം:** ആമ്മേൻ.

തിരുവചനത്തിൻ ചൈതന്യം / സ്വാർഥത ദൂരെയകറ്റട്ടെ
പാരിൻ ദിവ്യരഹസ്യങ്ങൾ / നിത്യാനന്ദം നല്കട്ടെ.

പാവനരക്തശരീരങ്ങൾ / കൈക്കൊണ്ടവരാം നിങ്ങൾക്കീ
സുദിനം ധന്യത പകരട്ടെ + / ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***അല്ലെങ്കിൽ***

**കാർമി:** തന്റെ തിരുശരീരരക്തങ്ങൾ നമുക്കായി നല്കിക്കൊണ്ടു / തന്റെ ഏകശരീരത്തിൽ നമ്മെ ഒന്നിപ്പിക്കുകയും / പരിശുദ്ധാത്മാവിനെ നല്കി കൂട്ടായ്മയിൽ നമ്മെ വളർത്തുകയും ചെയ്ത / കർത്താവിനെ നമുക്കു സ്തുതിക്കാം. തിരുവചനത്തിന്റെയും ദിവ്യരഹസ്യങ്ങളുടെയും ചൈതന്യത്തിൽ / സ്വാർഥത വെടിഞ്ഞ് / ഏകകുടുംബമെന്ന ചിന്തയോടെ ജീവിക്കാൻ / അവിടുന്നു നമ്മെ ശക്തിപ്പെടുത്തട്ടെ. പരിശുദ്ധ അമ്മയുടെയും

നമ്മുടെ ഇടവക മദ്ധ്യസ്ഥന്റെ *(മദ്ധ്യസ്ഥയുടെ)* യും പ്രാർത്ഥനകൾ / നമുക്കു തുണയരുളട്ടെ. ഒരേ അപ്പത്തിൽനിന്നു ഭക്ഷിച്ചവരായ നാം / ഒരു ഹൃദയവും ഒരാത്മാവുമായി / സ്നേഹത്തിലും ഐക്യത്തിലും അനുദിനം വളർന്നുവരാൻ ദൈവം അനുഗ്രഹിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

--------------------------------

**വിടവാങ്ങൽ ശുശ്രൂഷാപ്രാർത്ഥന**

**കാർമ്മി:** വിശുദ്ധീകരണത്തിന്റെ ബലിപീഠമേ സ്വസ്തി. ഞങ്ങളുടെ കർത്താവിന്റെ കബറിടമേ സ്വസ്തി. നിന്നിൽനിന്നു ഞാൻ സ്വീകരിച്ച കുർബാന / കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ. ഇനി ഒരു ബലി അർപ്പിക്കാൻ ഞാൻ വരുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

*(മദ്ബഹാ വിരിയിട്ടു മറയ്ക്കുന്നു).*

## ഗാനം: നിത്യസഹായ മാതേ

നിത്യസഹായമാതേ / പ്രാർത്ഥിക്ക ഞങ്ങൾക്കായ് നീ
നിൻ മക്കൾ ഞങ്ങൾക്കായ് നീ / പ്രാർത്ഥിക്ക സ്നേഹനാഥേ.

നീറുന്ന മാനസങ്ങൾ / ആയിരമായിരങ്ങൾ
കണ്ണീരിൻ താഴ്‌വരയിൽ / നിന്നിതാ കേഴുന്നമ്മേ.

കേൾക്കണേ രോദനങ്ങൾ / നല്കണേ നൽവരങ്ങൾ
നിൻ ദിവ്യസൂനുവിങ്കൽ / ചേർക്കണേ മക്കളേ നീ.

***അല്ലെങ്കിൽ***

മറിയമേ നിന്റെ / നിത്യസഹായം,
തേടുന്നു ഞങ്ങളമ്മേ
മക്കളെന്നോർത്തു നീ, ഞങ്ങൾതൻ പ്രാർത്ഥന
ഒക്കെയും കേൾക്കണമേ.

ഭാഗ്യവിഹീനരെ / നിത്യവും കാത്തിടാൻ
കെല്പെഴും താങ്ങായ് നിന്നെ
നിൻ പുത്രൻ ഏല്പിച്ചു / ഭാരമതേറ്റ നീ
ഞങ്ങളെ കാത്തീടേണെ.

--------------------------

-----------------------


*ഈശോയുടെ തിരുഹൃദയ നൊവേന ... ... ... പേജ് 269*
*നിത്യസഹായ മാതാവിന്റെ നൊവേന ... ... പേജ് 273*
*വിശുദ്ധ യൗസേപ്പിതാവിനോടുള്ള നൊവേന പേജ് 278*
*വിശുദ്ധ യൂദാ ശ്ലീഹായുടെ നൊവേന ... ... ... പേജ് 281*
*വിശുദ്ധ അന്തോനീസിന്റെ നൊവേന ... ... പേജ് 284*
*വിശുദ്ധ മിഖായേൽ മാലാഖയുടെ നൊവേന പേജ് 289*
*വിശുദ്ധ അൽഫോൻസാമ്മയോടുള്ള നൊവേന പേജ് 293*
*പരിശുദ്ധ കുർബാനയുടെ ആശീർവാദം ... ... പേജ് 295*
*ലദീഞ്ഞ് ... ... ... ... ... ... ... ... ... ... ... ... പേജ് 299*
*Syro-Malabar Holy Mass in English Page 306*
*വൈദികർക്കുവേണ്ടി / Prayer for priests പേജ് 373*
*ദൈവാലയ സംവിധാനം - വിശദീകരണം പേജ് 375*


-----------------------

## ചെറിയ ഒപ്പീസ്

**ശുശ്രൂഷി:** മരിച്ചവരെ ഉയിർപ്പിക്കുന്നവനേ നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർഥിക്കാം നമുക്കു സമാധാനം.

**കാർമി:** കരുണയുള്ള കർത്താവേ, കരയുന്നവർ നിന്നെ വിളിക്കുകയും സങ്കടപ്പെടുന്നവർ നിന്നെ ആശ്രയിക്കുകയും ചെയ്യുന്നു. നിന്റെ വാഗ്ദാനങ്ങളുടെ പ്രതീക്ഷയാൽ / നിന്റെ *ദാസനെ (ദാസിയെ / ദാസരെ)* ആശ്വസിപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ.

*(താഴെവരുന്ന ഗാനം രണ്ടു ഗണമായി ആലപിക്കുന്നു).*

***എന്റെ കർത്താവേ നിന്നെ ഞാൻ പ്രകീർത്തിക്കും.***
മഹിമയോടന്തിമ വിധിനാളിൽ / കർത്താവേ നീ അണയുമ്പോൾ
കരുണയൊടെന്നെ നിർത്തണമേ / നല്ലവരൊത്തു വലംഭാഗേ.

***കർത്താവേ നിന്നെ ഞാൻ ആശ്രയിച്ചു.***
കർത്താവേ നിൻ കുരിശിനെ ഞാൻ / ആരാധിച്ചു വണങ്ങുന്നു
അതുതാൻ ഞങ്ങൾക്കുത്ഥാനം / രക്ഷയുമുയിരും നല്കുന്നു.

***ആകാശവും ഭൂമിയും നിന്റേതാകുന്നു.***
ആകാശവുമീ ഭൂതലവും / താവകമല്ലോ കർത്താവേ
ജീവിക്കുന്നവനഭയം നീ / നല്കണമേ മൃതനായുസ്സും.

***അവരാനന്ദ കീർത്തനങ്ങൾ പാടും.***
മൃതരാം നരരുടെ പാപങ്ങൾ / മായ്ക്കണമേ നിൻ കൃപയാലെ
മാമ്മോദിസാ വഴിയങ്ങേ / സുതരാണവരെന്നോർക്കണമേ.

***അവന്റെ സന്തോഷത്തിലവരാനന്ദിക്കും.***
കർത്താവേ നിൻ ശോണിതവും / ദിവ്യ ശരീരവുമറിവോടെ
ഉൾക്കൊണ്ടവരാം നിൻ സുതരെ / നിത്യവിരുന്നിൽ ചേർക്കണമേ.

***അവരിലാരും അവശേഷിച്ചില്ല.***
മഴ പെയ്യുമ്പോൾ വയലുകളിൽ / വിത്തുകൾ പൊട്ടി മുളയ്ക്കുന്നു.
കാഹളനാദം കേൾക്കുമ്പോൾ / മൃതരിൽ ജീവനുദിക്കുന്നു.

***പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.***
ബാവാ പുത്രൻ റൂഹായെ / മൃതനാമെന്നിൽ കനിയേണം
ജീവൻ നല്കി മഹോന്നതമാം / പ്രഭയുടെ നാട്ടിൽ ചേർക്കേണം.

***ആദിമുതൽ എന്നേക്കും ആമ്മേൻ.***
തെളിവായെന്നുടെ നാഥാ നിൻ / തിരുമിഴിയെല്ലാം കാണുന്നു
നിരവധിയാമെൻ പാപങ്ങൾ / നിരയായെണ്ണി വിധിക്കല്ലേ.

**ശുശ്രൂഷി:** പ്രാർഥിക്കാം നമുക്കു സമാധാനം.

**കാർമി:** കർത്താവേ, നിന്റെ കരുണ ഞങ്ങളെ അനുഗമിക്കുകയും / നിന്റെ ദയാധിക്യം ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും ചെയ്യുമാറാകട്ടെ. മഹനീയമായ നിന്റെ ത്രീത്വത്തിന്റെ അനുഗ്രഹം / ഞങ്ങളെ സഹായിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥാ / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ അനുഗ്രഹിക്കണമേ.

**കാർമി:** കർത്താവേ, നീ ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാ കുന്നു. ഞങ്ങളുടെ ജീവന്റെ കാരണവും ആത്മാവിന്റെ പ്രത്യാശയും നീ ആകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥാ / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ.

**മദ്്രാശാ**

**കാർമി:** കൈക്കൊള്ളണമേ, ഹൃദയംഗമമാം
വിശ്വാസമോടെ ദാസൻ ചെയ്യും
ബലിയെൻ നാഥാ, തിരുസന്നിധിയിൽ.

**സമൂഹം:** കൈക്കൊള്ളണമേ ...

**കാർമി:** പൂർവന്മാരാം നോഹ് അബ്രാഹം
ഇസഹാക്ക് യാക്കോബ് മഹിതാശയർതൻ
പരിപാവനമാം ബലികൾപോലെ.

**സമൂഹം:** കൈക്കൊള്ളണമേ ...

*(തറയിൽ വിശുദ്ധജലം തളിക്കുന്നു).*

**കാർമി:** പുരുവത്സലരാം ശ്ലീഹരുമൊരുപോൽ
വിനിയാന്വിതരായ് തവസന്നിധിയിൽ
ചെയ്തൊരു നവമാം ബലിപോൽ നാഥാ.

**സമൂഹം:** കൈക്കൊള്ളണമേ ...

**അല്ലെങ്കിൽ**

**കാർമി:** ഉന്നതനൃപനാം മിശിഹാനാഥാ, മൃതരെല്ലാരും
മിന്നിവിളങ്ങും വദനമൊടുണരാൻ വരമരുളേണം.

**സമൂഹം:** ഉന്നതനൃപനാം ...

**കാർമി:** വിധിയുടെ നാളിൽ വിജയപ്രഭയിൽ വിണ്ടലമെങ്ങും
പൊങ്ങിമുഴങ്ങും കാഹളനാദം പൂജിതമല്ലോ.

**സമൂഹം:** ഉന്നതനൃപനാം ...

*(തറയിൽ വിശുദ്ധജലം തളിക്കുന്നു).*

**കാർമി:** അന്ത്യമെഴാത്തോരവികലമോദം നുകരാൻ മൃതരെ
മഹിമാവൊഴുകും മണവറയിങ്കൽ ചേർക്കണമീശോ.

**സമൂഹം:** ഉന്നതനൃപനാം ...

## മെത്രാന്മാരുടെ മദ്‌രാശ

**കാർമി:** പാവനതാതാ നിൻ, പ്രാർത്ഥനകൾ മൂലം
ദൈവത്തിൻ കരുണ ഞങ്ങളിലുണ്ടാകാൻ
നരകുല രക്ഷകനാം മിശിഹാ നാഥനോടായ്
പ്രാർത്ഥിച്ചീടണമേ വന്ദ്യപിതാവേ നീ.

**സമൂഹം:** പാവനതാതാ നിൻ ...

**കാർമി:** എന്നെ സ്നേഹിച്ച മക്കളെ നിങ്ങൾക്കായ്
ദൈവപിതാവേകും നിത്യവുമാശ്വാസം
പുത്രൻ തന്നുടെ നൽ ആശീർവാദത്താൽ
പ്രത്യാശയുമുണ്ടാംനിങ്ങൾക്കെൻ സുതരേ.

**സമൂഹം:** പാവനതാതാ നിൻ ...

*(തറയിൽ വിശുദ്ധ ജലം തളിക്കുന്നു).*

**കാർമ്മി:** വിലപിച്ചീടേണ്ടാ കണ്ണീർ ചൊരിയേണ്ടാ
സകലരുമീ വാതിൽ തന്നെ കടക്കേണം.
എൻ പ്രിയരേ നിങ്ങൾ എന്നെ കാണുകയും
എൻ ബലഹീനതകൾ ഓർക്കുകയും ചെയ്‌വിൻ.

**സമൂഹം:** പാവന താതാ നിൻ ...

**കാർമ്മി:** ചതിവു നിറഞ്ഞീടും ലോകത്തെ നിങ്ങൾ
സ്നേഹിച്ചീടരുതേ എൻപ്രിയ വത്സലരേ.
വിലപിച്ചീടേണ്ടാ കണ്ണീർ ചൊരിയേണ്ടാ
സകലരുമീവാതിൽ തന്നെ കടക്കേണം.

**സമൂഹം:** പാവന താതാ നിൻ ...

------------------------

**ശുശ്രൂഷി:** അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ നിന്റെ തിരുനാമത്തിനു സ്തുതി.

*(രണ്ടു ഗണമായി ചൊല്ലുന്നു).*

അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു.

കർത്താവേ എന്റെ ശബ്ദം കേൾക്കണമേ.

എന്റെ പ്രാർഥന ചെവിക്കൊള്ളണമേ.

കർത്താവേ നീ പാപമെല്ലാം ഓർത്തിരിക്കുമെങ്കിൽ
ആർക്കു രക്ഷയുണ്ടാകും.

എന്തുകൊണ്ടെന്നാൽ, പാപമോചനം
നിന്റെ പക്കൽ നിന്നാകുന്നുവല്ലോ.

കർത്താവിൽ ഞാൻ ശരണപ്പെടുന്നു.

എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവല്ക്കാരെപ്പോലെ,
കർത്താവേ നിന്നെ ഞാൻ കാത്തിരിക്കുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവല്ക്കാരെപ്പോലെ,
ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ അവൻ കരുണയുള്ളവനാകുന്നു.

പൂർണമായ രക്ഷയും അവന്റെ പക്കലാകുന്നു.

ഇസ്രായേലിനെ അതിന്റെ പാപങ്ങളിൽ നിന്നെല്ലാം, അവൻ രക്ഷിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ / നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർഥിക്കാം നമുക്കു സമാധാനം.

**കാർമി:** സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ / ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ നിന്റെ *ദാസനെ (ദാസിയെ / ദാസരെ)* വിളിക്കുകയും / നിന്റെ വലതുഭാഗത്തു നിർത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്ന വനും കരുണ നിറഞ്ഞവനും നീതിമാനുമായ വിധികർത്താവേ / ജീവന്റെയും മരണത്തിന്റെയും നാഥാ / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ അനുഗ്രഹിക്കണമേ.

**കാർമി:** കർത്താവേ മരിച്ചവരെ നീ കരുണാപൂർവം ജീവിപ്പിക്കേണമേ. ജീവിക്കുന്നവരെ ദയാപൂർവം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ / മഹിമയോടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ അനുഗ്രഹിക്കണമേ.

### സമാപനപ്രാർഥന

**കാർമി:** സകലത്തിന്റെയും നാഥനും ദൈവവുമായ മിശിഹായേ / നിന്റെ കുരിശിന്റെ അടയാളത്തോടും ദൈവദൂതന്മാരുടെ അകമ്പടിയോടുംകൂടെ / വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാവുകയും / സ്വർഗരാജ്യത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും / മരിച്ചവർ അക്ഷയരായി കബറിടങ്ങളിൽ നിന്നുയിർക്കുകയും / ദുഷ്ടജനങ്ങൾ നീതിമാന്മാരിൽ നിന്നു വേർതിരിക്കപ്പെടുകയും ചെയ്യുന്ന / ഭയാനകമായ വിധിദിവസത്തിൽ / നിന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്കായി ലോകാരംഭത്തിൽതന്നെ സജ്ജമാക്കപ്പെട്ടിരിക്കുന്ന സ്വർഗരാജ്യത്തിലേക്കു / ഞങ്ങളുടെ ഈ *സഹോദരനെ (സഹോദരിയെ / സഹോദരരെ)* നീ സ്വീകരിക്കണമേ. ഞങ്ങളിലും ഞങ്ങളുടെ സമൂഹത്തിലും നിന്റെ കൃപയും അനുഗ്രഹവും നിരന്തരം വസിക്കുമാറാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**സമാപനപ്രാർഥന - മരണവാർഷികത്തിന്**

**കാർമി:** സർവശക്തനായ ദൈവമേ, ലോകത്തിൽ അങ്ങയെ സ്നേഹിക്കുന്നവർക്കുവേണ്ടി / സ്വർഗത്തിൽ അങ്ങു സജ്ജമാക്കിയിരിക്കുന്ന മന്ദിരങ്ങൾ / എത്ര മനോഹരവും മഹനീയവുമാകുന്നു. ഞങ്ങളുടെ ഈ പ്രിയപ്പെട്ട *സഹോദരനെയും (സഹോദരിയെയും / സഹോദരരെയും)* പരിശുദ്ധന്മാരുടെ ആ നിത്യവസതിയിലേക്കു സ്വീകരിക്കുമാറാകേണമേ. *ഇദ്ദേഹത്തിന്റെ (ഇവരുടെ)* മരണവാർഷികമാചരിക്കുന്ന എളിയവരായ ഞങ്ങളെയും / സമൃദ്ധമായി അനുഗ്രഹിക്കേണമേ. ഇപ്പോഴും + എപ്പോഴും, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**സമാപനപ്രാർഥന - പുലയടിയന്തിരത്തിന്**

**കാർമി:** കുരിശുമരണം വഴിയായി നിത്യമരണത്തിൽനിന്നു ഞങ്ങളെ രക്ഷിക്കുകയും / പുനരുത്ഥാനം വഴിയായി നിത്യജീവനു ഞങ്ങളെ അർഹരാക്കുകയും ചെയ്ത മിശിഹായേ / ഞങ്ങളിൽനിന്നു വേർപിരിഞ്ഞുപോയ ഈ *സഹോദരന്റെ (സഹോദരിയുടെ / സഹോദരരുടെ)* ഓർമയാചരിക്കുന്ന ഈ ദിവസത്തിൽ / പാപികളായ ഞങ്ങൾ *അദ്ദേഹത്തിനുവേണ്ടി (അവർക്കുവേണ്ടി)* സമർപ്പിക്കുന്ന പ്രാർഥനകൾ സ്വീകരിക്കുമാറാകണമെന്നു / വിനയപൂർവം ഞങ്ങൾ അപേക്ഷിക്കുന്നു. ജീവിതകാലത്തു ചെയ്തുപോയിട്ടുള്ള പാപങ്ങളെല്ലാംപൊറുത്ത് / *ഇദ്ദേഹത്തെ (ഇവരെ)* വിശുദ്ധീകരിക്കുകയും / സ്വർഗരാജ്യത്തിൽ അങ്ങയുടെ തിരുമുഖം ദർശിക്കാനുള്ള അനുഗ്രഹം നല്കുകയും ചെയ്യേണമേ. ഈ തിരുക്കർമങ്ങളിൽ സംബന്ധിച്ച എല്ലാവരെയും ആശീർവദിക്കണമേ. ഇപ്പോഴും + എപ്പോഴും, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

---

***നിത്യസഹായ മാതാവിന്റെ നൊവേന ... ... പേജ് 273***
***വിശുദ്ധ യൗസേപ്പിതാവിനോടുള്ള നൊവേന പേജ് 278***
***വിശുദ്ധ യൂദാ ശ്ലീഹായുടെ നൊവേന ... ... ... പേജ് 281***
***വിശുദ്ധ അന്തോനീസിന്റെ നൊവേന ... ... പേജ് 284***
***വിശുദ്ധ മിഖായേൽ മാലാഖയുടെ നൊവേന പേജ് 289***
***വിശുദ്ധ അൽഫോൻസാമ്മയോടുള്ള നൊവേന പേജ് 293***
***പരിശുദ്ധ കുർബാനയുടെ ആശീർവാദം ... ... പേജ് 295***
***ലദീഞ്ഞ് ... ... ... ... ... ... ... ... ... ... ... ... പേജ് 299***
***Syro-Malabar Holy Mass in English Page 306***
***വൈദികർക്കുവേണ്ടി / Prayer for priests പേജ് 373***
***ദൈവാലയ സംവിധാനം - വിശദീകരണം പേജ് 375***

# ഈശോയുടെ തിരുഹൃദയ നൊവേന

**കാർമ്മി:** അനന്ത നന്മസ്വരൂപിയായ ദൈവമേ, ***(സമൂഹവും ചേർന്ന്)*** അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേ ഏക പുത്രനെ ഈ ലോകത്തിലേക്കയച്ച് / പാപാന്ധകാരത്തിൽ നിപതിച്ച മനുഷ്യരാശിയെ / രക്ഷിക്കാൻ തിരുമനസായതിനെ ഓർത്ത് / ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ രക്ഷയും ആശ്രയവുമായ ഈശോയെ, പാപികളായ ഞങ്ങളോരോരുത്തരെയും / അങ്ങ് കാത്തുരക്ഷിക്കണമേ. അങ്ങേ ദിവ്യഹൃദയം വഴിയായി അപേക്ഷിക്കുന്ന സകലവും / ലഭിക്കുമെന്ന് അങ്ങ് വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. ഈശോയുടെ തിരുഹൃദയ ഭക്തരായ ഞങ്ങളുടെ പ്രാർത്ഥനകൾ / അങ്ങ് കൈക്കൊള്ളണമേ. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങളപേക്ഷിക്കുന്ന കാര്യങ്ങൾ സാധിച്ചുതന്ന് / ഞങ്ങൾക്കു സമാധാനവും സഹായവും നൽകണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** *(ഈശോ വിശുദ്ധ മർഗരീത്താ മറിയത്തിനു പ്രത്യക്ഷപ്പെട്ട് നൽകിയ 12 വാഗ്ദാനങ്ങളെക്കുറിച്ച് നമുക്കു ധ്യാനിക്കാം.)*

"എന്റെ ദിവ്യഹൃദയ ഭക്തരുടെ ജീവിതാന്തസ്സിനു വേണ്ട / എല്ലാ അനുഗ്രഹങ്ങളും ഞാൻ പ്രദാനംചെയ്യും" എന്നരുളിച്ചെയ്ത ഈശോയെ, ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** ഞങ്ങളെ അനുഗ്രഹിക്കണമേ. *(ഓരോ പ്രാർത്ഥനയ്ക്കും സമൂഹം ആവർത്തിക്കുന്നു).*

**കാർമ്മി:** "അവരുടെ കുടുംബങ്ങളിൽ ഞാൻ സമാധാനം നൽകും" എന്നരുളിച്ചെയ്ത ഈശോയെ,

**കാർമ്മി:** "അവരുടെ സങ്കടങ്ങളിൽ ഞാൻ അവരെ ആശ്വസിപ്പിക്കും" എന്നരുളിച്ചെയ്ത ഈശോയെ,

**കാർമ്മി:** "ജീവിതകാലത്തും പ്രത്യേകം അവരുടെ മരണസമയത്തും / ഞാൻ അവർക്ക് ഉറപ്പുള്ള സങ്കേതമായിരിക്കും" എന്നരുളിച്ചെയ്ത ഈശോയെ,

**കാർമ്മി:** "അവരുടെ എല്ലാ പ്രയത്നങ്ങളിലും ഞാൻ അനവധി ആശീർവാദങ്ങൾ നല്കും" എന്നരുളിചെയ്ത ഈശോയെ,

**കാർമ്മി:** "പാപികൾ എന്റെ ഹൃദയത്തിൽ / അനുഗ്രഹത്തിന്റെ വറ്റാത്ത ഉറവയും സമുദ്രവും കണ്ടെത്തും" എന്നരുളിച്ചെയ്ത ഈശോയെ,

**കാർമ്മി:** "മന്ദതയുള്ള ആത്മാക്കൾ തീക്ഷ്ണതയുള്ളവരാകും" എന്നരുളിച്ചെയ്ത ഈശോയെ,

**കാർമ്മി:** "തീക്ഷ്ണതയുള്ള ആത്മാക്കൾ / അതിവേഗം പരിപൂർണ്ണതയുടെ പദവിയിൽ പ്രവേശിക്കും" എന്നരുളിച്ചെയ്ത ഈശോയെ,

**കാർമ്മി:** "എന്റെ തിരുഹൃദയരൂപം പ്രതിഷ്ഠിച്ച് വണങ്ങുന്ന ഭവനങ്ങളിൽ / എന്റെ ആശീർവാദമുണ്ടാകും" എന്നരുളിച്ചെയ്ത ഈശോയെ,

**കാർമ്മി:** "കഠിനഹൃദയരായ പാപികളെ / മനസ്സുതിരിക്കുന്നതിനുള്ള വരം / വൈദികർക്കു ഞാൻ നല്കും" എന്നരുളിച്ചെയ്ത ഈശോയെ,

**കാർമ്മി:** "തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നവരുടെ നാമം / എന്റെ ഹൃദയത്തിൽ ഞാൻ സൂക്ഷിക്കും" എന്നരുളിച്ചെയ്ത ഈശോയെ,

**കാർമ്മി:** "ഒൻപത് ആദ്യവെള്ളിയാഴ്ച തുടർച്ചയായി / വിശുദ്ധ കുർബാന സ്വീകരിക്കുന്നവർക്ക് / അവസാനം വരെയുള്ള നിലനില്പിന്റെ വരം നല്കും" എന്നരുളിച്ചെയ്ത ഈശോയെ,

**കാർമ്മി:** പ്രാർത്ഥിക്കാം: "വഴിയും സത്യവും ജീവനും ഞാനാകുന്നു" എന്നും / "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ എല്ലാവരും / എന്റെ അടുക്കൽ വരുവിൻ / ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നും / "എന്റെ നാമത്തിൽ നിങ്ങൾ എന്നോട് അപേക്ഷിക്കുന്നതെല്ലാം / ഞാൻ നിങ്ങൾക്കു തരും" എന്നും / അരുൾചെയ്ത ഈശോനാഥാ, അങ്ങ് ഞങ്ങളുടെ പ്രാർത്ഥനകൾ കൈക്കൊണ്ട് / ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** ആമ്മേൻ.

**ലുത്തിനിയ**

**കാർമ്മി:** നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടെ / ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ എന്നു പ്രാർത്ഥിക്കാം.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ. *(ഓരോ പ്രാർത്ഥനയ്ക്കും സമൂഹം ആവർത്തിക്കുന്നു).*

**കാർമ്മി:** കാലിത്തൊഴുത്തിൽ പിറന്ന്, 33 വത്സരം ഇഹലോകത്തിൽ ജീവിച്ച്, കാൽവരിയിൽ കുരിശിൽ മരിച്ച്, മൂന്നാംദിനം ഉയിർത്തെഴുന്നേറ്റ്, ഞങ്ങളെ രക്ഷിച്ച ഈശോനാഥാ, ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മി:** ഞങ്ങളുടെ നിരവധിയായ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെന്നും, മേലിൽ പാപത്തിൽ വീഴാതെ ഞങ്ങളെ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** പ്രകൃതിക്ഷോഭം, തീരാരോഗങ്ങൾ, അപകടങ്ങൾ, ദാരിദ്ര്യം ഇവയിൽനിന്നും മോചനം നല്കി / ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മി:** നല്ലകാലാവസ്ഥയും സമൃദ്ധമായ വിളവുകളും നല്കി / ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മി:** എല്ലാ മനുഷ്യരും / സഹോദരസ്നേഹത്തിലും സഹവർത്തിത്വത്തിലും / സാധുജനാനുകമ്പയിലും വളർന്നുവരുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മി:** ഞങ്ങളുടെ മക്കൾ / സ്നേഹത്തിലും അനുസരണയിലും / ദൈവഭക്തിയിലും അധികാരാദരവിലും വളർന്നുവരുവാൻ / അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മി:** എല്ലാ വിദ്യാർത്ഥിനീവിദ്യാർത്ഥികൾ / പഠനത്തിൽ സമർത്ഥരും / സഹപാഠികളോടു സ്നേഹമുള്ളവരും / അദ്ധ്യാപകരോട് ആദരവുള്ളവരുമായി വളർന്നുവരുവാൻ / അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മി:** ഈ നൊവേനയിൽ സംബന്ധിച്ച് പ്രാർത്ഥിക്കുന്ന / ഞങ്ങൾ ഓരോരുത്തരുടെയും ആവശ്യങ്ങൾ സാധിച്ചുതന്ന് / ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മി:** പ്രാർത്ഥിക്കാം: എന്റെ ഈശോയെ, ഗാഗുൽത്താമലയിൽ / രണ്ടു കള്ളന്മാരുടെ നടുവിൽ / കുരിശിന്മേൽ തൂങ്ങിക്കിടന്ന് / അങ്ങേ തിരുഹൃദയം കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട്, അവസാനതുള്ളി രക്തം വരെ ചിന്തി / മനുഷ്യകുലത്തെ രക്ഷിച്ചതിനെ ഓർത്ത് / ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഞങ്ങളുടെ പാപങ്ങളുടെ കാഠിന്യത്താലാണ് / അങ്ങ് ഇത്ര കഠോരമായ പീഡകൾ സഹിച്ചത് എന്ന് ഓർത്ത് / ഞങ്ങൾ പൊറുതിയപേക്ഷിക്കുന്നു. കരുണാവാരിധിയും പാപങ്ങൾ പൊറുക്കുന്നവനുമായ ദൈവമേ, അങ്ങേ സന്നിധിയിൽ കേണപേക്ഷിക്കുന്ന / ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും / സ്വർഗ്ഗഭാഗ്യത്തിന് അർഹരാക്കുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

## സമാപന പ്രാർത്ഥന

**കാർമ്മി:** സ്നേഹംനിറഞ്ഞ ഈശോയുടെ ദിവ്യഹൃദയമേ, ***(സമൂഹവും ചേർന്ന്)*** അങ്ങേ തിരുമുമ്പിൽ സാഷ്ടാംഗം പ്രണമിച്ച് /പൂർണ്ണഹൃദയത്തോടെ / അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേ ദിവ്യഹൃദയത്തിൽ / ഞങ്ങളുടെ ആത്മാക്കളെ സമർപ്പിക്കുന്നു. കാരുണ്യവാനായ ഈശോയെ, പാപത്താൽ വിരൂപമായതും / കോപാഗ്നിയാൽ ജ്വലിക്കുന്നതുമായ / ഞങ്ങളുടെ ഹൃദയങ്ങളെ കടാക്ഷിക്കണമേ. നല്ല ഈശോയെ, ഞങ്ങളുടെ എല്ലാ ദുർഗുണങ്ങളും നീങ്ങുന്നതിനും / അങ്ങേ സ്നേഹശീലവും ക്ഷമയും / കണ്ടുപഠിക്കുന്നതിനുവേണ്ട അനുഗ്രഹം നല്കണമേ. അങ്ങേ മഹത്വത്തിനും ശക്തിക്കും യോജിച്ചവിധം / അങ്ങയെ സ്നേഹിക്കത്തക്ക ഹൃദയം / ഞങ്ങൾക്കു നല്കണമേ. കർത്താവേ അങ്ങേ അനന്തകൃപയാൽ / ഞങ്ങളുടെ പ്രാർത്ഥന സ്വീകരിച്ച് / ഞങ്ങളെ അനുഗ്രഹിക്കണമേ. ആരാധനയക്കു പാത്രമായ ഈശോയുടെ ദിവ്യഹൃദയമേ, അങ്ങ് ഞങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും / വ്യക്തമായി അറിയുന്നവല്ലോ. അങ്ങ് ഞങ്ങൾ ഓരോരുത്തരേയും / കനിഞ്ഞ് അനുഗ്രഹിക്കണമേ. ഈ നൊവേനയിൽ ഞങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുന്ന ആവശ്യങ്ങൾ / അങ്ങേ കൃപാകടാക്ഷത്താൽ സാധിച്ചുതന്ന് / ഞങ്ങളെ രക്ഷിക്കണമെന്നു / ഞങ്ങൾ വിനയപുരസരം അപേക്ഷിക്കുന്നു. ആമ്മേൻ.

---

*നിത്യസഹായ മാതാവിന്റെ നൊവേന ... ...* *പേജ് 273*
*വിശുദ്ധ യൗസേപ്പിതാവിനോടുള്ള നൊവേന* *പേജ് 278*
*വിശുദ്ധ യൂദാ ശ്ലീഹായുടെ നൊവേന ... ... ...* *പേജ് 281*
*വിശുദ്ധ അന്തോനീസിന്റെ നൊവേന ... ...* *പേജ് 284*
*വിശുദ്ധ മിഖായേൽ മാലാഖയുടെ നൊവേന* *പേജ് 289*
*വിശുദ്ധ അൽഫോൻസാമ്മയോടുള്ള നൊവേന* *പേജ് 293*
*പരിശുദ്ധ കുർബാനയുടെ ആശീർവാദം ... ...* *പേജ് 295*
*ലദീഞ്ഞ് ... ... ... ... ... ... ... ... ... ... ... ...* *പേജ് 299*
*Syro-Malabar Holy Mass in English* *Page 306*
*വൈദികർക്കുവേണ്ടി / Prayer for priests* *പേജ് 373*
*ദൈവാലയ സംവിധാനം - വിശദീകരണം* *പേജ് 375*

---

## നിത്യസഹായ മാതാവിന്റെ നിത്യനവനാൾ

നിത്യസഹായമാതേ, പ്രാർഥിക്കാ ഞങ്ങൾക്കായ് നീ
നിൻ മക്കൾ ഞങ്ങൾക്കായ് നീ, പ്രാർഥിക്ക സ്നേഹനാഥേ.

നീറുന്ന മാനസങ്ങൾ, ആയിരമായിരങ്ങൾ
കണ്ണീരിൻ താഴ്‌വരയിൽ, നിന്നിതാ കേഴുന്നമ്മേ.

കേൾക്കണേ രോദനങ്ങൾ, നല്കണേ നൽവരങ്ങൾ
നിൻ ദിവ്യസൂനുവിങ്കൽ, ചേർക്കണേ മക്കളേ നീ.

**കാർമി:** ഏറ്റം പരിശുദ്ധയും അമലോത്ഭവ കന്യകയും / ഞങ്ങളുടെ മാതാവുമായ മറിയമേ / നീ ഞങ്ങളുടെ നിത്യസഹായവും / അഭയസ്ഥാനവും പ്രതീക്ഷയുമാകുന്നു.

**സമൂഹം:** ഞങ്ങൾ ഇന്ന് അങ്ങേ സന്നിധിയിൽ അണഞ്ഞിരിക്കുന്നു. അങ്ങു ഞങ്ങൾക്കുവേണ്ടി സമ്പാദിച്ചിരിക്കുന്ന / എല്ലാ നന്മകൾക്കായും ഞങ്ങൾ ദൈവത്തിനു കൃതജ്ഞത അർപ്പിക്കുന്നു. നിത്യസഹായ മാതാവേ / ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു. നിരന്തരം അങ്ങേക്കു ശുശ്രൂഷ ചെയ്തുകൊണ്ടും / ഞങ്ങളുടെ ശക്തിക്കനുസൃതമായി / മറ്റുള്ളവരെ അങ്ങേ സന്നിധിയിലേക്ക് ആനയിച്ചുകൊണ്ടും / അങ്ങയുടെ നേർക്കുള്ള സ്നേഹം / ഞങ്ങൾ പ്രകടിപ്പിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുന്നു.

**കാർമി:** ദൈവസന്നിധിയിൽ ശക്തിയുള്ള നിത്യസഹായ മാതാവേ, ഈ നന്മകൾ ഞങ്ങൾക്കായ് നീ വാങ്ങിത്തരണമേ.

**സമൂഹം:** പ്രലോഭനങ്ങളിൽ വിജയം വരിക്കുന്നതിനുള്ള ശക്തിയും / ഈശോമിശിഹായോടുള്ള പരിപൂർണ സ്നേഹവും / നന്മരണവുംവഴി / അമ്മയോടും അമ്മയുടെ തിരുക്കുമാരനോടുംകൂടെ / നിത്യമായി ജീവിക്കുന്നതിന് ഞങ്ങൾക്ക് ഇടയാകട്ടെ.

**കാർമി:** ഓ നിത്യസഹായ മാതാവേ.

**സമൂഹം:** ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**കാർമി:** മിശിഹാ കർത്താവേ / അങ്ങേ മാതാവായ മറിയത്തിന്റെ അപേക്ഷയാൽ / കാനായിൽവച്ച് അങ്ങു വെള്ളം വീഞ്ഞാക്കിയല്ലോ. ഇപ്പോൾ നിത്യസഹായ മാതാവിനെ വണങ്ങുന്നതിനായി / ഇവിടെ സമ്മേളിച്ചിരിക്കുന്ന / ഈ ദൈവജനത്തെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ യാചനകൾ അങ്ങു സാധിച്ചുതരികയും / ഞങ്ങളുടെ ആത്മാർത്ഥമായ കൃതജ്ഞത / അങ്ങു സ്വീകരിക്കുകയും ചെയ്യണമേ.

**സമൂഹം:** ഓ നിത്യസഹായ മാതാവേ / ഞങ്ങൾ ശക്തിയേറിയ അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കുന്നു. അങ്ങു ജീവിക്കുന്നവരെ പാലിക്കുന്നവളും / മരിക്കുന്നവരെ രക്ഷിക്കുന്നവളുമാകുന്നുവല്ലോ. അങ്ങയുടെ നാമം എപ്പോഴും / പ്രത്യേകിച്ചു പരീക്ഷകളിലും മരണസമയത്തും / ഞങ്ങളുടെ അധരങ്ങളിലുണ്ടായിരിക്കും. അങ്ങയുടെ നാമം ഞങ്ങൾക്കു / ശക്തിയും ശരണവുമാകുന്നു. അനുഗൃഹീതയായ നാഥേ / ഞങ്ങൾ അങ്ങയെ വിളിക്കുമ്പോഴെല്ലാം / ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ നാമം ഉച്ചരിക്കുന്നതുകൊണ്ടുമാത്രം / ഞങ്ങൾ തൃപ്തരാകുകയില്ല. അങ്ങ് യഥാർഥത്തിൽ ഞങ്ങളുടെ നിത്യസഹായമതാവാകുന്നുവെന്ന് / അനുദിന ജീവിതത്തിൽ ഞങ്ങൾ പ്രഖ്യാപനം ചെയ്യുന്നതാണ്.

**കാർമി:** സകലവിധ ആവശ്യങ്ങൾക്കുംവേണ്ടി നമുക്കു പ്രാർഥിക്കാം.

**സമൂഹം:** ഓ നിത്യസഹായ മാതാവേ / ഏറ്റം വലിയ ശരണത്തോടെ / ഞങ്ങൾ അങ്ങയെ വണങ്ങുന്നു. ഞങ്ങളുടെ അനുദിനജീവിതത്തിലെ ബുദ്ധിമുട്ടുകളിൽ / അവിടുത്തെ സഹായം ഞങ്ങൾ അപേക്ഷിക്കുന്നു. പരീക്ഷകളും ദുരിതങ്ങളും / ഞങ്ങളെ ക്ലേശിതരാക്കുന്നു. പ്രതികൂല സാഹചര്യങ്ങളും / വേദനാജനകമായ പോരായ്മകളും / ഞങ്ങളുടെ ജീവിതത്തെ ശോകാവൃതമാക്കുന്നു. എല്ലായിടത്തും ഞങ്ങൾ / കുരിശിനെയാണ് അഭിമുഖീകരിക്കുന്നത്. കരുണാർദ്രമായ മാതാവേ, ഞങ്ങളിൽ കനിയണമേ. ഞങ്ങളുടെ സങ്കടങ്ങളിൽനിന്നു / ഞങ്ങളെ മോചിപ്പിക്കണമേ. തുടർന്നും സഹിക്കാനാണ് തിരുമനസെങ്കിൽ / അവ സന്തോഷത്തോടും ക്ഷമയോടുംകൂടി സ്വീകരിക്കാനുള്ള ശക്തി / ഞങ്ങൾക്കു നല്കണമേ. ഓ നിത്യസഹായ മാതാവേ / ഈ വരങ്ങളൊക്കെയും / ഞങ്ങളുടെ നന്മകളിൽ ആശ്രയിക്കാതെ / അങ്ങയുടെ സ്നേഹത്തിലും ശക്തിയിലും ശരണം വച്ചുകൊണ്ട് / ഞങ്ങൾ അപേക്ഷിക്കുന്നു.

**കാർമി:** നമുക്കു പ്രാർഥിക്കാം. ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ ... പാപ്പായ്ക്കും / ഞങ്ങളുടെ പിതാക്കന്മാർക്കും വൈദികർക്കും / ഈ രാജ്യത്തിലെ എല്ലാ നേതാക്കന്മാർക്കും ജനങ്ങൾക്കും / വിജ്ഞാനവും വിവേകവും നല്കണമേ.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ മാതാവായ മറിയംവഴി / ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**കാർമി:** എല്ലാ മനുഷ്യരും സാമൂഹിക സമാധാനത്തിലും മതൈക്യത്തിലും / സഹോദരരെപ്പോലെ ജീവിക്കുന്നതിനുവേണ്ട അനുഗ്രഹം നല്കണമേ.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ മാതാവായ മറിയംവഴി / ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**കാർമി:** ഈ നവനാളിൽ സംബന്ധിക്കുന്ന യുവതീയുവാക്കന്മാർക്കു / പരിശുദ്ധാത്മാവിയുടെ സഹായത്താൽ / തങ്ങളുടെ ജീവിതാന്തസ് തെരഞ്ഞെടുക്കാൻ അനുഗ്രഹം നല്കണമേ.

**സമൂഹം:** കർത്താവേ, ...

**കാർമി:** ഈ നവനാളിൽ സംബന്ധിക്കുന്ന എല്ലാവരും / അങ്ങേ തിരുമനസിനൊത്തവണ്ണം / തങ്ങളുടെ ആരോഗ്യം പരിരക്ഷിക്കുന്നതിനും / രോഗികൾ അവരുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനും അനുഗ്രഹം നല്കണമേ.

**സമൂഹം:** കർത്താവേ, ...

**കാർമി:** ഞങ്ങളുടെ ഇടയിൽനിന്നു വേർപിരിഞ്ഞുപോയ നവനാൾ ഭക്തരുടെയും /എല്ലാ വിശ്വാസികളുടെയും ആത്മാക്കൾക്കു / നിത്യവിശ്രമം നല്കണമേ.

**സമൂഹം:** കർത്താവേ, ...

**കാർമി:** ഈ നവനാളിന്റെയും / ഇവിടെ സന്നിഹിതരായിട്ടുള്ള എല്ലാവരുടെയും / പ്രത്യേക നിയോഗങ്ങൾക്കു / മാർഗനിർദേശവും സഹായവും നല്കണമേ.

**സമൂഹം:** കർത്താവേ, ...

**കാർമി:** മൗനമായി നമ്മുടെ വ്യക്തിപരമായ പ്രാർഥനകൾ നിത്യസഹായ മാതാവിനു സമർപ്പിക്കാം.

**കൃതജ്ഞതാസമർപ്പണം**

**കാർമി:** പ്രസാദവരത്തിന്റെ നവജീവൻ ഞങ്ങൾക്കു നല്കിയിരിക്കുന്നതിനാൽ /കർത്താവേ, അങ്ങു ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കണമേ.

**സമൂഹം:** കർത്താവേ ഞങ്ങളുടെ മാതാവായ മറിയംവഴി /അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

**കാർമി:** സഭയുടെ കൗദാശിക ജീവിതത്തിൽനിന്നു ഞങ്ങൾക്കു ലഭിക്കുന്ന / എല്ലാ നന്മകൾക്കുംവേണ്ടി ഞങ്ങളുടെ കൃതജ്ഞത അങ്ങു സ്വീകരിക്കണമേ.

**സമൂഹം:** കർത്താവേ, ...

**കാർമ്മി:** ഞങ്ങളുടെ നവനാൾ കുടുംബത്തിനു നല്കിയിരിക്കുന്ന / ആധ്യാത്മികവും ഭൗതികവുമായ / എല്ലാ അനുഗ്രഹങ്ങൾക്കുംവേണ്ടി / ഞങ്ങളുടെ കൃതജ്ഞത അങ്ങു സ്വീകരിക്കണമേ.

**സമൂഹം:** കർത്താവേ ഞങ്ങളുടെ മാതാവായ മറിയംവഴി /അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

**കാർമ്മി:** നമുക്കു ലഭിച്ച എല്ലാ ഉപകാരങ്ങൾക്കുംവേണ്ടി / നിത്യസഹായ മാതാവിനു കൃതജ്ഞത അർപ്പിക്കാം.

*(അല്പസമയം മൗനമായി എല്ലാവരും കൃതജ്ഞത അർപ്പിക്കുന്നു).*

**രോഗികൾക്ക് ആശീർവാദം**

**കാർമ്മി:** നമുക്കു പ്രാർഥിക്കാം.

**സമൂഹം:** കർത്താവേ ശാരീരികവും മാനസികവുമായ / അസ്വാസ്ഥ്യം മൂലം ക്ലേശിക്കുന്ന / അങ്ങയുടെ ദാസരെ തൃക്കൺ പാർക്കണമേ. അങ്ങു സൃഷ്ടിച്ച ഞങ്ങൾക്കു / ശക്തിയും ജീവനും നല്കണമേ. അങ്ങനെ സഹനംവഴി / ഞങ്ങൾ പവിത്രീകൃതരാവുകയും / ശുദ്ധരാക്കപ്പെടുകയും / അങ്ങയുടെ കാരുണ്യത്താൽ / ഞങ്ങൾ അതിവേഗം രോഗവിമുക്തരാക്കപ്പെടുകയും ചെയ്യട്ടെ. ഈ യാചനകളെല്ലാം / കർത്താവീശോമിശിഹാ വഴി / ഞങ്ങൾക്കു തന്നരുളേണമേ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** *(കൈകൾ നീട്ടി)* നിങ്ങളെ സംരക്ഷിക്കാൻ കർത്താവീശോമിശിഹാ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. നിങ്ങളെ പരിപാലിക്കാൻ അവിടുന്നു നിങ്ങളിൽ വസിക്കട്ടെ. നിങ്ങളെ നയിക്കാൻ അവിടുന്നു നിങ്ങളുടെ മുമ്പിലും / നിങ്ങളെ പരിരക്ഷിക്കാൻ നിങ്ങളുടെ പിമ്പിലും / നിങ്ങളെ അനുഗ്രഹിക്കാൻ നിങ്ങളുടെ മുകളിലും ഉണ്ടായിരിക്കട്ടെ. പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** മറിയത്തോടൊപ്പം നമുക്കും ദൈവത്തെ സ്തുതിക്കാം.

**സമൂഹം:** എന്റെ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം / എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ തൃക്കൺ പാർത്തു. ഇതാ ഇപ്പോൾ മുതൽ / സകല തലമുറകളും / എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ / എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാകുന്നു. അവിടുത്തെ ഭക്തന്മാരുടെമേൽ / തലമുറകൾ

തോറും / അവിടുന്ന കാരുണ്യം വർഷിക്കും. അവിടുന്ന തന്റെ ഭുജം കൊണ്ട് / ശക്തി പ്രകടിപ്പിച്ചു. ഹൃദയത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തരെ സിംഹാസനത്തിൽനിന്നു താഴെ ഇറക്കുകയും / വിനീതരെ ഉയർത്തുകയും ചെയ്തു. അവിടുന്നു വിശക്കുന്നവരെ / വിശിഷ്ട വിഭവങ്ങൾകൊണ്ട് സംതൃപ്തരാക്കി. സമ്പന്നരെ, വെറുംകൈയോടെ പറഞ്ഞയച്ചു. നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തിനോടും സന്തതികളോടും / എന്നന്നേക്കുമായി ചെയ്ത വാഗ്ദാനത്തിലെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് / അവിടുന്നു തന്റെ ദാസനായ ഇസ്രായേലിനെ സംരക്ഷിച്ചു.

**കാർമി.** എല്ലാ തലമുറകളിലുമുള്ള ക്രിസ്ത്യാനികളോട് ചേർന്നുകൊണ്ട് / നമുക്കു മറിയത്തെ പ്രകീർത്തിക്കുകയും / അവിടുത്തെ ശക്തിയേറിയ സംരക്ഷണത്തിൽ നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യാം.

**കാർമി.** നന്മനിറഞ്ഞ മറിയമേ ...

**സമൂഹം:** പരിശുദ്ധ മറിയമേ ...

**കാർമി.** ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകാൻ.

**സമൂഹം:** സർവേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**കാർമി.** നമുക്കു പ്രാർഥിക്കാം. കർത്താവീശോയെ അങ്ങയുടെ മാതാവായ മറിയത്തെ / എപ്പോഴും സഹായമരുളാൻ സന്നദ്ധതയുള്ള അമ്മയായി / അങ്ങു ഞങ്ങൾക്കു നല്കിയല്ലോ. ആ അമ്മയുടെ അത്ഭുത ചിത്രം വണങ്ങുകയും / അവളുടെ മാതൃസഹായം ഉത്സാഹപൂർവം തേടുകയും ചെയ്യുന്ന ഞങ്ങൾ / അങ്ങയുടെ പരിത്രാണത്തിന്റെ ഫലം എന്നും അനുഭവിക്കാൻ ഇടയാക്കണമെന്ന് / നിത്യമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** ആമ്മേൻ.

**ഗാനം**

മറിയമേ നിന്റെ നിത്യസഹായം, തേടുന്നു ഞങ്ങളമ്മേ.
മക്കളെന്നോർത്തു നീ, ഞങ്ങൾതൻ പ്രാർഥന
ഒക്കെയും കേൾക്കണമേ.
ഭാഗ്യവിഹീനരെ, നിത്യവും കാത്തിടാൻ
കെല്പെഴും താങ്ങായ് നിന്നെ.
നിൻ പുത്രൻ ഏല്പിച്ചു, ഭാരമതേറ്റ നീ
ഞങ്ങളെ കാത്തീടേണെ.

-----------------------------

*വിശുദ്ധ യൂദാ ശ്ലീഹായുടെ നൊവേന ... ... ...* *പേജ് 281*
*വിശുദ്ധ അന്തോനീസിന്റെ നൊവേന ... ...* *പേജ് 284*
*വിശുദ്ധ മിഖായേൽ മാലാഖയുടെ നൊവേന* *പേജ് 289*
*വിശുദ്ധ അൽഫോൻസാമ്മയോടുള്ള നൊവേന* *പേജ് 293*
*പരിശുദ്ധ കുർബാനയുടെ ആശീർവാദം ... ...* *പേജ് 295*
*ലദീഞ്ഞ് ... ... ... ... ... ... ... ... ... ... ... ...* *പേജ് 299*
*Syro-Malabar Holy Mass in English* *Page 306*
*വൈദികർക്കുവേണ്ടി / Prayer for priests* *പേജ് 373*
*ദൈവാലയ സംവിധാനം - വിശദീകരണം* *പേജ് 375*

---------------------------

## വിശുദ്ധ യൗസേപ്പിതാവിനോടുള്ള നൊവേന

**കാർമ്മി:** മനുഷ്യവർഗ്ഗത്തിന്റെ നേരെ / കൃപയും അനുഗ്രഹവും നിറഞ്ഞ / ഈശോയുടെ മാധുര്യമേറുന്ന ദിവ്യഹൃദയമേ, ഞങ്ങൾ അങ്ങയെ ആരാധിച്ചു വണങ്ങുന്നു. അങ്ങു ഞങ്ങൾക്കു നല്കിയിട്ടുള്ള / എല്ലാ നന്മകളെക്കുറിച്ചും / ഏറ്റം തീക്ഷ്ണമായ സ്നേഹത്തോടെ / ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. സർവ്വനന്മസ്വരൂപിയായ അങ്ങയെ / ഞങ്ങൾ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നു. ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കുകയും / ഞങ്ങളുടെ ആപത്തുകളിൽ ഞങ്ങളെ സംരക്ഷിക്കുകയും / ഞങ്ങളുടെ ദുഃഖാരിഷ്ടതകളിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യണമെന്ന് / എളിമയോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കാരുണ്യവാനായ ഈശോയെ, അങ്ങേ വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിനെ / ഞങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനും പിതാവുമായി / ഞങ്ങൾ ഏറ്റുപറയുന്നു. ഉണ്ണിഈശോയേയും പരിശുദ്ധ കന്യകാമറിയത്തെയും സംരക്ഷിക്കുവാൻ / ദൈവം തെരഞ്ഞെടുത്ത യൗസേപ്പുപിതാവേ, / ഞങ്ങൾ അങ്ങയെ വണങ്ങുന്നു. തിരുക്കുടുംബത്തെ കാത്തുപരിപാലിച്ച അങ്ങ് / ഞങ്ങൾ ഓരോരുത്തരേയും / ഞങ്ങളുടെ കുടുംബങ്ങളേയും / കാത്തുപരിപാലിക്കണമേ. കരുണാനിധിയായ ദൈവമേ, / വിശുദ്ധ യൗസേപ്പിനെപ്പോലെ / സത്യത്തിലും നീതിയിലും / വിനയത്തിലും വിവേകത്തിലും വളരുവാൻ വേണ്ട / അനുഗ്രഹം ഞങ്ങൾക്കു നല്കണമേ. അനുഗ്രഹദാതാവായ ദൈവമേ, / യൗസേപ്പുപിതാവുവഴി / ഞങ്ങൾ അർപ്പിക്കുന്ന ഈ പ്രാർത്ഥന / കാരുണ്യപൂർവ്വം സ്വീകരിച്ച്കാരുണ്യപൂർവ്വം സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

## ദിവസത്തിന്റെ പ്രാർത്ഥന

**കാർമ്മി:** തിരുക്കുടുംബത്തിന്റെ തലവനായ വിശുദ്ധ യൗസേപ്പേ, / പരിശുദ്ധ കന്യകമറിയവും ഈശോമിശിഹായും ഉൾപ്പെട്ട കുടുംബത്തെ / അങ്ങ് മാതൃകാപരമായി നയിക്കുകയും / പരിപാലിക്കുകയും ചെയ്തു വല്ലോ. പ്രിയപിതാവേ, ഞങ്ങളുടെ കുടുംബങ്ങളെ / നസ്രത്തിലെ തിരുക്കുടുംബംപോലെ, / പരസ്പര സ്നേഹത്തിലും കൂട്ടായ്മയിലും / സഹകരണത്തിലും സമാധാനത്തിലും നിലനിറുത്തണമേ. കുടുംബജീവിതത്തിന്റെ ഭദ്രതയും പാവനതയും / കളങ്കപ്പെടുത്തുന്ന ശക്തികളിൽനിന്നും / ഞങ്ങളുടെ ഭവനങ്ങളെ അങ്ങ് കാത്തുപരിപാലിക്കണമേ. വത്സലപിതാവേ, എല്ലാ കുടുംബാംഗങ്ങളും / തങ്ങളുടെ ചുമതലകൾ വേണ്ടവിധം ഗ്രഹിച്ച് / പരസ്പരം സഹകരിച്ച് / ഉത്തമ കുടുംബജീവിതം നയിക്കുന്നതിനുള്ള അനുഗ്രഹം നല്കണമെ. പ്രത്യേകമായി / ഈ നൊവേനയിൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ / അങ്ങേ വല്ലഭമായ മാദ്ധ്യസ്ഥ്യം വഴി / ഞങ്ങൾക്കു ലഭിക്കുമാറാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

## സമൂഹപ്രാർത്ഥന

**കാർമ്മി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ / കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ബാല്യം മുതൽ അനിതരസാധാരണമായ ഹൃദയശുദ്ധതയോടെ / ദൈവഭക്തിയിലും വിവേകത്തിലും വളർന്നുവന്ന / വിശുദ്ധ യൗസേപ്പിനെപ്പോലെ ഞങ്ങളും / ദൈവഭക്തിയിലും വിവേകത്തിലും വളർന്നു വരുവാനുള്ള / അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** കഷ്ടപ്പാടുകളും വേദനകളും സന്തോഷപൂർവ്വം സഹിച്ചുകൊണ്ട് / തീക്ഷ്ണമായ പ്രാർത്ഥനയിലൂടെ / ദൈവതിരുമുമ്പിൽ സംപ്രീതനായ വിശുദ്ധ യൗസേപ്പിതാവിനെപ്പോലെ / ഞങ്ങളും തീക്ഷ്ണമായ സ്നേഹവും / പ്രാർത്ഥനാരുചിയുമുള്ളവരായിത്തീരുവാനുള്ള / അനുഗ്രഹം നൽകണമെന്ന് / ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** മാതൃകാപരമായി തച്ചന്റെ ജോലി നിർവ്വഹിച്ച് / തിരുക്കുടുംബത്തെ പരിപാലിക്കുകയും / തൊഴിലിന്റെ മാഹാത്മ്യം മനസ്സിലാക്കിത്തരുകയും ചെയ്ത / വിശുദ്ധ യൗസേപ്പിതാവിനെ അനുകരിച്ച് / ഞങ്ങളും വിശ്വസ്തതയോടെ / ഞങ്ങളുടെ കർമ്മരംഗങ്ങളിൽ വ്യാപരിക്കുവാനുള്ള / അനുഗ്രഹം നൽകണമെന്ന് / ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** വിരക്തജീവിതത്തിലൂടെ / കന്യാവ്രതക്കാരുടെ കാവൽക്കാരനെന്ന് അറിയപ്പെടുന്ന / വിശുദ്ധ യൗസേപ്പിതാവിനെ അനുകരിച്ച് / ഞങ്ങളും ചാരിത്ര്യശുദ്ധിയിൽ വളർന്നുവരുവാനുള്ള / അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ജീവിതത്തിലുടനീളം എളിമയോടുകൂടിജീവിച്ച് / എളിമയുടെ മാതൃകയായിത്തീർന്ന / വിശുദ്ധ യൗസേപ്പിതാവിനെ അനുകരിച്ച് / ഞങ്ങളും എളിമയോടുകൂടി ജീവിക്കുവാനുള്ള / അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ഈശോയുടെ തൃക്കരങ്ങളിൽ / മാതാവിന്റെ സാമീപ്യത്തിൽ / ഇഹലോകവാസം വെടിയുവാനുള്ള മഹാഭാഗ്യം സിദ്ധിച്ച / വിശുദ്ധ യൗസേപ്പിതാവിനെ അനുകരിച്ച് / ഞങ്ങൾ ഓരോരുത്തർക്കും ജീവിതാന്ത്യത്തിൽ നല്ല മരണവും / സ്വർഗ്ഗഭാഗ്യവും ലഭിക്കുന്നതിനുള്ള / അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

## സമാപന പ്രാർത്ഥന

**കാർമ്മി:** സ്വർഗ്ഗീയ സുകൃതങ്ങളാൽ സമ്പന്നമായ / തിരുക്കുടുംബത്തിന്റെ നാഥനും നേതാവുമായി / ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട / മഹാത്മാവായ വിശുദ്ധ യൗസേപ്പേ, / ഞങ്ങൾ ഓരോരുത്തരുടെയും കുടുംബങ്ങളിൽ / നാഥനും നേതാവുമായി അങ്ങു വാഴണമേ. ഞങ്ങൾ അങ്ങയെ പിതാവും / മദ്ധ്യസ്ഥനും മാർഗ്ഗദർശിയുമായി സ്വീകരിക്കുന്നു. ഞങ്ങളുടെ ആത്മശരീരങ്ങളും / ഞങ്ങൾക്കുള്ള സമസ്തവും / ഞങ്ങളുടെ ജീവനും മരണവും / അങ്ങേ വല്ലഭമായ സംരക്ഷണയിൽ / ഞങ്ങൾ ഭരമേല്പിക്കുന്നു. ഞങ്ങൾ ഓരോരുത്തരേയും / അങ്ങേ മക്കളായി സ്വീകരിക്കേണമേ. ദൈവതിരുമനസ്സിന് അനുയോജ്യമാംവിധം, / തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടുംകൂടെ / ദൈവത്തിനും മനു

ഷ്യർക്കും ഇഷ്ടകരമാംവിധം / ജീവിതം നയിക്കുവാൻ വേണ്ട കൃപാവരം / ഞങ്ങൾക്കായി പ്രാപിച്ചുതരേണമെ. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ / ഞങ്ങൾക്കു സാധിച്ചു തരണമെന്ന് / ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

***കാർമ്മികൻ ആശീർവ്വാദം നല്കുന്നു.***

-----------------------------


*വിശുദ്ധ അന്തോനീസിന്റെ നൊവേന ... ... പേജ് 284*
*വിശുദ്ധ മിഖായേൽ മാലാഖയുടെ നൊവേന പേജ് 289*
*വിശുദ്ധ അൽഫോൻസാമ്മയോടുള്ള നൊവേന പേജ് 293*
*പരിശുദ്ധ കുർബാനയുടെ ആശീർവാദം ... ... പേജ് 295*
*ലദീഞ്ഞ് ... ... ... ... ... ... ... ... ... ... ... ... പേജ് 299*
*Syro-Malabar Holy Mass in English Page 306*
*വൈദികർക്കുവേണ്ടി / Prayer for priests പേജ് 373*
*ദൈവാലയ സംവിധാനം - വിശദീകരണം പേജ് 375*


---------------------------

# വിശുദ്ധ യൂദാതദേവൂസിന്റെ നിത്യനവനാൾ

**കാർമ്മി:** ഈശോയുടെയും *(എല്ലാവരും ചേർന്ന്)* അവിടുത്തെ വത്സല മാതാവായ / പരിശുദ്ധ കന്യകാമറിയത്തിന്റെയും ബന്ധുവും / മഹത്വപ്പെട്ടവനുമായ / വിശുദ്ധ യൂദാ ശ്ലീഹായെ / ഈശോയുടെ തിരുഹൃദയം വഴിയായി / ഞങ്ങൾ അങ്ങയെ വാഴ്ത്തി സ്തുതിക്കുന്നു. ആ തിരുഹൃദയം വഴിയായി / ദൈവം അങ്ങേക്കു നല്കിയിരിക്കുന്ന / എല്ലാ അനുഗ്രഹങ്ങൾക്കായും / ഞങ്ങൾ ദൈവത്തിനു കൃതജ്ഞതാസ്തോത്രങ്ങൾ സമർപ്പിക്കുന്നു. ഈശോയുടെ ദിവ്യഹൃദയം വഴിയായി / ഞങ്ങളിലേക്ക് അനുഗ്രഹാശിസുകൾ പൊഴിക്കണമെന്ന് / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ വിനീതമായ പ്രാർഥനയെ / ദയവോടെ ശ്രവിക്കേണമേ. ഞങ്ങളുടെ ഏറ്റം നിരാശാജനകമായ കാര്യങ്ങളിൽ / ഞങ്ങളെ സഹായിക്കുന്നതിനുള്ള വരവും / ദൈവം അങ്ങേക്കു നല്കിയിരിക്കുന്നുവല്ലോ. ഓ ഞങ്ങളുടെ ആശ്രയമേ / ഞങ്ങളുടെ സഹായത്തിനു വേഗം വരേണമേ. ദൈവത്തിന്റെ അനുഗ്രഹങ്ങളെ / ഞങ്ങൾ വാഴ്ത്തി സ്തുതിക്കാൻ ഇടയാകട്ടെ. ഞങ്ങളുടെ ആയുഷ്കാലമത്രയും / ഞങ്ങൾ അങ്ങയുടെനേരേ കൃതജ്ഞത പാലിക്കുകയും / സ്വർഗത്തിൽ അങ്ങയോടു ചേർന്നു / ദൈവത്തെ സ്തുതിക്കുന്നതിന് ഇടയാകുംവരെ / അങ്ങയോടുള്ള ഭക്തിയിൽ വ്യാപരിക്കുകയും ചെയ്തുകൊള്ളാമെന്ന് / അങ്ങയോടു ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

**കാർമി:** വിശുദ്ധ ശ്ലീഹായെ,

**സമൂഹം:** പൂർണവിശ്വാസത്തോടെ / ഞങ്ങൾ അങ്ങേ മാധ്യസ്ഥ്യം അപേക്ഷിക്കുന്നു.

**കാർമി:** അശരണരുടെ സഹായമായ വിശുദ്ധ യൂദായേ,

**സമൂഹം:** നിസഹായാവസ്ഥയിൽ / ഞങ്ങളെ സഹായിക്കണമേ.

**കാർമി:** മരണസമയത്ത് ഉത്തമ മനഃസ്താപംമൂലം ഞങ്ങൾക്കു പാപ പ്പൊറുതി ലഭിക്കുന്നതിനും / വിശുദ്ധ കൂദാശകളുടെ സ്വീകരണത്തിനു / ഞങ്ങൾ യോഗ്യരാകുന്നതിനുംവേണ്ടി.

**സമൂഹം:** വിശുദ്ധ യൂദായേ / ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കണമേ.

**കാർമി:** ദൈവനീതിയെ തൃപ്തിപ്പെടുത്താനും / അവിടുത്തെ കാരുണ്യ പൂർവമായ നിത്യവിധി ലഭിപ്പാനുംവേണ്ടി.

**സമൂഹം:** വിശുദ്ധ യൂദായേ / ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കണമേ.

**കാർമി:** അനുഗൃഹീതരുടെ ഗണത്തിൽ ഞങ്ങൾകൂടി ഉൾപ്പെടാനും / ദൈവസാന്നിധ്യത്തിൽ നിത്യാനന്ദമനുഭവിക്കുന്നതിനു / ഞങ്ങൾക്കു ഇടവരാനുംവേണ്ടി.

**സമൂഹം:** വിശുദ്ധ യൂദായേ / ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കണമേ.

**കാർമി:** ഈശോയുടെ വിശ്വസ്ത സ്നേഹിതനും **(എല്ലാവരുംകൂടി)** / ദാസനും / അപ്പസ്തോലനുമായ വിശുദ്ധ യൂദായേ / നിരാശാജനകവും / അസാധ്യവുമായ കാര്യങ്ങളുടെ മധ്യസ്ഥനായി / തിരുസഭ അങ്ങയെ സാർവത്രികമായി വണങ്ങുകയും / അങ്ങേ സഹായം അപേക്ഷിക്കു കയും ചെയ്യുന്നു. ഏറെ കഷ്ടപ്പെടുന്ന ഞങ്ങൾക്കുവേണ്ടി പ്രാർഥിക്ക ണമേ. ആശയറ്റ സന്ദർഭത്തിൽ / ദൃശ്യമായ സഹായം / അതിവേഗം പ്രദാനം ചെയ്യുന്നതിന് / അങ്ങേക്കു സംസിദ്ധമായിരിക്കുന്ന / പ്രത്യേകാ നുകൂല്യത്തെ വിനിയോഗിക്കണമെന്നു / ഞങ്ങൾ എളിമയോടെ അങ്ങ യോട് അപേക്ഷിക്കുന്നു. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും കഷ്ടത കളിലും / പ്രത്യേകിച്ചു ***(ആവശ്യം മൗനമായി പറയുക.)*** / സ്വർഗത്തിൽ നിന്നുള്ള / സഹായവും ആശ്വാസവും കിട്ടുന്നതിനും / അങ്ങയോടും മറ്റെല്ലാ വിശുദ്ധരോടുംകൂടെ / അനവരതം ദൈവത്തെ സ്തുതിക്കുന്ന

തിനും / ഞങ്ങൾക്ക് ഇടയാക്കണമേ. വിശുദ്ധ യൂദായേ / ഞങ്ങൾക്കു വേണ്ടിയും / അങ്ങേ വന്ദിക്കുകയും / അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്ന / എല്ലാവർക്കുംവേണ്ടിയും പ്രാർഥിക്കണമേ. ആമ്മേൻ.

## കൃതജ്ഞതാപ്രാർഥന

**കാർമി:** ഓ ഈശോയെ, ***(എല്ലാവരുംകൂടി)*** അങ്ങയുടെ ബന്ധുവും / തെരഞ്ഞെടുക്കപ്പെട്ട അപ്പസ്തോലനുമായ / വിശുദ്ധ യൂദായെ / ഏതേതു അനുഗ്രഹങ്ങളാലും / അവകാശങ്ങളാലും / അലങ്കരിക്കാൻ / അങ്ങു തിരുമനസായോ / അവയ്ക്കായി / ഏറ്റം പരിശുദ്ധ ത്രീത്വത്തെ / അവർണനീയമായ സ്തുതിഗീതങ്ങളാൽ / സ്തുതിക്കുകയും / അനുഗ്രഹിക്കുകയും / കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുന്നുവോ / ആ സ്തുതിഗീതങ്ങളോടൊരുമിച്ച് / ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. ഓ അത്ഭുത പ്രവർത്തകനായ / വിശുദ്ധ യൂദാശ്ലീഹായെ / ഞങ്ങളുടെ സങ്കടസമയത്തുള്ള പ്രാർഥനയിൽ / മനസലിഞ്ഞ് / അങ്ങുന്നു തന്നരുളിയ / അനുഗ്രഹപൂർണമായ സഹായങ്ങൾ അനുസ്മരിച്ച് / ഞങ്ങൾ അങ്ങേക്കു കൃതജ്ഞത പറയുന്നു. ഈ സ്നേഹലക്ഷ്യവുമായി / ഞങ്ങൾ എന്നേക്കും അങ്ങേക്കു കടപ്പെട്ടിരിക്കും. ഞങ്ങളുടെ എല്ലാ പരീക്ഷണഘട്ടങ്ങളിലും / അവിടുന്നു ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. വിശുദ്ധ യൂദാതദേവൂസേ / എല്ലാറ്റിനും വിശേഷമായി / ഞങ്ങളുടെ മരണസമയത്ത് / അവിടുന്നു ഞങ്ങളുടെ സമീപത്തുണ്ടായിരിക്കുകയും / ഞങ്ങളുടെ ശത്രുക്കളിൽനിന്നു / ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യണമേ. ആമ്മേൻ.

## രോഗികൾക്കുവേണ്ടിയുള്ള പ്രാർഥന

**കാർമി:** നമ്മുടെ സഹായം കർത്താവിന്റെ നാമത്തിലാകുന്നു.

**സമൂഹം:** ആകാശവും ഭൂമിയും സൃഷ്ടിച്ച / കർത്താവിന്റെ നാമത്തിൽ.

**കാർമി:** കർത്താവേ, എന്റെ പ്രാർഥന കേൾക്കണമേ.

**സമൂഹം:** എന്റെ നിലവിളി / അങ്ങേപക്കൽ എത്തുകയും ചെയ്യട്ടെ.

**കാർമി:** കർത്താവു നിങ്ങളോടുകൂടെ.

**സമൂഹം:** അങ്ങയോടുംകൂടെ.

**കാർമി:** സർവശക്തനായ ദൈവമേ / അങ്ങേ വിശ്വാസികൾക്കു നിത്യാരോഗ്യം പ്രദാനം ചെയ്യണമേ. ഞങ്ങൾ അങ്ങേ കാരുണ്യത്തിന് അപേക്ഷിക്കുന്ന അങ്ങേ രോഗികൾ / ശാരീരാരോഗ്യം പ്രാപിച്ച് / അങ്ങയുടെ സഭയിൽ ഞങ്ങളുടെ കർത്താവീശോമിശിഹാ വഴിയായി / അങ്ങേക്കു നന്ദി പറയുന്നതിനു വേഗത്തിൽ ഇടവരുത്തിയരുളണമേ.

**സമൂഹം:** ആമ്മേൻ.

**കാർമി:** മേരിപുത്രനും കർത്താവും ലോകരക്ഷകനുമായ ദിവ്യഈശോ / അവിടുത്തെ വിശുദ്ധ അപ്പസ്തോലനായ യൂദായുടെയും / മറ്റെല്ലാ വിശുദ്ധരുടെയും / യോഗ്യതകളും മധ്യസ്ഥതയും വഴിയായി / അവർക്ക് അങ്ങേ കരുണയും അനുഗ്രഹവും നല്കുമാറാകണമേ.

**സമൂഹം:** ആമ്മേൻ.

**ഗാനം**

യൂദായെൻ പിതാവേ, യേശുവിൻ ഭ്രാതാവേ
വേദസാക്ഷിയായ്, ജീവൻ വെടിഞ്ഞൊരു
ധീരനാം ശ്ലീഹായേ.
യൂദായെൻ ...

സാധ്യമായിടാത്ത, കാര്യങ്ങൾക്കൊക്കെയും
മാധ്യസ്ഥ്യ ശക്തിയുള്ളോനെ നീ നിത്യം
പ്രാർഥിക്ക ഞങ്ങൾക്കായ്.
യൂദായെൻ ...

-----------------------------

*വിശുദ്ധ മിഖായേൽ മാലാഖയുടെ നൊവേന* *പേജ് 289*
*വിശുദ്ധ അൽഫോൻസാമ്മയോടുള്ള നൊവേന* *പേജ് 293*
*പരിശുദ്ധ കുർബാനയുടെ ആശീർവാദം ... ...* *പേജ് 295*
*ലദീഞ്ഞ് ... ... ... ... ... ... ... ... ... ... ... ...* *പേജ് 299*
*Syro-Malabar Holy Mass in English* *Page 306*
*വൈദികർക്കുവേണ്ടി / Prayer for priests* *പേജ് 373*
*ദൈവാലയ സംവിധാനം - വിശദീകരണം* *പേജ് 375*

---------------------------

# വിശുദ്ധ അന്തോനീസിന്റെ നൊവേന

**കാർമി:** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ

**കാർമി:** ദുഃഖിതരേയും പീഡിതരേയും ആശ്വസിപ്പിക്കാൻ അയയ്ക്കപ്പെട്ട കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ

**കാർമി:** അനുതപിക്കുന്ന പാപികൾക്കു പാപമോചനം നല്കാൻ ആഗതനായ ക്രിസ്തുവേ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ

**കാർമി:** നമുക്കു പ്രാർഥിക്കാം: സർവശക്തനും കാരുണ്യവാനുമായ ദൈവമേ, അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനും / ദുഃഖിതരെ ആശ്വസിപ്പിക്കുന്നവനും / ദൈവനന്മയിൽ സമ്പന്നനുമായ വിശുദ്ധ അന്തോനീസിനെ / ഞങ്ങൾക്കെന്നും സഹായമരുളുന്ന മധ്യസ്ഥനായി അങ്ങു നല്കിയല്ലോ. തിരുസഭയുടെ പണ്ഡിതനും / ആധ്യാത്മികഗുരുവുമായ / ഈ വിശുദ്ധന്റെ യോഗ്യതകൾവഴി / ഞങ്ങളുടെ എളിയ പ്രാർഥനകൾ കേൾക്കണമേ എന്നു / നിത്യമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂഹം:** ആമ്മേൻ

**കാർമി:** ഓ! ധന്യനായ വിശുദ്ധ അന്തോനീസേ / ***(സമൂഹവും ചേർന്ന്)*** നന്മകളുടെ നിറകുടവും / എളിമയുടെ ദർപ്പണവുമായ / അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങേ മധ്യസ്ഥതയാൽ / രോഗവും മരണവും / അബദ്ധവും അനർഥങ്ങളും / തിന്മകളും നഷ്ടങ്ങളും / ഇല്ലാതാകുന്നുവെന്നു ഞങ്ങൾ അറിയുന്നു. നഷ്ടപ്പെട്ട വസ്തുക്കൾ വീണ്ടെടുക്കുന്നതിനും / ദുഃഖി തർക്ക് ആശ്വാസവും / പാപികൾക്ക് അനുതാപവും നല്കുന്നതിനും / കഴിവുള്ള അങ്ങേക്ക് / അസാധ്യമായി ഒന്നുമില്ല. ഉണ്ണിയീശോയുടെ വിശ്വസ്തസ്നേഹിതനായ വിശുദ്ധ അന്തോനീസേ / അങ്ങു ഞങ്ങൾക്ക് എന്നും / തുണയും മധ്യസ്ഥനും ഉപകാരിയുമായിരിക്കണമേ. ഞങ്ങളുടെ ആത്മീകവും ഭൗതികവുമായ സകല ആവശ്യങ്ങളും / പ്രത്യേകിച്ച് ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്ന നന്മകൾ / ***(ആവശ്യം മൗനമായി പറയുക.)*** പരമപിതാവായ ദൈവത്തിന്റെ പക്കൽനിന്ന് / അങ്ങേ മാധ്യസ്ഥ്യം വഴി / ഞങ്ങൾക്കു നേടിത്തരണമേ. ശാന്തനും സ്നേഹസമ്പൂർണനുമായ വിശുദ്ധ അന്തോനീസേ / അങ്ങുവഴിയായുള്ള അനുഗ്രഹങ്ങളെ / ഞങ്ങൾ എന്നും കൃതജ്ഞതയോടെ പ്രകീർത്തിക്കും. ഞങ്ങളുടെ ആത്മശരീരങ്ങളും / ഞങ്ങൾക്കുള്ള സകലതും / അങ്ങേക്കു സമർപ്പിക്കുന്നു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത വിശുദ്ധ അന്തോനീസേ / എല്ലാവിധ വിപത്തുകളിൽനിന്നും / ഞങ്ങളെ കാത്തുരക്ഷിക്കണമേ. ജീവിതക്ലേശങ്ങളെ പ്രശാന്തതയോടെ നേരിടാനും / പാപത്തിൽ അകപ്പെടാതെ നല്ല ജീവിതം നയിക്കാനും / അങ്ങു ഞങ്ങളെ സഹായിക്കണമേ. പ്രലോഭനങ്ങൾ ഞങ്ങളെ ദുർബലരാക്കുന്ന നിമിഷങ്ങളിൽ / ഞങ്ങൾക്ക് അങ്ങു ശക്തമായ തുണയായിരിക്കേണമേ. ഉദാരതയും

സ്നേഹവുമുള്ള ഹൃദയം ഞങ്ങൾക്കു നല്കണമേ. ഞങ്ങൾക്കു ലഭിക്കുന്ന എല്ലാനന്മകളും / ദുഃഖിതരും പാവങ്ങളുമായ ഞങ്ങളുടെ സഹോദരങ്ങളുമായി / പങ്കുവയ്ക്കാൻ വേണ്ട സന്നദ്ധതയും ഞങ്ങൾക്കു നല്കണമെന്നു / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**കാർമ്മി:** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ...

**സമൂഹം:** അന്നന്നുവേണ്ട ആഹാരം ...

**കാർമ്മി:** നന്മനിറഞ്ഞ മറിയമേ സ്വസ്തി, ...

**സമൂഹം:** പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, ...

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിയിലെപോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

## സമൂഹപ്രാർഥന

**കാർമ്മി:** നിത്യനായ ദൈവമേ / ഇവിടെ സന്നിഹിതരായിരിക്കുന്ന അങ്ങേ മക്കൾ / ഈ നവനാൾ പ്രാർഥനവഴി / ഈശ്വരചൈതന്യം നവമായുൾക്കൊണ്ട് / വിശ്വാസജീവിതത്തിൽ / പൂർവോപരി ഊർജസ്വലരാകാൻ ഇടയാക്കണമെന്നു / ഞങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ അന്തോനീസുവഴി / ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**കാർമ്മി:** ജീവിതപ്രതിസന്ധികളിൽ അചഞ്ചലമായ വിശ്വാസത്തോടും / തീക്ഷ്ണമായ പ്രത്യാശയോടുംകൂടെ / ദൈവതൃക്കരങ്ങളിൽ ഞങ്ങളെത്തന്നെ സമർപ്പിച്ചുകൊണ്ട് / ജീവിതത്തെ ധൈര്യപൂർവം നേരിടാനുള്ള അനുഗ്രഹം നല്കണമേയെന്നു / ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**കാർമ്മി:** വിളസമൃദ്ധിയും തൊഴിൽ സ്ഥിരതയും / വ്യാവസായിക നീതിയുംവഴി / സാമ്പത്തിക ഭദ്രതയും സാമൂഹ്യസമാധാനവും / ജീവിതസംതൃപ്തിയും ഏവർക്കും ലഭ്യമാകണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**കാർമ്മി:** തൊഴിൽ ഇല്ലാതെയും / ജീവിതമാർഗം കാണാതെയും ഉഴലുന്ന എല്ലാവരും / ക്രിസ്തുനാഥനിൽ പ്രത്യാശയും ഭദ്രതയും കണ്ടെത്താൻ / അനുഗ്രഹിക്കണമേ എന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**കാർമി:** വിവാഹജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന / ഞങ്ങളുടെ യുവതീയുവാക്കൾക്കു / ജീവിതപങ്കാളിയെ കണ്ടെത്താനും / വിവാഹത്തിനുവേണ്ട മാർഗങ്ങൾ തെളിഞ്ഞുകിട്ടാനും / കൃപയരുളണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**കാർമി:** മദ്യപാനത്തിന്റെയും മയക്കുമരുന്നിന്റെയും തിക്തഫലങ്ങൾ നിമിത്തം / തകർന്ന കുടുംബങ്ങൾക്കു സമാശ്വാസവും / അവയ്ക്ക് അടിമയായിരിക്കുന്നവർക്ക് / ആ ബന്ധനത്തിൽനിന്നു മോചനവും നല്കണമേയെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**കാർമി:** ശാരീരിക അസുഖങ്ങളാലും മാനസിക വ്യഥകളാലും / കഷ്ടത അനുഭവിക്കുന്നവർക്കും / പൈശാചിക ശക്തികളുടെ പ്രവർത്തനങ്ങൾ കൊണ്ടോ / മറ്റു കാരണങ്ങൾ കൊണ്ടോ / ബന്ധനങ്ങൾക്കു വിധേയരായിരിക്കുന്നവർക്കും / മോചനവും സൗഖ്യവും നല്കണമേ എന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**കാർമി:** വിദ്യാർഥിനീവിദ്യാർഥികൾ / തങ്ങളുടെ സമയവും കഴിവും / ഫലപ്രദമായി ചെലവഴിക്കാനും / അതുവഴി അവർ / ഉത്തമ ജീവിതമൂല്യങ്ങളിൽ നിഷ്ഠയുള്ളവരായി വളരാനും / ഇടയാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**കാർമി:** മരണാസന്നർക്കു പ്രത്യാശയും / ഞങ്ങളിൽനിന്നു വേർപിരിഞ്ഞുപോയ എല്ലാവർക്കും നിത്യസമ്മാനവും / പ്രദാനം ചെയ്യണമേ എന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**കാർമി:** ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകാൻ.

**സമൂഹം:** വിശുദ്ധ അന്തോനീസേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**കാർമി:** ഞങ്ങളുടെ സ്രഷ്ടാവും രക്ഷകനുമായ ദൈവമേ / അങ്ങേ വിശ്വസ്ത ദാസനായ വിശുദ്ധ അന്തോനീസിനെ / വിശേഷപുണ്യങ്ങളാലും / അത്ഭുതപ്രവർത്തനവരത്താലും ധന്യനാക്കുന്നതിന് / അങ്ങു തിരുവുള്ളമായല്ലോ. അങ്ങേ കൃപാകടാക്ഷത്താൽ / ഈ വിശുദ്ധന്റെ മാധ്യസ്ഥ്യം വഴി / ഞങ്ങൾ യാചിക്കുന്ന എല്ലാ അനുഗ്രഹങ്ങളും / ഞങ്ങൾക്കു നല്കണമെന്നും / സ്വർഗത്തിൽ നിത്യമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂഹം:** ആമ്മേൻ.

**കാർമി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിയിലെപോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

**കാർമി:** കൃപാനിധിയായ ദൈവമേ / ക്ലേശിതരും രോഗാതുരരും നിസഹായരുമായ അനേകർ / അങ്ങേ ദാസനായ വിശുദ്ധ അന്തോനീസിന്റെ പക്കൽ ഓടിയണയുന്നത് / അങ്ങു കാണുന്നുവല്ലോ. അവർ ഈ വിശുദ്ധന്റെ മാധ്യസ്ഥ്യശക്തിവഴി / ഹൃദയസമാധാനവും ആയുരാരോഗ്യവും സ്വർഗീയനന്മകളും പ്രാപിച്ച് / അങ്ങേക്കു നന്ദി പ്രകാശിപ്പിക്കാൻ ഇടയാക്കണമെന്നു / ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂഹം:** ആമ്മേൻ.

## സമാപനഗാനം

അത്ഭുതപ്രവർത്തനത്താൽ / സുപ്രസിദ്ധനാം വിശുദ്ധനേ
പാദുവായിലെ അന്തോനീസേ / പാരിതിൽ കൃപ ചൊരിയണേ.

ഉണ്ണിയേ വഹിച്ചിടുന്ന / ധന്യമാം കരങ്ങളാലേ
വിണ്ണിലെ അനുഗ്രഹത്തെ / മന്നിലെന്നും പൊഴിക്കണേ/
അത്ഭുതപ്രവർത്തനത്താൽ ...

ജീവിത വ്യഥകളാലെ / ഭൂമിയിൽ വലഞ്ഞിടുന്നോർ
നിൻ പാദാംബുജം നമിച്ചീടാം / അൻപോടെ കൃപ ചൊരിയണേ.
അത്ഭുതപ്രവർത്തനത്താൽ ...

------------------------------

*വിശുദ്ധ അൽഫോൻസാമ്മയോടുള്ള നൊവേന പേജ് 293*
*പരിശുദ്ധ കുർബാനയുടെ ആശീർവാദം ... ... പേജ് 295*
*ലദീഞ്ഞ് ... ... ... ... ... ... ... ... ... ... ... ... ... പേജ് 299*
*Syro-Malabar Holy Mass in English Page 306*
*വൈദികർക്കുവേണ്ടി / Prayer for priests പേജ് 373*
*ദൈവാലയ സംവിധാനം - വിശദീകരണം പേജ് 375*

## വിശുദ്ധ മിഖായേൽ റേശ്മാലാഖയുടെ നൊവേന

*ഗാനം:* മിഖായേൽ റേശ്മാലാഖാ / പ്രാർഥിക്ക ഞങ്ങൾക്കായ് നീ
നിൻ ദാസർ ഞങ്ങൾക്കായ് നീ / പ്രാർഥിക്ക മിഖായേലേ.

**കാർമി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ / ആത്മീയവും ശാരീരികവുമായ നന്മകൾക്കായി / വിശുദ്ധ മിഖായേലിന്റെ മാധ്യസ്ഥ്യം തേടുന്ന ഞങ്ങൾ / അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. മാലാഖവൃന്ദങ്ങളുടെ മേധാവിയായിരിക്കുന്ന വിശുദ്ധ മിഖായേലേ / ദൈവസന്ദേശങ്ങൾ ഞങ്ങൾക്കു നല്കിക്കൊണ്ടിരിക്കുന്ന വിശുദ്ധ ഗബ്രിയേലേ / സംരക്ഷണം സദാ നല്കാൻ ഞങ്ങളോടൊപ്പമുള്ള വിശുദ്ധ റപ്പായേലേ / സ്വർഗദൂതരേ ഞങ്ങൾ ഒന്നുചേർന്നു / ദൈവസിംഹാസനത്തിനു മുമ്പിൽ നടത്തുന്ന / ഈ പ്രാർഥനാ ശുശ്രൂഷയെ കൈക്കൊള്ളണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ.

**കാർമി:** വിശുദ്ധ മിഖായേൽ റേശ്മാലാഖയേ,

**സമൂഹം:** അന്ധകാരശക്തികളോടുള്ള പോരാട്ടത്തിൽ / ഞങ്ങളെ സഹായിക്കണമേ.

**കാർമി:** ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകാൻ.

**സമൂഹം:** വിശുദ്ധ മിഖായേലേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**കാർമി:** സാത്താന്റെ ശക്തിയിൽനിന്നും സ്വാധീനത്തിൽനിന്നും / ***(സമൂഹവും ചേർന്ന്)*** ഞങ്ങളെ വിമുക്തരാക്കണമെന്നും / സാത്താനുമായുള്ള പോരാട്ടത്തിൽ / ഞങ്ങളെ സഹായിക്കാൻ / മാലാഖമാരോട് അങ്ങു കല്പിച്ചിട്ടുള്ളതിനെ ഓർത്തു / ഞങ്ങളെ സഹായിക്കണമെന്നും / ഞങ്ങൾ പ്രാർഥിക്കുന്നു. ദൈവത്തിന്റെ രാജ്യവും നീതിയും / ഭൂമിയിൽ നടപ്പാക്കുന്നതിനു / തടസമായി നിൽക്കുന്ന / നരകീയശക്തികളോടു പോരാടാൻ / വിശുദ്ധ മിഖായേലിനെ / ഞങ്ങളുടെ മധ്യത്തിലേക്കു നല്കിയതിനെ ഓർത്തു / ഞങ്ങൾ നന്ദിപറയുന്നു. ദൈവസന്നിധിയിൽ സ്തുതിപ്പുകളും കീർത്തനങ്ങളും ആലപിച്ചു / ചിരംജീവികളായി ജീവിക്കുന്ന മാലാഖാമാരേ / വിശുദ്ധ മിഖായേലേ / ഞങ്ങളുടെ ആത്മീയവും ഭൗതികവുമായ ആവശ്യങ്ങളെ / ദൈവസന്നിധിയിൽ എത്തിക്കണമെന്നു / ഞങ്ങൾ പ്രാർഥിക്കുന്നു. മുഖ്യദൂതനായ വിശുദ്ധ മിഖായേലേ / സ്വർഗീയസൈന്യങ്ങളുടെ തലവനായ നായകനേ / ഈ ലോകത്തിലെ

അന്ധകാരശക്തികളോടും / പൈശാചികശക്തികളോടുമുള്ള പോരാട്ടത്തിൽ / ഞങ്ങളെ സഹായിക്കണമേ. ദൈവം തന്റെ സാദൃശ്യത്തിലും ഛായയിലും സൃഷ്ടിച്ച മനുഷ്യരെ / പിശാചിന്റെ ക്രൂരഭരണത്തിൽനിന്നു രക്ഷിക്കാൻ വരേണമേ. ഞങ്ങളുടെ പാദങ്ങളുടെ കീഴിൽ / പിശാചിനെ അടിമപ്പെടുത്താൻ / വിശുദ്ധ മിഖായേലേ / ഞങ്ങളോടൊപ്പം എപ്പോഴും ഉണ്ടാകണമേ. ദുഷ്ടജന്തുവും പഴയ സർപ്പവുമായ സാത്താനെയും / അവന്റെ കൂട്ടുകാരെയും ബന്ധനസ്ഥരാക്കി / പാതാളത്തിൽ തള്ളി ത്താഴ്ത്തണമേ. സർവശക്തനായ ദൈവമേ / വിശുദ്ധ മിഖായേലിന്റെ മാധ്യസ്ഥ്യംവഴി / എല്ലാ അനുഗ്രഹങ്ങളും നന്മകളും ലഭിക്കാൻ / ഒരുമിച്ചു കൂടിയിരിക്കുന്ന ഞങ്ങളെ / തൃക്കൺപാർക്കണമേ. പ്രത്യാശയറ്റ സന്ദർഭത്തിൽ / ദൃശ്യമായ സഹായം / അതിവേഗം നല്കുന്നതിന് / അവിടുത്തേക്കുണ്ടായിരിക്കുന്ന / പ്രത്യേകാനുകൂല്യത്തെ / ഞങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ / ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടുംകൂടെ / *വിശുദ്ധ മിഖായേലേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ* / എന്നു പ്രാർഥിക്കാം.

**സമൂഹം:** വിശുദ്ധ മിഖായേലേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**കാർമി:** അത്ഭുതപ്രവർത്തകരായ മാലാഖമാരേ / ഞങ്ങളുടെ നിത്യേനയുള്ള യാത്രയിലും / നിത്യതയിലേക്കുള്ള യാത്രയിലും ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂഹം:** വിശുദ്ധ മിഖായേലേ ... *(ഓരോ പ്രാർഥനയ്ക്കും ആവർത്തിക്കുന്നു).*

**കാർമി:** ദൈവീകനീതി സംരക്ഷിക്കാൻ / സദാസമയവും ജാഗരൂകനായിരിക്കുന്ന വിശുദ്ധ മിഖായേലേ / സാമൂഹ്യനീതിയും / ക്രൈസ്തവ സാഹോദര്യവും സംരക്ഷിക്കാൻ / ഞങ്ങളെ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമി:** സിഹംങ്ങൾ എന്നെ ഉപദ്രവിക്കാതിരിക്കാൻ / ദൈവം തന്റെ ദൂതനെ അയച്ച് / അവയുടെ വായ് മൂടിക്കെട്ടിയെന്ന / ദാനിയേൽ പ്രവാചകന്റെ വാക്കുകളെ ഓർത്തു / ഞങ്ങൾക്ക് ആത്മബലവും സംരക്ഷണവും നല്കണമെന്നു / ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമി:** മാലാഖമാരുടെ അപ്പമായ വിശുദ്ധ കുർബാന / യോഗ്യതയോടെ ഉൾക്കൊള്ളാനും / ആത്മീയശക്തിയാൽ നിറയാനും / പൈശാചിക ബന്ധങ്ങളെ തകർക്കാനും / ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമ്മി:** ദൈവികസന്ദേശം വിവേചനപൂർവം തിരിച്ചറിഞ്ഞു / ദൈവഹിതം നിറവേറ്റാൻ / ഞങ്ങളെ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമ്മി:** സകലവിധ ആവശ്യങ്ങൾക്കുംവേണ്ടി / ദൈവസന്നിധിയിൽ / വിശുദ്ധ മിഖായേലിന്റെ മാധ്യസ്ഥ്യം നമുക്കു യാചിക്കാം.

**കാർമ്മി:** വിശുദ്ധ മിഖായേലേ / ***(സമൂഹവും ചേർന്ന്)*** ഞങ്ങളുടെ അനുദിന ജീവിതത്തിലെ സകല ആവശ്യങ്ങൾക്കുംവേണ്ടി / ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കണമേ. കുടുംബസമാധാനം ലഭിക്കുന്നതിനും / രോഗസൗഖ്യം ലഭിക്കുന്നതിനും / പരീക്ഷകളിൽ വിജയിക്കുന്നതിനും / പാർപ്പിടം ഉണ്ടാക്കുന്നതിനും / ജോലി ലഭിക്കുന്നതിനും / ആയുരാരോഗ്യങ്ങൾ ലഭിക്കുന്നതിനും / തൊഴിൽ മേഖലയിലും വ്യാപാരബന്ധത്തിലും / അഭിവൃദ്ധി നേടുന്നതിനും / ദുഃഖദോഷങ്ങളിൽനിന്നു മോചനം ലഭിക്കുന്നതിനും / ഞങ്ങളെ സഹായിക്കണമേ. അന്ധകാരമുള്ളിടത്തു പ്രകാശം നല്കാനും / നിരാശയുള്ളിടത്തു പ്രത്യാശ നല്കാനും / ഞങ്ങളോട് ഇഷ്ടമില്ലാത്തവരോട് ഔദാര്യപൂർവം ഇടപെടുന്നതിനും / നീ ഞങ്ങളെ പഠിപ്പിക്കണമേ. സ്വീകരിക്കുന്നതിനേക്കാൾ നല്കുന്നതിലും / ആശ്വസിക്കപ്പെടുന്നതിനേക്കാൾ ആശ്വസിപ്പിക്കുന്നതിലും / ശുശ്രൂഷിക്കപ്പെടുന്നതിനേക്കാൾ ശുശ്രൂഷിക്കുന്നതിലും / ഞങ്ങൾ സന്തോഷം കണ്ടെത്തട്ടെ. സ്വദേശത്തും വിദേശത്തും / പഠിക്കുന്നവരും ജോലി ചെയ്യുന്നവരുമായ / ഞങ്ങളുടെ കുടുംബാംഗങ്ങൾക്കുവേണ്ടിയും / മാതൃരാജ്യത്തിനും അതിന്റെ ഭരണാധികാരികൾക്കുവേണ്ടിയും / പടയാളികൾക്കുവേണ്ടിയും / മിഷണറിമാർക്കുവേണ്ടിയും / ഞങ്ങളുടെ ഭവനങ്ങളിലും ആതുരാലയങ്ങളിലും / രോഗികളായി കിടക്കുന്നവർക്കുവേണ്ടിയും / ഇന്നു യാത്രയിലായിരിക്കുന്നവർക്കുവേണ്ടിയും / ഇന്നു ജന്മദിനവും വിവാഹവാർഷികവും ആഘോഷിക്കുന്നവർക്കുവേണ്ടിയും / ഞങ്ങളുടെ പ്രാർഥനാസഹായം ആഗ്രഹിക്കുന്ന എല്ലാവർക്കുംവേണ്ടിയും / വിദ്യാഭ്യാസത്തിലും വിവേകത്തിലും / യുവതിയുവാക്കൾ വളരുന്നതിനുവേണ്ടിയും / ഞങ്ങളുടെ ഓരോരുത്തരുടേയും പ്രത്യേക നിയോഗങ്ങൾക്കുവേണ്ടിയും / വിശുദ്ധ മിഖായേലേ / മോക്ഷവാസികളായ സകല വിശുദ്ധരോടും ദൂതന്മാരോടും ചേർന്ന് / ഈ പ്രാർഥനകൾ / അങ്ങേ സന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്നു. ആമ്മേൻ.

**കാർമ്മി:** ദൈവസിംഹാസനത്തിൻ മുമ്പാകെ ഏറ്റവും അടുത്തിരിക്കുന്നവരും / സ്ഥാനമുള്ളവരുമായ സ്വർഗീയദൂതരെ / ഞങ്ങളുടെ മരണസമയത്തു / നിങ്ങൾ ഞങ്ങൾക്കു കൂട്ടായിരിക്കേണമേ. ദൈവത്തിന്റെ ന്യായവിധിസമയത്തു / ഞങ്ങളെ അവിടുത്തെ വലതുഭാഗത്തു നിർ

ത്താൻ / നിങ്ങൾ ഞങ്ങൾക്കൊപ്പമുണ്ടാകണമേ. മനുഷ്യരുടെ മുമ്പിൽ / എന്നെ ഏറ്റുപറയുന്ന ഏതൊരുവനെയും / ദൈവത്തിന്റെ ദൂതന്മാരുടെ മുമ്പിൽ / മനുഷ്യപുത്രനും ഏറ്റുപറയുന്ന നിമിഷത്തിൽ / ഞങ്ങൾ നിന്റെ വലതുഭാഗത്തായിരിക്കാൻ സഹായിക്കണമേ. സ്വർഗത്തിൽ ഞങ്ങളെ സ്വീകരിക്കുകയും / ദൈവസന്നിധിയിലേക്കു ഞങ്ങളെ നയിക്കുകയും ചെയ്യുന്ന മാലാഖമാരോടൊപ്പം / അനവരതം ദൈവത്തെ സ്തുതിച്ചാരാധിക്കാൻ ഞങ്ങൾക്കിടയാകട്ടെ.

**സമൂഹം:** ആമ്മേൻ.

**കാർമി:** നമ്മുടെ സഹായം കർത്താവിന്റെ നാമത്തിലാകുന്നു.

**സമൂഹം:** ആകാശവും ഭൂമിയും സൃഷ്ടിച്ച / കർത്താവിന്റെ നാമത്തിൽ.

**കാർമി:** കർത്താവേ, എന്റെ പ്രാർഥന കേൾക്കണമേ.

**സമൂഹം:** എന്റെ നിലവിളി / അങ്ങേ പക്കൽ എത്തുകയും ചെയ്യട്ടെ.

**കാർമി:** കർത്താവിന്റെ സമാധാനം / നിങ്ങളോടുകൂടെ ഉണ്ടായിരി ക്കട്ടെ.

**സമൂഹം:** അങ്ങയോടുകൂടെയും ഉണ്ടായിരിക്കട്ടെ.

**കാർമി:** കർത്താവായ ദൈവമേ / മനുഷ്യരെ സംരക്ഷിക്കാനും / മനുഷ്യർക്കു സന്ദേശം നല്കാനും / അന്ധകാരശക്തികളോടു പോരാടാനും / അരൂപികളായ മാലാഖമാരെ സൃഷ്ടിച്ച സർവശക്തനായ ദൈവമേ / അവിടുത്തെ സന്നിധിയിൽ ഞങ്ങൾ സമർപ്പിച്ച യാചനകൾ / അങ്ങയുടെ മഹത്വത്തിനും ഞങ്ങളുടെ നന്മയ്ക്കും ഉപകരിക്കുമെങ്കിൽ / ബലഹീനരും പാപികളുമായ ഞങ്ങൾക്ക് / അവ സാധിച്ചുതരണമേ. ഞങ്ങളുടെ യാചനകളിൽ മനസലിഞ്ഞ് / അങ്ങയുടെ വറ്റാത്ത ഉറവയിൽ നിന്നു / ഞങ്ങൾ യാചിക്കുന്നവയെ / ഞങ്ങൾക്കു നല്കുന്നതിനെ ഓർത്തു / ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. ഞങ്ങൾക്കു വേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും / ഞങ്ങൾ നടത്തിയ ഈ പ്രാർഥനയെ ഓർത്തു / ഞങ്ങളുടെ മനസുകളിൽ വിശ്വാസവും പ്രത്യാശയും നിറഞ്ഞു / സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിക്കാൻ / ഞങ്ങൾക്കു വരം നല്കണമേ. ഞങ്ങളുടെ യാചനകൾ / സ്രാപ്പേന്മാർ ക്രോവേന്മാർ / ഭദ്രാസനന്മാർ ആധിപത്യങ്ങൾ / ബലവത്തുക്കൾ രാജിതർ / നാഥകൃത്യർ മുഖ്യദൂതർ / ദൈവദൂതന്മാർ എന്നീ ഒൻപതുവൃന്ദം മാലാഖമാരോട് ചേർന്നു / ഞങ്ങൾ അങ്ങേക്കു സമർപ്പിക്കുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹവും / തന്റെ ഏകജാതന്റെ കൃപയും / പരിശുദ്ധാത്മാവിന്റെ സഹവാസവും / സകല വിശുദ്ധരുടേയും സ്വർഗീയദൂതരുടെയും / ഞങ്ങളുടെ ഇടവക മധ്യസ്ഥനായ *ഈശോയുടെ തിരുഹൃദയത്തിന്റെയും*

*(... യും)* മാധ്യസ്ഥ്യം / എല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**ഗാനം:** ജയ മിഖായേൽ മാലാഖാ, വാനദീപമേ
സ്വർഗത്തിൽ പുളകമായ ഭക്തവത്സലാ.
ആരു വിണ്ണിൽ ദൈവസമനെന്നലറി വീറോടെ,
വൈരിനിരയെ നരകത്തീയിലടച്ച ധീരാത്മാ.
ജയ മിഖായേൽ മാലാഖാ ...

ദുരിതഭാരമറിഞ്ഞു മനുജനലഞ്ഞിടുമ്പോൾ,
നരനു ശീതള തണൽ വിരിക്കും സ്വർഗമേഘമേ.
ധരയിലനവധി അത്ഭുതങ്ങൾ ചെയ്തിടുന്നു നീ,
ഇരുളിൽ മർത്യനു വഴിവിളക്കു തെളിച്ചിടുന്നു.
ജയ മിഖായേൽ മാലാഖ ...

വിനയമോടെ ഞങ്ങൾ സന്നിധി ചേർന്നിടുന്നിതാ,
സദയമങ്ങേ ചിറകിനടിയിൽ കാത്തിടേണമേ.
നരക സാത്താൻ ഞങ്ങളെയലട്ടിടുമ്പോൾ,
അഭയമേകി അനന്ത രാജ്യത്തിൽ ചേർത്തിടേണമേ.
ജയ മിഖായേൽ മാലാഖ ...

-----------------------------


*പരിശുദ്ധ കുർബാനയുടെ ആശീർവാദം ... ...* *പേജ് 295*
*ലദീഞ്ഞ് ... ... ... ... ... ... ... ... ... ... ... ...* *പേജ് 299*
*Syro-Malabar Holy Mass in English* *Page 306*
*വൈദികർക്കുവേണ്ടി / Prayer for priests* *പേജ് 373*
*ദൈവാലയ സംവിധാനം - വിശദീകരണം* *പേജ് 375*


---------------------------

## വിശുദ്ധ അൽഫോസാമ്മയോടുള്ള നൊവേന

**കാർമ്മി:** സകലത്തിന്റെയും കർത്താവായ ദൈവമേ, ***(സമൂഹവും ചേർന്ന്)*** ഞങ്ങൾ അങ്ങേ ആരാധിക്കുന്നു. അങ്ങു ഞങ്ങൾക്കു നൽകിയിട്ടുള്ള / എല്ലാ നന്മകളെക്കുറിച്ചും / ഞങ്ങൾ മനഃസ്തപിച്ച് പൊറുതി അപേക്ഷിക്കു കയും / ഇനിയൊരിക്കലും പാപം ചെയ്യുകയില്ലെന്നു / പ്രതിജ്ഞ ചെയ്യു കയും ചെയ്യുന്നു. സർവ്വനന്മസ്വരൂപിയായ അങ്ങയെ ഞങ്ങൾ / മുഴുഹൃദയ ത്തോടെ സ്നേഹിക്കുന്നു. അങ്ങേ വിശ്വസ്തദാസിയായ അൽഫോൻസാ മ്മക്ക് / അങ്ങ് നൽകിയിട്ടുള്ള സകല വിശിഷ്ടവരങ്ങളെകുറിച്ചും / ആ

കന്യകയോടു ചേർന്നു കൊണ്ട് / ഞങ്ങൾ അങ്ങേയ്ക്കു സ്തോത്രം ചെയ്യുന്നു. അൽഫോൻസാമ്മയെ / വിശുദ്ധിയുടെ മാർഗ്ഗത്തിലൂടെ അങ്ങു നയിച്ചതു പോലെ / ഞങ്ങളേയും നേർവഴി കാട്ടി നടത്തണമേ. എളിമയിലും വിനയത്തിലും / വിശ്വസ്തതയോടെ അങ്ങേയ്ക്കു ശുശ്രൂഷ ചെയ്തുകൊണ്ട് / വിശുദ്ധിയിലും വിവേകത്തിലും വളർന്നുവരുവാൻ / ഞങ്ങളെ അനുഗ്രഹിക്കണമേ. കാരുണ്യവാനായ ദൈവമേ, അൽഫോൻസാമ്മവഴി ഞങ്ങൾ അർപ്പിക്കുന്ന ഈ പ്രാർത്ഥന / കാരുണ്യപൂർവം സ്വീകരിച്ച് / ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** സഹനം സ്നേഹത്തെ അളക്കുന്നതിനുള്ള അളവുകോലാണല്ലോ. രോഗത്തിന്റെ കഠോര വേദനകളെ / സന്തോഷത്തോടും ക്ഷമയോടും കൂടെ സഹിക്കുവാൻ / അൽഫോൻസാമ്മയ്ക്കു അനുഗ്രഹം നല്കിയ ദിവ്യ നാഥാ, ഞങ്ങൾ അങ്ങയേ സ്തുതിക്കുന്നു. ആ ധന്യാത്മാവിനെ അനുകരിച്ച് / ജീവിത ക്ലേശങ്ങളെ / ക്ഷമയോടും സന്തോഷത്തോടും കൂടെ സഹിക്കുവാൻ / ഞങ്ങളെ പ്രാപ്തരാക്കണമെന്നും / പ്രത്യേകമായി ഈ നൊവേനയിൽ / ഞങ്ങൾ യാചിക്കുന്ന അനുഗ്രഹവും / അങ്ങേ വിശ്വസ്ത ദാസിവഴി / ഞങ്ങൾക്കു നല്കുമാറാകണമെന്ന് അപേക്ഷിക്കുന്നു.

**സമൂഹം:** ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

**കാർമ്മി:** പ്രാർത്ഥിക്കാം: അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയാൽ / ആത്മീയവും ശാരീരികവും മാനസികവുമായ / ക്ലേശങ്ങൾ അനുഭവിക്കുന്നവരെ / സമൃദ്ധമായി അനുഗ്രഹിക്കണമേ. അൽഫോൻസാമ്മയുടെ സഹായത്താൽ / രോഗികൾക്കു രോഗശാന്തിയും, ആത്മീയവും മാനസികവുമായി ക്ലേശമനുഭവിക്കുന്നവർക്ക് / സമാശ്വാസവും ലഭിക്കുമാറാകട്ടെ. അൽഫോൻസാമ്മയെ വിശിഷ്ട പുണ്യങ്ങളാൽ / അലങ്കരിക്കുവാൻ തിരുമനസ്സായ സർവ്വേശ്വരാ, അങ്ങേ മക്കളായ ഞങ്ങളും / ഈ ലോകത്തിൽ ജീവിക്കുന്ന കാലമത്രയും / ആ കന്യകയേപ്പോലെ / പരിശുദ്ധരായി ജീവിക്കുവാനും / വിശ്വസ്തതയോടെ അങ്ങേയ്ക്കു / ശുശ്രൂഷ ചെയ്യുവാനും / നിത്യഭാഗ്യം പ്രാപിച്ച് / പരലോകത്തിൽ അങ്ങേ നിരന്തരം സ്തുതിച്ച് വാഴ്ത്തുവാനും / അനുഗ്രഹം ചെയ്യണമെന്ന് / അങ്ങേ തിരുക്കുമാരൻ / ഈശോമിശിഹായുടെ നാമത്തിൽ / ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂഹം:** ആമ്മേൻ

**സമാപന പ്രാർത്ഥന**

**കാർമ്മി:** "ഇതുവരെ നിങ്ങൾ / ***(സമൂഹവും ചേർന്ന്)*** എന്റെ നാമത്തിൽ ഒന്നു ചോദിച്ചിട്ടില്ല. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു:

നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെല്ലാം / അവൻ നിങ്ങൾക്കു തരും " *(യോഹ. 16:23-24)* എന്നരുളിചെയ്ത സ്നേഹം നിറഞ്ഞ ഈശോയെ, അങ്ങേ നാമത്തിൽ / പിതാവിനോടു ഞങ്ങൾ ചെയ്യുന്ന / ഈ അപേക്ഷയുടെ ഫലം ഞങ്ങൾക്കു ലഭിക്കുവാനിടയാക്കണമേ. ഈശോമറിയം യൗസെപ്പേ, നിങ്ങളുടെ പ്രത്യേക ഭക്തയായ / അൽഫോൻസാമ്മയുടെ പുണ്യയോഗ്യതകളെ പരിഗണിച്ച് / അയോഗ്യരും പാപികളുമെങ്കിലും / നിങ്ങളുടെ മക്കളായ ഞങ്ങളെയും / വിശുദ്ധീകരിച്ച് / സ്വർഗ്ഗസൗഭാഗ്യത്തിന് യോഗ്യരാക്കണമെന്നും / ഞങ്ങൾക്കിപ്പോൾ എത്രയും ആവശ്യമായ അനുഗ്രഹങ്ങളും / അങ്ങേ വിശ്വസ്തദാസി വഴി സാധിച്ചുതരണമെന്നും / എത്രയും എളിമയോടുകൂടി ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ

***(തിരുശേഷിപ്പുകൊണ്ടുള്ള ആശീർവാദം)***

-----------------------------


| | |
|---|---|
| *ലദീഞ്ഞ് ... ... ... ... ... ... ... ... ... ... ... ...* | *പേജ് 299* |
| *Syro-Malabar Holy Mass in English* | *Page 306* |
| *വൈദികർക്കുവേണ്ടി / Prayer for priests* | *പേജ് 373* |
| *ദൈവാലയ സംവിധാനം - വിശദീകരണം* | *പേജ് 375* |


---------------------------

## പരിശുദ്ധ കുർബാനയുടെ ആശീർവാദം

മിശിഹാ കർത്താവേ, മാനവ രക്ഷകനേ
നരനു വിമോചനമേകിടുവാൻ
നരനായ് വന്നു പിറന്നവനേ.

മിശിഹാ കർത്താവേ ...

*(ധൂപിക്കുന്നു)*

മാലാഖമാരൊത്തു ഞങ്ങൾ, പാടിപ്പുകഴ്ത്തുന്നു നിന്നെ - 2
പരിശുദ്ധൻ പരിശുദ്ധൻ / കർത്താവേ നീ പരിശുദ്ധൻ - 2

മിശിഹാ കർത്താവേ ...

*(മാസാദ്യ വെള്ളിയാഴ്ചകളിൽ)*

### ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠാജപം

**കാർമ്മി:** പരിശുദ്ധ കുർബാനയിൽ / ***(സമൂഹവും ചേർന്ന്)*** സത്യമായി എഴുന്നള്ളിയിരിക്കുന്ന ഈശോ / ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമായി / അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങൾ അങ്ങയുടേതാകുന്നു. അങ്ങയുടേതായി തുടരാൻ / ഞങ്ങൾ ആഗ്രഹിക്കുകയും

ചെയ്യുന്നു. അങ്ങയുടെ തിരുഹൃദയത്തിന് / ഞങ്ങളെ ഓരോരുത്തരേയും പ്രതിഷ്ഠിക്കുന്നു. ഞങ്ങളുടെ ഈ സമർപ്പണത്തെ / കരുണാപൂർവം സ്വീകരിക്കണമേ. കർത്താവേ, അങ്ങു ഞങ്ങളുടെമേൽ വർഷിച്ചുകൊണ്ടിരിക്കുന്ന / ആത്മികവും ലൗകികവുമായ എല്ലാ അനുഗ്രഹങ്ങൾക്കും / ഞങ്ങൾ ഹൃദയപൂർവം നന്ദിപറയുന്നു. ദിവ്യനാഥാ, അങ്ങേക്കെതിരായി ഞങ്ങൾ ചെയ്തുപോയ / പാപങ്ങൾക്കെല്ലാം പരിഹാരംചെയ്യാൻ / ഞങ്ങൾ ആഗ്രഹിക്കുന്നു. ഇനിമേൽ / അങ്ങേ തിരുമനസിന് അനുയോജ്യമാംവിധം ജീവിച്ചുകൊള്ളാമെന്നു / ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. ദിവ്യനാഥാ, ഇപ്പോൾ അങ്ങേ തിരുസന്നിധിയിൽ അണഞ്ഞിരിക്കുന്ന ഞങ്ങളെയും / ഞങ്ങളുടെ കുടുംബങ്ങളെയും / ആശീർവദിക്കണമേ. രോഗികളോടും മരണവേദന അനുഭവിക്കുന്നവരോടും / കരുണ കാണിക്കണമേ. പാപികളെ മാനസാന്തരപ്പെടുത്തുകയും / ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളെ / മോചിപ്പിക്കുകയും ചെയ്യണമേ. സ്നേഹരാജനായ ഈശോ / ഞങ്ങളുടെ രാജ്യത്തെ / കരുണാപൂർവം കടാക്ഷിക്കണമേ. എല്ലാ അസ്വസ്ഥതകളിൽനിന്നും വിപത്തുകളിൽനിന്നും / ഞങ്ങളെ കാത്തുകൊള്ളണമേ. ഞങ്ങളുടെ ഇടവകയെയും / ഇടവകയുമായി ബന്ധപ്പെട്ടവരെയും / അതിലെ എല്ലാ പ്രസ്ഥാനങ്ങളെയും / പ്രവർത്തകരെയും / സംരക്ഷിക്കണമേ. ഞങ്ങളുടെ ഈ പ്രതിഷ്ഠയും യാചനകളും / അങ്ങയുടെ പ്രിയമാതാവായ / പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയംവഴി / അങ്ങേക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു. ആമ്മേൻ.

### സമൂഹപ്രാർഥന

**കാർമി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ / *കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ* എന്നപേക്ഷിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

**കാർമി:** ഞങ്ങളുടെ മാതാവായ തിരുസഭയെ സംരക്ഷിക്കണമെന്നും / വിവിധ രാജ്യങ്ങളിൽ മർദനമനുഭവിക്കുന്ന സഹോദരരെ / വിമോചിപ്പിക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമി:** തിരുസഭയുടെ അധിപനായ മാർ ... പാപ്പായ്ക്കുവേണ്ടിയും / ഞങ്ങളുടെ അഭിവന്ദ്യ പിതാക്കന്മാർക്കുവേണ്ടിയും / അവരുടെ സഹപ്രവർത്തകർക്കുവേണ്ടിയും ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമി:** വിവിധ ക്രൈസ്തവസഭകൾ / പരസ്പരധാരണയിൽ വളരാനും / മതസമൂഹങ്ങൾക്കിടയിൽ സൗഹാർദം വർധിക്കാനും ഇടവരുത്തണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമ്മി:** വിശുദ്ധരായ വൈദികരെയും / തീക്ഷ്ണതയുള്ള സന്യാസിനീ സന്യാസികളെയും / ചൈതന്യം നിറഞ്ഞ അല്മായ പ്രേഷിതരേയും / തിരുസഭയ്ക്കു പ്രദാനം ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമ്മി:** കുടുംബങ്ങളിൽ സമാധാനം പുലർത്തണമെന്നും / യുവതീ യുവാക്കളെ വിശുദ്ധരായി പരിപാലിക്കണമെന്നും / ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമ്മി:** രോഗികൾക്കു സൗഖ്യവും / ആസന്നമരണർക്കു സമാധാനവും / ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കു സ്വർഗഭാഗ്യവും നല്കണമെന്നു / ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമ്മി:** ലോകാവസാനംവരെ മനുഷ്യരോടുകൂടി ആയിരിക്കാൻവേണ്ടി പരിശുദ്ധ കുർബാന സ്ഥാപിച്ച / പരമകാരുണികനായ മിശിഹായേ / ഈ ബലിപീഠത്തിൽ എഴുന്നള്ളിയിരിക്കുന്ന / അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. *(എല്ലാവരും തലകുനിച്ച് ആചാരം ചെയ്യുന്നു).* അങ്ങു ഞങ്ങൾക്കു നല്കിയിട്ടുള്ള സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി / ഞങ്ങൾ നന്ദിപറയുന്നു. പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കാനും / അവയ്ക്കു പരിഹാരം ചെയ്യാനും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ.

**ഗാനം**

സ്വർഗത്തിൽ നിന്നാഗതമാം / ജീവൻ നല്കുമൊരപ്പം നീ
മർത്യനു മുക്തി പകർന്നരുളും / നിത്യ മഹോന്നതമപ്പം നീ - 2

*(ധൂപിക്കുന്നു)*

മാനവരെ മോദമൊടെ, നാഥനെ വാഴ്ത്തിപ്പാടിടുവിൻ
ദൈവത്തിൻ പരിപാവനമാം / സന്നിധി ചേർന്നു വണങ്ങിടുവിൻ - 2
സ്വർഗത്തിൽ നിന്നാഗതമാം ...

**കാർമ്മി:** പരിശുദ്ധ ശരീരത്താലും / വിലയേറിയ രക്തത്താലും
പാപത്തിൻ കറകളിൽനിന്നും / മർത്യനു നീ മോചനമേകി.

**സമൂഹം:** സകലേശാ ദിവ്യകടാക്ഷം, ചൊരിയണമേ വത്സല സുതരിൽ
നിർമലരായ് ജീവിച്ചിടുവാൻ, ചിന്തണമേ ദിവ്യവരങ്ങൾ.

*(പരിശുദ്ധ കുർബാനയുടെ ആശീർവാദത്തിനുശേഷം താഴെവരുന്ന ഗാനം).*

ദൈവത്തെ വാഴ്ത്തിടുവിൻ, ദൈവനാമം വാഴ്ത്തിടുവിൻ
ദൈവവും മനുജനുമാം, മിശിഹാ നാഥനെ വാഴ്ത്തിടുവിൻ.

മിശിഹാതൻ പൂജിതമാം, തിരുനാമം വാഴ്ത്തിടുവിൻ
സ്നേഹത്തിന്നുറവിടമാം, തിരുഹൃദയം വാഴ്ത്തിടുവിൻ.

പീഠത്തിൽ വാണരുളും, മിശിഹായെ വാഴ്ത്തിടുവിൻ
രക്ഷകനാം മിശിഹാതൻ, ദിവ്യനിണം വാഴ്ത്തിടുവിൻ.

വരനിരയാലൊളി വിതറും, ദൈവാത്മാവിനെ വാഴ്ത്തിടുവിൻ
ദൈവത്തിൻ മാതാവാം, കന്യാമേരിയെ വാഴ്ത്തിടുവിൻ.

മറിയത്തിൻ നിർമലമാം, ഉത്ഭവം വാഴ്ത്തിടുവിൻ
സ്വർഗാരോപിത മാതാവിൻ, തിരുനാമം വാഴ്ത്തിടുവിൻ.

നിർമലയാം കന്യകതൻ, വല്ലഭനെ വാഴ്ത്തിടുവിൻ
സിദ്ധരിലും ദൂതരിലും, ദൈവത്തെ വാഴ്ത്തിടുവിൻ.

ദൈവത്തെ വാഴ്ത്തിടുവിൻ ...

## എത്രയും ദയയുള്ള മാതാവേ

എത്രയും ദയയുള്ള മാതാവേ നിൻ
സങ്കേതം തേടി വരുന്നു ഞങ്ങൾ
നിൻ ചാരത്തോടിയണഞ്ഞവരെ നീ
ഒരു നാളും കൈവിടില്ലല്ലോ തായെ - 2

ശരണം ഗമിപ്പൂ നിൻ തൃപ്പാദത്തിൽ
കരുണതൻ നിറകുടമാകുമമ്മേ
കനിവോടെ ഇവരെ നീ കാക്കണമേ
കന്യകമാരുടെ റാണി നീയേ.

എത്രയും ദയയുള്ള ...

നെടുവീർപ്പും കണ്ണീരും കൈമുതലായ്
അലയുമീ പാപികൾ തനയരല്ലോ
അതിരില്ലാ നിൻ ദയാവായ്പിനിതാ
അഭയത്തിലണയുന്നു സാധുശീലർ.

എത്രയും ദയയുള്ള ...

അവതാരം ചെയ്തൊരു വചനത്തിന്റെ
അമലയാം അംബികേ നന്മപൂർണേ

അവനിയിൽ സുതരുടെ യാചനകൾ
അലിവോടെ കേട്ടു നിന്നഭയമേകൂ.

എത്രയും ദയയുള്ള ...

-----------------------------

*Syro-Malabar Holy Mass in English* *Page 306*
*വൈദികർക്കുവേണ്ടി / Prayer for priests* *പേജ് 373*
*ദൈവാലയ സംവിധാനം - വിശദീകരണം* *പേജ് 375*

----------------------------

## ലദീഞ്ഞ്

*(രൂപം വെഞ്ചരിക്കുമ്പോൾ സുറിയാനി ഗീതം)*

സ്ലോസേ ദസ്ലേത്താ - ശ്ലുറാ -
തെഹ് വെലൻ - ബ്ലെലിയ
വീമ്മാമ്മാ മിൻ ബീശാ ഉഹൈലെ.

-------------------------

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും / എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ / അങ്ങയുടെ തിരുമനസ് / സ്വർഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ / ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. / ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും / എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, / അങ്ങയുടെ മഹത്വത്താൽ / സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ / എന്നുദ്ഘോഷിക്കുന്നു.

## ലുത്തിനിയ

കർത്താവേ, കനിയണമേ / മിശിഹായേ, കനിയണമേ
കർത്താവേ, ഞങ്ങളണയ്ക്കും / പ്രാർഥന സദയം കേൾക്കണമേ.

സ്വർഗപിതാവാം സകലേശാ, / ദിവ്യാനുഗ്രഹമേകണമേ;
നരരക്ഷകനാം മിശിഹായേ, / ദിവ്യാനുഗ്രഹമേകണമേ.

ദൈവാത്മാവാം സകലേശാ, / ദിവ്യാനുഗ്രഹമേകണമേ;
പരിപാവനമാം ത്രീത്വമേ, / ദിവ്യാനുഗ്രഹമേകണമേ.

## *കർത്താവിന്റെ തിരുനാളുകൾക്ക്*

നൃപനാം മിശിഹാ കർത്താവേ, / നിത്യപിതാവിൻ പ്രിയസൂനോ;
മർത്യകുലത്തിൻ രക്ഷകനേ, / ദിവ്യാനുഗ്രഹമേകണമേ.

നരനുടെ നിലവിളി കേട്ടവനേ, / നരനെത്തേടിയണഞ്ഞവനേ,
കനിവുനിറഞ്ഞൊരു നല്ലിടയാ, / ദിവ്യാനുഗ്രഹമേകണമേ.

മർത്യശരീരമെടുത്തവനേ / മർദനമേറ്റു മരിച്ചവനേ,
മഹിമയിൽ വീണ്ടുമുയിർത്തവനേ / ദിവ്യാനുഗ്രഹമേകണമേ.

പാപം പൂട്ടിയ നാകത്തിൻ / പാവനവാതിൽ തുറന്നവനേ,
മാനവനാശ പകർന്നവനേ, / ദിവ്യാനുഗ്രഹമേകണമേ.

അധ്വാനിച്ചു വലഞ്ഞവനും / ഭാരമെടുത്തു കുഴഞ്ഞവനും
സാന്ത്വനമരുളിയ ഗുരുനാഥാ, / ദിവ്യാനുഗ്രഹമേകണമേ.

മർത്യനു നേർവഴികാട്ടിടുവാൻ / അത്തലകറ്റി നയിച്ചിടുവാൻ
ക്രൂരിരുൾ നീക്കിയുദിച്ചവനേ, / ദിവ്യാനുഗ്രഹമേകണമേ.

പുതിയൊരു കല്പന നല്കിടുവാൻ / പുതിയൊരു ജീവനുണർത്തിടുവാൻ
ധരണിയിൽ വന്നു പിറന്നവനേ, / ദിവ്യാനുഗ്രഹമേകണമേ.

ദിവ്യശരീരം ഭോജനമായ് / മാനവനേകിയ ദൈവസുതാ,
കരുണാനിധിയാം കർത്താവേ, / ദിവ്യാനുഗ്രഹമേകണമേ.

വിനയത്തിൻ തിരുദർപ്പണമേ, / ശാന്തഗുണത്തിൻ പാർപ്പിടമേ,
ദുഃഖിതനുഴിയിലാശ്രയമേ, / ദിവ്യാനുഗ്രഹമേകണമേ.

*(പേജ് 303 കാണുക)*

## *മാതാവിന്റെ തിരുനാളുകൾക്ക്*

കന്യാമേരീ, വിമലാംബേ / ദൈവകുമാരനു മാതാവേ,
രക്ഷകനൂഴിയിലംബികയേ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

നിതരാം നിർമല മാതാവേ, / കറയില്ലാത്തൊരു കന്യകയേ,
നേർവഴികാട്ടും ദീപശിഖേ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

നിത്യമഹോന്നത കന്യകയേ, / വിവേകമതിയാം കന്യകയേ,
വിശ്രുതയാം സുരകന്യകയേ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

വിശ്വാസത്തിൻ നിറകുടമേ / കാരുണ്യത്തിൻ നിലയനമേ,
നീതി വിളങ്ങും ദർപ്പണമേ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

വിജ്ഞാനത്തിൻ വേദികയേ, / മാനവനുത്സവദായികയേ,
ദൈവികമാം പനിനീർസുമമേ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

ദാവീദിൻ തിരുഗോപുരമേ, / നിർമല ദന്തഗോപുരമേ,
പൊന്നിൻ പൂമണിമന്ദിരമേ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

വാഗ്ദാനത്തിൻ പേടകമേ, / സ്വർലോകത്തിൻ ദ്വാരകമേ,
പുലർകാലത്തിൻ താരകമേ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

രോഗമിയന്നവനാരോഗ്യം / പകരും കരുണാസാഗരമേ,
പാപിക്കവനിയിലാശ്രയമേ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

കേഴുന്നോർക്കു നിരന്തരമായ് / സാന്ത്വനമരുളും മാതാവേ,
ക്രിസ്തുജനത്തിൻ പാലികയേ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

വാനവനിരയുടെ രാജ്ഞീ / ബാവാന്മാരുടെ രാജ്ഞീ,
ശ്ലീഹന്മാരുടെ രാജ്ഞീ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

കന്യകമാരുടെ രാജ്ഞീ, / വന്ദകനിരയുടെ രാജ്ഞീ,
രക്താങ്കിതരുടെ രാജ്ഞീ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

സിദ്ധന്മാരുടെ രാജ്ഞീ, / ഭാരതസഭയുടെ രാജ്ഞീ,
അമലോത്ഭവയാം രാജ്ഞീ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

ശാന്തി ജഗത്തിനു നല്കും / നിത്യവിരാജിത രാജ്ഞി,
സ്വർഗാരോപിത രാജ്ഞി, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

*(പേജ് 303 കാണുക)*

## *വിശുദ്ധരുടെ തിരുനാളുകൾക്ക്*

വിശുദ്ധിവിരിയും പാതകളിൽ / ചരിച്ചുനാഥനു സമ്മോദം
നിറച്ച പാവന ധീരാത്മാ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

ക്രൂശിതനായൊരു ദൈവത്തിൻ / പൂജിതമാം തിരുമാതൃകയാൽ
കുരിശിൻ പാത പുണർന്നവനേ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

ആനന്ദത്തിലുമല്ലലിലും / പ്രീതി മഹേശനു ചേർത്തൊട്ടുവിൽ
നിത്യകിരീടമണിഞ്ഞവനേ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

വിനീതനായ വിശുദ്ധാത്മാ / വിരിഞ്ഞുപൊന്തിയ വിൺമലരേ,
നിറഞ്ഞ നീതി പുണർന്നിട്ടുവാൻ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

ലോകവുമതിനുടെയാശകളും / ധീരതയാർന്നു വെടിഞ്ഞവനേ,
വിനയത്തിൻ തിരുമാതൃകയേ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

ഉലകിൻ മോഹനദീപം നീ / ധരയുടെ ശാശ്വത ലവണം നീ
മലയിലുയർന്നൊരു നഗരം നീ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

ഉപവാസത്തിൻ പാതകളിൽ / പ്രാർഥന തീർത്തൊരു ദീപവുമായ്
പാഞ്ഞു കിരീടമണിഞ്ഞവനേ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

സ്വർഗതലത്തു മഹോന്നതമാം / നിക്ഷേപങ്ങൾ നിറച്ചവനേ,
ചിന്തകൾ വിണ്ണിലുയർത്തിട്ടുവാൻ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

*(പേജ് 303 കാണുക)*

## *പുണ്യവതിമാരുടെ തിരുനാളുകൾക്ക്*

വിശുദ്ധിവിരിയും പാതകളിൽ / ചരിച്ചു നാഥനു സമ്മോദം
നിറച്ച പാവന ധീരാത്മാ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

ക്രൂശിതനായൊരു ദൈവത്തിൻ / പൂജിതമാം തിരുമാതൃകയാൽ
കുരിശിൻ പാത പുണർന്നവൾ നീ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

ആനന്ദത്തിലുമല്ലലിലും / പ്രീതി മഹേശനു ചേർത്തൊട്ടുവിൽ
നിത്യകിരീടമണിഞ്ഞവൾ നീ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

വിനീതയായ വിശുദ്ധാത്മാ / വിരിഞ്ഞുപൊന്തിയ വിണ്മലരേ,
നിറഞ്ഞ നീതി പുണർന്നിട്ടുവാൻ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

ലോകവുമതിനുടെ ആശകളും / ധീരതയാർന്നുവെടിഞ്ഞവൾ നീ,
വിനയത്തിൻ തിരുമാതൃകയേ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

ഉലകിൻ മോഹന ദീപം നീ, / ധരയുടെ ശാശ്വത ലവണം നീ,
മലയിലുയർന്നൊരു നഗരം നീ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

ഉപവാസത്തിൻ പാതകളിൽ / പ്രാർഥന തീർത്തൊരു ദീപവുമായ്
പാഞ്ഞുകിരീടമണിഞ്ഞവളേ, / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

സ്വർഗതലത്തു മഹോന്നതമാം / നിക്ഷേപങ്ങൾ നിറച്ചവളേ,
ചിന്തകൾ വിണ്ണിലുയർത്തിടുവാൻ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

-----------------------------

*(പൊതുവായുള്ളത്)*

ലോകത്തിൻ പാപങ്ങൾ താങ്ങും / ദൈവത്തിൻ മേഷമേ, നാഥാ,
പാപം പൊറുക്കേണമേ.

ലോകത്തിൻ പാപങ്ങൾ താങ്ങും / ദൈവത്തിൻ മേഷമേ, നാഥാ,
പ്രാർഥന കേൾക്കേണമേ.

ലോകത്തിൻ പാപങ്ങൾ താങ്ങും / ദൈവത്തിൻ മേഷമേ, നാഥാ,
ഞങ്ങളിൽ കനിയേണമേ.

*(കാർമികൻ ബലിപീഠം ധൂപിക്കുമ്പോൾ)*

**ഗാനം:** മിശിഹാ കർത്താവേ, നരകുലപാലകനേ,
ഞങ്ങളണച്ചിടുമീ പ്രാർഥന തിരുമുമ്പിൽ
പരിമളമിയലും ധൂപംപോൽ കൈക്കൊണ്ടരുളേണം.

**കാർമി:** ആത്മീയവും ശാരീരികവുമായ എല്ലാവരങ്ങളാലും / പരിശുദ്ധ കന്യകാമറിയത്തെ അലങ്കരിച്ച ദൈവമേ, ആ കന്യകയുടെ യോഗ്യതകൾ പരിഗണിച്ച് / ഞങ്ങളുടെ പ്രാർഥന സ്വീകരിക്കണമേ. നീതിമാനായ മാർ യൗസേപ്പിന്റെയും / സകല വിശുദ്ധരുടെയും / സുകൃതങ്ങളും പ്രാർഥനകളും ഞങ്ങളെ സഹായിക്കുമാറാകട്ടെ.

തിരുസഭയുടെ മേലധ്യക്ഷന്മാരെ സംരക്ഷിക്കുകയും / അവർക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരെ വിശ്വാസത്തിൽ ഉറച്ചവരും / സുകൃതങ്ങളിൽ തീക്ഷ്ണതയുള്ളവരുമാക്കിത്തീർക്കാൻ / അവരെ സഹായിക്കുകയും ചെയ്യണമേ.

പ്രത്യേകമായി തിരുസഭയുടെ അധിപനായ മാർ ... പാപ്പായ്ക്കുവേണ്ടിയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ / മേജർ ആർച്ച്ബിഷപ്പ് മാർ ... മെത്രാപ്പോലീത്താക്കുവേണ്ടിയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ .... മെത്രാനുവേണ്ടിയും / മാർ .... മെത്രാപ്പൊലീത്തായ്ക്കും ... മെത്രാനുംവേണ്ടിയും / അവരുടെ സഹപ്രവർത്തകർക്കുവേണ്ടിയും ഞങ്ങൾ പ്രാർഥിക്കുന്നു.

ഈ തിരുനാളിനു *കാരണഭൂതനായ (യായ) വിശുദ്ധ ... ന്റെ* സുകൃതങ്ങളെക്കുറിച്ച് / ആത്മീയവും ശാരീരികവുമായ എല്ലാ സഹായങ്ങളും നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ. (ഈ തിരുനാൾ നടത്തുന്നവ

രെയും അവരുടെ കുടുംബാംഗങ്ങളെയും ആശീർവദിക്കണമേ). പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ.

*(കാർമികൻ ജനങ്ങളെ വിശുദ്ധ ജലം തളിക്കുന്നു).*

*ഗാനം*

***കർത്താവിന്റെ തിരുനാളുകൾക്ക്***

കനിവൊടു നരനെ സൃഷ്ടിച്ചു; / കുരിശാലവനെ രക്ഷിച്ചു;
സ്വർഗവുമവനു തുറന്നരുളി. (2)

ആരഖിലേശാ വർണിക്കും / ചിതമായ് നിന്നുടെ കാരുണ്യം
നിസ്തുലമങ്ങേ നന്മകളും. (2)

അന്വേഷിപ്പിൻ കണ്ടെത്തും; / മുട്ടുന്നവനു തുറക്കുന്നു;
ചോദിപ്പവനു ലഭിക്കുന്നു. (2)

കർത്താവേ, നിൻ വാതിൽക്കൽ / പാപികൾ മുട്ടിവിളിക്കുമ്പോൾ
സദയം വാതിൽ തുറക്കണമേ. (2)

**മാതാവിന്റെ തിരുനാളുകൾക്ക്**

അമലോത്ഭവയാം മാതാവേ-നിൻ / പാവന പാദം ചേരുന്നു;
കനകാലയമേ, കന്യാംബേ / പരലോകത്തിൻ വാതിൽ നീ.

കദനം തിങ്ങിയിതാ ഞങ്ങൾ-നിറ / കണ്ണുകളോടെ കേഴുന്നു;
കരുണ നിറഞ്ഞൊരു നാഥേ, നീ / വിരവൊടു തൃക്കൺപാർക്കണമേ.

നിത്യമനോഹര സൗഭാഗ്യം-നിൻ / സുതനുടെ കനിവാൽ നേടീടാൻ
സുതവത്സലയാം മാതാവേ / പ്രാർഥിക്കണമേ ഞങ്ങൾക്കായ്.

**മറ്റു വിശുദ്ധരുടെ തിരുനാളുകൾക്ക്**

ലോകത്തിൻ വഴികളിലുഴലാതെ / പാപത്തിൻ പാതകൾ പുണരാതെ
ദൈവത്തിൻ പരിമളപൂവനിയിൽ / പനിമലരായ് വന്നൊരു പുണ്യാത്മാ.
മാമലമേലുയരും നഗരം നീ / മോഹനമാം നിർമല ദീപം നീ;
ധരയിന്മേൽ മർത്യനു മാതൃക നീ / വിനയമൊടേ വന്ദനമരുളുന്നു.

**കർത്താവിന്റെ തിരുനാളുകൾക്ക്**

**കാർമി:** അങ്ങയിൽ അഭയം തേടുന്നവരെ അനുഗ്രഹിക്കുന്ന / കാരുണ്യവാനായ കർത്താവേ, / അങ്ങയുടെ കൃപയുടെ വാതിൽക്കൽ മുട്ടിവിളിക്കുന്ന / പാപികളായ ഞങ്ങളുടെ പ്രാർഥന കേൾക്കണമേ. നിർമല ഹൃദ

യത്തോടും പരിശുദ്ധ മനഃസാക്ഷിയോടുംകൂടെ / അങ്ങയെ ശുശ്രൂഷിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയുടെ തിരുമനസിനു യോജിച്ചവിധത്തിൽ / ഞങ്ങളുടെ ഉദ്ദിഷ്ടകാര്യം സാധിച്ചുതന്നുകൊണ്ട് / ഞങ്ങളെയും ഞങ്ങളുടെ കുടുംബാംഗങ്ങളെയും / സമൃദ്ധമായി അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ.

**വിശുദ്ധരുടെ തിരുനാളുകൾക്ക്**

**കാർമി:** അത്ഭുതകരമായ വരങ്ങളാൽ / വിശുദ്ധരെ അലങ്കരിക്കാൻ തിരുവുള്ളമായ ദൈവമേ, / ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്ന *വിശുദ്ധ ... ന്റെ* സുകൃതങ്ങൾ പരിഗണിച്ചുകൊണ്ട് / ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുമനസിനു യോജിച്ചവിധത്തിൽ / ഞങ്ങളുടെ ഉദ്ദിഷ്ടകാര്യം സാധിച്ചുതന്നുകൊണ്ട് / ഞങ്ങളെയും ഞങ്ങളുടെ കുടുംബാംഗങ്ങളെയും / സമൃദ്ധമായി അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ.

*(കാർമികൻ ജനങ്ങളെ തിരുശേഷിപ്പുകൊണ്ട് ആശിർവദിക്കുന്നു).*

**സമാപനഗാനം**

ഞാനെൻ നാഥനെ വാഴ്ത്തുന്നു / മോദം പൂണ്ടു പുകഴ്ത്തുന്നു;
എളിയൊരു ദാസിയെ നിഖിലേശൻ /കനിവൊടു തൃക്കൺ പാർത്തല്ലോ.

രക്ഷകനലിവു നിറഞ്ഞെന്നിൽ / ദിവ്യവരങ്ങൾ ചൊരിഞ്ഞതിനാൽ
ഇന്നുതുടങ്ങി തലമുറകൾ / വാഴ്ത്തിടുമെന്നെ നിരന്തരമായ്.

ഭക്തജനത്തിനു സകലേശൻ / നിത്യമനുഗ്രഹമരുളുന്നു;
ഗർവിതനപജയമേറ്റുന്നു / ബലമൊടു വിജയം നേടുന്നു.

എളിയ ജനത്തെ വളർത്തുന്നു; / ബലമുള്ളവരെത്താഴ്ത്തുന്നു;
ധനികർക്കൊന്നും നല്കാതെ / പശിയുള്ളവരെ പോറ്റുന്നു.

അബ്രാമിനൊടും തനയരൊടും / പണ്ടേ ചെയ്തൊരു വാഗ്ദാനം
ദൈവം കരുണയൊടോർത്തല്ലോ / തുണയിസ്രേലിനു ചെയ്തല്ലോ.

------------------------------

***വൈദികർക്കുവേണ്ടി / Prayer for priests*** ***പേജ് 373***
***ദൈവാലയ സംവിധാനം - വിശദീകരണം*** ***പേജ് 375***

----------------------------

# THE SYRO-MALABAR HOLY QURBANA

*(The celebrant enters the sanctuary in procession accompanied by the servers, each wearing appropriate sacred vestments. Thurible, St. Thomas Cross, candles and the Gospel are carried in the procession. The servers stand on both sides of the celebrant. The Gospel is placed at the left side on the altar. The celebrant after bowing to the altar, goes to the bema and begin the Holy Qurbana.)*

### *SONG*

**കാർമ്മി:**

അന്നാ പെസഹാത്തിരുനാളിൽ, / കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം, / ഒരുമയോടീ ബലിയർപ്പിക്കാം.

**സമൂഹം:**

അനുരഞ്ജിതരായ്ത്തീർന്നീടാം / നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം / തിരുമുമ്പാകെയണച്ചീടാം.

അന്നാ പെസഹാ ...

**CEL:**

*Anna pesaha thirunalil, / Karthavaruliya kalpana pol*
*Thirunamathil chernneedam, / Orumayodee bali arpikkam.*

**ALL:**

*Anuranjitarai theernneedam, / Navamoru peedamorukkeedam*
*Guruvin snehamodee yagam, / Thiru munpake anacheedam.*

*Anna pesaha …*

### *OR ENGLISH SONG*

**CEL:** As our Lord commanded / On the feast of Passover
Let us gather in His holy name
In unity, let us offer this sacrifice.

**ALL:** Let us be reconciled / And prepare a new altar
With the love of the Lord Jesus / Let us offer this Qurbana.

----------------------

**കാർമ്മി:** അത്യുന്നതമാം സ്വർലോകത്തിൽ / സർവേശനു സ്തുതിഗീതം.

**സമൂഹം:** ഭൂമിയിലെങ്ങും മർത്ത്യനു ശാന്തി / പ്രത്യാശയുമെന്നേക്കും.

**CEL:** *Athyunnathamam swarlokathil,*
*Sarvesanu sthuthi geetham.*

**ALL:** *Bhoomiyilengum, marthyanu saanthi*
*Prathyasayu menneekum.*

***OR***

**CEL:** Glory to God in the highest.

**ALL:** Amen.

**CEL:** Peace and hope to people on earth, always and forever.

**ALL:** Amen.

***OR ENGLISH SONG***

**CEL:** Glory to God in the highest.

**ALL:** Peace and hope to people on earth
Now, always and forever.

----------------------

**CEL:** Our Father in heaven

**ALL:** Holy be Your name, Your kingdom come, Your will be done on earth / as it is in heaven. Give us this day the bread we need / and forgive us our debts and sins / as we have forgiven those who offended us. Do not let us fall into temptation / but deliver us from evil. For Yours is the kingdom / the power and the glory / forever and ever. Amen.

Our Father in heaven / heaven and earth are full of Your glory. Angels and people sing out Your glory / Holy, holy, holy are you.

**SER:** Let us pray. Peace be with us.

**OPENING PRAYER AND PSALMS**

*(According to Liturgical Season)*


| | | |
|---|---|---|
| *Non-seasonal* | ….. | *Page 308* |
| *Season of Annunciation* | ….. | *Page 308* |
| *Feast / Season of Nativity* | ….. | *Page 309* |
| *Season of Epiphany* | ….. | *Page 311* |
| *Season of Lent* | ….. | *Page 312* |
| *Season of Resurrection* | ….. | *Page 313* |

*Season of the Apostles …* *Page 314*
*Season of Growth of the Church (Kaitha)* *Page 315*
*Periods of Elijah, Cross & Moses* *Page 316*
*Period of Dedication of the Church* *Page 317*
*Memorial of the dead* *Page 318*

## *NON-SEASONAL*

**CEL:** Lord, our God! Your beloved Son, in His mercy has given us / these sacred mysteries / for the renewal and redemption of human race. We pray that / You strengthen us / who are frail to celebrate these mysteries, Lord of all, forever.

**ALL:** Amen.

PSALM - SONG

**CEL:** I will extol you my God, and my King;
I will bless your name forever.

**ALL:** Everyday I will bless you Lord;
I will praise your name forever,
Great is the Lord and worth is high praise;
God's grandeur is beyond understanding
(I will extol you…)

Praise to the Father, to the Son, / And to the Holy Spirit forever.
As it was in the beginning / Now and ever shall be,
Amen, Amen Forever, / Alleluia, Alleluia, Alleluia
(I will extol you…)

***(See page 319)***

## *SEASON OF ANNUNCIATION*

**CEL:** Lord our God, we praise You for fulfilling the promise of salvation / through the incarnation of Your Son. We bless Your infinite mercy / by which we have been reconciled to You, through Jesus Christ, and elevated to the status of children of God. Bless us to celebrate worthily this holy Qurbana / for the renewal and salvation of all mankind / and may the fruits of salvation be confirmed in us, Lord of all, forever.

**ALL:** Amen.

PSALMS

**CEL:** O Sing to the Lord a new song,
For He has done marvelous things.

**ALL:** Lord our Savior, blessed is Your coming.
You made us worthy to praise You / with Your angels.

**CEL:** Make a joyful noise to the Lord, all the earth,
Break forth into joyous song, and sing praises.

**ALL:** Sing praises to the Lord with the lyre,
With the lyre and the sound of melody.

**CEL:** With trumpets and the sound of the horn,
Make a joyful noise before the King, the Lord.

**ALL:** Let the sea roar, and all that fills it,
The world and those who dwell in it.

**CEL:** Let the floods clap their hands,
Let the hills sing for joy together / before the Lord.

**ALL:** He comes to judge the earth,
He will judge the world with righteousness,
And the peoples with equity.

**CEL:** Glory to the Father, and to the Son,
and to the Holy Spirit,

**ALL:** As it was in the beginning, is now,
And ever shall be, forever, Amen.

**CEL:** Lord our Savior, blessed is Your coming.
You made us worthy to praise You with Your angels.

***(See page 319)***

***FEAST / SEASON OF NATIVITY***

**CEL:** Lord our God, we praise Your infinite mercy. May the Lord Jesus fill us with His happiness and peace, / who, though being God, / emptied Himself and took the form of a slave. Let us offer praise and adoration to our Lord / in His complete divinity and complete humanity, / who was born in the likeness of

man / for our salvation. Strengthen us to participate in these holy and divine mysteries / with faithful reverence / and obtain its heavenly fruits. The Father, the Son, and the Holy Spirit, the Lord of all, forever.

**ALL:** Amen.

PSALMS

**CEL:** The Lord reigns, let the earth rejoice,
Let the many coastlands be glad.

**ALL:** Lord our Savior, blessed is Your coming.
You made us worthy to praise You / with Your angels.

**CEL:** The mountains melt like wax before the Lord,
Before the Lord of all the earth.

**ALL:** The heavens proclaim His righteousness,
And all the peoples behold His glory.

**CEL:** For You, O Lord, / are most high over all the earth,
You are exalted far above all gods.

**ALL:** The Lord loves those who hate evil,
He preserves the lives of His saints,
He delivers them from the hand of the wicked.

**CEL:** Light dawns for the righteous,
And joy for the upright in heart.

**ALL:** Rejoice in the Lord, O you righteous,
And give thanks to His holy name.

**CEL:** Glory to the Father, and to the Son,
and to the Holy Spirit.

**ALL:** As it was in the beginning is now
and ever shall be, forever. Amen.

**CEL:** Lord our Savior, blessed is Your coming.
You made us worthy to praise You / with Your angels.

***(See page 319)***

## *SEASON OF EPIPHANY*

**CEL:** Lord our God, we praise You for revealing the mystery of the Holy Trinity / during the baptism of Your Son. Strengthen us to proclaim Jesus / as our Lord and God, and worthily celebrate this paschal mystery. The Lord of all, forever.

**ALL:** Amen.

### PSALMS

**CEL:** O sing to the Lord a new song,
sing to the Lord, all the earth.

**ALL:** Blessed are You, Jesus,
who received baptism at the river Jordan
and thereby offered joy to the whole world.

**CEL:** Sing to the Lord, bless His name.

**ALL:** Tell of His salvation from day to day.
Declare His glory among the nations.

**CEL:** Ascribe to the Lord, / O families of the peoples,
Ascribe to the Lord glory and strength.

**ALL:** Ascribe to the Lord, the glory due His name.

**CEL:** Bring an offering, and come into His courts.
Worship the Lord in holy attire.

**ALL:** He will judge the peoples with equity.
Let the heavens be glad, / and let the earth rejoice.

**CEL:** Let the sea roar, and all that fills it,
Let the field exult, and everything in it.

**ALL:** Then shall all the trees of the wood / sing for joy.

**CEL:** Glory be to the Father, and to the Son,
and to the Holy Spirit,

**ALL:** As it was in the beginning is now
and ever shall be, forever. Amen.

**CEL:** Blessed are You, Jesus,
who received baptism at the river Jordan
and thereby offered joy to the whole world.

***(See page 319)***

***SEASON OF LENT***

**CEL:** Lord our God, we praise You for allowing us / to take part in the mysteries of salvation of Your divine Son. Father, we who went away from You due to sin, / approach You with contrite hearts. Make us worthy to offer this sacrifice of reparation and thanksgiving / with Christ in humility and purity of heart. The Lord of all, forever.

**ALL:** Amen.

PSALMS

**CEL:** All Your workers / shall give thanks to You, O Lord,
and all Your saints shall bless You.

**ALL:** Lord our Savior, help us.
For the sake of Your holy name, / forgive us our sins.

**CEL:** They shall speak of the glory of Your kingdom,
and tell of Your power.

**ALL:** The Lord upholds all who are falling,
and raises up all who are bowed down.

**CEL:** The eyes of all look to You,
and You give them their food in due season.

**ALL:** The Lord is near to all who call upon Him,
to all who call upon Him in truth.

**CEL:** He fulfills the desire of all / who fear Him.

**ALL:** He also hears their cry, and saves them.

**CEL:** Glory be to the Father, and to the Son,
And to the Holy Spirit,

**ALL:** As it was in the beginning is now
and ever shall be, forever. Amen.

**CEL:** Lord our Savior, help us.
For the sake of Your holy name,
forgive us our sins.

***(See page 319)***

## *SEASON OF RESURRECTION*

**CEL:** Lord our God, Make us worthy to celebrate with hope / the divine mysteries which have been given to us / by Your beloved Son / for the renewal of mankind. Strengthen us to celebrate with holiness / these redemptive mysteries for the renewal of soul and body, and to constantly praise / the resurrection of Your Son. The Lord of all, forever.

**ALL:** Amen.

PSALMS

**CEL:** The Lord of hosts is with us,
the God of Jacob is our refuge.

**ALL:** O Risen Lord, / we rejoice in Your resurrection.

**CEL:** Clap your hands, all peoples.
Shout to God with loud songs of joy.

**ALL:** Sing praises to God, sing praises.

**CEL:** Sing praises to our King, sing praises.

**ALL:** For God is the king of all the earth,
sing praises with a psalm.

**CEL:** God reigns over the nations,
God sits on His holy throne.

**ALL:** Great is the Lord / and greatly to be praised
in the city of our God.

**CEL:** Glory be to the Father, and to the Son,
and to the Holy Spirit.

**ALL:** As it was in the beginning is now
and ever shall be, forever. Amen.

**CEL:** O risen Lord, / we rejoice in Your resurrection.

***(See page 319)***

***SEASON OF THE APOSTLES***

***(On the Feast of Pentecost)***

**CEL:** Merciful and ever loving God, we bless You for sending Your beloved Son to the world / to redeem the human race from sin. We thank You, for giving the Holy Spirit / on the day of Pentecost, to abide with mankind / till the end of time / and to lead them to the fullness of truth. Make us worthy to celebrate these mysteries of salvation / with purity of soul and body. The Lord of all, forever.

**ALL:** Amen.

***(On Other Days)***

**CEL:** Lord our God, look kindly on us / who have gathered together in Your name. The salvation mysteries of Your beloved Son / are being continued in the Church / by the working of the Holy Spirit, and it offers tranquility and peace to mankind. Kindly make us worthy who are weak, to celebrate these divine mysteries. The Father, the Son, and the Holy Spirit / the Lord of all, forever.

**ALL:** Amen.

PSALMS

**CEL:** I will extol You, my God and King,
and bless Your name forever and ever.

**ALL:** O Lord, send Your Spirit,
then everything shall be created,
and the face of the earth shall be renewed.

**CEL:** I will praise the Lord as long as I live.
Put not your trust in princes,
in a son of man, in whom there is no help.

**ALL:** The Lord gives food to the hungry,
and sets the prisoners free.

**CEL:** The Lord opens the eyes of the blind,
lifts up those who are bowed down.

**ALL:** The Lord will reign for ever.
Your God, O Zion, to all generations.

**CEL:** Glory be to the Father, and to the Son,
and to the Holy Spirit,

**ALL:** As it was in the beginning is now
and ever shall be, forever. Amen.

**CEL:** O Lord, send Your Spirit,
then everything shall be created,
and the face of the earth shall be renewed.

***(See page 319)***

### *SEASON OF THE GROWTH OF THE CHURCH (KAITHA)*

**CEL:** Lord our God, You have given us Your children, Your beloved Son, for our benefit and salvation. Look kindly on us, who have gathered together / in remembrance of the apostles, who have made known the Gospel / to the entire world. Strengthen us who are unworthy, to celebrate these life giving / and divine mysteries, handed over kindly by Your beloved Son. The Lord of all, forever.

**ALL:** Amen.

PSALMS

**CEL:** Praise the Lord.
For it is good to sing praises to our God,
for He is gracious.

**ALL:** O Lord, let Your Church grow abundantly.
Protect her with the fortress of faith.

**CEL:** The Lord builds up Jerusalem,
He gathers the outcasts of Israel.

**ALL:** He heals the brokenhearted,
and binds up their wounds.

**CEL:** The Lord lifts up the downtrodden,
He casts the wicked to the ground.

**ALL:** The Lord takes pleasure in those who fear Him,
in those who hope in His steadfast love.

**CEL:** Glory be to the Father, and to the Son,
and to the Holy Spirit,

**ALL:** As it was in the beginning is now
and ever shall be, forever. Amen.

**CEL:** O Lord, let Your Church grow abundantly.
Protect her with the fortress of faith.

***(See page 319)***

### *SEASON OF ELIJA, CROSS AND MOSES*

**CEL:** Lord our God, / we who are awaiting the glorious coming of Christ, praise You. Strengthen us who are weak, / to celebrate these divine mysteries / which renew soul and body. Give us the grace / who are marked by the seal of the holy cross / to seek refuge in You / and to lead a life focused on heaven. The Father, the Son, and the Holy Spirit, / the Lord of all, forever.

**ALL:** Amen.

PSALMS

**CEL:** O, sing to the Lord a new song,
sing to the Lord, all the earth.

**ALL:** Call the just ones who have agreed
to the covenant of sacrifice.
Heavens proclaim God's justice,
for God is the one who judges.

**CEL:** Sing to the Lord, / bless His name.

**ALL:** Tell of His salvation from day to day.
Declare His glory among the nations.

**CEL:** Ascribe to the Lord, / O families of the peoples,
ascribe to the Lord glory and strength.

**ALL:** Ascribe to the Lord / the glory due His name.

**CEL:** Bring an offering, and come into His courts.
Worship the Lord in holy attire.

**ALL:** He will judge the peoples with equity.
Let the heavens be glad,
and let the earth rejoice.

**CEL:** Let the sea roar, and all that fills it.
Let the field exult, and everything in it.

**ALL:** Then shall all the trees of the wood / sing for joy.

**CEL:** Glory be to the Father, and to the Son,
and to the Holy Spirit,

**ALL:** As it was in the beginning is now
and ever shall be, forever. Amen.

**CEL:** Call the just ones who have agreed
to the covenant of sacrifice.
Heavens proclaim God's justice,
for God is the one who judges.

***(See page 319)***

### *SEASON OF DEDICATION OF THE CHURCH*

**CEL:** Lord our God, / we praise You for founding the Church through Christ / and adorning her with heavenly beauty. We thank You for Your infinite mercy / for assuring salvation in the Church / through the sacraments. Strengthen us to celebrate this sacrifice / with purity of soul and body / and praising you in the company of the angels / as we look at the dedication of the Church. The Father, the Son, and the Holy Spirit / the Lord of all, forever.

**ALL:** Amen.

PSALMS

**CEL:** Praise the Lord. / Praise the Lord from the heavens.
Praise Him in the heights.

**ALL:** Sing a new song to the Lord.
Sing His glory in the assembly of the just.

**CEL:** Praise Him, all His angels.
Praise Him, all His hosts.

**ALL:** Praise Him, sun and moon.
Praise Him, all you shining stars.

**CEL:** Praise Him, you highest heavens,
and you waters above the heavens.

**ALL:** Let them praise the name of the Lord.
For He commanded and they were created.
His glory is above earth and heaven.

**CEL:** Glory to be the Father, and to the Son,
and to the Holy Spirit,

**ALL:** As it was in the beginning is now
and ever shall be, forever. Amen.

**CEL:** Sing a new song to the Lord.
Sing His glory in the assembly of the just.

***(See page 319)***

### ***MEMORIAL OF THE DEAD***

**CEL:** Lord our God, grant eternal life to our departed brothers and sisters. Strengthen us who are weak / to celebrate these sacred mysteries / in their remembrance in Jesus Christ, for the salvation and renewal of the human race. The Father, the Son, and the Holy Spirit, the Lord of all, forever.

**ALL:** Amen.

PSALMS

**CEL:** Out of the depths I cry to You, O Lord.
Lord, hear my voice.

**ALL:** O Lord, let Your name be blessed,
for You raise the dead from their tombs.

**CEL:** Let Your ears be attentive /
to the voice of my supplications.
If You, O Lord, should mark iniquities,
Lord, who could stand?

**ALL:** But there is forgiveness with You, / I wait for the Lord.

**CEL:** In His word I hope, / my soul waits for the Lord
more than watchmen for the morning.

**ALL:** More than watchmen for the morning,
